3368

# സാമൂഹ്യപാഠങ്ങൾ

1583

പുസ്തകം 2

---

ഗവണ്മെൻറിൽനിന്നു് നിയമിച്ച
കമ്മിററി തയ്യാറാക്കിയതു്.

3368

# സാമൂഹ്യപാഠങ്ങൾ

## പുസ്തകം 2

ഗവണ്മെൻറിൽനിന്നു് നിയമിച്ച കമ്മിററി

തയ്യാറാക്കിയതു്

1960.

വില. രൂ. ഒന്നു്

കോപ്പി 1,25,000

Printed at the Indira Printing Works,
for the Government of Kerala.

©

GOVERNMENT OF KERALA.

1960

3368

# വിദ്യാർത്ഥികളുടെ പ്രത്യേക ശ്രദ്ധക്കു്

A. സാമൂഹ്യപാഠക്ലാസ്സിലേക്കു് വിദ്യാത്ഥികൾക്കു് അവശ്യം ഉണ്ടായിരിക്കേണ്ട ഉപകരണങ്ങൾ:—

1. ഒരു നല്ല അററ്ലസ്. (അടുത്തകാലത്തു് പ്രസിദ്ധപ്പെടുത്തിയതു്.)

2. കളർബോക്സു്, പെൻസിൽ, റബ്ബർ.

3. ആൽബം. (Album) –പടങ്ങൾ, ചിത്രങ്ങൾ, ഫോട്ടോകൾ ഇവ ഒട്ടിപ്പാൻ.

4. ഒരു നല്ല നോട്ടുബുക്കു്, (ഇതിൽ പത്രത്തിൽ നിന്നും പുസ്തകങ്ങളിൽനിന്നും മററും അറിവാനിടയുള്ള പ്രധാന വാർത്തകൾ, മഹദ്വചനങ്ങൾ, സ്ഥിതിവിവരക്കണക്കുകൾ ഇവ എഴുതിച്ചേർക്കുകയോ വെട്ടി ഒട്ടിക്കുകയോ ചെയ്യണം.)

5. മാപ്പുകൾ വരയ്ക്കാനും മററഭ്യാസങ്ങൾ ചെയ്‌വാനും പററിയ പുസ്തകം.

B. വിദ്യാത്ഥികൾ സ്കൂൾ ഗ്രന്ഥശാലയുമായി അടുത്ത പരിചയം സമ്പാദിക്കണം. ഓരോ പാഠവും കഴിഞ്ഞാൽ അതിനെപ്പററിയോ അതിനോടു ബന്ധമുള്ളതോ ആയ പുസ്തകങ്ങളോ അദ്ധ്യായങ്ങളോ ഏതെന്നു

കണ്ടുപിടിച്ച് കൂടുതൽ അറിവു വർദ്ധിപ്പിക്കാൻ ഉൽസുകരായിരിക്കണം.

C. ഓരോ അദ്ധ്യായത്തിന്റേയും ഒടുവിൽ വളരെ രസപ്രദങ്ങളായ ചില പ്രായോഗിക പ്രവർത്തനങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. സാമൂഹ്യപാഠക്ലാസ്സുകൾ ഏററവും പ്രയോജനകരമാകേണമെങ്കിൽ ഇവയെല്ലാം വിദ്യാർത്ഥികൾ ഉത്സാഹത്തോടും ആത്മാർത്ഥതയോടുംകൂടി ചെയ്തുതീർക്കണം. അറിയാത്ത വിവരങ്ങൾ മററുള്ളവരോടു ചോദിച്ചു മനസ്സിലാക്കുകയോ പുസ്തകങ്ങളിൽ നിന്നും കണ്ടുപിടിക്കുകയോ ചെയ്യുക.

D. വർത്തമാനപത്രങ്ങൾ പതിവായി വായിച്ചാൽ മാത്രമെ സാമൂഹ്യപാഠങ്ങളുടെ പഠനം പൂർത്തിയാകൂ. യഥാർത്ഥമായ വിവരങ്ങൾ മനസ്സിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. റേഡിയോവിലൂടെ വാർത്തകൾ പ്രക്ഷേപണംചെയ്യുന്നതു് ദിവസേന കേട്ടുമനസ്സിലാക്കണം. ഇപ്പോൾ ഏതു കുഗ്രാമത്തിലും റേഡിയോ സുലഭമാണല്ലോ.

3368

# വിഷയവിവരം

... HIGH SCHOOL ... ERNAKULAM

പേജ്

അദ്ധ്യായം 1. വിഭാഗം 1. (1) ഇന്ത്യ-സാമാന്യ ഭൂമിശാസ്ത്രം—ഭൂപ്രകൃതിയും കാലാവസ്ഥയും. വിഭാഗം—2. ഇന്ത്യയുടെ പ്രകൃതിസമ്പത്ത്— മണ്ണ്. 1

വിഭാഗം— 3. സമ്പത്ത് വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ—നദീതട പദ്ധതികൾ, കൃഷിയും വ്യവസായവും. 32

വിഭാഗം— 4. നമ്മുടെ നഗരങ്ങളും ജനങ്ങളും – ഇന്ത്യയിലെ ജനങ്ങളും അവരുടെ ഭാഷയും, (35 പീരീഡ്) 58

അദ്ധ്യായം 2. ഇന്ത്യയുടെ ഐക്യം—ഗതാഗതവും, വാർത്താവിനിമയവും, പരസ്പരാശ്രയം. (17 പീരീഡ്) 68

അദ്ധ്യായം 3. ലോകപ്രശസ്തരായ ചില മഹാന്മാർ (18 പീരിഡ്) 92

അദ്ധ്യായം 4. നാണയവ്യവസ്ഥിതി— ബാർട്ടർ സമ്പ്രദായം—ബാങ്കുകൾ, പരസ്പര സഹായ സംഘടനകൾ (12 പീരിഡ്) 122

അദ്ധ്യായം 5. വിഭാഗം—1. രാഷ്ട്രം—രാജ്യസംരക്ഷകനും നീതിപാലകനും എന്ന നിലയിൽ. വിഭാഗം—2. ക്ഷേമരാഷ്ട്രസിദ്ധാന്തം—കൃഷി, വ്യവസായം എന്നിവയുടെ അഭിവൃദ്ധി. നമ്മുടെ പഞ്ചവത്സരപദ്ധതികൾ (16 പീരിഡ്) 144

3368

# സാമൂഹ്യപാഠങ്ങൾ

## വിഭാഗം 1

### അദ്ധ്യായം 1

### ഇന്ത്യ—സാമാന്യഭൂമിശാസ്ത്രം

കിടപ്പും അതിരുകളും. ഇന്ത്യ അല്ലെങ്കിൽ ഭാരതം നമ്മുടെ മാതൃരാജ്യമാണല്ലൊ. ഇതു ഏഷ്യാ വൻകരയിലുൾപ്പെട്ട ഒരു രാജ്യമാണു. ഏഷ്യയുടെ തെക്കുഭാഗത്തു മൂന്നു അർദ്ധദ്വീപുകളുണ്ടു്. അവയിൽ മധ്യഭാഗത്തുള്ളതാണു ഇന്ത്യ. കടലുകളെക്കൊണ്ടും പർവ്വതങ്ങളെക്കൊണ്ടും മററു രാജ്യങ്ങളിൽനിന്നും വേർതിരിക്കപ്പെടുന്നതുകൊണ്ടു ഭൂമിശാസ്ത്രപരമായിട്ടുതന്നെ ഇന്ത്യയ്ക്കു ഒരു പ്രത്യേകതയുണ്ടു്. ബംഗാൾ ഉൾക്കടലും അറബിക്കടലും ഹിമാലയപർവ്വ

തവും ഇന്ത്യയെ ഏഷ്യയുടെ മററു ഭാഗങ്ങളിൽനിന്നു വേർതിരിക്കുന്നു. ഭൂമധ്യരേഖയിൽനിന്നു വടക്കുഭാഗത്തു 8 ഡിഗ്രിയും 37 ഡിഗ്രിയും അക്ഷാംശങ്ങൾ




ക്കിടയിലും, 68 ഡിഗ്രിയും, 97 ഡിഗ്രിയും രേഖാംശങ്ങൾക്കിടയിലും, തെക്കുവടക്കായി 2000 മൈലും

[library stamp]

കിഴക്കപടിഞ്ഞാറു ഏറ്റവും കൂടിയ പ്രദേശത്തു 1850 മൈലും നീണ്ടുകിടക്കുന്ന ഏകദേശം പന്ത്രണ്ടര ലക്ഷം ചതുരശ്രമൈൽ വിസ്താരമുള്ള രാജ്യമാണു ഇന്ത്യ. വലിപ്പംകൊണ്ടു ഇന്ത്യ ലോകത്തിലേക്കു ഏഴാമത്തെ രാജ്യമാണു. കരഭാഗത്തു 9500 മൈലോളം അതിരും, 3500 മൈലോളം കടൽത്തീരവും ഇന്ത്യയ്ക്കുണ്ടു. കരയിൽ, ഇന്ത്യയുടെ അതിത്തിയിലുള്ള രാജ്യങ്ങൾ പടിഞ്ഞാറുനിന്നു കിഴക്കോട്ടു പശ്ചിമപാക്കിസ്ഥാൻ, തിബററ, ഹിമാലയത്തിലെ രാജ്യങ്ങളായ നീപ്പാൾ, സിക്കിം ബൂട്ടാൻ എന്നിവയും ചൈന, ബർമ്മ, കിഴക്കൻ പാക്കിസ്ഥാൻ എന്നിവയുമാണു്. ഇതിൽ സിക്കിം ബൂട്ടാൻ എന്നീ സ്റ്റേററുകൾ പ്രത്യേക ഉടമ്പടികൾ പ്രകാരം ഇന്ത്യയോടു യോജിച്ചുനിൽക്കുന്ന രാജ്യങ്ങളാണു്. മന്നാർ ഉൾക്കടലും പാക്ക് കടലിടുക്കും ഇന്ത്യയെ സിലോണിൽനിന്നു വേർതിരിക്കുന്നു. കിഴക്കു ബംഗാൾഉൾക്കടലും, തെക്കു ഇന്ത്യാസമുദ്രവും പടിഞ്ഞാറു അറബിക്കടലും കിടക്കുന്നു. ഉത്തരായനരേഖ ഇന്ത്യയുടെ ഏതാണ്ടു മധ്യത്തിൽക്കൂടിയാണു പോകുന്നതു. അതുകൊണ്ടു ഉഷ്ണമേഖലയിലും ശീതോഷ്ണമേഖലയിലുമായിട്ടാണു ഇന്ത്യയുടെ കിടപ്പു. ഇന്ത്യയുടെ കിടപ്പും അതിത്തിരാജ്യങ്ങളും ഭൂപടത്തിൽ നോക്കി മനസ്സിലാക്കുക. അറബിക്കടലിലുള്ള ലക്ഷദ്വീപു, അമിൻദ്വീപു, മിനിക്കോയി എന്നിവയും ബംഗാൾ ഉൾക്കടലിലുള്ള ആന്തമാൻ, നിക്കോബാർ ദ്വീപുകളും ഇന്ത്യായൂനിയനിൽപെട്ട ഭൂഭാഗങ്ങളാണു.

ദക്ഷിണസമുദ്രത്തിലേക്കു തള്ളിക്കിടക്കുന്ന ഒരു അർദ്ധദ്വീപാകകൊണ്ടു വിദേശരാജ്യങ്ങളുമായി കടൽ വഴിക്കു കച്ചവടം നടത്തുന്നതിന്നു ഇന്ത്യക്കു സൗകര്യ

ങ്ങളുണ്ടു്. ഇന്ത്യയുടെ പടിഞ്ഞാറെതീരത്തു നിന്നു സൂയസ്തോടുവഴി യൂറോപ്യൻ രാജ്യങ്ങളുമായും ആഫ്രിക്കയുമായും, കിഴക്കേതീരത്തുനിന്നു സിംഗപ്പൂരുവഴി വിദൂര പൗരസ്ത്യദേശങ്ങളായ ജപ്പാനും ചൈനയുമായും ആസ്ട്രേലിയയുമായും സമ്പർക്കം പുലർത്തുന്നതിനും വ്യാപാരം നടത്തുന്നതിനും സാധ്യതകളുണ്ടു്. ഇന്ത്യൻ സമയം, $82\frac{1}{2}$ ഡിഗ്രി കിഴക്കേരേഖാംശത്തെ അടിസ്ഥാനമാക്കിയതാകകൊണ്ടു, ഗ്രീനിച്ചു് സമയത്തിൽ നിന്നും $5\frac{1}{2}$ മണിക്കൂർ മുമ്പാണു. മേൽവിവരിച്ച രണ്ടു സംഗതികൾ ഇന്ത്യയുടെ കിടപ്പിൽനിന്നു പ്രത്യേകം മനസ്സിലാക്കേണ്ടവയാണു.

ഭൂപ്രകൃതി ഭൂപ്രകൃതി അനുസരിച്ചു ഇന്ത്യയെ നാലായി തിരിക്കാം: വടക്കു ഭാഗത്തുള്ള ഹിമാലയ പർവതപ്രദേശം അതിനു തെക്കുള്ള ഹിന്ദുസ്ഥാൻ സമതലം, അതിനു തെക്കുള്ള ഡക്കാൺ പീഠഭൂമി. പീഠഭൂമിക്കു ഇരുവശമുള്ള സമുദ്രതീരങ്ങൾ എന്നിവയാണു്.

ഇടക്കിടക്കു് പീഠഭൂമികളും താഴ്വരകളും ഇടകലർന്നു സമാന്തരങ്ങളായ മൂന്നു പർവതനിരകളോടു കൂടിയതാണു ഹിമവാൻ പർവതം ഈ താഴ്വരകളിൽ ഏററവും പ്രധാനമായവ കാശ്മീർതാഴ്വരയും കുലു താഴ വരയുമാണു്. ഈ താഴ്വരകൾ വളരെ ഫലപുഷ്ടിയുള്ളതും മനോഹരങ്ങളുമാണു്. ഈ പർവ്വതനിരകൾക്കു 1500 മൈൽ നീളവും 150 മുതൽ 200 വരെ മൈൽ വീതിയുമുണ്ടു് ലോകത്തിലേക്കുവെച്ചു




ഏററവും ഉയരംകൂടിയ പർവ്വതമാണിതു്. ലോകത്തിലേക്ക അത്യുന്നതങ്ങളായ അനേകം കൊടുമുടികൾ ഈ പർവ്വതത്തിൽ സ്ഥിതിചെയ്യുന്നു. അവയിൽ വെച്ചു ഒന്നാമത്തേതാണു് 29000 അടി ഉയരമുള്ള എവറസ്റ്റു് കൊടുമുടി. മനുഷ്യസാദ്ധ്യമല്ലെന്നു വെച്ചി

രുന്ന അതിന്റെ ആരോഹണത്തിൽ വിജയിച്ചതു ഭാരതീയനായ ഷെർപ്പടെൻസിങ്ങും ആസ്ട്രേലിയക്കാരനായ ഹിലാരിയുമാണ്. എന്നും മഞ്ഞിൻകട്ടകൊണ്ടു മൂടപ്പെട്ടുകിടക്കുന്ന ഇതിലെ ഉയന്ന കൊടുമുടികൾ ഇന്ത്യയിലെതന്നെയല്ല മററു രാജ്യങ്ങളിലേയും ധീരന്മാരെ ഈ സാഹസികസംരംഭത്തിലേക്കു ആകർഷിക്കുന്നുണ്ട്. സിന്ധു, ഗംഗാ, ബ്രഹ്മപുത്ര എന്നീ നദികളും അവയുടെ അനേകം പോഷകനദികളും ഹിമാലയത്തിൽ നിന്നാണ് ഉത്ഭവിക്കുന്നതു്. മഴക്കാലത്തു മഴപെയ്തും വേനൽക്കാലത്ത് മഞ്ഞിൻകട്ട ഉരുകിയും ഈ നദികളിൽ എന്നും ജലസമൃദ്ധിയുണ്ട്,

സിന്ധു ഗംഗാസമതലം അഥവാ ഹിന്ദുസ്ഥാൻ സമതലം ഹിമാലയത്തിൽ നിന്നുത്ഭവിക്കുന്ന ഈ മൂന്നു നദികളുടെ പരിസരപ്രദേശങ്ങളാണ്. ഇതു ലോകത്തിലേക്കു ഏററവും വിസ്തീർണ്ണം കൂടിയതും, ഫലപുഷ്ടിയുള്ളതും ജനസാന്ദ്രതയുള്ളതുമായ സമതലമാണ്. ഈ മൂന്നു നദികളിലും അവയുടെ പോഷക നദികളിലും വന്നുചേരുന്ന എക്കൽ മണ്ണുകൊണ്ടു ഫലഭൂയിഷ്ഠമായ ഈ പ്രദേശത്തിനു 1500 മൈൽ നീളവും 150 മുതൽ 200 വരെ മൈൽ വീതിയുമുണ്ട്. ഇതിന്നിടയിൽ പർവ്വതങ്ങളൊന്നുമില്ല. യമുനാതീരത്തുള്ള ഡൽഹിമുതൽ ബംഗാൾ ഉൾക്കടൽവരെ 1000 നാഴിക നീളത്തിനുള്ളിൽ ഈ സമതലത്തിൽ ഏററവും ഉയർന്ന പ്രദേശത്തിനു സമുദ്രനിരപ്പിൽനിന്നു 700 അടിയേ ഉയരമുള്ളു. ഹിന്ദുസ്ഥാൻ സമതലത്തിന്റെ തുടർച്ചയായ സിന്ധുതടം ഇപ്പോൾ അധികവും പാക്കിസ്ഥാനിൽ ഉൾപ്പെ

ട്ടിരിക്കുന്നു. സിന്ധുനദിയുടെ അഞ്ചു പോഷകനദികൾ കൊണ്ടു നനയ്ക്കപ്പെടുന്ന ഭൂഭാഗത്തിനാണ് അന്വത്ഥമായി പഞ്ചാബ് എന്നു പറയുന്നതു്. പഞ്ചാബിന്റെ അധികഭാഗവും ഇപ്പോൾ പാക്കിസ്ഥാനിലാണ്.

വിന്ധ്യ—ശതപുര പർവ്വതങ്ങൾക്കു തെക്കും, പശ്ചിമഘട്ടത്തിന്നും പൂർവ്വഘട്ടത്തിന്നും ഇടയിലും കിടക്കുന്ന ഉയർന്ന പീഠഭൂമിയാണു ഡക്കാൺ. തെക്കോട്ടു വരുന്തോറും അതിന് വീതികുറയുന്നു. പീഠഭൂമിക്കു പടിഞ്ഞാറുനിന്നു കിഴക്കോട്ടാണു ചരിവെന്നു നദികളുടെ ഗതിയിൽനിന്നുതന്നെ മനസ്സിലാക്കാം. പശ്ചിമഘട്ടവും പൂർവ്വഘട്ടവും വാസ്തവത്തിൽ ഈ പീഠഭൂമിയുടെ പടിഞ്ഞാറും കിഴക്കുമുള്ള അതിരുകളാണ്. അല്ലാതെ പ്രത്യേകിച്ചുള്ള മലനിരകളല്ല. താരതമ്യേന നദികളുടെ സാന്നിദ്ധ്യംകൊണ്ടും മററും പൂർവ്വഘട്ടം പശ്ചിമഘട്ടത്തേക്കാൾ പൊക്കംകുറഞ്ഞതും ഇടയ്ക്കിടയ്ക്ക് അനേകം നദീതട താഴ്‌വരകളോടു കൂടിയതുമാണ്. ഈ പീഠഭൂമിയിൽ ഏററവും ഉയരംകൂടിയ പ്രദേശങ്ങൾ തെക്കു മൈസൂരിലാണ്. വടക്കുഭാഗത്തുള്ള ശതപുരപർവ്വതങ്ങൾ, മഹാദേവഗിരികൾ, മേഖലാ (Maikal Range) മലകൾ എന്നിവ ദക്ഷിണേന്ത്യയെ ഉത്തരേന്ത്യയിൽനിന്നു വേർതിരിക്കുന്നു. ഇവയുടെ വടക്കുള്ള വിന്ധ്യ പർവ്വതവും തെക്കുള്ള അജന്താനിരകളും ഈ ഭൂമിശാസ്ത്രപരമായ ഉത്തര ദക്ഷിണേന്ത്യകളുടെ വിഭജനത്തെ കൂട്ടതൽ ശക്തിമത്താക്കുന്നുണ്ടു്. ചരിത്രത്തിൽ എല്ലാ കാലത്തും ഈ പർവ്വതങ്ങളുടെ കിടപ്പ് ഇരുഭാഗത്തേയും ജനങ്ങൾ തമ്മിലുള്ള സമ്പർക്കത്തിനു തടസ്സമായി നിന്നിട്ടുണ്ടു്. ഈ പീഠഭൂമിയിലെ നദികളായ മഹാനദി, ഗോദാവരി,

കൃഷ്ണ കാവേരി എന്നിവ കിഴക്കോട്ടൊഴുകി ബംഗാൾ ഉൾക്കടലിൽ ചെന്നുചേരുന്നു. നർമ്മദാ, തപതി എന്നീ രണ്ടു നദികൾ പടിഞ്ഞാറോട്ടൊഴുകി അറബിക്കടലിൽ പതിക്കുന്നു. വടക്കുപടിഞ്ഞാറെ ഭാഗം ഫലപുഷ്ടിയുള്ള കരിമണ്‍ പ്രദേശമാണ്. ചെമ്മണ്‍ നിറഞ്ഞു വരണ്ട പ്രദേശമാണു ബാക്കിയുള്ളവ. അവിടെ ഉല്പന്നങ്ങളുടെ കുറവുകൊണ്ടു ജനസാന്ദ്രതയും കുറവാണ്.

ഡക്കാൻ പീഠപ്രദേശത്തിന്റെ ഇരുവശങ്ങളും സാമാന്യം ഫലപുഷ്ടിയും ജനബാഹുല്യവുമുള്ള തീരപ്രദേശങ്ങളാണ്. പശ്ചിമതീരത്താണ് ബോംബെ, കൊച്ചി എന്നീ തുറമുഖങ്ങൾ. പൂർവ്വതീരത്തിനു താരതമ്യേന വീതികൂടും. ഒറീസ്സാ, ആന്ധ്ര, മദിരാശി എന്നീ സ്റ്റേറ്റുകളുടെ കടലോരം പൂർവ്വതീരത്തിലാണു്. പശ്ചിമതീരത്തു ബോംബെ, മൈസൂർ, കേരളം എന്നീ സ്റ്റേറ്റുകളുടെ തീരപ്രദേശം കാണുന്നു

ഇന്ത്യയുടെ കരഭാഗത്തുള്ള അതിർത്തിയിൽ എല്ലായിടത്തും വലിയ മതിൽക്കെട്ടുകൾപോലെ സ്ഥിതിചെയ്യുന്ന ഉന്നത പർവ്വതങ്ങൾ കിടപ്പുള്ളതുകൊണ്ടു് ഇന്ത്യയിലേക്കു വിദേശികൾക്കു കരവഴിക്കു പ്രവേശിക്കുവാൻ എളുപ്പമല്ലെങ്കിലും ഇവയിൽ ചില ചുരങ്ങൾ ഉള്ളതുകൊണ്ടു വിദേശീയർ അവയെ പ്രവേശനമാർഗ്ഗങ്ങളായി പണ്ടുമുതൽ ഉപയോഗിച്ചിട്ടുണ്ടു്. അവയിൽ പ്രധാനമായവ വടക്കുപടിഞ്ഞാറുള്ള കൈബർ ചുരവും ബൊളാൻചുരവുമാണു ഇവയിൽക്കൂടിയാണു ഉത്തരേന്ത്യയിൽവന്ന വിദേശീയാക്രമികൾ അധികവും വന്നിട്ടുള്ളതു. തിബത്തു് ബർമ്മ എന്നീ രാജ്യങ്ങളിൽനിന്നും ഉള്ള പ്രവേശന

മാർഗ്ഗങ്ങൾ ഇതിലും വിഷമമുള്ളവയാണു. ഇന്ത്യയിൽനിന്നു ബർമ്മയിലേക്കു പോകുന്നവർ പ്രായേണ കൽക്കത്തയിൽനിന്നോ മദിരാശിയിൽനിന്നോ കപ്പൽ മാർഗ്ഗമായിട്ടാണുപോവുക.




<u>കാലാവസ്ഥ</u> ശീതോഷ്ണസ്ഥിതി, കാററു, മഴ എന്നിവയാണു കാലാവസ്ഥയുടെ ഘടകങ്ങൾ. അവ

അന്നദിനം വ്യത്യാസപ്പെട്ടിരിക്കും. എന്നാൽ അവയുടെ സ്ഥിതി ദീർഘകാലത്തേക്കു നിരീക്ഷണംചെയ്തു അവയുടെ ശരാശരി അവസ്ഥയെ കണ്ടറിഞ്ഞിട്ടാണു കാലാവസ്ഥ നിർണ്ണയിക്കപ്പെടുന്നതു. ഇന്ത്യയുടെ തെക്കേപകുതി ഉഷ്ണമേഖലയിലും, വടക്കുഭാഗം മിതോഷ്ണമേഖലയിലുമാണ്. അതുകൊണ്ടു തെക്കുനിന്നു വടക്കോട്ടു പോകുംതോറു ഉഷ്ണം കുറവായിരിക്കും. എന്നാൽ ശീതോഷ്ണസ്ഥിതി ഭൂമധ്യരേഖയിൽ നിന്നുള്ള അകലത്തെ മാത്രമല്ല, സമുദ്രസാമീപ്യത്തേയും സമുദ്രനിരപ്പിൽനിന്നുള്ള ഉയരത്തേയും ആശ്രയിച്ചിരിക്കുന്നു. ഉയരമുള്ള പർവതാഗ്രങ്ങളിൽ പ്രായേണ ചൂടു കുറവായിരിക്കും. 300 അടിക്കു ഒരു ഡിഗ്രി എന്ന തോതിൽ മേല്പോട്ടുപോകുംതോറും ചൂടു കുറഞ്ഞുകുറഞ്ഞുവരും. അതുകൊണ്ടാണു വേനൽക്കാലങ്ങളിൽ സുഖവാസത്തിനു വേണ്ടി ജനങ്ങൾ ഉയർന്ന പ്രദേശങ്ങളിലേക്കു പോകുന്നതു സമുദ്രത്തിൽനിന്നു വീശുന്ന കാററിനു അത്യുഷ്ണത്തെയും അതിശൈത്യത്തെയും സമീകരിക്കുവാനുള്ള കഴിവുണ്ടു. ഈ സമീകരണശക്തിമൂലം സമുദ്രതീരപ്രദേശങ്ങളിൽ ചൂടും തണുപ്പും കുറവായും അതേഅക്ഷാംശത്തിൽ തന്നെ സമുദ്രസാമീപ്യമില്ലാതെ രാജ്യത്തിൻെറ ഉൾഭാഗത്തേക്കു തള്ളിക്കിടക്കുന്ന പ്രദേശങ്ങളിൽ ചൂടും തണുപ്പും ക്രൂരതലായും അനുഭവപ്പെടുന്നു. കേരളക്കരയിൽ സമുദ്രസാമീപ്യം നിമിത്തം ഉഷ്ണകാലത്തെചൂടും ശീതകാലത്തെ തണുപ്പും അത്ര കഠിനമല്ല. എന്നാൽ ഡൽഹി, ആഗ്രാ മുതലായ പ്രദേശങ്ങളിൽ ഉഷ്ണകാലത്തെ ചൂടും ശീതകാലത്തെ തണുപ്പും ദുസ്സഹമാണ്. മാർച്ചുമാസംമുതൽ സെപ്തംബർവരെ സൂര്യൻ ഭൂമധ്യരേഖയിൽനിന്നു വടക്കോട്ടുമാറി ഉദിക്കുന്ന കാലമാണു ഇന്ത്യയ്ക്കു പൊവെതു

ഉഷ്ണകാലം. സെപ്തംബർ മുതൽ മാർച്ചുവരെ സൂര്യൻ ഭൂമദ്ധ്യരേഖയിൽ നിന്നു തെക്കോട്ടുമാറി ഉദിക്കുന്ന കാലത്താണു ഇന്ത്യയ്ക്കു പൊതുവെ ശീതകാലം. ജൂൺ ജൂലായ് മാസങ്ങളിൽ അത്യുഷ്ണവും ഡിസംബർ ജനുവരി മാസങ്ങളിൽ അതിശൈത്യവും അനുഭവപ്പെടുന്നു.




ഏന്നാൽ കാററിൻെറ ഗതികൊണ്ടും മഴകൊണ്ടും ഈ ശീതോഷ്ണസ്ഥിതികൾക്കു വ്യത്യാസം ചില പ്രദേശ

ങ്ങളിലുണ്ട്. ഉഷ്ണത്തെ ആശ്രയിച്ചാണു കാററിൻെറ നില. മേയ്, ജൂൺ, ജൂലായ് മാസങ്ങളിൽ ശക്തിയായ ചൂടനിമിത്തം വായു ചൂടുപിടിച്ചു ഘനംകുറഞ്ഞു മേൽപോട്ടുയരുന്നു. അപ്പോഠം ഇന്ത്യാസമുദ്രത്തിൽ നിന്നും അറബിക്കടലിൽനിന്നും നീരാവി നിറഞ്ഞതും തണുത്തതുമായ കാററു ഇന്ത്യൻ കരയിലേക്കു പ്രവഹിക്കുന്നു. ഈ കാററിൽ അടങ്ങിയ നീരാവിയെ പശ്ചിമ ഘട്ടങ്ങഠം തടഞ്ഞു നിർത്തി ഇന്ത്യയുടെ പടിഞ്ഞാറെ തീരത്തുള്ള നമ്മുടെ കേരളക്കരയിലും മററും സമൃദ്ധിയായി മഴ പെയ്യിക്കുന്നു. ഇന്ത്യൻ സമുദ്രത്തിൽനിന്നും അടിക്കുന്ന നീരാവിയെ ഹിമാലയവും ആസ്സാമിലെ മലകളും തടഞ്ഞുനിർത്തുന്നതുകൊണ്ടു ആസ്സാം ബംഗാഠം പ്രദേശത്തും ഈ കാററിൽനിന്നു മഴകിട്ടുന്നു. ഇതാണു തെക്കു പടിഞ്ഞാറൻ മൺസൂൺ കാററുകഠം.

(കാലഭേദങ്ങളനുസരിച്ച് കടലിൽനിന്നു കരയിലേക്കും, കരയിൽനിന്നു കടലിലേക്കും അടിക്കുന്ന കാററുകളാണ് മൺസൂൺകാററുകഠം.) ഈ കാററുകഠം നിമിത്തം പടിഞ്ഞാറെ സമുദ്രതീരത്തും ഉത്തരേന്ത്യയുടെ കിഴക്കുഭാഗത്തുള്ള ബംഗാഠം ആസ്സാം എന്നീ പ്രദേശങ്ങളിലും മഴ ധാരാളമായുണ്ടാകുന്നു. എന്നാൽ ഹിന്ദുസ്ഥാൻ സമതലത്തിൻെറ പടിഞ്ഞാറു ഭാഗങ്ങളിൽ ഈ കാററുകൊണ്ടു അത്ര ശക്തിയായ മഴ ലഭിക്കുന്നില്ല. സെപ്റ്റമ്പർ മുതൽ മാർച്ചുവരെയുള്ള ശീതകാലത്തു ഉത്തരേന്ത്യയിലെ ഉഠംഭാഗങ്ങളിൽ മഴ കുറവാണ്. അക്കാലത്തു സൂര്യൻ ദക്ഷിണാൎദ്ധഗോളത്തിൽ ദക്ഷിണായനരേഖക്കടുത്തു ഉദിക്കു

മ്പോൾ ആ പ്രദേശങ്ങളിലെ വായു ചൂടുപിടിച്ചു ഘനംകു റഞ്ഞുമേല്പോട്ടുയരുന്നു. അപ്പോൾ വടക്കുകിഴക്കൻ കാററു കൾ ദക്ഷിണാർദ്ധഗോളത്തിലേക്കു വീശുന്നു. ഭൂമദ്ധ്യരേഖ കടക്കുമ്പോൾ അവ വടക്കുപടിഞ്ഞാറൻ കാററുകളായി പരിണമിച്ചു ദക്ഷിണാർദ്ധഗോളത്തിലുള്ള ആസ്ത്രേലിയ മുതലായ രാജ്യങ്ങളിൽ ധാരാളം മഴപെയ്യിക്കുന്നു. ഇന്ത്യയെ സംബന്ധിച്ചേടത്തോളം ഈ കാററു ഒരു കരക്കാററായിട്ടാണു് അനുഭവപ്പെടുന്നതു്. എന്നാൽ ഇതു ബങ്കാൾ ഉൾക്കടലിൽക്കൂടി വീശുമ്പോൾ അവി ടെയുള്ള നീരാവിയെ വഹിച്ചുകൊണ്ടു് പൂർവ്വഘട്ടത്തിൽ ചെന്നടിച്ചു ദക്ഷിണേന്ത്യയുടെ കിഴക്കേതീരത്തു മഴപെ യ്യിക്കുന്നു. പൂർവ്വഘട്ടങ്ങൾക്കു ഉയരം കുറവായതുകൊണ്ടു് പെയ്തു് ഒടുങ്ങാത്ത നീരാവി പടിഞ്ഞാട്ടു കടന്നു ഡക്കാൺ പീഠഭൂമിയിലും പശ്ചിമതീരത്തും അല്പം മഴ പെയ്യിക്കു ന്നുണ്ടു്. അതാണു് നമ്മുടെ തുലാവർഷം. ഇതിനെ പിന്മാററ മൺസൂൺ കാററെന്നു പറയുന്നു. തെക്കുപടിഞ്ഞാറൻ മൺസൂൺ കാററു ഉത്തരാർദ്ധഗോളത്തിൽ ജൂൺ ജൂലായ് മാസങ്ങളിൽ ധാരാളം മഴപെയ്യിച്ചു പിന്മാറുന്നതുപോലെ അനുഭവപ്പെടുന്നതുകൊണ്ടാണു ഈ പേർ സിദ്ധിച്ചതു്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഇതു മൺസൂൺ കാററ ല്ലെങ്കിലും ദക്ഷിണാർദ്ധഗോളത്തിലെ ആസ്ത്രേലിയ മുത ലായരാജ്യങ്ങളിൽ വേനൽകാലത്തു ഈ കാററുകൊണ്ടു മഴ യുണ്ടാക്കുന്നതുകൊണ്ടു അവിടങ്ങളിൽ ഇതിനു വടക്കുപടി ഞ്ഞാറൻ മൺസൂൺ കാററെന്നാണു പറയുന്നതു. മിതോ ഷ്ണമേഖലയിൽ നിന്നു പുറപ്പെട്ടു കരയിൽക്കൂടി വീശുന്ന കാററാക കൊണ്ടു ഇതു ശുഷ്കവും ശീതവുമായിട്ടാണു ഇന്ത്യയിലുള്ളവർക്കു അനുഭവപ്പെടുന്നതു. ഡിസംബർ

ജനുവരി മാസങ്ങളിൽ നമുക്ക അനുഭവപ്പെടുന്ന ശൈത്യം ഈ കാററുകൾ മൂലമാണു. ഇങ്ങിനെ കാററു സൂര്യനെയും, മഴ കാററിനെയും പിന്തുടരുന്നു എന്ന തത്വം നമുക്കു മനസ്സിലാക്കാം. സൂര്യൻ, ഉത്തരാർദ്ധ ഗോളത്തിൽ തലയ്ക്കുമീതെ വരുമ്പോൾ കാററു ആ ഭാഗത്തേക്കു മാറി വീശുന്നു. ദക്ഷിണാർദ്ധ ഗോളത്തിലാകുമ്പോൾ കാററു അങ്ങോട്ടു മാറുന്നു. കാറെറവിടെയാണോ അവിടെ മഴയും ഉണ്ടാകുന്നു.

കാലാവസ്ഥയെ അടിസ്ഥാനമാക്കി ഇന്ത്യയിൽ മൂന്നു കാലങ്ങൾ ഉണ്ടെന്നു മൊത്തമായി പറയാം. ജൂൺ മുതൽ ഒക്ടോബർ മദ്ധ്യം വരെ മൺസൂൺ കാലവർഷക്കാലമാണു. ഇന്ത്യയിൽ അധികം ഭാഗങ്ങളിലും ശക്തിയായി മഴ പെയ്യുന്ന കാലമാണിതു. സൂര്യൻ മേഘം കൊണ്ടു മറയുന്നതുകൊണ്ടും വായുവിനെ മഴ തണുപ്പിക്കുന്നതു കൊണ്ടും ഇന്ത്യയിൽ ഈ കാററു വീശുന്നേടത്തു ഉഷ്ണാധിക്യം അനുഭവപ്പെടുന്നില്ല. ഒക്ടോബർ മദ്ധ്യം മുതൽ ഫെബ്രുവരി അവസാനംവരെയുള്ള കാലമാണു ഇന്ത്യയിലെ ശീതകാലം. അന്നു ചൂടു ഏററവും കുറവും മഴ ഇല്ലാത്തപോലെയുമാണ്. മാർച്ചു മുതൽ ജൂൺ മാസംവരെയാണു ഇന്ത്യയിലെ ഉഷ്ണകാലം. അക്കാലത്തു സൂര്യൻ ഇന്ത്യയിൽ ഉച്ചക്കു തലക്കുമീതെ കാണപ്പെടുന്നതാണ്. നല്ല ചൂടുണ്ടാകും.

മഴയുടെ തോതനുസരിച്ച് ഇന്ത്യയെ (1) അതിവൃഷ്ടി പ്രദേശങ്ങൾ (2) മിതവൃഷ്ടി പ്രദേശങ്ങൾ (3) ലഘുവൃഷ്ടി പ്രദേശങ്ങൾ (4) അനാവൃഷ്ടി പ്രദേശങ്ങൾ എന്നിങ്ങനെ നാലായി തിരിക്കാം. അതിവൃഷ്ടി പ്രദേശങ്ങളുടങ്ങിയ പശ്ചിമതീരത്തും ഹിമാലയ താഴ്വരയിലും 80

ഇഞ്ചിലധികം മഴയുണ്ട്. സമതലങ്ങളിൽ നെല്ലുകൃഷി ചെയ്യപ്പെടുന്നു. പർവ്വതപ്രദേശങ്ങൾ പച്ചിലക്കാടുകൾ നിറഞ്ഞവയാണ്. അതിന്നു തൊട്ടടുത്തുള്ള മിതവൃഷ്ടി പ്രദേശങ്ങളായ ബംഗാൾ ബീഹാർ ഒറീസ്സാ എന്നീ രാജ്യങ്ങളിൽ 40 മുതൽ 80 ഇഞ്ചുവരെ മഴയുണ്ട്. ഇവിടെയുള്ള കാടുകളിൽ വന്മരങ്ങൾ ധാരാളമുണ്ട്. ഇവ കൃഷിക്കു പററിയ പ്രദേശങ്ങളാണ്. തെക്കുവടക്ക് ഉടനീളം ഇന്ത്യയുടെ മധ്യഭാഗം ലഘുവൃഷ്ടി പ്രദേശങ്ങളാണ്. അവിടെ 20 മുതൽ 40 ഇഞ്ചുവരെ മഴയേ കിട്ടുന്നുള്ളു. ജലസേചനത്തിൻെറ സഹായം കൂടാതെ ഇവിടെ നെൽകൃഷി സാദ്ധ്യമല്ല. അനാവൃഷ്ടി പ്രദേശങ്ങൾ ഇന്ത്യയുടെ വടക്കു പടിഞ്ഞാറെ അററത്തു കിടക്കുന്നു. ഇവിടെ മഴ ഇല്ലെന്നുതന്നെ പറയാം. ഈ പ്രദേശങ്ങൾ മരുഭൂമികളാണ്. ചില മുൾച്ചെടികൾ മാത്രമെ ഇവിടെ വളരുകയുള്ളു.

---

## വിഭാഗം 2

## ഇന്ത്യയുടെ പ്രകൃതിസമ്പത്ത്

പ്രകൃതിയുടെ അനുഗ്രഹം നല്ലവണ്ണമുള്ള ഒരു രാജ്യമാണു ഭാരതം. സസ്യങ്ങളുടെയും ജീവജാലങ്ങളുടെയും വളർച്ചയ്ക്കു അത്യാവശ്യമായ സൂര്യപ്രകാശവും മഴയും സമൃദ്ധിയായുള്ളതുകൊണ്ടു ഇന്ത്യയുടെ പ്രകൃതിസമ്പത്തു ലോകപ്രസിദ്ധമാണ്. അതിനെ പുരസ്കരിച്ചാണു പാശ്ചാത്യന്മാർ പുരാതനകാലം മുതൽക്കുതന്നെ

ഇന്ത്യയിലേക്കു വരാൻ തുടങ്ങിയതു്. മൃഗങ്ങളും സസ്യങ്ങളും ധാതുദ്രവ്യങ്ങളും മൺതരങ്ങളും നദികളും സമുദ്രവുമെല്ലാം ഇന്ത്യയുടെ പ്രകൃതിസമ്പത്താണു്. ഈ പ്രകൃതിദത്തമായ സമ്പത്തിനെ വർദ്ധിപ്പിക്കുവാനും കൂടുതൽ ഉപയോഗപ്പെടുത്തുവാനും ആവശ്യമായ മനുഷ്യപ്രയത്നവും ഇവിടെയുണ്ടു്. ഈ സമ്പത്തുകളെപ്പററി വിശദമായി നമുക്കു മനസ്സിലാക്കാം.

1. **മൃഗങ്ങൾ.** കാടുകളിലും അവയോടു തൊട്ടുകിടക്കുന്ന കുററിക്കാടുകളിലും പുൽപ്രദേശങ്ങളിലുമാണു വന്യമൃഗങ്ങൾ ധാരാളമായുള്ളതു്. ഇവയുടെ തോൽ കൊമ്പു് എല്ലു മുതലായവ മനുഷ്യർക്കുപ്രയോജനപ്പെടുന്നവയാണു്. മാൻ, പന്നി, മുയൽ, കാട്ടുപോത്തു ആദിയായ മൃഗങ്ങളുടെ മാംസവും ചിലർ ഉപയോഗിക്കുന്നു. അനേകതരം മൃഗങ്ങളും, പക്ഷികളും, പാമ്പുകളും ഇന്ത്യയിൽ കാണുന്നുണ്ടു്. സിംഹം, പുലി, കരടി, കടുവാ, കാണ്ടാമൃഗം, ആന, ചെന്നായ്, കീരി, മെരു, കാട്ടുപോത്തു്, മാൻ, പന്നി, കുരങ്ങു്, മുയൽ, ചീങ്കണ്ണി മുതലായവ ഇന്ത്യയുടെ പല ഭാഗങ്ങളിലും കാണാം. കത്തിയവാർ അർദ്ധദ്വീപിന്നടുത്തുള്ള വനങ്ങളിൽ മാത്രമെ സിംഹം ഇപ്പോഴുള്ളൂ. കാണ്ടാമൃഗം ആസ്സാമിലെ കാടുകളിലും, ആന ആസ്സാമിലേയും തെക്കെ ഇന്ത്യയിലേയും കാടുകളിലുമാണുള്ളതു. മററുള്ള ജീവികളെ ഇന്ത്യയിൽ എല്ലായിടത്തും കാണാം. കരടി, വരയാടു്, കാട്ടാടു് എന്നിവ ഹിമാലയൻ കാടുകളിൽ സുലഭമാണു. പശ്ചിമഘട്ടത്തിലേയും പൂർവ്വഘട്ടത്തിലേയും കാടുകളിൽ കാട്ടുപോത്തു ധാരാളമുണ്ടു്. ഇന്ത്യയിൽ അപൂർവ്വമായി കണ്ടുവരുന്ന സിംഹ

വും കാണ്ടാമൃഗവും വംശമററുപോകാതിരിക്കുവാൻ ഗവ മ്മേണ്ടു ചില മുൻകരുതലുകറം ചെയ്തിട്ടുണ്ടു്. ചില വന ങ്ങളിൽ വന്യമൃഗസംരക്ഷണകേന്ദ്രങ്ങറം തുറന്നിരിക്കു ന്നതു ഈ ഉദ്ദേശത്തോടെയാണു. നമ്മുടെ സ്റ്റേററിലെ തേക്കടി അപ്രകാരമുള്ള ഒരു കേന്ദ്രമാണു്.

വളത്തുമൃഗങ്ങളും ഇന്ത്യയിൽ ധാരാളമുണ്ടു. കന്നു കാലികറം, ആടു, കുതിര, കഴുത, പോത്തു, ഒട്ടകം, ആന എന്നിവയാണു നമ്മുടെ വളത്തുമൃഗങ്ങറം. കോഴി, താറാവു്, മയിൽ, തത്ത മുതലായവയാണു വളർത്തു പക്ഷികറം. ലോകത്തിലേക്കു അധികം കന്നുകാലികളുള്ള രാജ്യമാണു ഇന്ത്യ. 1956-ലെ സെൻസസ് അനുസ രിച്ചു, കഴുത, ഒട്ടകം, പന്നി മുതലായവ ഉറംപ്പെടെ ഇന്ത്യയിലെ കാലിസമ്പത്തു 3065 ലക്ഷം എന്നാണു കണക്കാക്കപ്പെട്ടിട്ടുള്ളതു്. വളർത്തുപക്ഷികളിൽ പ്രധാ നമായ കോഴി 947 ലക്ഷം ഇന്ത്യയിലുണ്ടു്. നല്ലഇനം കന്നുകാലികളുടെ സംഖ്യ വദ്ധിപ്പിക്കുന്നതിനുവേണ്ടി ഒന്നാംപഞ്ചവത്സരപദ്ധതിയിൽ 555 സ്ഥലങ്ങളി ലായി 'കീ വില്ലേജ് സ്കീ"മുകറം ആരംഭിച്ചു. 1957-58 കാലത്തു ഇവ കൂടുതൽ സ്ഥലങ്ങളിലും പ്രചരിപ്പിച്ചി ട്ടുണ്ടു്. വാദ്ധക്യം, രോഗം, മുതലായവ ബാധിച്ചു നിഷ്പ്രയോജനമായിതീർന്ന കന്നുകാലികളുടെ സംര ക്ഷണത്തിനുവേണ്ടി ധാരാളം മേച്ചിൽ സ്ഥലങ്ങളുള്ള പ്രദേശങ്ങളിൽ 'ഗോസദനങ്ങറം' സ്ഥാപിച്ചിട്ടുണ്ടു്. ചത്തുപോയ കന്നുകാലികളുടെ അവശിഷ്ടങ്ങളെ മനു ഷ്യക്കു ഉപയോഗപ്പെടുത്തുന്നതിന്നും അവയിൽ ഏർ പ്പാടുണ്ടു്. ആദ്യപഞ്ചവത്സരപദ്ധതിയിൽ 25-ഉം

രണ്ടാം പദ്ധതിയിൽ 60-ഉം ഗോ സദനങ്ങൾ സ്ഥാപിക്കുവാനാണ് നിശ്ചയം. 1957-58 ന്റെ അവസാനത്തിൽ പുതുതായി 21 ഗോ സദനങ്ങളും അഞ്ച് "പരമാലയങ്ങളും" സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഗോശാലകൾക്കു സാമ്പത്തികമായും സാങ്കേതികമായും സഹായം നൽകുന്നതിനുവേണ്ടി "ഗോശാലാ സംവർദ്ധന സ്കീം" എന്ന ഒരു പരിപാടിയും രണ്ടാം പദ്ധതിയിൽ ആരംഭിച്ചിട്ടുണ്ട്. ഇതുവരെയായി 132 ഗോശാലകൾക്കു അപ്രകാരം സഹായങ്ങൾ ചെയ്തിട്ടുണ്ട്. ഭക്ഷണപദാർത്ഥങ്ങളിൽ പോഷകാംശങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഗ്രാമവാസികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുംവേണ്ടിയാണ് (Poultry) കോഴിവളർത്തൽ കേന്ദ്രങ്ങൾ നിലകൊള്ളുന്നതു്. ഇതിനുവേണ്ടി രണ്ടാംപഞ്ചവൽസരപദ്ധതിയിൽ രണ്ടര കോടി രൂപയോളം വക കൊള്ളിച്ചിട്ടുണ്ട്. പാൽ വിതരണത്തിനു 36 കേന്ദ്രങ്ങൾ നഗരങ്ങളിലും, 12 പരസ്പര സഹായസഹകരണ സംഘങ്ങളും ആരംഭിച്ചിട്ടുണ്ട്. അതിനുവേണ്ടി 3 കോടി രൂപയോളം രണ്ടാം പദ്ധതിയിൽ വകയിരുത്തിട്ടുണ്ട്. ഇങ്ങിനെ കാലി സമ്പത്തിനെ വർദ്ധിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും മനുഷ്യർക്കു ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നാനാതരത്തിലുള്ള പദ്ധതികളും അടുത്തകാലത്തു ഇന്ത്യയിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്.

മററുള്ള വളർത്തു മൃഗങ്ങളിൽ ഏററവും പ്രധാനമായതു ആനയാണ്. മൺസൂൺ കാടുകളിലാണ് ആന ധാരാളമുള്ളതു്. ആനയെ പിടിക്കുന്നതിന്ന പ്രത്യേക

പരിശീലനം വേണം. കാടന്മാർക്ക് അതിനുള്ള സാമർത്ഥ്യമുണ്ട്. അവർ കാട്ടാനയെ കുഴിയിൽ വീഴിച്ച് അവശനാക്കി നാട്ടിൽനിന്നു മെരുങ്ങിയ ആനകളെക്കൊണ്ട് കുഴിയിൽനിന്നു വലിച്ചുകേററുന്നു. അവയെ ചങ്ങലയിട്ടു ബന്ധിച്ച് നാട്ടിൽകൊണ്ടുവന്ന് മെരുക്കി സ്വാധീനപ്പെടുത്തുന്നു: മൈസൂരിൽ ആനകളെ 'കൊപ്പ'ത്തിലാക്കി വളഞ്ഞു പിടിക്കുകയാണ് പതിവ്. ആന വളരെ ബുദ്ധിയുള്ള ഒരു മൃഗമാണ്. ആനകളെ സവാരിക്കും ഭാരംചുമക്കുന്നതിനും തടിവലിക്കുന്നതിനും മററും ഉപയോഗിക്കുന്നു. ആനക്കൊമ്പ് വളരെ വിലപിടിച്ച വസ്തുവാണ്. കൊത്തുപണികൾക്കും മററും അതുപയോഗപ്പെടുത്തുന്നു. അങ്ങിനെയുള്ള ദന്തശില്പികൾ ധാരാളം ഇന്ത്യയിലുണ്ട്. മരിച്ച ആനയുടെ അസ്ഥി വളനിർമ്മാണത്തിനുപകരിക്കുന്നു. ആനകളെ മെരുക്കി അഭ്യസിപ്പിച്ചു പല വേലകൾ ചെയ്യുന്നതിനും ഉപയോഗിക്കാം. പുരാതനകാലത്ത് അവയെ യുദ്ധങ്ങൾക്കു ഉപയോഗിച്ചിരുന്നു. ഇന്നു അവയെ ഉത്സവങ്ങൾക്കും ഘോഷയാത്രകൾക്കും മലകളിൽനിന്നു വൻ തടികൾ ഇറക്കിക്കൊണ്ടുവരുന്നതിനും മററുമാണു ഉപയോഗിക്കുന്നതു്.

കാള, പോത്ത് എന്നിവയെ നിലം ഉഴുന്നതിനുപയോഗിക്കുന്നു. ഗ്രാമീണർ സാമാനങ്ങൾ കാളവണ്ടികളിലും പോത്തുവണ്ടികളിലും ആണു കൊണ്ടുപോകാറുള്ളതു്. ഇന്ത്യയിലെ ആകെ സംഖ്യ നോക്കുമ്പോൾ രണ്ടാൾക്കു ഒരു കാളയോ പശുവോ ഉള്ളതായികാണാം. ഇന്ത്യയിലെ ജനങ്ങൾ പൊതുവെ പാൽ അധികം ഉപയോഗിക്കുന്നവരല്ല. അതുകൊണ്ടു പശുവിനെക്കാൾ കാള

യക്കാണ് പ്രിയം കൂടുതലുള്ളത്. പോത്തുകൾക്ക കാള കളേക്കാൾ ഭാരം വഹിക്കുന്നതിന്ന ശക്തിയുണ്ട്. ആട്ട കളെ വർഷപാതം കുറഞ്ഞ പ്രദേശങ്ങളിലാണ് അധി കംകാണുക. അവയ്ക്കു പുൽപ്രദേശങ്ങളും തരിശുഭൂമി കളും വേണ്ടതായ ഭക്ഷണം നൽകുന്നു. മദിരാശി സംസ്ഥാനത്തിലാണ് അവ ധാരാളമുള്ളത്. ഇന്ത്യ യിലെ ആട്ടുകളിൽനിന്നു മററു രാജ്യങ്ങളിലെപോലെ കമ്പിളിരോമം സമൃദ്ധിയായി കിട്ടുന്നില്ല കുതിരകൾ ഏകദേശം 20 ലക്ഷത്തോളം ഇന്ത്യയിലുണ്ട്. അവയെ നിലം ഉഴുന്നതിന്നുപയോഗിക്കാറില്ല. അവയെ വണ്ടിവ ലിക്കുന്നതിന്നും സൈന്യങ്ങളുടെ ആവശ്യത്തിന്നുമാണുപ യോഗിക്കാറുള്ളത്. കാലുതെററി വീഴാത്ത ജന്തുക്കളാക കൊണ്ടു കഴുതകളെ കുന്നിൻപ്രദേശങ്ങളിൽ ഭാരം ചുമ ക്കുന്നതിന്ന ഉപയോഗിക്കുന്നു. മരുക്കപ്പലെന്നു പറയപ്പെ ടുന്ന ഒട്ടകങ്ങളെ വരണ്ട രാജസ്ഥാൻ മരുഭൂപ്രദേ ശങ്ങളിലേ കാണുകയുള്ളൂ. വർഷപാതം അധികമുള്ള പശ്ചിമതീര പ്രദേശങ്ങളിൽ കാണുകയില്ല.

2. **സസ്യങ്ങൾ.** വെയിലിന്റെയും മഴയുടെയും തോതനുസരിച്ചാണുസസ്യങ്ങളുടെ വളച്ച. ഇന്ത്യ അധിക ഭാഗവും ഉഷ്ണമേഖലയിൽ കിടക്കുന്ന ഒരു രാജ്യമാക കൊ ണ്ടും വഷപാതം ധാരാളമുള്ളതുകൊണ്ടും സസ്യങ്ങളുടെ വളർച്ചനല്ലവണ്ണമുള്ള ഒരു രാജ്യമാണു. ഈ ഉല്പന്നങ്ങളെ സ്വാഭാവികോല്പന്നങ്ങളെന്നും കൃഷി ചെയ്തുണ്ടാക്കുന്നവ യെന്നും രണ്ടായി തിരിക്കാം. മനുഷ്യ പ്രയത്നമൊന്നും കൂടാതെ കാട്ടുകളിൽ തന്നത്താൻ ഉണ്ടാകുന്നവയാണു സ്വാഭാവികോല്പന്നങ്ങൾ. സമതല പ്രദേശങ്ങളിലും

പർവ്വതസാനുക്കളിലും മനുഷ്യർ കാടു വെട്ടി തെളിയിച്ച് ഭക്ഷ്യപദാർത്ഥങ്ങളും വാണിജ്യപദാർത്ഥങ്ങളും കൃഷി ചെയ്തുണ്ടാക്കുന്നുണ്ട്. അവ മണ്ണിന്റെ ഗുണത്തെ ആശ്രയിച്ചിരിക്കും. ഇവ രണ്ടും ഇന്ത്യയുടെ പ്രകൃതി സമ്പത്തിനെ വർദ്ധിപ്പിക്കുന്നു. ഇന്ത്യ ജനസാന്ദ്രതയുള്ള ഒരു രാജ്യമാണ്. അതുകൊണ്ടു ജനങ്ങൾ കാടു വെട്ടി തെളിയിച്ചു ജനവാസത്തിനുപകരിക്കത്തക്കതാക്കിതീർക്കുന്നുണ്ട്. അങ്ങിനെ കാലക്രമം കൊണ്ടു കാടുകളുടെ വലിപ്പം കുറഞ്ഞുവരുന്നുണ്ടെങ്കിലും ഇപ്പോഴും ആകെ വിസ്താരത്തിൽ അഞ്ചിലൊരു ഭാഗം കാടുകളാണ്. അവയിലാണ് ഇന്ത്യയിലെ സ്വാഭാവികോല്പന്നങ്ങൾ ഉണ്ടാകുന്നത്.

കൊല്ലത്തിൽ 80 ഇഞ്ചിൽ കുറയാതെ വർഷപാതമുള്ള പശ്ചിമതീരത്തും ഹിമാലയ സാനുക്കളിലും ആസ്സാമിലും ഇന്ത്യയിലെ പച്ചിലക്കാടുകൾ കാണാം. ഇവിടെ എന്നും പച്ചനിറത്തിലുള്ള ഇലകളോടുകൂടിയ വൻമരങ്ങൾ നിറഞ്ഞ കാടുകൾ ഉണ്ട്. എന്നാൽ മിതവൃഷ്ടിപ്രദേശങ്ങളിൽ ഉഷ്ണകാലത്തുള്ള കഠിനമായ ചൂടുകൊണ്ടു ഇലകൾ വരണ്ടു കൊഴിയുന്നു. അങ്ങിനെ ഇല കൊഴിഞ്ഞു നിൽക്കുന്ന വൻമരങ്ങളോടുകൂടിയതാണ് മൺസൂൺ പ്രദേശങ്ങളിലെ കാടുകൾ. ഈ പ്രദേശങ്ങളിലാണ് ഇന്ത്യയിലെ ഏററവും വിലപിടിച്ച തേക്കു, സാലം (ഉത്തരേന്ത്യയിലെ ഒരു വന്മരം) എന്നീ വൃക്ഷങ്ങൾ വളരുന്നത്. ദക്ഷിണേന്ത്യൻ പീഠഭൂമിയുടെ പടിഞ്ഞാറു ഭാഗത്തു തേക്കും, ഹിമാലയസാനുക്കളിലും വടക്കു കിഴക്കൻ പീഠഭൂമികളിലും സാല്വൃ

ക്ഷവും വളരുന്നു. ഇത്തരം വൃക്ഷങ്ങൾ വളരുന്നതുകൊണ്ടു വിലയേറിയ ഈ കാട്ടുകളെ ഗവൎമ്മെണ്ടു മേൽനോട്ടത്തിലാണുവെച്ചിട്ടുള്ളതു്. കൊല്ലത്തിൽ 40 ഇഞ്ചിൽ താഴെ വർഷപാതമുള്ള പ്രദേശങ്ങളിൽ ചെറിയ മുൾച്ചെടികളും മററും മാത്രമെ വളരുകയുള്ളൂ. മരുഭൂമികളിൽ പ്രായേണ ഒന്നുംതന്നെ വളരുകയില്ല.

വനങ്ങളിൽനിന്നു നമുക്കു തടി, വിറകു, ഔഷധങ്ങൾ, മുള, ചൂരൽ മുതലായവ ലഭിക്കുന്നു. കൂടാതെ അവ മണ്ണൊലിപ്പു തടയുകയും ഉഷ്ണത്തെ മിതപ്പെടുത്തുകയും ചെയ്യുന്നു വർഷപാതം, ഫലപുഷ്ടി എന്നിവയ്ക്കു വനങ്ങൾ അത്യാവശ്യമാണു്. വനങ്ങളില്ലെങ്കിൽ പലമൃഗങ്ങളും നശിച്ചുപോകുമായിരുന്നു. വനങ്ങളിൽനിന്നു കിട്ടുന്ന ഉറപ്പുള്ള മരങ്ങൾ തേക്കു, ഈട്ടി, കരിന്താളി, സാലം എന്നിവയാണു. ഹിമാലയൻ വനങ്ങളിൽനിന്നു പൈൻ' ദേവതാരം മുതലായ മൃദുമരങ്ങൾ ലഭിക്കുന്നു. സിങ്കൊണ (കൊയ്ന) നീലഗിരിക്കാട്ടുകളിലും, ചന്ദനം മൈസൂർ വനങ്ങളിലും, യൂക്കാലിപ്ററസ് ദക്ഷിണേന്ത്യൻ കാട്ടുകളിലും വളരുന്നു. ഇവയെല്ലാം ഔഷധപ്രയോജനമുള്ളവയാണു്. മുളയും ചൂരലും മൺസൂൺ കാട്ടുകളിൽ ധാരാളമുണ്ടു് ഇന്ത്യയിലെ തോട്ടക്കൃഷികൾ മിക്കവാറും മലഞ്ചെരുവുകളിലാണു്. അവിടെ ഏലം, തേയില, കാപ്പി, റബ്ബർ, ഇഞ്ചിപ്പുല്ലു്, ഇഞ്ചി മുതലായവ കൃഷി ചെയ്യപ്പെടുന്നു. മാവു്, പ്ലാവു, കശുമാവു, വാഴ മുതലായവ എല്ലാ ഭാഗങ്ങളിലും കാണാം തെങ്ങു അധികവും വളരുന്നതു കേരളക്കരയിലാണു്. അരക്കു ഇന്ത്യയിലാണു ഏററവും അധികവും ഉണ്ടാകുന്നതു്. മററൊരു

രാജ്യത്തും ഇല്ലെന്നുതന്നെ പറയാം. അതു ചില പ്രാണികൾ കൊത്തി ഒരു തരം വൃക്ഷത്തിൽനിന്നു പുറപ്പെടുന്ന ദ്രാവകം ഉറച്ചുണ്ടാകുന്നതാണ്. അതു ടർപ്പൻ റൈറനിൽ ചേർത്തു മദ്രവിക്കുന്ന അരക്കുണ്ടാക്കുന്നു. അതു സ്പിരിററിൽ ചേർത്തു വാർണ്ണീഷുണ്ടാക്കുവാനും ഉപകരിക്കുന്നു. ഗ്രാമഫോൺ പ്ലേററുകൾ, പ്ളാസ്റ്റിക്ക് സാധനങ്ങൾ എന്നിവക്കും ഇതുപയോഗിക്കുന്നു. കടലാസ്സ നിർമ്മാണത്തിനു പററിയ വൃക്ഷങ്ങളും ടർപ്പൻ റൈറൻ ലഭിക്കുന്ന മരങ്ങളും ഹിമാലയൻ പർവ്വതപ്രദേശത്തിലെ സൂചിയിലക്കാടുകളിൽ ഉണ്ട്.

3. **ധാതുദ്രവ്യങ്ങൾ.** ഭൂമിയിൽനിന്നു കഴിച്ചെടുക്കുന്ന വിലയേറിയവസ്തുക്കളാണു ധാതുദ്രവ്യങ്ങൾ. ലോഹങ്ങളും, കല്ക്കരി പെട്രോളിയം ആദിയായവയും ഖനനവസ്തുക്കളാണ്. പലവിലപിടിച്ച പദാർത്ഥങ്ങളും ഇന്ത്യയിൽനിന്നു ലഭിക്കുന്നുണ്ട്.

1. കല്ക്കരി. ഫാക്ടറികളിലും മില്ലുകളിലും തീവണ്ടികളിലും യന്ത്രങ്ങൾ നടത്തുന്നതിനു കൽക്കരി ആവശ്യമാണ്. ഇന്ത്യയിൽ തന്നെ ഭൂഗർഭത്തിൽ 1000 അടികളുള്ളിൽ 6000 കോടി ടൺ കല്ക്കരിയുണ്ടായിരിക്കുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ബീഹാർ, പശ്ചിമ ബംഗാൾ, ഒറീസ്സാ, മദ്ധ്യപ്രദേശം എന്നിവിടങ്ങളിൽനിന്നു ഇതു കഴിച്ചെടുക്കുന്നു.

2. ലിഗ്നൈററ് (മൃദുവായ കൽക്കരി) ഇതും ശക്ത്യുല്പാദനത്തിന്നു ഉപയോഗമുള്ള ഒരു വസ്തുവാണു.

മദ്രാശ്, രാജസ്ഥാൻ സൗരാഷ്ട്രം, കച്ച്, കാഷ്മീർ എന്നീ പ്രദേശങ്ങളിൽ നിന്നു ഇതു കിട്ടുന്നു. തെക്കൻ ആർക്കാടിൽ നെയ്‌വേലി എന്ന സ്ഥലത്തിനടുത്തു ഏതാണ്ടു 100 ചതുരശ്രനാഴിക വിസ്താരത്തിൽ ഈ ധാതു 20000 ലക്ഷം ടൺ ലഭിക്കപ്പെടുമെന്നു കണക്കാക്കിയിരിക്കുന്നു.



3. എണ്ണ. (പെട്രോളിയം) ഇന്ത്യയിൽ 4 ലക്ഷം ചതുരശ്രമൈൽ പ്രദേശത്തു എണ്ണ സമൃദ്ധിയായി ലഭിമെന്നു പ്രതീക്ഷിക്കപ്പെടുന്നു. അതിന്നുവേണ്ട ഗവേഷണങ്ങൾ നടക്കുന്നുണ്ടു്. ഇതും മേൽ പറഞ്ഞവയെപ്പോലെ ശക്ത്യുല്പാദനത്തിന്നു ആവശ്യമായ ഒരു വസ്തുവാണു. ഭൂഗർഭത്തിൽനിന്നു കുഴിച്ചെടുക്കുന്നതുകൊണ്ടു ഇതും ഒരു ധാതുവെന്നനിലയിൽ കണക്കാക്കാം. ആസ്സാമിലും ബോംബെയിലും ഇതു സംബന്ധിച്ചു ഗവേഷണങ്ങൾ നടക്കുന്നു.

4. ഇരുമ്പു. ലോകത്തിലാകെയുള്ള ഇരുമ്പിൻെറ നാലിലൊരുഭാഗം ഇന്ത്യയിലുണ്ടെന്നും അതു് ഏകദേശം 2100 കോടി ടൺ ഉണ്ടാകുമെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു. പ്രത്യേകമായി കണക്കാക്കുമ്പോൾ ലോകത്തിലെ മറേറതു രാജ്യത്തെക്കാളും കൂടുതൽ ഇരുമ്പ് ഇന്ത്യയിൽനിന്നു കിട്ടുന്നുണ്ടു്. ബീഹാർ, ഒറീസ, മദ്ധ്യപ്രദേശം, മൈസൂർ, ബാംബേ എന്നീ പ്രദേശങ്ങളിലാണു് ഇരുമ്പു് കുഴിച്ചെടുക്കുന്നതു്. ആകെ 679 കോടി ടൺ എടുത്തുകഴിഞ്ഞിട്ടുണ്ടു്.

5. മാംഗനീസ്. നല്ലതരം ഉരുക്കുണ്ടാക്കുവാൻ മാംഗനീസ് ഉപകരിക്കുന്നു. സോവിയററു് യൂണിയൻ കഴിഞ്ഞാൽ ഏററവും അധികം മാംഗനീസ് കിട്ടുന്ന രാജ്യം ഇന്ത്യയാണു്. ആകെയുള്ള 11 കോടിടണ്ണിൽ 10 കോടി ടണ്ണും മദ്ധ്യപ്രദേശത്തുനിന്നും ബോംബെയിൽനിന്നുമാണു കിട്ടുന്നതു്. ആന്ധ്രപ്രദേശത്തുനിന്നും മൈസൂരിൽനിന്നും ഇതു ലഭിക്കുന്നുണ്ടു്.

6. ക്രോമൈററ്. ക്രോമിയത്തിൻെറ അയിരായ ഇതു ബീഹാർ, ഒറീസ, മൈസൂർ എന്നീപ്രദേശങ്ങളിൽ നിന്നു കിട്ടുന്നു. ഏകദേശം 21 ലക്ഷം ടൺ ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നതു്.

7. സ്വർണ്ണം. മൈസൂരിലെ കോലാർ ഖനികളിൽ നിന്നാണു സ്വർണ്ണം പ്രധാനമായി ലഭിക്കുന്നതു്. ഏകദേശം പന്ത്രണ്ടരലക്ഷം ടൺ ഉണ്ടെന്നു കണക്കാക്കിയിരിക്കുന്നു.

8. ചെമ്പ്. ബീഹാറിൽ 80 മൈൽ വിസ്താരത്തിലുള്ള ഒരു മേഖലയിലാണ് ഇതു ധാരാളമുള്ളതു്.

9. അഭ്രം. 1500 ചതുരശ്രമൈൽ വിസ്താരത്തിൽ ബീഹാറിലും, 1200 ച: മൈൽ വിസ്താരത്തിൽ രാജസ്ഥാനിലും, 600 ച: മൈൽ വിസ്താരത്തിൽ ആന്ധ്രാപ്രദേശത്തും—ഇങ്ങിനെ മൂന്നു മേഖലകളിൽനിന്നാണ് അഭ്രം ലഭിക്കുന്നതും കേരളത്തിലും ഇതു വെട്ടിയെടുക്കുന്നുണ്ട്. ഏററവും മേത്തരമായ അഭ്രം ബീഹാറിൽ നിന്നാണു കിട്ടുന്നതു്. ഇതു വിദ്യുച്ഛക്ത്യുപകരണങ്ങൾക്കും ഫിലിം ഉണ്ടാക്കുന്നതിനും ആവശ്യമാണ്.

10. ഇൽമനൈററ്. ഇന്ത്യയിലെ കിഴക്കും പടിഞ്ഞാറും സമുദ്രതീരങ്ങളിലാണു ഇതു കൂടുതൽ ഉള്ളതു്. ഇതു വെള്ളച്ചായമുണ്ടാക്കുന്നതിനുള്ള ഒരു ലോഹമാണ്. കേരളക്കര ഇതിനു പ്രസിദ്ധപ്പെട്ടതാണ്. ഇന്ത്യയിൽ ആകെ 3500 ലക്ഷം ടൺ ഉണ്ടെന്നു കണക്കാക്കിയിരിക്കുന്നു.

11. <u>ഉപ്പു്.</u> സമുദ്രജലത്തിൽനിന്നു ഉപ്പു് എടുക്കുന്നതായ കേന്ദ്രങ്ങൾ കടൽത്തീരങ്ങളിൽ പലേടത്തുമുണ്ടു്. ബോംബെ, മദ്രാസ്, കേരളം, മുതലായ പ്രദേശങ്ങളിൽ ഉപ്പളങ്ങളുണ്ടു്. രാജസ്ഥാനിൽ ലവണജലതടാകങ്ങളിൽനിന്നും ഹിമാചല പ്രദേശത്തിൽ പാറകളിൽനിന്നും ഉപ്പെടുക്കുന്നു.

12. <u>ലോഹമണലുകൾ.</u> മോണോസൈററ് ബെറിൽ മുതലായ ലോഹമണലുകളിൽനിന്നു ടൈററാനിയം, തോറിയം, യൂറാനിയം മുതലായ്വ ലഭിക്കുന്നു. ടൈററാനിയം ചായം നിർമ്മിക്കുന്നതിന്നും, തോറിയം ഗാസ്‌ലൈററ് മാൻററിൽ ഉണ്ടാക്കുന്നതിന്നും, യുറാനിയം അണുശക്തി ഉല്പാദനത്തിന്നും ആവശ്യമാണു്. കേരളത്തിലെ കടലോരത്തു ഇവ ധാരാളം കാണപ്പെടുന്നു. രാജസ്ഥാനിലും ഇതു ധാരാളമുണ്ടു്.

13. <u>അലുമിനിയം.</u> വീട്ടിലുപയോഗിക്കുന്ന പാത്രങ്ങൾ ഉണ്ടാക്കുന്നതിനും വിമാനങ്ങൾ നിർമ്മിക്കുന്നതിനും മററും അലുമിനിയം ഉപയോഗിക്കുന്നു. ഘനം കുറഞ്ഞു് ഉറപ്പുള്ള ഒരു ലോഹമാണിതു്. ബീഹാർ മധ്യപ്രദേശം ബോംബെ എന്നീ സ്റ്റേററുകളിൽ നിന്നു 2500 ലക്ഷം ടൺ കിട്ടുന്നു.

ഇവ കൂടാതെ മാഗ്നസൈററ്, ക്യാനൈററ്, സിലിമിനൈററ്, കൊറംണ്ടം എന്നിവ ബീഹാർ, ബംഗാൾ, ഒറീസ്സാ, ആന്ധ്ര, രാജസ്ഥാൻ എന്നീ പ്രദേശങ്ങളിലുണ്ടു്. ചുരുങ്ങിയ തോതിൽ മററനേകം മനുഷ്യോപയോഗത്തിന്നാവശ്യമായ ധാതുദ്രവ്യങ്ങളും ഇന്ത്യയുടെ നാനാഭാഗത്തുമുണ്ടു്.

4. **മൺതരങ്ങൾ** മുഖ്യമായും ഇന്ത്യയിൽ നാലുതരം മണ്ണുകണ്ടുവരുന്നു. നദീതടങ്ങളിലും സമതലങ്ങളിലും കാണുന്ന ഫലപുഷ്ടിയുള്ള എക്കൽ മണ്ണു നെല്ലു, ഗോതമ്പു, കരിമ്പു മുതലായവയുടെ കൃഷിയ്ക്കു യോജിച്ചതാണ്. ഗംഗ-ബ്രഹ്മപുത്ര സമതലത്തിലും സമുദ്രതീര പ്രദേശങ്ങളിലും ഇത്തരം എക്കൽ മണ്ണാണുള്ളത്. ഡക്കാന്റെ വടക്ക പടിഞ്ഞാറെ ഭാഗത്തു പരുത്തി കൃഷിയ്ക്കുപററിയ കരിമണ്ണു കാണുന്നു. രാജസ്ഥാൻ ഒരു



മണൽ പ്രദേശമാണ്. ഇന്ത്യയുടെ മററു ഭാഗങ്ങളിൽ ഉയരം കൂടിയ പ്രദേശങ്ങളിൽ പ്രത്യേകിച്ചും, കാണുന്നതു പാറകൾ പൊടിഞ്ഞുണ്ടാകുന്ന ഒരുതരം ചെമ്മണ്ണാണ്.

5. **മലകളും നദികളും** മൃഗങ്ങളും സസ്യങ്ങളും ഖനന വസ്തുക്കളും പോലെ മറെറാരു വിലപിടിച്ച പ്രകൃതി സമ്പത്താണ് നമ്മുടെ രാജ്യത്തിലെ മലകളും



ഇന്ത്യാ
മലകളും. നദികളും.

നദികളും. മഴ പെയ്യിക്കുന്നതിന്നും കാലാവസ്ഥയെ നിയന്ത്രിക്കുന്നതിന്നും, കാടുകൾ വളരുന്നതിന്നും, നദികൾക്കു വെള്ളം ലഭിക്കുന്നതിന്നും മലകൾ പ്രയോജനപ്പെടുന്നു. ഹിമാലയം വടക്കുനിന്നുള്ള ശത്രുക്കളുടെ ആക്രമത്തിൽനിന്നും ഇന്ത്യയ്ക്കു രക്ഷനൽകുന്ന ഒരു വലിയ കോട്ടമതിൽകൂടിയാണു്. ഹിമാലയം, ആസ്സാം മലകൾ, ആരവല്ലി, വിന്ധ്യാ, ശതപുരം, പശ്ചിമഘട്ടം, പൂർവ്വഘട്ടം എന്നിവയാണു് നമ്മുടെ മലകൾ. ഇന്ത്യയിലെ കാടുകളും ഇവിടങ്ങളിലാണല്ലോ.

കൃഷിയ്ക്കു വെള്ളവും, വ്യവസായങ്ങൾക്കു വിദ്യുച്ഛക്തിയും, ഗതാഗതത്തിന്നുവേണ്ട സൌകര്യവും ആഹാരത്തിന്നു മൽസ്യവും നമുക്കു നദികളിൽനിന്നു ലഭിക്കുന്നു. സിന്ധു, സത്‌ലജ്, യമുന, ഗംഗ, ബ്രഹ്മപുത്ര എന്നീ നദികൾ ഹിമാലയത്തിൽനിന്നുത്ഭവിക്കുന്നു. വിന്ധ്യാപർവ്വതത്തിൽനിന്നുത്ഭവിച്ചു ചമ്പൽ നദി യമുനയിലും ശോണ (സോൺ) നദി ഗംഗയിലും ചെന്നുചേരുന്നു. നർമ്മദാ, തപതി, കാവേരി, കൃഷ്ണ, ഗോദാവരി, മഹാനദി, ദാമോദർ എന്നീ നദികളുടെ ഉത്ഭവവും പതനവും ഭൂപടംനോക്കി മനസ്സിലാക്കുക. ഹിമാലയത്തിൽനിന്നു ഉത്ഭവിക്കുന്ന ഉത്തരേന്ത്യൻ നദികളിൽ എല്ലാ കാലത്തും ജലസമൃദ്ധിയുണ്ടു്. വർഷംകൊണ്ടും മഞ്ഞുരുകിയും അവയിൽ ഒരു കാലത്തും വെള്ളത്തിനു ക്ഷാമമില്ല. എന്നാൽ ദക്ഷിണേന്ത്യൻ നദികളിൽ വർഷകാലത്തു വെള്ളപ്പൊക്കവും വേനൽകാലത്തു വെള്ളക്കുറവും ഉണ്ടാകുന്നു. ദക്ഷിണേന്ത്യൻ നദികൾക്കു ദൈർഘ്യം കുറവാണു്.

അവ പീഠഭൂമികളിൽകൂടി ഒഴുകുന്നതുകൊണ്ടു ചില പ്രദേശങ്ങളിൽ സ്വാഭാവികമായ വെള്ളച്ചാട്ടങ്ങളുണ്ട്. അവ വിദ്യുച്ഛക്ത്യുല്പാദനത്തിന്നുപകരിക്കുന്നു.

6. **കടൽസമ്പത്തു** ഇന്ത്യയുടെ മൂന്നു ഭാഗത്തും കടലാണല്ലൊ. എങ്കിലും കരയുടെ വിസ്താരത്തിന്നടുത്ത കടൽതീരമില്ല. ഇതിൻെറ കാരണം ഉൾക്കടലുകൾ കുറവായതുകൊണ്ടാണ്. ഈ കടലോരങ്ങളിൽ മത്സ്യബന്ധനത്തിനുള്ള സാധ്യതകൾ വളരെയുണ്ട്. കൂടാതെ ഉപ്പ്, മുത്ത്, കക്ക മുതലായ പദാർത്ഥങ്ങളും ലഭിക്കുന്നു. ബോംബെ, കേരളം, മദിരാശി, ഒറീസ്സ എന്നീ സ്റ്റേറ്റുകളിൽ കടൽവെള്ളം വററിച്ചു ഉപ്പെടുക്കുന്നു. മദ്രാസ്; സംസ്ഥാനത്തിൻെറ കിഴക്കുകരയിൽനിന്നു മുത്തുച്ചിപ്പി ലഭിക്കുന്നുണ്ട്. ഇന്ത്യയുടെ സമുദ്രതീരത്തിൽ എല്ലാ ഭാഗത്തും മത്സ്യം പിടിക്കുന്നുണ്ട്. അതുപോലെ നദികളും, കായലുകളും, തടാകങ്ങളും തോടുകളും എല്ലാം മത്സ്യബന്ധനത്തിനു ഉപയോഗപ്പെടുന്നു ഇവയിൽ നിന്നുതന്നെ കൊല്ലംതോറും 60 കോടി രൂപയുടെ ആദായം ഉണ്ടാകുന്നു. തീരപ്രദേശങ്ങളിൽപത്തുലക്ഷത്തോളം ജനങ്ങൾ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. 1800 തരം മത്സ്യങ്ങൾ ഇന്ത്യയിലെ ജലാശയങ്ങളിലും കടലിലുമായുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. രണ്ടാം പഞ്ചവൽസര പദ്ധതിയിൽ 12 കോടി രൂപ മത്സ്യവ്യവസായ വികസനത്തിന്നായി 'വകയിരുത്തീട്ടുണ്ട്. പുറംകടലിൽ പോയി മത്സ്യം പിടിക്കുന്നതിനുള്ള ശ്രമങ്ങൾ ഇപ്പോൾ നടക്കുന്നുണ്ട്.

---

# വിഭാഗം 3

## സമ്പത്തുവർദ്ധിപ്പിക്കുവാനുള്ള മാർഗ്ഗങ്ങൾ

പ്രകൃതിദത്തമായ സമ്പത്തിനെ വൎദ്ധിപ്പിച്ചാൽ മാത്രമെ നമ്മുടെ രാജ്യത്തു ഐശ്വൎയ്യമുണ്ടാവുകയുള്ളു. സമ്പത്തു വൎദ്ധിപ്പിക്കുന്നതിൽ നദീതടപദ്ധതികൾക്കും കൃഷിവികസനത്തിനും, വ്യവസായപുരോഗതിക്കും കാൎയ്യമായ പങ്കുണ്ടു്. ഈ മൂന്നു മാർഗ്ഗങ്ങളും അന്യോന്യം ബന്ധപ്പെട്ടു നിൽക്കുന്നവയാണ്. നദീതടപദ്ധതികൾ കൊണ്ടു ലഭിക്കുന്ന ജലം കൃഷിക്കും ജലവൈദ്യുതശക്തി വ്യവസായങ്ങൾക്കും ഉപയോഗപ്പെടുന്നു. കൂടാതെ വനസമ്പത്തു, മൃഗസമ്പത്തു, മത്സ്യസമ്പത്തു എന്നിവയെ വൎദ്ധിപ്പിക്കുവാനും, ഗതാഗതസൗകര്യങ്ങൾ അധികമാക്കുന്നതിനും, വെള്ളപ്പൊക്കം, വരൾച്ചകൊണ്ടുള്ള നാശം എന്നിവ തടയുന്നതിനും, നദീതടപദ്ധതികൾ ഉപകരിക്കും. കൃഷിവികസനം വ്യവസായ പുരോഗതിയേയും, വ്യവസായവൎദ്ധന കാർഷികവികാസത്തേയും ഒരുപോലെ അന്യോന്യം സഹായിക്കുന്നു. 1947-ൽ നമ്മുടെ മാതൃഭൂമി സ്വതന്ത്രയായതിനുശേഷം മുഖ്യമായും ഈ മൂന്നു മാൎഗ്ഗങ്ങളിൽകൂടി നമ്മുടെ രാജ്യത്തിലെ പ്രകൃതിസമ്പത്തു വർദ്ധിപ്പിക്കുന്നതിന്നു ഒരു പരിശ്രമം എല്ലായിടത്തും നടന്നുകൊണ്ടിരിക്കുന്നു. ഇതിന്നുവേണ്ടി യാണു് 1951–'56 വരെയുള്ള ഒന്നാംപഞ്ചവത്സരപദ്ധതിയും 1956–'61 വരെയുള്ള രണ്ടാംപഞ്ചവത്സരപദ്ധതിയും ഇന്ത്യാ ഗവർമ്മേൻറു ആവിഷ്കരിച്ചിട്ടുള്ളതു്.

<u>നദീതടപദ്ധതികൾ.</u> ഒന്നാം പഞ്ചവത്സരപദ്ധതി കാലത്തു നമ്മുടെ രാജ്യത്തു നൂററിമുപ്പതോളം നദീതട പദ്ധതികൾ ആരംഭിച്ചു. ഇവയിൽ ഭക്രാ-നംഗൽ, ദാമോദർ ആദിയായ വൻകിടപദ്ധതികളും മംഗലം വാഴാനി ആദിയായ ചെറുകിട പദ്ധതികളും ഉൾപ്പെടും. ചെറിയ പദ്ധതികൾ എല്ലാം സാമാന്യം പൂർത്തിയായിക്കഴിഞ്ഞു. വലിയ പദ്ധതികൾ ഇപ്പോഴും



പണി തീർന്നുകൊണ്ടിരിക്കുന്നതേയുള്ളൂ. അതോടുകൂടി തന്നെ പല പുതിയ പദ്ധതികളും ഈ രണ്ടാംപഞ്ചവത്സര പദ്ധതിക്കാലത്തു ആരംഭിച്ചിട്ടുമുണ്ടു്.

ഈ നദീതട പദ്ധതികളിൽ ചിലതു ജലസേചനത്തിനുമാത്രം ഉപകരിക്കുന്നതാകുന്നു. ഇവയെ ഏകമുഖപദ്ധതിയെന്നു പറയുന്നു. നമ്മുടെ രാജ്യത്തുള്ള വാഴാനി ജലസേചനപദ്ധതി ഈ ഇനത്തിൽപ്പെടുന്നു. വേറെ ചിലതു ശക്ത്യുല്പാദനത്തിനു മാത്രം ഉപകരിക്കുന്നു. ഇവയും ഏകമുഖപദ്ധതിതന്നെയാണു്. പള്ളിവാസൽ പദ്ധതി ഇത്തരത്തിൽപ്പെട്ടതാണു്. മററു ചിലതു ജലസേചനത്തിനു, ശക്ത്യുല്പാദനത്തിനും, വെള്ളപ്പൊക്കനിവാരണം, ഗതാഗതം, മത്സ്യബന്ധനം മുതലായ പലതിനും ഉപകരിക്കുന്നു. ഇവയെ വിവിധോദ്ദേശ പദ്ധതികൾ (Multi-purpose) എന്നു പറയുന്നു. ഭക്രാ-നംഗൽ ഒരു വിവിധോദ്ദേശ പദ്ധതിയാണു്. പണി തീർന്നതും, തീർന്നുവരുന്നതുമായ അനേകം പദ്ധതികൾ ഇപ്പോൾ ഇന്ത്യയിലുണ്ടു്. അവയിൽ പ്രധാനമായ ചിലതിനെപ്പററി അറിഞ്ഞിരിക്കേണ്ടതാണു്.

(1) <u>ഭക്രാ-നംഗൽ പദ്ധതി.</u> ലോകത്തിലെ ഏററവും വലിയ പദ്ധതികളിൽ ഒന്നായ ഇതു 1951-ൽ ആരംഭിച്ചു. 740 അടി ഉയരത്തിൽ ഉള്ള അണക്കെട്ടും 650 മൈൽ വൻ തോടുകളും 2000 മൈൽ ചെറിയ തോടുകളും പണിചെയ്തിട്ടുള്ള ഒരു പദ്ധതിയാണിതു്. അതിന്റെ പണികൾ ഇനിയും പൂർത്തിയായിട്ടില്ല. സത്‌ലജ് നദി സമതലപ്രദേശത്തിലെത്തുന്നതിനു മുമ്പായി പർവ്വതങ്ങളുടെ ഇടയിൽക്കൂടി ഒഴുകുന്ന ഒരു

പ്രദേശത്താണു് ഭക്ര അണക്കെട്ടു് സ്ഥിതിചെയ്യുന്നതു്. ആ നദിയുടെ ഗതിയിൽ തന്നെ എട്ടു മൈൽ കീഴോട്ടായിട്ടാണു് നംഗൽ അണക്കെട്ടുണ്ടാക്കീട്ടുള്ളതു്. ഭക്രയിൽനിന്നു വിടുന്ന ജലം കഷ്ടിയായി വന്നാൽ അതിനെ പരിഹരിക്കാൻ വേണ്ടിയാണു് നംഗൽ അണയിൽ ജലശേഖരം ചെയ്യുന്നതു് 1957-58-ൽ ഭക്രാ അണക്കെട്ടിൽനിന്നു പഞ്ചാബിലും രാജസ്ഥാനിലും 15 ലക്ഷം ഏക്കർ ഭൂമി നനയ്ക്കപ്പെട്ടു. 66 ലക്ഷം ഏക്കർ ഭൂമി നനയ്ക്കുവാനുള്ള തോടുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ടു്. പദ്ധതി പൂർത്തിയാകുമ്പോൾ 8½ ലക്ഷം ടൺ ഗോതമ്പു മുതലായ ധാന്യങ്ങളും, 6 ലക്ഷം ബേലു് പരുത്തിയും ഒന്നര ലക്ഷം ടൺ കരിമ്പും മററും കിട്ടുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

ഭക്രയുടെ ഇരുകരകളിലും ഓരോ ശക്ത്യുല്പാദന കേന്ദ്രം സ്ഥാപിക്കുവാനാണു് കരുതീട്ടുള്ളതു്. ഇതുപോലെ നംഗലിലും രണ്ടു ശക്ത്യുല്പാദന കേന്ദ്രങ്ങളുണ്ടായിരിക്കും. എല്ലാ കേന്ദ്രങ്ങളിലുംകൂടി 604000 കിലോവാററു് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുവാനുള്ള സാദ്ധ്യതയുണ്ടു്. ഇതിന്നു 174 കോടി രൂപയാണു് ചിലവു്.

2. ഹിരാക്കുഡ് പദ്ധതി. മഹാനദീതടത്തിലെ ഒരു പദ്ധതിയാണിതു്. ഇതുകൊണ്ടു ആറെമുക്കാൽ ലക്ഷത്തോളം ഏക്കർ ഭൂമി നനയ്ക്കപ്പെടുവാൻ സാദ്ധ്യതയുണ്ടു്. 123000 കിലോവാററു് വിദ്യുച്ഛക്തിയും ലഭിക്കും. 15748 അടി നീളമുള്ള ഇതു ലോകത്തിലേക്കു ഏററവും നീളമുള്ള അണക്കെട്ടാണു്. ഈ പദ്ധതിക്കു എഴുപതേമുക്കാൽ കോടിയിലധികം രൂപ

ചിലവു കണക്കാക്കിയിരിക്കുന്നു. 1958-ൽ രണ്ടര ലക്ഷം ഏക്കർ ഭൂമി നനയ്ക്കുന്നതിനും ഒന്നേകാൽ ലക്ഷം കിലൊവാററ് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്നതിനും ഏർപ്പാടായിട്ടുണ്ടു്. രാജഗഞ്ചിലെ സിമൻറ് വ്യവസായത്തിനും, റൂർക്കിലയിലെ ഇരുമ്പു വ്യവസായത്തിനും മററനേകം ഫാക്ടറികളിലേക്കും, പ്രവർത്തനത്തിനുവേണ്ടി ശക്തി കൊടുക്കുന്നതു ഇവിടെനിന്നാണു്. കട്ടാക്ക്, പുരി മുതലായ പട്ടണങ്ങളിലേക്കും വൈദ്യുതശക്തി ഇവിടെനിന്നാണു് ലഭിക്കുന്നതു്.

3. <u>ദാമോദർ നദീതടപദ്ധതി.</u> ബീഹാറിലും പശ്ചിമബംഗാളിലുംകൂടി ഒഴുകി ഗംഗയിൽ ചെന്നുചേരുന്ന ദാമോദർ നദിയിൽ നാലു സ്ഥലത്തായി അണക്കെട്ടുകളും അവയോടനുബന്ധിച്ചു് ശക്ത്യുല്പാദനകേന്ദ്രങ്ങളുമുണ്ടു്. 2·75 ലക്ഷം കിലോവാററ് ശക്തി ലഭിക്കും. 13 ലക്ഷം ഏക്കർ ഭൂമി നനയ്ക്കുവാനും ഇതുകൊണ്ടു സാധിക്കും. ആകെ 90 കോടി രൂപാ ചിലവുവരും.

4. <u>തുംഗഭദ്രാ പദ്ധതി.</u> കൃഷ്ണാനദിയുടെ പോഷകനദിയായ തുംഗഭദ്രയിലെ ജലം കൃഷിക്കും വൈദ്യുതശക്ത്യുല്പാദനത്തിനും ഉപയോഗിക്കുവാനുള്ള ഒരു പദ്ധതിയാണിതു്. 7942 അടി നീളവും 162 അടി ഉയരവുമുള്ള ഈ അണക്കെട്ടു ആന്ധ്രാപ്രദേശത്തേയും മൈസൂരിലേയും ഗവമ്മേണ്ടുകൾ കൂട്ടായി സ്ഥാപിക്കുന്നതാണു്. 1953-ൽ ഇതിൻെറ പണി ഉൽഘാടനം ചെയ്യപ്പെട്ടു. 146 ചതുരശ്രമൈൽ വിസ്താരത്തിലുള്ള ജലശേഖരം കൊണ്ടു് എട്ടുലക്ഷം ഏക്കർ ഭൂമി നനയ്ക്കപ്പെടുന്നു. ഇരു സ്റ്റേറവുകളിലേയും ഭൂമികൾ നനയ്ക്കുന്നതിനു പ്രത്യേകം

തോട്ടകൾ ഉണ്ട്. നദിയുടെ വലത്തെ കരയിൽ രണ്ടു ശക്ത്യുല്പാദനകേന്ദ്രങ്ങളും 15 മൈൽ കീഴോട്ടു മറൊരു കേന്ദ്രവുമുണ്ട്. ഓരോന്നിലും 9000 കിലോവാററ് ശക്തി ഉല്പാദിപ്പിക്കപ്പെടുന്നു. ആറോ ഏഴോ കേന്ദ്രങ്ങൾ ഈ നദീതീരത്തുണ്ട്. ആകെ ചിലവു 120 കോടി രൂപാ വരുമത്രെ.

മേൽ പ്രസ്താവിച്ചവ കൂടാതെ 30-ൽപരം പുതിയ പദ്ധതികൾ രണ്ടാം . പഞ്ചവൽസരപദ്ധതിയുടെ പരിപാടിയിൽപ്പെടുത്തീട്ടുണ്ട്. ഒന്നാം പഞ്ചവൽസര പദ്ധതിയുടെ അവസാനത്തിൽ ആകെ 515 ലക്ഷം ഏക്കർ ഭൂമി വലുതും ചെറുതുമായ പദ്ധതികളെക്കൊണ്ടു നനയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. രണ്ടാം പദ്ധതിയുടെ അവസാനത്തിൽ അതു 835 ലക്ഷം ഏക്കറായ വദ്ധിക്കുവാൻ സാദ്ധ്യതയുണ്ട് . ഒന്നാം പദ്ധതിയുടെ അവസാനത്തിൽ 34 ലക്ഷം കിലോവാട്ട് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. 42 കേന്ദ്രങ്ങളിലായി 69 ലക്ഷം കിലോവാട്ട് ശക്തി ഉല്പാദിപ്പിക്കുന്നതിന്ന് രണ്ടാം പഞ്ചവൽസരപദ്ധതിയിൽ പരിപാടിയുണ്ട്. 1966-ലേക്കു ഇതു 1.5 കോടി കിലോവാട്ടായി വദ്ധിക്കുവാനവകാശമുണ്ട്. പദ്ധതികളുടെ നിർമ്മാണത്തിലും നടത്തിപ്പിലും വേണ്ട ഉപദേശങ്ങൾ നൽകുന്നതിന്ന് സ്റ്റേററു ഗവർമ്മെൻറുകളുടെ സഹകരണത്തോടുകൂടി ഇന്ത്യാഗവർമ്മെൻറ് 'ദേശീയപദ്ധതി നിമ്മാണസംഘം' (National Projects Construction Corporation) എന്നൊരു സ്ഥാപനം ഏർപ്പെടുത്തീട്ടുണ്ട്.

<u>കൃഷിവികസനം.</u> ഏതു രാജ്യത്തും ഐശ്വര്യം വർദ്ധിപ്പിക്കുന്നതിൽ കൃഷിവികസനത്തിന്ന് കാര്യമായ പങ്കുണ്ട്. ഇന്ത്യയിൽ കൃഷിവികസനത്തിന്ന് പ്രത്യേ

കിച്ചും പ്രാധാന്യമുണ്ടു്. ഒന്നാമതായി ഭൂരിഭാഗം ജനങ്ങളും കൃഷിയെ ആശ്രയിച്ചാണു് ജീവിക്കുന്നതു്. രണ്ടാമതായി ഭക്ഷ്യകാര്യത്തിൽ ഇവിടത്തെ ഉല്പന്നങ്ങൾ കൊണ്ടു മതിയാകാതെവരുന്നതിനാൽ ഇന്ത്യ ഭക്ഷ്യധാന്യങ്ങൾ അന്യരാജ്യങ്ങളിൽ നിന്നു ഇറക്കുമതി ചെയ്യുകയാണു്. അതിനു ആണ്ടുതോറു ഭീമമായ ഒരു തുക ചിലവുവരുന്നുണ്ടു്. ഇതുകൊണ്ടുതന്നെയാണു് ഒന്നാം പഞ്ചവത്സരപദ്ധതിയിൽ കൃഷിക്കു ഏറ്റവും പ്രാധാന്യം നൽകിയതു്. പുതിയ ജലസേചന പദ്ധതികൾ വഴിക്കു രാജ്യത്തെ വിളവു വർദ്ധിപ്പിച്ചതിൻെറ ഫലമായി എട്ടര ലക്ഷം ടൺ അരി ഇറക്കുമതി ചെയ്യാറുള്ളതു് 10 കൊല്ലം കൊണ്ടു പകുതി കുറഞ്ഞിട്ടുണ്ടു്. രണ്ടാം പഞ്ചവത്സര പദ്ധതിയിലും ഇതിനുവേണ്ടി കൂടുതൽ വക കൊള്ളിച്ചിട്ടുണ്ടു്.

ഇന്ത്യയിലെ മുഖ്യമായ വിളവു നെല്ലാകുന്നു. രാജ്യത്തിൻെറ തെക്കും കിഴക്കും ഭാഗങ്ങളിലാണു നെൽകൃഷി അധികവും നടക്കുന്നതു്. രണ്ടാം സ്ഥാനം ഗോതമ്പിനാണു്. അല്പം ശൈത്യവും വർഷപാതം കുറവും ഉള്ള പ്രദേശങ്ങളിൽ ഗോതമ്പു കൃഷിചെയ്യുന്നു. ഇന്ത്യയുടെ വടക്കു പടിഞ്ഞാറൻ ഭാഗങ്ങളിലാണു ഗോതമ്പു അധികം വിളയുന്നതു്. ചോളം, തിന, പയറുവർഗ്ഗങ്ങൾ, കരിമ്പു്, എണ്ണവിത്തുകൾ, പരുത്തി, ചണം, തേയില, കാപ്പി, റബ്ബർ, പുകയില, സുഗന്ധവ്യഞ്ജനങ്ങൾ, തേങ്ങ മുതലായവയാണു് ഇന്ത്യയിലെ പ്രധാന വിളവുകൾ. അരക്കു് ഇന്ത്യയിലാണു കൂടുതലുണ്ടാകുന്നതു്. നിലക്കടലയും ചായയും ഉല്പാദിപ്പിക്കുന്നതിൽ ഇന്ത്യക്കു ഒന്നാം സ്ഥാനംതന്നെയുണ്ടു്.

ഇന്ത്യയിലെ ഭക്ഷ്യദൗർലഭ്യത്തെ പരിഹരിച്ചു രാജ്യത്തെ സ്വയം പര്യാപ്തമാക്കി തീർക്കുവാൻവേണ്ടി പഞ്ചവത്സര പദ്ധതിയിൽ പല പുതിയ വികസന പരിപാടികളും ഉൾപ്പെടുത്തിയിട്ടുണ്ട്. അവയെപ്പററി മനസ്സിലാക്കേണ്ടതാണ്. ഈ വികസന പരിപാടികൾ പ്രവൃത്തിരൂപമായും വിതരണരൂപമായും രണ്ടു വിധത്തിലാണ്. ഇതിൽ ആദ്യത്തേതിൽ കിണറു, കുളം, ചെറിയ അണക്കെട്ടുകൾ, തോടുകൾ കൃഷിഭൂമി മുതലായവയെ ഉപയോഗപ്രദമാക്കിത്തീർക്കലാണ്. രണ്ടാമത്തേതിൽ വളനിർമ്മാണം, വിത്തുവിതരണം മുതലായവയാണ്. 1958—59-ൽ ഇവയുടെ ആവശ്യത്തിന്നുവേണ്ടി കേന്ദ്ര ഗവർമ്മേണ്ടു് 26 കോടി രൂപ ചിലവാക്കീട്ടുണ്ടു്.

കൃഷിക്കാർ കൃഷി ചെയ്തു് സാധനങ്ങൾ ഉണ്ടാക്കിയാൽ പോരാ; അവ ന്യായ വിലയ്ക്കു് വിററഴിച്ചു് കൃഷിക്കാർക്കു് ലാഭം ഉണ്ടാക്കിയെങ്കിലേ അവർക്കു് ഈ പ്രവൃത്തിയിൽ താല്പര്യമുണ്ടാകുകയുള്ളൂ. അതിന്നുവേണ്ടി ഗവർമ്മേണ്ടിന്റെ ആഭിമുഖ്യത്തിൽ പല ഏർപ്പാടുകളും ചെയ്തിട്ടുണ്ടു്. കാർഷിക പദാർത്ഥങ്ങളെ തരം തിരിച്ചു് നിലവാരം നിജപ്പെടുത്തുവാൻ വേണ്ടി ഗവർമ്മേണ്ടു് കാർഷികോല്പന്ന നിയമം (Agriculture Produce Act) എന്നൊരു വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഈ പദാർത്ഥങ്ങൾക്കു് അടുത്ത കാലത്തു് വിദേശ വിപണികളിൽ വളരെ പ്രിയമുണ്ടായിട്ടുണ്ടു്. കയററുമതി ചെയ്യപ്പെടുന്ന സാധനങ്ങളുടെ നിലവാരം ഇടിയാതെ സൂക്ഷിക്കുന്നതിന്നുവേണ്ടിയാണു് ഗവർമ്മേണ്ടു് ഈ നിയമ നിർ

ണ്മാണം ചെയ്തിരിക്കുന്നതു്. അതിന്റെ ഫലമായി 1957-58-ൽ 27½ കോടി രൂപക്കുള്ള സാധനങ്ങൾ ഇന്ത്യയിൽനിന്നു് കയററി അയച്ചിട്ടുണ്ടു്.

കാർഷികോല്പന്നങ്ങൾ ശേഖരിക്കുന്നതിനും അവയെ സംസ്കരിച്ചു് കേടുകൂടാതെ സൂക്ഷിച്ചു ജനങ്ങൾക്കു വിതരണംചെയ്യുന്നതിനു തക്കതാക്കി തീർക്കുന്നതിനും ഉള്ള ജോലി പരസ്പരസഹായസംഘങ്ങളെ ചുമതലപ്പെടുത്തിട്ടുണ്ടു്. അവയെ സൂക്ഷിക്കുന്നതിനു വേണ്ടതായ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനും മററുമായി ഒന്നരക്കോടിരൂപ രണ്ടാംപഞ്ചവൽസരപദ്ധതിയിൽ വകകൊള്ളിച്ചിട്ടുണ്ടു്.

ഇതുപോലെ കാടുകളിൽനിന്നുള്ള ആദായം വർദ്ധിപ്പിക്കുന്നതിനും അടുത്തകാലത്തു പല വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു്. ഇന്ത്യയിൽ 2.81 ലക്ഷം ചതുരശ്രമൈൽ കാടുകളാണു്. അവയിൽനിന്നു ഒരു വലിയ ആദായവുമുണ്ടു്. വന്യവിഭവങ്ങളെ ഉപയോഗപ്രദമാക്കുന്നതിനും ചില പ്രദേശങ്ങളെ കൃഷിക്കുപയോഗിക്കുന്നതിനും, വനപ്രദേശങ്ങളെ, റോഡുകൾ പണിതു സഞ്ചാരയോഗ്യമാക്കിത്തീർക്കുന്നതിനും തടികൾ സൂക്ഷിക്കുന്നതിനും, വിദേശങ്ങളിലേക്കു കയററിഅയക്കുന്നതിനും, മണ്ണൊലിപ്പു് അടയുന്നതിനും മററും പല പദ്ധതികളും ഇന്ത്യാ ഗവമെന്റു് ആവിഷ്കരിച്ചിട്ടുണ്ടു്.

കാർഷിക തൊഴിലാളികളുടെ സംരക്ഷണത്തിനു വേണ്ടിയുള്ള വ്യവസ്ഥകളും കൃഷിവികസനത്തിനു സഹായകങ്ങളാണു്. 1951-ലെ സെൻസസ് അനുസരിച്ചു ഇന്ത്യയിൽ 4.9 കോടി കാർഷികതൊഴിലാളി

കളുണ്ടു്. അവരുടെ സംരക്ഷണത്തിനുവേണ്ടി പ്രവൃത്തിദിവസങ്ങളേയും കൂലിയേയും നിശ്ചയിച്ചുകൊണ്ടു പല വ്യവസ്ഥകളും ഗവർമ്മെണ്ടു ചെയ്തിട്ടുണ്ടു്.

**വ്യവസായ വികസനം.** ഒരു രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി ഉയർത്തുവാൻ അത്യാവശ്യമായ സംഗതികളിൽ പ്രധാനപ്പെട്ടഒന്നാണു വ്യവസായം. പ്രകൃതിവിഭവങ്ങൾ മിക്കവാറും അതേ നിലയിൽ ഉപയോഗിക്കത്തക്കവയല്ല. ഇവയെ പാകപ്പെടുത്തി ഉപയോഗപ്രദമായ സാധനങ്ങളാക്കി രൂപാന്തരപ്പെടുത്തുകയാണു് വ്യവസായത്തിന്റെ ഉദ്ദേശം. വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിന്നു എന്തെല്ലമാണു് ആവശ്യം? (1) അസംസ്കൃത സാധനങ്ങൾ. (2) ജോലി ചെയ്യുന്നതിന്നു സാങ്കേതിക പരിശീലനമുള്ള ആളുകൾ (3) യന്ത്രങ്ങൾ നടത്തുന്നതിനു ആവശ്യമായ വിദ്യുച്ഛക്തി, കല്ക്കരി തുടങ്ങിയ യാന്ത്രികശക്തി (4) ഉല്പാദന വസ്തുക്കൾ വിററഴിക്കുവാനുള്ള വിപണികൾ (5) വ്യവസായങ്ങളുടെ നടത്തിപ്പിനുള്ള മൂലധനം എന്നിവയാണു്.

മേൽ പറഞ്ഞ പരിതഃസ്ഥിതികളെല്ലാം ഇന്ത്യയിൽ ധാരാളമുണ്ടു്. അതുകൊണ്ടു് വ്യവസായ പുരോഗതിക്കുവേണ്ടി അവയെ ശാസ്ത്രീയമായ നിലയിൽ ഉപയോഗപ്പെടുത്തുകയേ വേണ്ടു. നാം ബ്രിട്ടീഷധികാരത്തിൻ കീഴിലായിരുന്നപ്പോൾ ബ്രിട്ടീഷുകാർ നമ്മുടെ രാജ്യത്തുണ്ടാകുന്നതായ അസംസ്കൃതപദാർത്ഥങ്ങളെ ശേഖരിച്ചു, അവരുടെ രാജ്യത്തുള്ള വ്യവസായശാലകളിൽ കൊണ്ടുപോയി, ഉപയോഗവസ്തുക്കളാക്കിതീർത്തു, വലിയ ലാഭത്തിനു നമുക്കു തന്നെ വിററു, ഭീമമായ ഒരു

തുക ഇന്ത്യയിൽ നിന്നു അവരുടെ രാജ്യത്തേക്കുകൊണ്ടു പോയിരുന്നു. ഇതുകൊണ്ടു അവരുടെ വ്യവസായശാലകൾ അഭിവൃദ്ധിപ്പെടുകയല്ലാതെ നമ്മുടെ രാജ്യത്തിനോ നമുക്കോ ഗുണമൊന്നുമുണ്ടായിരുന്നില്ല. അങ്ങിനെ വിദേശീയാധിപത്യകാലത്തു വ്യവസായ വികസനത്തിന്നു വേണ്ടതായ പ്രോത്സാഹനമൊന്നുമുണ്ടായിരുന്നില്ല. എന്നാൽ ഇന്ത്യക്കു സ്വാതന്ത്ര്യം സിദ്ധിച്ചതോടുകൂടി സ്ഥിതിഗതികളെല്ലാംമാറി. നമ്മുടെ അസംസ്കൃതവിഭവങ്ങളെ നമ്മുടെ വ്യവസായശാലകളിൽതന്നെ ഉപയോഗയോഗ്യമാക്കിതീർക്കണമെന്നും ഇറക്കുമതികൾ കഴിയുന്നതും ചുരുക്കി ദേശീയ സമ്പത്തു വർദ്ധിപ്പിക്കണമെന്നുമുള്ള ഒരു മനസ്ഥിതി സാർവ്വത്രികമായുണ്ടായി. അതിന്നുവേണ്ടി സ്വതന്ത്രഇന്ത്യാ ഗവർമ്മെൻറു പല നിയമനിർമ്മാണങ്ങളും സഹായസഹകരണപദ്ധതികളും നടപ്പാക്കിട്ടുണ്ട്.

ഒന്നാം പഞ്ചവത്സരപദ്ധതിയിൽ കൃഷിക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്; എങ്കിലും വ്യവസായ പുരോഗതിക്കു സഹായകങ്ങളായ പല ശാസ്ത്രീയഗവേഷണശാലകളും ഇക്കാലത്തു സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ആവശ്യങ്ങളനുസരിച്ചു ചില പുതിയ വ്യവസായങ്ങളും തുടങ്ങി ഉദാഹരണമായി (1) ഡൽഹിയിലെ ഡി. ഡി. ടി. ഫാക്ടറി (2) സിന്ദ്രിയിലെ വളം നിർമ്മിക്കുന്ന ഫാക്ടറി (3) പൂനായ്ക്കടുത്തു പിംപ്രിയിൽ സ്ഥാപിച്ച പെനിസിലിൻ ഫാക്ടറി (4) വിശാഖപട്ടണത്തിലെ കപ്പൽ നിർമ്മാണശാല (5) ബാംഗ്ളൂരിലെ ടെലിഫോൺ ഫാക്ടറി (6) ചിത്തരഞ്ജനിലെ തീവണ്ടി

യന്ത്രനിർമ്മാണശാല എന്നിവ 1956-ൽ തന്നെ ആരംഭിച്ചിട്ടുള്ളവയാണ്. ഒന്നാം പ: വ: പദ്ധതികാലത്തെ വ്യവസായങ്ങളധികവും സ്വകാര്യ ഉടമയിലുള്ളവയാണ്. മേൽ പ്രസ്താവിച്ച ആറു വ്യവസായശാലകളും ഒന്നാം പദ്ധതിയുടെ അവസാനത്തിൽ തന്നെ കേന്ദ്ര ഗവർമ്മെൻറിൻെറ ആഭിമുഖ്യത്തിൽ ആരംഭിക്കപ്പെട്ടവയാണ്



മേൽ പറഞ്ഞ വ്യവസായശാലകൾക്കു പുറമെ, ഇരുമ്പു, ഉരുക്ക്, വളം, മെഷീൻസാമഗ്രികൾ, ഔഷധങ്ങൾ, കേബിളുകൾ, റെയിൽവെ യന്ത്രങ്ങൾ, കോച്ചുകൾ ടെലിപ്രിൻറർ, കടലാസ്സ് മുതലായവയുടെ ഉൽപാദനത്തിനും വ്യവസായശാലകൾ പല പ്രദേശങ്ങളിലായി 1956-ൽതന്നെ ആരംഭിച്ചു തുടങ്ങീട്ടുണ്ട്. അവയെ പുഷ്ടിപ്പെടുത്തുന്നതിനായി രണ്ടാം പഞ്ചവൽസര പദ്ധതിയിൽ കേന്ദ്ര ഗവർമ്മെണ്ട് 524 കോടി രൂപയും സ്വകാര്യ ഉടമകൾ അവരുടെ വ്യവസായങ്ങളെ വികസിപ്പിക്കുന്നതിനു 535 കോടി രൂപയും ഇങ്ങനെ രണ്ടു വകയിലുമായി മൊത്തത്തിൽ ഇന്ത്യയിലെ വ്യവസായ വികസനത്തിനു 1059 കോടി രൂപയുടെ അടങ്കലുണ്ട്. രണ്ടാം പ: വ: പദ്ധതിയിൽ വ്യവസായിക പുരോഗതിക്കു അത്യാവശ്യമായ ഉപകരണങ്ങളും സജ്ജീകരണങ്ങളും ഒരുക്കുന്നതിന്നാണു കൂടുതൽ പ്രാധാന്യം കൊടുത്തിട്ടുള്ളത്. ആ ഒരുക്കങ്ങളെല്ലാം ചെയ്താൽ പിന്നെ ഭാവിയിൽ വ്യവസായങ്ങൾ നിർവിഘ്നമായി പുരോഗമിച്ചുകൊള്ളും. പ്രാധാന്യമനുസരിച്ചു അവ താഴെ ചേർക്കുന്നു

(1) ഇരുമ്പ്, ഉരുക്ക്, എൻജിനീയറിങ്ങ്, മെഷീൻ വ്യവസായങ്ങൾ.

(2) അലുമിനിയം, സിമൻറ്, വളം മുതലായ വികസനത്തിനാവശ്യമായ പദാർത്ഥങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കുക.

(3) ചണം, പരുത്തി, പഞ്ചസാര എന്നീ വ്യവസായങ്ങളെ നവീകരിച്ചു കൂടുതൽ പ്രവർത്തനക്ഷമമാക്കുക.

(4) വ്യവസായത്തിനുള്ള കഴിവുകളെ സമീകരിച്ച് പൊതുവെ അതിനു പുരോഗതിയുണ്ടാക്കുക.

(5) ഉപയോഗ വസ്തുക്കളുടെ നിർമ്മാണത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുക.

മേൽപറഞ്ഞ ക്രമത്തിൽ പ്രാധാന്യമനുസരിച്ചാണു ഓരോ ഇനത്തിലേയും വ്യവസായത്തിനു വകകൊള്ളിച്ചിട്ടുള്ളത്.

ഇരുമ്പു, ഉരുക്കു വ്യവസായം. ബീഹാറിലെ ടാററാ കമ്പനിയും ബങ്കാളിലെ ഇരുമ്പുരുക്കു കമ്പനിയും, മൈസൂരിലെ ഭദ്രാവതി കമ്പനിയുമാണു ആദ്യമായി ഈ വ്യവസായത്തിൽ മുൻകൈയെടുത്തിട്ടുള്ളത്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഈ വ്യവസായത്തിൻെറ പ്രാധാന്യം വളരെ വർദ്ധിച്ചു. ഈ കമ്പനികളിലെ ഉല്പാദന ഇരട്ടികണ്ടു വർദ്ധിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ രണ്ടാം പ: വ: പദ്ധതിയിൽ ഉൾപ്പെടുത്തീട്ടുണ്ട്. പുതുതായി മദ്ധ്യപ്രദേശിലെ റൂർക്കലെയിൽ 170 കോടി രൂപ ചിലവുചെയ്തു ഒരു വ്യവസായശാലയും, 130 കോടി രൂപ ചിലവുചെയ്തു മറെറാന്നു മദ്ധ്യപ്രദേശത്തിൽ ഭിലായിലും, 138 കോടി രൂപ ചിലവുചെയ്തു മൂന്നാമതൊന്നു ബെങ്കാളിൽ ദുർഗ്ഗാപൂരിലും ആരംഭിച്ചിട്ടുണ്ട്. ഇവയെല്ലാം വേണ്ടപോലെ പ്രവർത്തിക്കുകയാണെങ്കിൽ രണ്ടാം പദ്ധതിയുടെ അവസാനത്തിൽ ആകെ 60 ലക്ഷം ടൺ ഉരുക്കുല്പാദിപ്പിക്കപ്പെടുന്നതാണ്.

യന്ത്ര സാമഗ്രികൾ. വിദ്യുച്ഛക്തി, മോട്ടോർ എൻജിനുകൾ എന്നിവ ഉപയോഗിച്ചുകൊണ്ടു നടത്ത

പ്പെടുന്ന വ്യവസായങ്ങൾക്ക ആവശ്യമായ യന്ത്രസാമഗ്രികൾ പലതും ഇന്ത്യയിൽതന്നെ അടുത്ത കാലത്തു ഉണ്ടാക്കുവാൻ തുടങ്ങീട്ടുണ്ടു്. ഇതുവരെ ഇവയെല്ലാം വിദേശങ്ങളിൽനിന്നു ഇറക്കുമതി ചെയ്തിരുന്നു. ഇലക്ട്രിക്ക് മോട്ടോർ, മോട്ടോർകാർ ബാററികൾ, പങ്കകൾ, പൈപ്പുകൾ മുതലായ അനേകം സാധനങ്ങളുടെ ഉല്പാദനത്തിൽ ഇന്ത്യ സ്വയം പര്യാപ്തമായിട്ടുണ്ടു്. ഇതുപോലെ വ്യവസായങ്ങൾക്ക ആവശ്യമായ യന്ത്രങ്ങളും ഇന്ത്യയിൽതന്നെ ഉല്പാദിപ്പിക്കപ്പെടുന്നുണ്ടു്. വിദേശനാണയത്തിന്റെ ദൌർലഭ്യം കൊണ്ടു ഇവ വിദേശങ്ങളിൽ നിന്നു വാങ്ങുവാൻ പ്രയാസമാണു്; വാങ്ങിയാൽ തന്നെ അതിൽ ഭീമമായ നഷ്ടവും നേരിടുന്നതാണു്. അവയെല്ലാം ഇന്ത്യയിൽ തന്നെ ഉണ്ടാക്കുവാൻ തുടങ്ങിയതുകൊണ്ടു് പരാശ്രയംകൂടാതെ തന്നെ നമ്മുടെ വ്യവസായങ്ങളെ പുരോഗമിപ്പിക്കുവാൻ നമുക്കു സാധിക്കുന്നതാണു്.

<u>റെയിൽ യന്ത്രങ്ങളും കോപ്പുകളും.</u> ഇന്ത്യയിലെ ഗതാഗതം സുഗമമാക്കുവാൻവേണ്ടി വിദേശങ്ങളിൽനിന്നു ഭീമമായ ചിലവു ചെയ്തു യന്ത്രങ്ങളും മററും ഇറക്കുമതി ചെയ്യാതെ അവ ഇന്ത്യയിൽതന്നെ നിർമ്മിച്ചു ഈ വിഷയത്തിൽ ഇന്ത്യ സ്വയം പര്യാപ്തമായിതീരുവാൻവേണ്ടിയുള്ള ഒരു പദ്ധതി രണ്ടാം പഞ്ചവത്സര പദ്ധതിയിൽ സ്വീകരിച്ചിട്ടുണ്ടു്. ബങ്കാളിൽ ചിത്തരഞ്ജൻ എന്ന സ്ഥലത്തു് ഇതിനുള്ള ഒരു വ്യവസായശാലയുണ്ടു്. ആണ്ടുതോറും 120 എൻജിനുകൾ നിർമ്മിക്കണമെന്ന ഉദ്ദേശത്തോടുകൂടി ആരംഭിച്ചിട്ടുള്ള ഈ വ്യവസായശാ

ലയിൽ 168 എണ്ണം പണിതുണ്ടാക്കുന്നുണ്ട്. ഇതു് ഗവർമ്മെണ്ടധീനത്തിലുള്ള വ്യവസായശാലയാണ്. ഇതുകൂടാതെ ഇവയുടെ ഉല്പാദനത്തിനു് ടാററാ കമ്പനിക്കാരെയും ധനസഹായംചെയ്തു് ചുമതലപ്പെടുത്തീട്ടുണ്ടു്. തീവണ്ടി കോച്ചുകൾ നിർമ്മിക്കുന്നതിനു് ഗവർമ്മെണ്ടിൻെറ ആഭിമുഖ്യത്തിൽ മദിരാശിക്കടുത്തു് പെരാംബൂരിൽ ഒരു വ്യവസായശാല 1955 ൽ ആരംഭിച്ചിട്ടുണ്ടു്. അവിടെ ആണ്ടുതോറും 350 കോച്ചുകൾവീതം ഉണ്ടാക്കുമെന്നു് പ്രതീക്ഷിക്കപ്പെടുന്നു്.

കപ്പൽ നിർമ്മാണം. വിശാഖപട്ടണത്തിലെ കപ്പൽ നിർമ്മാണ കേന്ദ്രത്തിൽ ആണ്ടുതോറും നാലുകപ്പലുകൾ നിർമ്മിക്കുവാൻ കഴിയും മൂലധനത്തിൽ മൂന്നിൽ രണ്ടുഭാഗം ഗവർമ്മെണ്ടിൻെറയും ബാക്കി സിന്ധ്യാ കമ്പനിക്കാരുടെയുമാണു്. ഒന്നാം പഞ്ചവൽസര പദ്ധതി കാലത്തു് 1952-ൽ ഇതു് പ്രവത്തിക്കുവാൻ തുടങ്ങിട്ടുണ്ടു്. ഇതുവരെയായി 20 കപ്പലുകൾ അവിടെ ഉണ്ടാക്കപ്പെട്ടിട്ടുണ്ടു്. അടുത്തകാലത്തു് കേന്ദ്രഗവർമ്മെണ്ടിൻെറ ആഭിമുഖ്യത്തിൽ ബ്രിട്ടണിൽനിന്നു ഒരു വിദഗ്ദ്ധസംഘത്തെ വരുത്തി പരിശോധനകഴിപ്പിച്ചു രണ്ടാമത്തെ കപ്പൽ നിർമ്മാണകേന്ദ്രം കൊച്ചിയിൽ സ്ഥാപിക്കുവാൻ നിശ്ചയിച്ചിട്ടുണ്ടു്. അതിനുവേണ്ട സ്ഥലംമെടുക്കലും മററും അടുത്തുതന്നെ കഴിയുമെങ്കിലും അതിൻെറ പണികൾ മൂന്നാം പഞ്ചവത്സര പദ്ധതിയിലെ നടക്കുവാൻ ന്യായമുള്ളു.

വിമാന നിർമ്മാണം. 1940 അവസാനത്തിൽ ബാംഗ്ളൂരിൽ സ്ഥാപിച്ച ഹിന്ദുസ്ഥാൻ വിമാനനിർമ്മാ

ണശാലയാണ് ഈ വ്യവസായം ഇന്ത്യയിൽ നടത്തുന്നതു്. ഇതിൽ 3·2 കോടി രൂപകൾ ഗവർമ്മെണ്ടിന്നു് ഓഹരിയുണ്ടെങ്കിലും കമ്പനി സ്വകാര്യ ഉടമയിലാണു്. വിമാനങ്ങൾ ഉണ്ടാക്കുകയും കേടുപാടുകൾ തീർക്കുകയും, ഉരുക്കുകൊണ്ടുള്ള റെയിൽ കോച്ചുകൾ നിർമ്മിക്കുകയും, ബസ്സുകളുടെ കൂടുകൾ പണിയുകയുമാണു് ഇവിടെ നടക്കുന്ന വ്യവസായങ്ങൾ.

ഔഷധങ്ങൾ. ഒന്നാം ലോകമഹായുദ്ധം രാസവസ്തു വ്യവസായത്തിൻെറയും ഔഷധ നിർമ്മാണത്തിൻെറയും പ്രാധാന്യം വിശദമാക്കിയെങ്കിലും, അന്നു് അസ്വാതന്ത്ര്യമായ ഇന്ത്യയ്ക്കു് ആ വിഷയത്തിൽ കാര്യമായി യാതൊന്നും പ്രവർത്തിക്കുവാൻ കഴിഞ്ഞില്ല. സ്വാതന്ത്ര്യം ലഭിച്ചതോടുകൂടി ഇന്ത്യയിൽ ഇതിന്നു വലിയ പുരോഗതിയുണ്ടായിട്ടുണ്ടു്. ഇന്ത്യയിൽ പലതരം രാസവസ്തുക്കളും ഔഷധങ്ങളും നിർമ്മിക്കപ്പെടുന്നുണ്ടു്. സിന്ദ്രിയിലെ വളം നിർമ്മാണശാല, ഡൽഹിയിലെ ഡി. ഡി. ടി. ഫാക്ടറി, പിമ്പ്രിയിലെ പെനിസിലിൻ ഫാക്ടറി, ആലുവായിലെ ഡി. ഡി ടി. ഫാക്ടറി, ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് എന്നിവയാണു് ഇവയിൽ പ്രധാനമായവ. ക്ലോറൊമൈസിൻ, സ്ട്രെപ്ടൊമൈസിൻ മുതലായ പല മരുന്നുകളും ഇന്ത്യയിൽ ഉണ്ടാക്കുന്നുണ്ടു്.

വളം നിർമ്മാണം. 28 കോടി രൂപ ചിലവുചെയ്തു 1951–ൽ സ്ഥാപിച്ചതാണു സിന്ദ്രി വളംനിർമ്മാണശാല. ഇന്ത്യയിലെ ആവശ്യങ്ങൾക്കു ഇവിടെ ഉണ്ടാക്കുന്ന വളംകൊണ്ടു മതിയാകാതെ വരുന്നതിനാൽ നംഗൽ, നൈവേലി, റൂർക്കല എന്നീ പ്രദേശങ്ങളിലും വളം

വ്യവസായശാലകൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ, ആലുവായിലും ഇങ്ങിനെ ഒരു വ്യവസായശാലയുണ്ട്.

എണ്ണ. (പെട്രോൾ) രണ്ടാംപഞ്ചവത്സരപദ്ധതിയുടെ ആരംഭംവരെ ഇന്ത്യയുടെ ആവശ്യത്തിൽ അഞ്ചു ശതമാനം എണ്ണമാത്രമെ ആസ്സാമിലെ ദിഗ്ബോയ് എണ്ണഖനികളിൽനിന്നു കിട്ടിയിരുന്നുള്ളു. എന്നാൽ 1957-ലും, 1958-ലുമായി ബോംബേയിലും, വിശാഖപട്ടണത്തിലും പെട്രോൾ കമ്പനികൾ പ്രവർത്തിക്കുവാൻ തുടങ്ങിയതോടുകൂടി അതിൻെറ ക്ഷാമം കുറഞ്ഞു. അടുത്ത കാലത്തു ആസ്സാമിലും ബീഹാറിലും ഓരോ കേന്ദ്രങ്ങളുംകൂടി ആരംഭിച്ചിട്ടുണ്ട്.

കൽക്കരിയും ലിഗ്നൈററും. റെയിൽവെയുടെ ആവിർഭാവത്തോടുകൂടി കൽക്കരിയുടെ പ്രാധാന്യം വദ്ധിച്ചു. 1868 മുതൽ 1958 വരെയുള്ള കാലഘട്ടത്തിനുള്ളിൽ അത്ഭുതകരമായ വളച്ച്ച ഈ വ്യവസായത്തിനുണ്ടായിട്ടുണ്ടു. 1868-ൽ കേവലം അഞ്ചുലക്ഷം ടൺ ഉല്പാദിപ്പിച്ചിരുന്ന സ്ഥാനത്തു 1958-ൽ 452 ലക്ഷം ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. രണ്ടാം പഞ്ചവൽസര പദ്ധതിയുടെ അവസാനത്തിൽ ഇതു വീണ്ടും വർദ്ധിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. ദക്ഷിണേന്ത്യയിൽ കൽക്കരി അധികമില്ലാത്തതുകൊണ്ടു ലിഗ്നൈററിനു പ്രാധാന്യം കല്പിച്ചിട്ടുണ്ട്. നെയ്‌വേലി ലിഗ്നൈററ് പദ്ധതി ലിഗ്നൈററ് ശേഖരിക്കുന്നതിനുള്ളതാണ്.

മററു ലോഹങ്ങൾ. 1958-ൽ കൽക്കരി ഉൾപ്പെടെ പല ലോഹങ്ങളും ധാതുക്കളും ആയി 3300 ഖനികളിൽ 647000 ജനങ്ങൾ ഖനനപ്രവൃത്തിയിൽ

ഏർപ്പെട്ടിരുന്നു. ഈ ഖനികൾ അധികവും ബിഹാർ, ഒറീസ, പശ്ചിമബംഗാൾ, രാജസ്ഥാൻ, മൈസൂർ, ആന്ധ്ര എന്നിവിടങ്ങളിലാണ്. എല്ലാ ഖനികളിൽനിന്നുമായി 1957-ൽ 12720 ലക്ഷം രൂപാക്കുള്ള ധാതുക്കൾ കുഴിച്ചെടുത്തിട്ടുണ്ട്.

തോട്ടവ്യവസായങ്ങൾ കാർഷികരംഗത്തിലും പല വ്യവസായങ്ങളും അടുത്ത കാലത്തു അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. അവ തേയില കാപ്പി റബ്ബർ എന്നീ തോട്ട വ്യവസായങ്ങളാണ്. ഇവ ഇന്ത്യയുടെ വടക്കുകിഴക്കും, തെക്കു പടിഞ്ഞാറും ഭാഗങ്ങളിലാണു അധികമുള്ളതു്. ഇതിൽ 12 ലക്ഷത്തില്പരം ജനങ്ങൾ ജോലി ചെയ്യുന്നുണ്ട്. ഈ ജനങ്ങളുടെ വ്യാപാരത്തിൽനിന്ന് ഇന്ത്യക്കു ധാരാളം വിദേശനാണയം ലഭിക്കുന്നുണ്ട്. 100 കോടി രൂപയ്ക്കുള്ള ചായ ഇന്ത്യയിൽനിന്നു വിദേശങ്ങളിലേക്കയക്കുന്നുണ്ട്. ഇതുപോലെ കാപ്പിയും റബ്ബറും വിദേശങ്ങളിൽ ധാരാളം വില്ക്കുന്നുണ്ട്.

ചെറുകിടവ്യവസായങ്ങളും കുടിൽവ്യവസായങ്ങളും

വൻകിടവ്യവസായങ്ങൾക്കു അടുത്ത കാലത്തു നല്ല പുരോഗതിയുണ്ടായിട്ടുണ്ടെങ്കിലും ഇന്നു ഇന്ത്യയിൽ ചെറുകിട വ്യവസായങ്ങൾക്കും കുടിൽ വ്യവസായങ്ങൾക്കുമാണു് പ്രാധാന്യമുള്ളതു്. ഇതിനുള്ള കാരണം ഇന്ത്യാക്കാർ ഭൂരിപക്ഷവും ഗ്രാമീണരാകകൊണ്ടാണ്. എല്ലാ വൻകിട വ്യവസായശാലകളിലുംകൂടി ജോലിചെയ്യുന്നവരെക്കാൾ കൂടുതൽ പേർ ചെറുകിട വ്യവസായങ്ങളിലും കുടിൽവ്യവസായങ്ങളിലും ഏർപ്പെട്ടിട്ടുണ്ട്. ഇവർ ഉദ്ദേശം രണ്ടു കോടിയോളം വരുമെന്നാണ് കണക്കാക്കി

ട്ടുള്ളതു് അതിൽ കൈത്തറിനെയ്ത്തിൽതന്നെ 50 ലക്ഷത്തോളം ജോലിക്കാരുണ്ടു്.

കൈത്തറിനെയ്ത്ത്, പട്ടു്, കമ്പിളി എന്നിവ നെയ്തുണ്ടാക്കൽ, നെല്ലുകുത്തു്, എണ്ണയാട്ടു്, തുകൽവ്യവസായം, ചക്കര ഉണ്ടാക്കൽ, തീപ്പെട്ടി നിർമ്മാണം, മരപ്പണി, ആഭരണനിർമ്മാണം, ഓട്ടുപാത്രങ്ങളുണ്ടാക്കൽ, കളിമൺവ്യവസായം, കയറും കയറുല്പന്നങ്ങളും മററുമാണു് ഇവയിൽ ചില വ്യവസായങ്ങൾ.

ചെറുകിടവ്യവസായങ്ങളുടെ വികസനം സ്റ്റേററു ഗവർമ്മെൻറുകളുടെ ചുമതലയാണു്. എന്നാൽ കേന്ദ്ര ഗവർമ്മെൻറു അതിനു ധനസഹായവും സാങ്കേതിക സഹായവും ചെയ്യുന്നുണ്ടു്. അവയുടെ നടത്തിപ്പിന്നായി കേന്ദ്രഗവർമ്മെൻറു പല ഉപദേശകസമിതികളും രൂപീകരിച്ചിട്ടുണ്ടു്. അഖിലേന്ത്യാ ഖാദിഗ്രാമ വ്യവസായ കമ്മിഷൻ, അഖിലേന്ത്യാ കൈത്തൊഴിൽ ബോർഡു്, അഖിലേന്ത്യാ കൈത്തറിവ്യവസായ ബോർഡു്, ചെറുകിട വ്യവസായബോർഡു്, കയർബോർഡ്, കേന്ദ്ര സിൽക്കുബോർഡു് എന്നിവയാണു് പ്രധാനമായവ.

ഈ വ്യവസായങ്ങളുടെ വികസനത്തിനുവേണ്ടി ഗവർമ്മെണ്ടും ബാങ്കുകളും സഹായം ചെയ്യുന്നുണ്ടു്. 1957–58–ൽ ചെറുകിട വ്യവസായവികസനത്തിനായി 2 കോടിരൂപ കടമായും ഒരു കോടി രൂപ ഗ്രാൻറായും കേന്ദ്രഗവർമ്മെണ്ടു് സ്റ്റേററുകൾക്കു കൊടുത്തിട്ടുണ്ടു്. തൊഴിൽ സൌകര്യത്തിനുവേണ്ടി നഗരങ്ങളിൽ നിന്നു് അകലെയായി 72 വ്യവസായ എസ്റ്റേററുകൾ നിർമ്മിക്കുന്നതിനു അനുവദിച്ചിട്ടുണ്ടു്. കേരളത്തിൽ പാപ്പനംകോടു്, കൊ

കടവ്, ഏറ്റുമാനൂർ, ഒല്ലൂർ, പാലക്കാട്ട്, കല്ലായി, പാളയാട്ട് (തലശ്ശേരി) എന്നീ ഏഴ് എസ്റ്റേററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ 72 എസ്റ്റേററുകളുടെ നിർമ്മാണത്തിനായി 15 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. കൈത്തൊഴിലിൽ നിന്നുതന്നെ 10 കോടി രൂപയോളം വരവുണ്ട്. ഏഴുകോടി രൂപയ്ക്കുള്ള സാധനങ്ങൾ വിദേശങ്ങളിലേക്കയയ്ക്കുന്നു.

കയർ വ്യവസായം പ്രായേണ ഒരു കുടിൽ വ്യവസായമായിട്ടാണ് നടത്തുന്നത് എങ്കിലും ചിലേടങ്ങളിൽ അതിന് വ്യവസായ ശാലകളുമുണ്ട്. ഇന്ത്യയിൽനിന്നുണ്ടാകുന്ന കയറിന്റെ 90 ശതമാനവും കേരളത്തിൽനിന്നാണ്. ആലപ്പുഴയാണ് ആ വ്യവസായത്തിന്റെ പ്രധാന കേന്ദ്രം. കയറിൽനിന്നും കയറുല്പന്നങ്ങളിൽനിന്നും വിദേശനാണയം ധാരാളം കിട്ടുന്നുണ്ട്. അതുകൊണ്ട് അതിന്റെ വികസനത്തിനുവേണ്ടി കേന്ദ്രഗവർമ്മെണ്ട് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. കയറും കയറുല്പന്നങ്ങളും ശേഖരിക്കുക, അവ യഥാസമയം വിദേശവിപണികളിലേക്കയയ്ക്കുക മുതലായ കാര്യങ്ങൾ നടത്തുന്നതിനായി നിശ്ചയിച്ചിട്ടുള്ള ഒരു സ്ഥാപനമാണ് കയർ ബോർഡ്. ആലപ്പുഴക്കടുത്ത് കലവൂരും, ഹൗറയിലും കയറിനെ സംബന്ധിച്ച ഗവേഷണശാലകൾ സ്ഥാപിച്ചിട്ടുണ്ട്.

ഇന്ത്യയിൽ 31 ലക്ഷം റാത്തൽ പട്ടു ഉണ്ടാക്കപ്പെടുന്നുണ്ട്. ഇതിൽ പകുതിയോളം മൈസൂരിലും ശിഷ്ടമുള്ളതു ആസ്സാം, പശ്ചിമബംഗാൾ, മദിരാശി, ജമ്മു കാശ്മീർ എന്നീ സ്റ്റേററുകളിലുമാണ്. ഇതിന്റെ നടത്തിപ്പിനായി ഒരു കേന്ദ്ര സിൽക്കു ബോർഡു രൂപീകരിച്ചിട്ടുണ്ട്.

ഖാദി വ്യവസായം അടുത്ത കാലത്തു വളരെ പുരോഗമിച്ചിട്ടുണ്ട്. ഇതിനുള്ള കാരണം ഇതിൽ ഖാദി വാങ്ങുന്നവനു രൂപയ്ക്കു മൂന്നണവീതവും ഉണ്ടാക്കുന്നവനു ചതുരശ്രവാരയ്ക്കു് അഞ്ചണ വീതവും സബ്സിഡി ലഭിക്കുന്നുണ്ട് എന്നുള്ളതാണു. ഇതിനു വേണ്ട ധനസഹായം സഹകരണ സംഘങ്ങൾ വഴിയായി അഖിലേന്ത്യാ ഖാദിബോർഡും, സ്റ്റേററു ഗവർമ്മെണ്ടുകളും ആണു് നിർവഹിക്കുന്നതു്. 1956-57 ൽ അമ്പർ ചർക്ക എന്നൊരു പുതിയ ഉപകരണം നടപ്പിൽ വന്നു. ഇതിനു നാലു സ്പിൻഡിലുകളുള്ളതുകൊണ്ടു ഉല്പാദനം നാലിരട്ടി വർദ്ധിച്ചു. 75000 അമ്പർ ചർക്കകൾ നിർമ്മിക്കുന്നതിനു നാലു കോടി രൂപയോളം ഗവർമ്മെൻറു ഗ്രാൻറായും കടമായും കൊടുത്തിട്ടുള്ളതിൻെറ ഫലമായി 18 ലക്ഷത്തിൽനിന്നു് 112 ലക്ഷം ചതുരശ്രവാര ഖാദി 1957-58 ൽ ഉണ്ടാക്കപ്പെട്ടിട്ടുണ്ട്. ഖാദിഗ്രാമ വ്യവസായങ്ങളുടെ വികസനം കൊണ്ടു് 21·18 ലക്ഷം പേർക്കു തൊഴിൽ ലഭിച്ചിട്ടുണ്ട്.

വ്യവസായ വിഷയത്തിൽ ഇന്ത്യാ ഗവർമ്മെൻറു മൂന്നു തത്വങ്ങളാണു സ്വീകരിച്ചിട്ടുള്ളത്. (1) സമരായുധങ്ങൾ, വെടിക്കോപ്പ്, അണുശക്തി മുതലായവയെ സംബന്ധിക്കുന്ന വ്യവസായങ്ങൾ നടത്തുവാൻ ഗവർമ്മെൻറിന്നു മാത്രമെ അധികാരമുള്ളു. (2) കൽക്കരി, ഇരുമ്പ്, ഉരുക്ക്, വിമാനം, കപ്പൽ, ടെലിഫോൺ, റേഡിയോ, ഖനിയെണ്ണ മുതലായ വ്യവസായങ്ങളുടെ ഉത്തരവാദിത്വം ഗവർമ്മെൻറിനാണു്. സ്വകാര്യഉടമകൾ നടത്തുന്ന ഇത്തരം വ്യവസായങ്ങളുടെ ഭാവി

നിർണ്ണയിക്കുവാനും നിയന്ത്രിക്കുവാനും ഗവർമ്മെണ്ടിന് അധികാരമുണ്ട്. (3) ബാക്കിയുള്ള വ്യവസായങ്ങൾ സ്വകാര്യമേഖലക്കു വിട്ടുകൊടുത്തിരിക്കുന്നു. തുണി, ചണം, കമ്പിളി, തുകൽ, സിമൻറ്, പഞ്ചസാര, തേയില മുതലായവ സ്വകാര്യവ്യക്തികൾക്കു നടത്താം.

ഇന്ത്യൻ ജനതയുടെ അനുദിനജീവിതത്തിന് അത്യാവശ്യമായ സാധനങ്ങൾക്കുവേണ്ടി വിദേശീയരെ ആശ്രയിക്കാതെ സ്വയം പര്യാപ്തതയുണ്ടാക്കണമെന്നാണ് ഇന്ത്യാ ഗവർമ്മെണ്ടിൻെറ ലക്ഷ്യം. സാധനങ്ങളുടെ ഇറക്കുമതിയെ നിരോധിക്കുകയും ഇന്ത്യയിൽ അവയുടെ നിർമ്മാണത്തെ ധനസഹായം ചെയ്തു പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയാണ് ഗവർമ്മെണ്ടിൻെറ നയം. ഇന്ത്യയിലെ പ്രധാനപ്പെട്ട വ്യവസായങ്ങളും അവയുടെ പ്രധാനകേന്ദ്രങ്ങളും താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | തുണിവ്യവസായം | ബോംബെ, മദ്രാസ് |
| 2. | പഞ്ചസാര | ഉത്തരപ്രദേശ്, ബിഹാർ |
| 3. | ഇരുമ്പ് ഉരുക്ക് | ബംഗാൾ, ബിഹാർ |
| 4 | ചണം | ബംഗാൾ, ആസ്സാം |
| 5. | കടലാസ് | ബംഗാൾ, ഉത്തരപ്രദേശ് |
| 6. | തുകൽ | മദ്രാസ്, ഉത്തരപ്രദേശ് |
| 7. | കയർ | കേരളം |
| 8. | പെട്രോൾ | ബോംബെ, ആസ്സാം |
| 9 | കൃത്രിമവളം | ബിഹാർ, കേരളം |
| 10. | കല്ക്കരി | ബിഹാർ, ബംഗാൾ, ഒറീസ്സാ |
| 11. | തേയില | ആസ്സാം, കേരളം |
| 12. | സിമൻറ് | ബിഹാർ, മദ്രാസ് |

13. റബ്ബർ — കേരളം, ആസ്സാം
14. വിമാനം — മൈസൂർ
15. കപ്പൽ — ആന്ധ്രാ, (കേരളം)

---

## വിഭാഗം 4

## നമ്മുടെ നഗരങ്ങളും ജനങ്ങളും

ഇന്ത്യ ഒരു കാർഷിക രാജ്യമാണ്. 83 ശതമാനം ജനങ്ങളും ഗ്രാമങ്ങളിലാണ് താമസിക്കുന്നത്. അതുകൊണ്ട് ഇന്ത്യയിൽ അനേകം ഗ്രാമങ്ങളുണ്ട്. അധികം ആളുകൾ ഇടതിങ്ങി പാർക്കുന്ന പ്രദേശങ്ങളാണ് പട്ടണങ്ങൾ. വ്യവസായികമായ പുരോഗതിയെ അനുസരിച്ചു പട്ടണങ്ങളുടെ സംഖ്യയും കൂടികൊണ്ടുവരും. വ്യവസായശാലകൾ സ്ഥാപിച്ചു പ്രവർത്തനം തുടങ്ങുമ്പോൾ അതിൽ തൊഴിൽ ചെയ്യുന്നവരും ആ വ്യവസായത്തെ സംബന്ധിച്ചു പലരും ആ പ്രദേശത്തു വരികയും അങ്ങിനെ വ്യവസായ ശാലകൾ വർദ്ധിക്കുന്തോറും ഗ്രാമങ്ങൾ നഗരങ്ങളായി തീരുകയും ചെയ്യുന്നു. ഇങ്ങനെ ഒരു ലക്ഷത്തിലധികം ജനസംഖ്യയുള്ള 71 നഗരങ്ങൾ ഇന്ത്യയിലുണ്ട്. പത്തു ലക്ഷത്തിലധികം ജനങ്ങൾ താമസിക്കുന്ന അഞ്ചു വൻ നഗരങ്ങൾ ബോം




ബെ, കൽക്കത്ത, മദ്രാസ്, ദൽഹി, ഹൈദരബാദ് എന്നിവയാണ്. ഒരു ലക്ഷത്തിലധികം ജനസംഖ്യയുള്ളവയെ നഗരങ്ങളെന്നും അതിൽ കുറവായിട്ടുള്ളവയെ പട്ടണങ്ങളെന്നും പറയുന്നു.

<u>പട്ടണങ്ങളുടെ വളർച്ചയ്ക്കുള്ള കാരണങ്ങൾ</u>: ഗ്രാമങ്ങൾ പട്ടണങ്ങളായി തീരുന്നതു ജനസാന്ദ്രത കൂടുമ്പോ

ഴാണ്. ജനസാന്ദ്രത കൂടുന്നതിൻ പല കാരണങ്ങളുമുണ്ട്. (1) രാജ്യത്തിൻെറയോ അല്ലെങ്കിൽ സംസ്ഥാനത്തി ൻെറയൊ തലസ്ഥാനമായിത്തീരുന്ന പട്ടണങ്ങൾ പ്രാ യേണ നഗരങ്ങളായിരിക്കും. ഭരണ കേന്ദ്രങ്ങളായ അവ യിൽ അനേകം ആപ്പീസുകളും അവിടെ പ്രവത്തിക്കുന്ന ജോലിക്കാരും അവരെ സംബന്ധിക്കുന്നവരും ഒരോ കാര്യങ്ങൾക്കായി വന്നുചേരുന്നവരും മററുമായി ജന ങ്ങളുടെ സംഖ്യകൾ കൂടുവാൻ ന്യായമുണ്ട്. (2) വളരെ ക്കാലത്തെ ചരിത്രപ്രാധാന്യം അനേകം സന്ദർശ കരെ ആകർഷിക്കുന്നതുകൊണ്ട് ജനസാന്ദ്രതക്കു കാര ണമാണ്. (3) കച്ചവട പ്രാധാന്യവും ജനങ്ങളെ ആകർഷിക്കുന്ന മറെറാരു ഘടകമാണ്. (4) മതപര മായ പ്രാധാന്യം അനേകം ഭക്തജനങ്ങളെയും തീർത്ഥാ ടകരേയും എന്നും ആകർഷിച്ചുകൊണ്ടിരിക്കും. (5) വ്യവസായശാലകളുടെ സാന്നിധ്യ. (6) തുറമുഖസൌ കര്യം. (7) സുഖവാസസ്ഥലം. (8) റെയിൽവെകേന്ദ്രം. (9) വിദ്യാകേന്ദ്രം. (10) പട്ടാളപരിശീലനകേന്ദ്രം—എ ന്നിവയും ജനബാഹുല്യത്തിൻ കാരണമാണ്. മേൽപ റഞ്ഞവയാണ് പട്ടണങ്ങളുടെ വളർച്ചക്ക് കാരണമാകു ന്നതു്.

തലസ്ഥാന പട്ടണങ്ങൾ എന്ന നിലയൽ ദൽ ഹിയും മററു സംസ്ഥാന കേന്ദ്രങ്ങളും ഉദാഹരണമായെ ടുക്കാം. ശ്രീനഗർ, ചാന്ദിഗർ, ജയ്പൂർ, ലക്നൊ, ഭോപാൽ, ബോംബെ, ബാംഗ്ളൂർ, തിരുവനന്തപുരം, മദ്രാസ്, ഹൈദരാബാദ്, ഭുവനേശ്വർ, പാററ്നാ, കൽക്കത്ത, ഷില്ലോങ്ങ് എന്നിവയാണു 14 സ്റ്റേററു തല

സ്ഥാനങ്ങൾ. ഇവയിൽ ചിലതു സംസ്ഥാനകേന്ദ്രങ്ങൾ എന്ന നിലയ്ക്കു പുറമെ വാണിജ്യപരമായ കാരണങ്ങളാലും പ്രാധാന്യമുള്ളവയാണ്.

ആഗ്ര, മധുര, പൂന എന്നീ നഗരങ്ങൾ ചരിത്രപ്രാധാന്യമുള്ളവയാണ്. മുഗളചരിത്രത്തിൽ ആഗ്രയും, പാണ്ഡ്യചരിത്രത്തിൽ മധുരയും, മഹാരാഷ്ട്രചരിത്രത്തിൽ പൂനയും കേൾവി കേട്ടിരിക്കുന്നു.

വാണിജ്യപരമായ കാരണങ്ങളാൽ ഉയർന്നുവന്നിട്ടുള്ള അനേകം നഗരങ്ങൾ ഇന്ത്യയിലുണ്ട്. പൊതുവെ നോക്കിയാൽ ഇന്ത്യയിലെ നഗരങ്ങളെല്ലാംതന്നെ വാണിജ്യകേന്ദ്രങ്ങളുമാണ്. ആലപ്പുഴ, മംഗലാപുരം, വിജയവാഡ എന്നിവ വാണിജ്യംകൊണ്ടുമാത്രം ഉയർന്നുവന്നവയാണ്.

മതപരമായ പ്രാധാന്യംകൊണ്ട് ഇന്ത്യയിൽ പല പട്ടണങ്ങളും ഉയർന്നുവന്നിട്ടുണ്ട്. ഹിന്ദുക്കളുടെ പുണ്യസ്ഥലമായ കാശി ഇതിനു നല്ല ഉദാഹരണമാണ്. അലഹബാദും അമൃതസരസ്സും ഇതുപോലെയുള്ള പട്ടണങ്ങളാണ്.

വ്യവസായ നഗരങ്ങൾ എന്ന നിലയിൽ അടുത്തകാലത്തു അനേകം പട്ടണങ്ങൾ പെട്ടെന്നുയർന്നുവരുന്നുണ്ട്. ഒറീസ്സയിലെ റൂർക്കല, മധ്യപ്രദേശത്തിലെ ഭിലായ്, പശ്ചിമബംഗാളിലെ ദുർഗ്ഗാപ്പൂർ എന്നിവ അടുത്തുതന്നെ വലിയ സ്റ്റീൽ നഗരങ്ങളായി ഉയർന്നുവരുന്നതാണ്. കോയമ്പത്തൂർ, അഹമ്മദബാദ് കാൺപൂർ, ജാംഷഡ്പൂർ എന്നിവ ഇപ്പോഴുള്ള പ്രധാന വ്യവസായ നഗരങ്ങളാണ്.

തുറമുഖങ്ങൾ വലിയ നഗരങ്ങളായിത്തീരുന്നതു സ്വാഭാവികമാണ്. ബോംബെ, കൽക്കത്ത, മദ്രാസ്, എന്നിവ ഈ ഇനത്തിലും പെടുന്നു. വിശാഖപട്ടണം കൊച്ചി കാണ്ടലാ എന്നിവയാണു മററു പ്രധാന തുറമുഖങ്ങൾ.

സിംലാ, ഡാർജിലിങ്ങ്, ക്കുന്നൂർ, ' ഉട്ടക്കമണ്ടു് എന്നിവ സുഖവാസസ്ഥലങ്ങളാണ്. പ്രായേണ ചൂടു കുറവായ ഈ പ്രദേശങ്ങളിൽ അനേകം ഇന്ത്യാക്കാരും യൂറോപ്യന്മാരും വേനൽക്കാലങ്ങളിൽ വന്നുതാമസിക്കുന്നു.

റെയിൽവേ കേന്ദ്രങ്ങളെന്ന നിലയിൽ ഉയൎന്നുവന്ന നഗരങ്ങളാണ് തിരുച്ചിറപ്പള്ളി, ഗുണ്ടക്കൽ, ഗോരക്ക്പൂർ മുതലായവ.

വിദ്യാഭ്യാസകേന്ദ്രങ്ങളെന്ന നിലയിലും പല പട്ടണങ്ങളും ഇന്ത്യയിൽ വളൎന്നുവന്നിട്ടുണ്ടു. പ്രായേണ എല്ലാ സംസ്ഥാന തലസ്ഥാനനഗരങ്ങളും സൎവ്വകലാശാലയുടെ സ്ഥാനമായിരിക്കും അലിഗാർ, ബറോഡ, നാഗ്പൂർ, വാൾട്ടയർ എന്നിവ തലസ്ഥാന നഗരങ്ങളല്ലെങ്കിലും കലാശാലകൾ കൊണ്ടു പ്രാധാന്യം സിദ്ധിച്ചവയാണ്.

അംബാല, ജബൽപൂർ, സെക്കന്തരബാദ് മുതലായവ പട്ടാളപരിശീലന കേന്ദ്രങ്ങളെന്ന നിലയിൽ വളൎന്നുവന്നവയാണ്.

<u>ഇന്ത്യയിലെ ജനങ്ങൾ</u>. ഇന്ത്യ നല്ല ജനസംഖ്യയുള്ള ഒരു രാജ്യമാണ്. ലോകത്തിൽ ജനസംഖ്യകൊണ്ടു ചൈന കഴിഞ്ഞാൽ പിന്നത്തെ സ്ഥാനം ഇന്ത്യയ്ക്കാണുള്ളതു്. 1951 ലെ കണക്കനുസരിച്ചു് ഇന്ത്യയിലെ ജനസംഖ്യ

35 കോടിയാണ്. 1000 പുരുഷന്മാർക്ക് 947 സ്ത്രീകൾ എന്ന തോതനുസരിച്ച് ജനങ്ങളിൽ അധികവും പുരുഷന്മാരാണെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇന്ത്യയിലെ വിസ്താരത്തിന്നനുസരിച്ച ജന സംഖ്യ കണക്കാക്കുമ്പോൾ ചതുരശ്രമൈലിന് 312 പേർ മാത്രമെ വസിക്കുന്നുള്ളൂ. ഈ ജനങ്ങൾ ഇന്ത്യയിൽ എല്ലായിടത്തും ഒരുപോലെയല്ല വസിക്കുന്നത്. ചില പ്രദേശങ്ങൾ ജനസാന്ദ്രത കുറഞ്ഞും മററു ചിലത് ജനബാഹുല്യമുള്ളതുമായിരിക്കുന്നു. ഇന്ത്യയുടെ ജനസാന്ദ്രതയെ ഭൂപ്രകൃതി, വർഷപാതം, ഉല്പന്നങ്ങൾ എന്നിവയെ കാണിക്കുന്ന ഭൂപടങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ ജനസാന്ദ്രത ഏററവുമധികമുള്ളത് സമതലങ്ങളിലും, ഫലപുഷ്ടിയുള്ള എക്കൽ മണ്ണുള്ള പ്രദേശങ്ങളിലും, ജലസേചന സൗകര്യമുള്ള പ്രദേശങ്ങളിലും, കാടുവെട്ടി തെളിച്ചു കൃഷിക്കുപയോഗപ്പെടുത്തിയ പ്രദേശങ്ങളിലുമാണെന്നു കാണാം.

ഇന്ത്യയിൽ പല കാലങ്ങളിലായി വിദേശീയാക്രമികൾ വടക്കു പടിഞ്ഞാറൻ ചുരങ്ങൾവഴി പ്രവേശിച്ചിട്ടുണ്ട്. അതിൻെറ ഫലമായി ജനങ്ങളുടെ ഇടയിൽ പല വർഗ്ഗക്കാരെയും കാണാം. ജനങ്ങളുടെ ഇടയിലുള്ള ഈ വർഗ്ഗീയ ഭേദങ്ങൾ മററൊരു രാജ്യത്തും ഇന്ത്യയിലെപോലില്ല. എങ്കിലും അവരെല്ലാവരും നാട്ടുകാരുമായി കൂടിച്ചേർന്നതുമൂലം ഇപ്പോൾ ഭാഷകൊണ്ടോ മതംകൊണ്ടോ അല്ലാതെ അവരുടെ വർഗ്ഗവ്യത്യാസം അറിയുവാൻ സാധ്യമല്ല

<u>ഇന്ത്യയിലെ ഭാഷകൾ.</u> മേൽപ്രസ്താവിച്ച ചരിത്രപരമായ കാരണങ്ങളെക്കൊണ്ടാണ് ഇന്ത്യയിൽ ഭാഷാവൈവിധ്യമുണ്ടായിട്ടുള്ളത്. ഇങ്ങിനെ ഭാഷാവൈവിധ്യ

മുള്ള ഒരു രാജ്യത്ത് യാത്രചെയ്യുന്നവക്ക് അന്യോന്യം ആശയവിനിമയം ചെയ്യുന്നതിന സ്വാഭാവികമായി പല ബുദ്ധിമുട്ടകളുമുണ്ട്. കേരളീയരുടെ ഭാഷ മലയാളമാണല്ലൊ. അടുത്ത സംസ്ഥാനമായ മദ്രാസിൽ തമിഴാണ് സംസാരിക്കുന്നത്. അടുത്തു കിടക്കുന്ന മറേറ സ്റ്റേററായ മൈസൂരിൽ കർണ്ണാടകമാണ ഭാഷ. ഇങ്ങിനെ ഇന്ത്യയിൽ ലിപികളോടുകൂടിയ 13 ഭാഷകൾ കാണാം. അവ കാശ്മിരി, പഞ്ചാബി, ഹിന്ദി, ഉറുദു, ഗുജറാത്തി, മറാത്തി, കർണ്ണാടകം, മലയാളം, തമിഴ്, തെലുങ്കു, ഒറിയ, ബങ്കാളി, ആസ്സാമീസ്—എന്നിവയാണ്. സംസ്കൃതവും ഇന്ത്യയിലെ ഒരു അംഗീകൃത ഭാഷയാണ്. ഇംഗ്ലീഷുഭാഷ പൊതുവെ ഇന്ത്യയുടെ നാനാഭാഗത്തും അറിയപ്പെടുന്നു. പക്ഷെ അതു നവീന രീതിയിൽ പഠിച്ചവർക്കുമാത്രമെ അറിയുകയുള്ളു. പല സംസ്ഥാനഗവർമ്മെൻറുകളും കേന്ദ്രഗവർമ്മെൻറും ഇംഗ്ലീഷാണ് ഇപ്പോഴും ഔദ്യോഗിക ഭാഷയായി അംഗീകരിച്ചിട്ടുള്ളത്. പക്ഷെ ഇന്ത്യയിൽ അധികം ജനങ്ങളും സംസാരിക്കുന്ന ഭാഷ ഹിന്ദിയാകകൊണ്ടും ഹിന്ദിയും, ഉറുദുവും, പഞ്ചാബിയും പരസ്പരം ബന്ധപ്പെട്ട ഭാഷകളാകകൊണ്ടും ഹിന്ദിയെ ദേശീയ ഔദ്യോഗിക ഭാഷയായി അംഗീകരിച്ചിട്ടുണ്ട്. ജനങ്ങൾ തമ്മിലുള്ള യോജിപ്പിന്നും, സമ്പക്കത്തിന്നും ആശയവിനിമയത്തിന്നും ഒരു ദേശീയ ഭാഷ അത്യാവശ്യമാണെന്നുള്ളതിന്നു സംശയമില്ല. അങ്ങിനെയൊന്നുണ്ടെങ്കിലേ ഭിന്നദേശക്കാർക്കിടയിലും ഐക്യബോധമുണ്ടാകയുള്ളു. കൂടുതൽ ആളുകൾ സംസാരിക്കുന്ന ഒരു ഭാഷയാകകൊണ്ടു ഹിന്ദിതന്നെയാണ് ആ സ്ഥാനം അർഹിക്കുന്നതു.

പുതിയ സ്റ്റേറ്റുകൾ. 1956 നവമ്പർ 1-ാം നു- നാം കേരളപ്പിറവി ആഘോഷിച്ചുവല്ലോ. അന്നുതന്നെ ഇന്ത്യയിലെ സംസ്ഥാനങ്ങൾ ഭാഷാടിസ്ഥാനത്തിൽ നവീകരിക്കപ്പെട്ടു. അതു ഏറെക്കുറെ മേൽപറഞ്ഞ ഭാഷാകളുടെ അടിസ്ഥാനത്തിലാണ്. ഇന്ത്യയിലെ 14 ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളും കേന്ദ്ര ഭരണത്തിൻകീഴിലുള്ള ആറു് പ്രദേശങ്ങളുമായി ഭാഗിച്ച പുതിയ സംസ്ഥാനങ്ങളുടെ പേരുകൾ തലസ്ഥാനങ്ങൾ പ്രധാന ഭാഷ എന്നിവ താഴെ ചേർക്കുന്നു.

| | സംസ്ഥാനം | തലസ്ഥാനം | ഭാഷ |
|---|---|---|---|
| 1. | കാശ്മീർ | ശ്രീനഗർ | കാശ്മീരി |
| 2. | പഞ്ചാബ് | ചാന്ദിഗാർ | പഞ്ചാബി |
| 3. | രാജസ്ഥാൻ | ജയപ്പൂർ | ഹിന്ദി |
| 4. | ഉത്തരപ്രദേശ് | ലക്നൗ | ഹിന്ദി |
| 5. | മദ്ധ്യപ്രദേശ് | ഭോപാൽ | ഹിന്ദി |
| 6. | ബോംബെ | ബോംബെ | ഗുജറാത്തി, മറാത്തി |
| 7. | മൈസൂർ | ബാംഗ്ളൂർ | കർണ്ണാടകം |
| 8. | കേരളം | തിരുവനന്തപുരം | മലയാളം |
| 9. | മദ്രാസ് | മദ്രാസ് | തമിഴ് |
| 10. | ആന്ധ്രപ്രദേശ് | ഹൈദരബാദ് | തെലുങ്ക് |
| 11. | ഒറീസ്സ | ഭുവനേശ്വർ | ഒറിയ |
| 12. | ബീഹാർ | പാററ്നാ | ഹിന്ദി |
| 13. | പശ്ചിമബങ്കാൾ | കൽക്കത്ത | ബംഗാളി |
| 14. | ആസ്സാം | ഷില്ലോങ്ങ് | ആസ്സാമിസ് |

മേൽപറഞ്ഞവയിൽ ആറാമത്തേതായ ബോംബെയിൽ രണ്ടു ഭാഷകളുണ്ടെന്നു പ്രത്യക്ഷമാണല്ലോ. ജനമതി

ലാഷം പുരസ്കരിച്ചു അതു അടുത്തുതന്നെ രണ്ടായി വിണ്ടും വിഭജിക്കപ്പെട്ടുവാനുള്ള സാദ്ധ്യതകളുണ്ടു്.

| കേന്ദ്ര ഭരണപ്രദേശം | തലസ്ഥാനം |
|---|---|
| 1. ഹിമാചലപ്രദേശ് | സിംലാ |
| 2. ദൽഹി | ദൽഹി |
| 3. ത്രിപുരം | അഗർത്തല |
| 4. മണിപുരം | ഇംഫാൽ |
| 5. ആന്തമാൻ നിക്കോബാർ | പോർട്ടുബ്ലേയർ |
| 6. ലക്ഷദ്വീപുകൾ (താല്ക്കാലികം) | കോഴിക്കോട്ട് |

ഇന്നത്തെ നിലയ്ക്കു ഈ പതിനാലു സ്റ്റേററുകളിൽ ഏററവും വലിയതു ബോംബെയും ഏററവും ചെറുതു കേരളവുമാണു്. ജനസംഖ്യയിൽ ഏററവും വലുതു ഉത്തരപ്രദേശും ഏററവും ചെറുതു കാഷ്മീരുമാണു്. ബോംബെ സംസ്ഥാനം വിഭജിക്കപ്പെടുകയാണെങ്കിൽ വിസ്താരം കൊണ്ടു മദ്ധ്യപ്രദേശായിരിക്കും പിന്നെ ഏററവും വലിയതു്.

മതങ്ങൾ മതസഹിഷ്ണുതയ്ക്കു പേരുകേട്ട രാജ്യമാണു ഇന്ത്യ. ലോകത്തിലുള്ള മിക്കവാറും എല്ലാ മതങ്ങളും ഇന്ത്യയിലുണ്ടു്. ഹിന്ദുമതം ബുദ്ധമതം, ജൈനമതം, സിക്കുമതം എന്നിവ ഇന്ത്യയിൽതന്നെ ഉത്ഭവിച്ചു വളർന്നവയാണു്. ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളും ഹിന്ദുക്കളാണു് അവർ 30 കോടിയിലധികമുണ്ടു്. പുറമെനിന്നുവന്നു ഇന്ത്യയിൽ പ്രചരിച്ച മതങ്ങളാണു് ക്രിസ്തുമതവും ഇസ്ലാംമതവും. ഹിന്ദുക്കൾ കഴിഞ്ഞാൽപിന്നെ ജനസംഖ്യയിൽ കൂടുതലുള്ളതു മുസ്ലീംങ്ങളാണു്. അവർ മൂന്നരകോടിയോളമുണ്ടു. പിന്നീടധികമുള്ളതു ക്രിസ്ത്യാ

നികളാണ്. അവർ 82 ലക്ഷത്തോളമുണ്ട്. ക്രിസ്ത്യാനികൾ കഴിഞ്ഞാൽ പിന്നെ സിക്കുകാരാണ് അധികമുള്ളതു. അവർ 62 ലക്ഷമുണ്ട്. ജൈനന്മാർ 16 ലക്ഷത്തോളമുണ്ട്. അതിലും കുറവാണു ബുദ്ധമതക്കാർ.

അന്യോന്യം സഹിഷ്ണുതയോടെ ജീവിക്കുന്നതിനു ഭാരതീയർക്കു പ്രകൃത്യാ ഒരു കഴിവുണ്ട്. അശോകചക്രവർത്തി, അക്ബർ ചക്രവർത്തി മുതലായവർ ഈ വിഷയത്തിൽ ആദർശ പുരുഷന്മാരാണ്. എന്നാൽ ബ്രിട്ടീഷാധിപത്യകാലത്തു ഭരണാധികാരികളുടെ സ്വാർത്ഥങ്ങൾക്കുവേണ്ടി ഇന്ത്യയിൽ വർഗ്ഗീയമായും മതപരമായും ഉണർത്തിവിട്ട മാൽസര്യങ്ങളുടെ ഫലമായിട്ടാണു പാക്കിസ്ഥാൻ എന്ന പേരിൽ വേറിട്ടൊരുരാജ്യംതന്നെ ഉടലെടുത്തതെന്ന കാര്യം ഒരിക്കലും വിസ്മരിക്കാവുന്നതല്ല. ആദിചരിത്രം മുതൽക്കുതന്നെ പ്രകൃത്യാ ഭാരതീയർ അന്യരുമായി യോജിച്ചു കഴിയുന്നവരാണ്. മററുള്ളവരുടെ കാര്യങ്ങളിൽ അതിരുകടന്നു പ്രവേശിക്കുക അവർക്കു സാധ്യമല്ല. അതാണു 'പഞ്ചശീല'ത്തിന്റെ അടിസ്ഥാനതത്വംതന്നെ.

# പ്രായോഗിക പ്രവർത്തനങ്ങൾ

അദ്ധ്യായം 1

## 1. കുട്ടികൾ സംഘങ്ങളായി ചെയ്യുക.

കളിമണ്ണുകൊണ്ട് ഇന്ത്യ നിർമ്മിക്കുക. ഇന്ത്യയിലെ പ്രധാന മലകളെ (ഹിമാലയം, പശ്ചിമഘട്ടം, പൂർവഘട്ടം, വിന്ധ്യ, ശതപുര, ആരവല്ലി) ചെറിയ കല്ലുകൾ കൂട്ടിവെച്ചും, കൊടുമുടികളെ (എവറസ്റ്റ്, കഞ്ചിൻജംഗ, ധവളഗിരി, നന്ദപർവ്വതം) ചുണ്ണാമ്പിൽ മുക്കിവെളുപ്പിച്ച കല്ലുകൾകൊണ്ടും, കാണിക്കുക.

ഗംഗാ ബ്രഹ്മപുത്രസമതലം' പശ്ചിമപൂർവ്വ തീരപ്രദേശങ്ങൾ എന്നിവയെ പച്ചനിറം പിടിപ്പിച്ച ഉമിയോ, മണലോകൊണ്ട് അടയാളപ്പെടുത്തുക.

ഡക്കാൻ പീഠഭൂമിയെ കരിപ്പൊടിയൊ, ചെങ്കൽപ്പൊടിയോകൊണ്ട് നിർമ്മിക്കുക.

നല്ല വെളുത്തമണൽപരത്തി താർമരുഭൂമി അടയാളപ്പെടുത്തുക. നദികളെ ചെറിയ ചാലുകളായി കാണിച്ച് ആ സ്ഥലത്ത് നീലനിറത്തിലുള്ള മണൽ ഉപയോഗിക്കുക. (പ്രധാനമായി കാണിക്കേണ്ട നദികൾ സിന്ധു, ഗംഗാ, ബ്രഹ്മപുത്ര, മഹാനദി, നർമ്മദ, തപതി, ഗോദാവരി, കൃഷ്ണാ, കാവേരി) സമുദ്രങ്ങളെ നീല മണൽകൊണ്ട് കാണിക്കാം .

2. മേൽപറഞ്ഞവ ഭൂപടംവരച്ച് വിവിധ നിറങ്ങൾ കൊടുത്തു അടയാളപ്പെടുത്തുക.

3. തെക്കു പടിഞ്ഞാറൻ കാലവർഷക്കാറും, അതുമൂലം മഴലഭിക്കുന്ന പ്രദേശവും ഇന്ത്യാപടത്തിൽ അടയാളപ്പെടുത്തുക.

4. ഇന്ത്യയുടെ മറ്റൊരു പടത്തിൽ വടക്കുകിഴക്കൻ കാലവർഷക്കാറും, അതുമൂലം മഴ ലഭിക്കുന്ന പ്രദേശങ്ങളും വരക്കുക.

5. ഉഷ്ണമാപിനിയും, വർഷമാപിനിയും ഉപയോഗിച്ച് ദൈനംദിന കാലാവസ്ഥയെ രേഖപ്പെടുത്തുന്ന ഒരു ചാർട്ട് സൂക്ഷിക്കുക

6. ഇന്ത്യയുടെ ഒരു വലിയ പടത്തിൽ, ഇന്ത്യയിൽ കണ്ടുവരുന്ന മൃഗങ്ങളുടെ ചിത്രങ്ങൾ, ആ മൃഗങ്ങൾ മുഖ്യമായി കണ്ടുവരുന്ന സ്ഥലങ്ങളിൽ വരയ്ക്കുകയോ, വെട്ടി ഒട്ടിക്കുകയോ ചെയ്യുക.

7. ഇത്തരം ചിത്രങ്ങൾ നിങ്ങളുടെ ആൽബത്തിലും പതിക്കുക.

8. ഇന്ത്യയുടെ പടത്തിൽ ഉപ്പ്, മൽസ്യം, മുത്തുച്ചിപ്പി, കക്ക എന്നിവ ലഭിക്കുന്ന പ്രദേശങ്ങൾ അടയാളപ്പെടുത്തുക.

9. ഇന്ത്യയുടെ പടത്തിൽ ധാതുക്കളെ, അവ ലഭിക്കുന്ന സ്ഥലങ്ങളിലായി പ്രത്യേക അടയാളങ്ങൾ ഉപയോഗിച്ച് കാണിക്കുക.

10. ഇന്ത്യയിലുണ്ടാവുന്ന ധാതുക്കളെ ശേഖരിച്ച് മ്യൂസിയത്തിൽ പ്രദർശിപ്പിക്കുക. ഓരോ ധാതുവിൻെറ പേരും, എവിടെനിന്ന് ലഭിക്കുന്നുവെന്നുള്ള വിവരവും

ഓരോ കഷണം കടലാസ്സിൽ എഴുതി അതാതു ധാതുവിൻെറ മുന്നിലായി വെക്കണം.

11. ഇന്ത്യയിലെ പ്രധാന തോട്ടകൃഷി വിളവുകളെ ഓരോ കുപ്പികളിൽ ശേഖരിച്ച് മ്യൂസിയത്തിൽ പ്രദർശിപ്പിക്കുക. കുപ്പികളുടെ മേലെ ഓരോ കടലാസ് പതിച്ച് അതിൽ വിളവുകളുടെ പേർ, സുലഭമായി വിളയുന്ന സ്ഥലങ്ങൾ, നമ്മുടെ നാട്ടിൽ അവ എത്രമാത്രം ഉണ്ടാവുന്നുണ്ടെന്നുള്ള വിവരം എന്നിവ രേഖപ്പെടുത്തുക.

12. ഇന്ത്യയുടെ പടത്തിൽ പ്രധാന നദികൾ കാണിച്ച്, ജലസേചന പദ്ധതികളെയും, ശക്തി ഉല്പാദനകേന്ദ്രങ്ങളെയും അടയാളപ്പെടുത്തുക. രണ്ടിനുംകൂടിയുള്ള പദ്ധതികളെ പ്രത്യേക നിറംകൊടുത്ത് കാണിക്കുക

13. സമീപ പ്രദേശങ്ങളിലെ നദീതടപദ്ധതികളിലേക്കോ, വ്യവസായ ശാലകളിലേക്കോ അദ്ധ്യയന യാത്രകൾ നടത്തുക.

14 ഇന്ത്യയിലെ പ്രധാന വ്യവസായ നഗരങ്ങളെ കാണിക്കുന്ന ഭൂപടം വരയ്ക്കുക.

15. ഇന്ത്യയിലെ പ്രധാന വ്യവസായങ്ങളെയും, അവ എവിടെയെല്ലാമാണെന്നും കാണിക്കുന്ന ഒരു പട്ടിക തയ്യാറാക്കുക.

16. ഇന്ത്യാ പടത്തിൽ ചുവടെ ചേർത്ത കാര്യങ്ങൾ അടയാളപ്പെടുത്തുക.

ഇന്ത്യയിലെ പതിനാലു സ്റേറററുകളും, കേന്ദ്രഭരണത്തിൻകീഴിലുള്ള പ്രദേശങ്ങളും പ്രധാന പട്ടണങ്ങളും, തലസ്ഥാനങ്ങൾക്കും (□), പട്ടണങ്ങൾക്കും (○)

വേറെ വേറെ അടയാളങ്ങൾ നൽകുക. ഡൽഹിക്ക് പ്രത്യേക അടയാളം (□) കൊടുത്തു കാണിക്കുക.

17. ഇന്ത്യയിലെ സ്റേററുകൾ, അവയുടെ തലസ്ഥാന പട്ടണങ്ങൾ, ആ സ്റേററുകളിൽ സംസാരിച്ചുവരുന്ന ഭാഷകൾ എന്നിവയെ പട്ടിക രൂപത്തിൽ കാണിക്കുക.

18. ഇന്ത്യയിലെ മതങ്ങളും, അവ വിശ്വസിച്ചു വരുന്നവരുടെ എണ്ണവും കാണിക്കുന്ന പട്ടിക തയ്യാറാക്കുക.

---

അദ്ധ്യായം 2

# ഇന്ത്യയുടെ ഐക്യം

ഏകഭാരതം എന്ന ആശയം പണ്ടുമുതൽ ഇന്ത്യയിലുണ്ടായിരുന്നതാണ്. ഉത്തരദക്ഷിണേന്ത്യകളെ വേർതിരിച്ചുകൊണ്ടു വിന്ധ്യാ ശതപുരപർവ്വതങ്ങളും കേരളക്കരയെ വേർതിരിച്ചുകൊണ്ടു പശ്ചിമഘട്ടങ്ങളും ഉണ്ടായിരുന്നാലും പുരാതനസാഹിത്യകൃതികളെല്ലാം ഭാരതഭൂമയെ മുഴുവൻ ഒന്നായി കണക്കാക്കിയിരുന്നുവെന്നുകാണാം. ശ്രുതിസ്മൃതി പുരാണാദികളിലാണു നമ്മുടെ ആർഷസംസ്കാരം നിലകൊള്ളുന്നതു. അതിലെ ആശയങ്ങളും ആദർശങ്ങളും ആചാരങ്ങളും ഇന്ത്യയിലെല്ലാം ഒരുപോലെ ബാധകമാണ്. രാജഭാഷയായിരുന്ന സംസ്കൃതമാണു

മുഹമ്മദീയരുടെ ആക്രമണകാലംവരെ ഈ ഐക്യത്തെ നിലനിർത്തിപോന്നിരുന്നു മുഹമ്മദീയരുടെ സംസ്കാരം ഭിന്നമാണെങ്കിലും ദീർഘദർശിയായ അക്ബർ ചക്രവർത്തി ഏകഭാരതം സ്ഥാപിക്കുന്നതിനുവേണ്ടി ശ്രമിക്കുകയും അതിൽ ഏറെക്കുറെ വിജയിക്കുകയും ചെയ്തിട്ടുണ്ട്. ബ്രിട്ടീഷ് ഭരണകാലത്താണ് ആദ്യമായി ഇന്ത്യയിൽ രാഷ്ട്രീയൈക്യമുണ്ടായിട്ടുള്ളതു. ചരിത്രകാലം തുടങ്ങിയതിനുശേഷം ഹിമവൽസേതുപര്യന്തം ഭാരതം മുഴുവനും ആദ്യമായി ഒരധികാരത്തിൻ കീഴിൽവന്നതു അന്നാണ്. അതിന്നു നാം അവരെ അഭിനന്ദിക്കേണ്ടതാണ്. പക്ഷെ അതുശക്തികൊണ്ടുണ്ടായതാണ്; സ്നേഹംകൊണ്ടുണ്ടായതല്ല ആ ഐക്യം നിലനിൽക്കണമെങ്കിൽ അതിൻെറ അടിസ്ഥാനം സ്നേഹമാകണം. അന്യോന്യസമ്പർക്കംകൊണ്ടേ പരസ്പരസ്നേഹം ഉണ്ടാകയുള്ളൂ. ഭിന്നദേശീയരെ കൂട്ടിയിണക്കുന്നതിന്നു ദേശീയമായ ഒരു ഭാഷയും ഗതാഗത സൌകര്യങ്ങളും വാർത്താവിനിമയവും, വാണിജ്യവും പ്രധാനപ്പെട്ട ഘടകങ്ങളാണ്.

1947–ൽഇന്ത്യ സ്വതന്ത്രമായപ്പോൾ വർഗ്ഗീയവും മതപരവുമായ ഛിദ്രവാസനകൾക്കുള്ള വഴികളെല്ലാം അടച്ചുകളഞ്ഞു. ഇന്ത്യ ഒരു മതേതരരാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ടു അവസരസമത്വം എല്ലാവർക്കും അനുവദിക്കപ്പെട്ടു. അങ്ങിനെ വൈകാരികമായ തകർച്ചകൾ തടയപ്പെട്ടു. അതോടുകൂടി ബാഹ്യവും ഭൂമിശാസ്ത്രപരവുമായ അടുപ്പത്തിനുള്ള വഴികൾ തെളിയിച്ചു. ഗതാഗതസൌകര്യങ്ങൾ വർദ്ധിപ്പിച്ച് ഭിന്നദേശീയരെ അന്യോന്യം അടുപ്പിച്ചു, വാർത്താവിനിമയ സൗകര്യങ്ങൾ

വർദ്ധിപ്പിച്ചു. അന്യോന്യം ആശയങ്ങൾ കൈമാറുന്നതിനും തൻമൂലം മനസ്സുകൊണ്ടു ഇണങ്ങുന്നതിനും വഴിയുണ്ടാക്കി. വാണിജ്യസൗകര്യങ്ങൾ വർദ്ധിപ്പിച്ച് അന്യോന്യ സമ്പർക്കവും പരസ്പരാശ്രയ ബോധവും ജനങ്ങളുടെ ഇടയിൽഉണ്ടാക്കിത്തീർത്തു ഇനി ഒരു ദേശീയ ഭാഷയുംകൂടി വന്നുചേർന്നാൽ ഐക്യത്തിന്നുള്ള അടിസ്ഥാനങ്ങളെല്ലാം പൂർത്തിയായി. ഈ വിഷയങ്ങളിൽ, ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിച്ചതിനു ശേഷമുണ്ടായിട്ടുള്ള പുരോഗതിയെപ്പററി നമുക്ക മനസ്സിലാക്കാം.

ഗതാഗതം. ഗതാഗതസൗകര്യങ്ങൾ വർദ്ധിക്കുന്നതോടൊപ്പം ദേശീയൈക്യം ദൃഢതരമായിവരും. നാനാഭാഗങ്ങളിലുമുള്ള ജനവിഭാഗങ്ങളെ തമ്മൽ തമ്മിൽ അടുപ്പിക്കുന്നതിന്നു ഗതാഗത സൗകര്യങ്ങൾ ഉപകരിക്കുന്നു. റോഡ്, റെയിൽ, ജലം, ആകാശം, എന്നീ മാർഗ്ഗങ്ങൾ ജനങ്ങൾ ഗതാഗതത്തിനു ഉപയോഗിക്കുന്നു. ഈ ഗതാഗതമാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിന്നു ഗവർമ്മേണ്ടു ശ്രദ്ധിക്കുന്നുണ്ട്.

ഇന്ത്യയിലെ വലിയ നഗരങ്ങളെല്ലാം നല്ല റോഡുകൾമൂലം ബന്ധിക്കപ്പെട്ടിരിക്കുന്നു. ഇവദേശീയ പ്രാധാന്യമുള്ള നിരത്തുകളാണ്. നല്ലവണ്ണം കല്ലിട്ടുറപ്പിച്ചു അവയെ വേണ്ടപോലെ കേന്ദ്ര ഗവർമ്മെണ്ടു തന്നെ പണം ചിലവാക്കി സംരക്ഷിച്ചുവരുന്നു. പാലങ്ങൾ വേണ്ടിടത്തു അവ നിർമ്മിച്ചും, അപായങ്ങൾ നേരിടാതിരപ്പാൻ അവയ്ക്കു വീതികൂട്ടിയും വളവുകുറച്ചും, യാത്രക്കാരുടെ സൗകര്യസുഖങ്ങൾക്കുവേണ്ടി അവ നിരപ്പാക്കിയും അനേകം റോഡുകൾ ശ്രീനഗർ മുതൽ കന്യാകുമാരിവരെയും

ആസ്സാംമുതൽ പഞ്ചാബുവരേയും നിർമ്മിക്കപ്പെട്ടിട്ടുണ്ടു. അവയിൽ പ്രധാനമായവ താഴെ ചേർക്കുന്നു.

1. അമൃതസരസ്സിൽനിന്നു കല്ക്കത്തയിലേക്കു.
2. ആഗ്രയിൽനിന്നു ബോംബെയിലേക്കു.




3. ബോംബെയിൽനിന്നു ബാംഗ്ലൂർ വഴി മദ്രാസിലേക്കു.

4. മദ്രാസിൽനിന്നു കല്ക്കത്തയിലേക്കു.

5. കല്ക്കത്തയിൽനിന്നു നാഗ്പൂർവഴി ബോംബെയിലേക്കു.

6. കാശിയിൽനിന്നു നാഗ്പൂർ, ഹൈദരബാദ്, കണ്ണൂർ, ബാംഗ്ളൂർവഴി കന്യാകുമാരിയിലേക്കു.

7. ദൽഹിയിൽനിന്നു അഹമ്മദബാദുവഴി ബോംബെയിലേക്കു.

8. അഹമ്മദബാദിൽനിന്നു കാണ്ട്ലാതുറമുഖത്തേക്കു.

9. അംബാലയിൽനിന്നു സിംലാവഴി തിബത്തിലേക്കു.

10. ദൽഹിയിൽനിന്നു മൊറാദബാദ് വഴി ലക്നോവിലേക്കു.

11. ലക്നോവിൽനിന്നു മുസഫർപൂർവഴി ബറൌണിയിലേക്കു (ഒരു ശാഖ നീപ്പാളിലേക്കും ഉണ്ടു.)

12. ആസ്സാം ആഭ്യന്തരറോഡു.

13. ആസ്സാം ട്രങ്ക്റോഡു (ഇതിൻെറ ഒരു ശാഖ മണിപുരംവഴി ബർമ്മ അതിർത്തിവരെയുണ്ട്.)

14. ബോംബേയിൽനിന്നും പടിഞ്ഞാറേ തിരംവഴി കന്യാകുമാരിയിലേക്ക്.

മേൽപറഞ്ഞവയെല്ലാം നാഷണൽ ഹൈവെയിൽ അടങ്ങീട്ടുള്ള റോഡുകളാണു ഇവക്കെല്ലാംകൂടി 13900 മൈൽനീളമുണ്ട്. ഇതിൽ ജമ്മു-ശ്രീനഗർറോഡിൽ 7250 അടി നീളത്തിൽ മല തുരന്നു ഒരു ടണൽ ഉണ്ടാക്കി അതിൽ കൂടിയാണു റോഡു പോകുന്നതു്. ഇതു ലോകത്തിലേയ്ക്കു ഏററവും നീളംകൂടിയ ടണലുകളിൽ ഒന്നാണു്. 1000 മൈൽ പുതിയ റോഡുകൾ ഉണ്ടാ

ക്കുന്നതിനും 9 വലിയ പാലങ്ങൾ നിർമ്മിക്കുന്നതിനും 2000 മൈൽ റോഡു നന്നാക്കുന്നതിനും രണ്ടാം പഞ്ചവൽസര പദ്ധതിയിൽ വകകൊള്ളിച്ചിട്ടുണ്ട്. ഇവയ്ക്കു പുറമെ എല്ലാ സംസ്ഥാനങ്ങളിലുമായി 21000 മൈൽ കല്ലിട്ട റോഡും 37000 മൈൽ നിരത്തുകളും പണി തീരുന്നതാണു്. ഈ റോഡുകളിലൂടെ ഇന്ത്യയിലാകെ 4 ലക്ഷത്തിലധികം കാറുകൾ സഞ്ചരിക്കുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

ഇന്ത്യയ്ക്കു 3500 നാഴിക കടലോരമുണ്ടു്. തന്നിമിത്തം കപ്പൽ ഗതാഗത സൗകര്യം തീരപ്രദേശത്തു വേണ്ടുവോളമുണ്ടു്. 6 വലിയ തുറമുഖങ്ങളും 2൦0 ചെറിയ തുറമുഖങ്ങളും ഉള്ള രാജ്യമാണു് ഇന്ത്യ. കല്ക്കത്ത വിശാഖപട്ടണം, മദ്രാസ്, കൊച്ചി, ബോംബെ, കാണ്ട്ലാ എന്നിവയാണു വലിയ തുറമുഖങ്ങൾ കോക്കനാദ, മസൂലിപട്ടണം, പോണ്ടിച്ചേരി, തൂത്തുക്കുടി, തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോടു്, മംഗലാപുരം, സൂറാത്തു് മുതലായവ ചെറിയ തുറമുഖങ്ങളാകുന്നു. ഉൾനാടൻ സഞ്ചാരത്തിനു നദികൾ ഉപകരിക്കുന്നു ഗംഗ ബ്രഹ്മപുത്ര മുതലായ വലിയ നദികളിൽ കുറെദൂരം കപ്പലുകൾക്കു തന്നെ സഞ്ചരിക്കാം. ബോട്ടുകളും വഞ്ചികളും ചെറിയ നദികളിലും തോടുകളിലും ധാരാളം ഉപയോഗിക്കുന്നു. നമ്മുടെ നദികളിലും തോടുകളിലുമായി 5500 നാഴികയോളം ജലഗതാഗതം ഇന്നുണ്ടു്. കേരളത്തിലെ കായലുകളും തോടുകളും ഗതാഗതത്തിനു വളരെ പ്രസിദ്ധപ്പെട്ടവയാണു്.

ഇന്ത്യയിലെ ചരിത്രപ്രധാനങ്ങളായ പ്രദേശങ്ങൾ, മനോഹരങ്ങളായ കാഴ്ചകൾ, പ്രകൃതിരമണീയങ്ങളായ

ഭൂഭാഗങ്ങൾ എന്നിവയെ നേരിട്ടുകാണുവാനും മററുമായി അനേകം വിദേശീയർ എന്നും ഇന്ത്യയിൽ വന്നുകൊണ്ടിരിക്കുന്നുണ്ട്. 1958-ൽ ഇത്തരം സന്ദർശകർ ഒരു ലക്ഷത്തോളംപേരുണ്ടായിരുന്നുവെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇവരുടെ വരവിൽനിന്നു 16 കോടി രൂപായോളം ഇന്ത്യാ ഗവർമ്മെൻറിനു 1957-ൽ ആദായമുണ്ടായിട്ടുണ്ട്. ഇവർക്കു സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനായി ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറുതന്നെ പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യയിൽ സ്ക്രൂളുകളിൽനിന്നു വിദ്യാർത്ഥികളെ സംഘമായി വിനോദവിജ്ഞാന സഞ്ചാരത്തിനു കൊണ്ടുപോകുന്നതിനെ പ്രോൽസാഹിപ്പിക്കുവാനും തന്മൂലംവിദ്യാർത്ഥികൾക്കു ഇന്ത്യയിൽ അടുത്തകാലത്തുണ്ടായിട്ടുള്ള പുരോഗതിയെ നേരിട്ടു കണ്ടു പഠിക്കുവാൻ സൗകര്യപ്പെടുത്തുന്നതിനുംവേണ്ടി കേന്ദ്ര ഗവർമ്മെൻറു പല സൗകര്യങ്ങളും ധനസഹായവും ചെയ്യുന്നുണ്ട്. ഈ വിധത്തിലുള്ള യാത്രകൾ ഭാവിയിൽ ഐക്യബോധം വളർത്തുന്നതിനു പററിയവയാണ്.

ഇന്ത്യ സ്വതന്ത്രമായതിനുശേഷം വ്യോമസഞ്ചാരം വളരെ വിപുലമായിട്ടുണ്ട്. വിമാനസഞ്ചാരം സൗകര്യപ്രദമായി നടത്തുന്നതിൽ വിമാന സർവ്വീസു നടത്തിയിരുന്ന കമ്പനികൾ എല്ലാം കേന്ദ്ര ഗവർമ്മെൻറു ഏറെറടുത്തു ദേശസാല്കരിച്ചു. ഇന്ത്യയുടെ അകത്തു വിമാന സർവീസ് നടത്തുന്നതിനു "ഇന്ത്യൻ എയർ ലൈൻസ് കോർപ്പറേഷനും, ഇന്ത്യയും വിദേശങ്ങളുമായി വിമാന




സീർവ്വസ് നടത്തുന്നതിനു "എയർ ഇന്ത്യ ഇൻററ് നാഷനൽ" എന്ന കമ്പനിയും സ്ഥാപിച്ചു ആദ്യത്തേതു ഇന്ത്യയിലെ പ്രധാന നഗരങ്ങിലെല്ലാം പോകുന്ന വിമാന സവ്വീസാണ്. രണ്ടാമത്തേതു് ഇന്ത്യയ്ക്കു പുറമെ 19 രാജ്യങ്ങളുമായി സമ്പക്കം പുലത്തുന്നുണ്ട്. ബോംബെ, കൽക്കത്ത, ദൽഹി എന്നിവിടങ്ങളിലാണു ദേശാന്തരീയ വിമാനത്താവളങ്ങളുള്ളതു്. നാഗപ്പൂർ, മദ്രാസ്, അഗ

ത്തല, ഗൗഹതി, അഹമ്മദാബാദ് എന്നിവയും പ്രധാന വിമാനത്താവളങ്ങളാണ്. പ്രധാന സർവീസുകൾ ഡൽഹി, കൽക്കത്ത, മദ്രാസ്, ബോംബെ എന്നീ നഗരങ്ങൾ തമ്മിലാണ്. തിരുവനന്തപുരത്തുനിന്ന കൊച്ചി, കോയമ്പത്തൂർ, ബാംഗ്ളൂർ, ഹൈദരബാദ്, നാഗപ്പൂർ വഴി ഡൽഹിയിലേയ്ക്കു വിമാന സർവ്വീസുണ്ട്.

1958 അവസാനത്തിൽ ഇന്ത്യയിൽ 522 പ്രവർത്തനക്ഷമമായ വിമാനങ്ങളുണ്ടായിരുന്നു. വിമാനത്താവളങ്ങൾ ആകെ 84 എണ്ണമാണുള്ളത്.

പൈലററുകളെ പരിശീലിപ്പിക്കുവാനും, വിമാനത്തെ സംബന്ധിച്ചുള്ള സാങ്കതിക ജ്ഞാനംകൊടുക്കുവാനും ഒരു കേന്ദ്രം അലഹബാദിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. 1958 ൽ ഇവിടെ 312 പേർക്ക് വിവിധ സംഗതികളിലായി പരിശീലനം കൊടുത്തിട്ടുണ്ട്.

ഡൽഹി, ബോംബെ, മദ്രാസ്, പാററ്നാ ബാറക്പൂർ, ഭുവനേശ്വർ, ലക്നോ എന്നിവ കേന്ദ്രമാക്കി ഇന്ത്യയിൽ 14 ഫ്ളയിങ്ങ് ക്ലബ്ബുകളുണ്ട്. അവയ്ക്കു കേന്ദ്ര ഗവർമെൻറിൽ നിന്നു ധനസഹായം ലഭിക്കുന്നു. ഇവയിലും പൈലററു പരിശീലനം നടക്കുന്നുണ്ട്. 1958-ൽ ഇവയിലാകെ 541 പേർ പരിശീലനം നടത്തിയിരുന്നു.

റെയിൽവേ ഗതാഗതത്തിൻെറ കാര്യത്തിലും ഇന്ത്യയുടെ നില മോശമല്ല ഏഷ്യയിൽവെച്ചു ഏററവും വലുതും ലോകത്തിലേക്കു വലിപ്പത്തിൽ നാലാമത്തേതുമാണ് ഇന്ത്യൻ തീവണ്ടിപ്പാത. രാഷ്ട്രം ഏറെറടുത്തു നടത്തുന്ന ഏററവും വലിയ പൊതുസംരംഭങ്ങളിൽ ഒന്നാ

ണിതു്. 11 ലക്ഷം ജനങ്ങൾ റെയിൽവേ ജോലി ചെയ്യുന്നുണ്ടു്. ചിലവു കഴിച്ചു 71 കോടിയോളം രൂപ ആദായം ആണ്ടുതോറും ഉണ്ടു്.

ഇന്ത്യക്കു 1947-ൽ സ്വാതന്ത്ര്യം ലഭിച്ചപ്പോൾ റെയിൽവേയിൽ ഉണ്ടായിരുന്ന 37 ഘടകങ്ങളെ ഭരണ സൗകര്യത്തിനും കാര്യക്ഷമതയ്ക്കും വേണ്ടി 8 മേഖലകളാക്കി തിരിച്ചു. അവ (1) മദ്രാസ് കേന്ദ്രമായ തെക്കൻ



റെയിൽവെ, (2) ബോംബേ കേന്ദ്രമായ സെൻട്രൽ റയിൽവെ, (3) ബോംബേ കേന്ദ്രമായ പടിഞ്ഞാറൻ റയിൽവെ, (4) ദൽഹി കേന്ദ്രമായ വടക്കൻ റയിൽവെ, (5) ഗോരക്പൂർ കേന്ദ്രമായ വടക്കുകിഴക്കൻ റയിൽവെ, (6) പാണ്ഡു കേന്ദ്രമായ വടക്കുകിഴക്കൻ അതിർത്തി റയിൽവെ, (7) കല്ക്കത്ത കേന്ദ്രമായ കിഴക്കൻ റയിൽവെ, (8) കല്ക്കത്ത കേന്ദ്രമായ തെക്കുകിഴക്കൻ റയിൽവെ എന്നിവയാണു്. ഇവയെല്ലാംകൂടി 35000 മൈൽ റെയിൽപാതയാണുള്ളതു്. രാജ്യത്തിൻെറ വിസ്താരം നോക്കുമ്പോൾ ഇനിയും ഇതു വികസിപ്പിക്കേണ്ടതുണ്ടു്. (ഒന്നാം പ: വ: പദ്ധതിയിൽ 423.73 കോടി രൂപയും രണ്ടാം പ: വ: പദ്ധതിയിൽ 900 കോടി രൂപയും റെയിൽവേകൾ കൂട്ടുന്നതിനും സുഖസൗകര്യങ്ങൾ കൂടുതൽ ഉണ്ടാക്കുന്നതിനും മററുമായി വകയിരുത്തിയിട്ടുണ്ടു് രണ്ടാം പദ്ധതിയിൽ പുതുതായി 842 മൈൽ പാത ഉണ്ടാക്കുന്നതിനും 8000 മൈൽ പുതുക്കുന്നതിനും, 265 മൈൽ വീതികൂട്ടുന്നതിനും മററും വ്യവസ്ഥചെയ്തിട്ടുണ്ടു്.) കേരളത്തിൽ അടുത്തുതന്നെ പണിതീർത്ത തീവണ്ടിപ്പാത നമ്മുടെ യാത്രക്കാർക്കു സൗകര്യം വർദ്ധിപ്പിച്ചിട്ടുണ്ടല്ലൊ.

യാത്രക്കാർക്കു സുഖസൗകര്യത്തോടുകൂടി യാത്രചെയ്യുന്നതിനും സാമാനങ്ങൾ കൊണ്ടുപോകുന്നതിനുമാണല്ലൊ തീവണ്ടികൾ ഉപയോഗിക്കുന്നതു്. ഈ രണ്ടിനങ്ങളിലുമായി വളരെ വരുമാനം ഗവർമ്മെൻറിനുണ്ടു്.

വാർത്താ വിനിമയം. ജനങ്ങളെ തമ്മിൽതമ്മിൽ അടുപ്പിക്കുന്ന മറെറാരു പ്രധാനമായ കണ്ണിയാണു വാർത്താ വിനിമയ സൗകര്യങ്ങൾ. തപാൽ (Post), കമ്പി

തപാൽ, (Telegraph), ടെലിഫോൺ, കമ്പിയില്ലാക്കമ്പി, (wireless), റേഡിയോ പ്രക്ഷേപണങ്ങൾ, വൃത്താന്തപത്രങ്ങൾ എന്നിവയാണല്ലൊ വാർത്തകൾ വിതരണം ചെയ്യുവാനുള്ള ഏർപ്പാടുകൾ.

രാഷ്ട്രം ഏറ്റെടുത്തു നടത്തുന്ന പൊതുസംരംഭങ്ങളിൽ റെയിൽവേ കഴിഞ്ഞാൽ അടുത്തസ്ഥാനം തപാൽ സർവ്വീസിന്നാണ്. ഇതിൽ 3 ലക്ഷത്തിലധികം പേർ ജോലി ചെയ്യുന്നുണ്ട്. ഈ ഡിപ്പാർട്ടുമെൻറ് 13 പ്രാദേശിക യൂണിററുകളായിട്ടാണു പ്രവർത്തിക്കുന്നതു്. ഇന്ത്യയിലാകെ നാലു ടെലിഫോൺ കേന്ദ്രങ്ങളാണുള്ളതു്. കല്ക്കത്ത, ബോംബെ, മദ്രാസ്, ഡെൽഹി എന്നിവ.

ഇന്ത്യയിലെ മിക്കവാറും എല്ലാ സ്ഥലങ്ങളിലും തപാലാഫീസുകളുണ്ട്. അവിടെ നിന്നു കിട്ടുന്ന കാർഡൊ, കവറൊ വാങ്ങി നമുക്കു എവിടേക്കു വേണമെങ്കിലും കത്തുകളയക്കാം. ചിലവ് നിസ്സാരമാണ്. അഞ്ചുനയാപൈസ കൊടുത്താൽ ഒരു കാർഡുകിട്ടും. ഇന്ത്യയിൽ എവിടെയ്ക്കായാലും അതിൽ എഴുതി അയച്ചാൽ മതി. കൂടുതൽ എഴുതണമെങ്കിൽ 10 നയാപൈസക്കു ഇൻലാണ്ടുകവറൊ അതിലും കൂടുതൽ എഴുതേണ്ടതുണ്ടെങ്കിൽ 15 നയാപൈസയുടെ കവറൊ ഉപയോഗിച്ചാൽമതി. പണവും പുസ്തകങ്ങളും അധികം ഭാരമില്ലാത്ത സാധനങ്ങളും തപാൽ വഴി കയക്കാം ഇന്ത്യയിൽ ഏതു സ്ഥലത്തും കത്തുകൾ എത്തുന്നതിന്നു അഞ്ചാറു ദിവസം മതി, മദ്രാസു, കല്ക്കത്ത, ഡെൽഹി, ബോംബെ എന്നീ നഗരങ്ങളിൽ

നിന്നു വിമാനമാർഗ്ഗം കത്തുകൾ നാഗപ്പൂരിൽ കൊണ്ടു വന്നു കൈമാററം ചെയ്യുന്നു. ദ്രുതഗതിയിൽ എഴുത്തുകൾ എത്തിച്ചുകൊടുക്കുന്നതിനാണു എയർമെയിൽ സർവ്വീസ് ഏർപ്പെടുത്തിട്ടുള്ളതു്. ഇന്ത്യയിലാകെ 60000-ത്തിൽപരം തപാലാപ്പീസുകളുണ്ടു് എഴുത്തുകളും ഉരുപ്പടികളും വിദേശങ്ങളിലേക്കും അയയ്ക്കാവുന്നതാണു്. പക്ഷെ അവയ്ക്കു കൂടുതൽ പണം ചിലവു ചെയ്യണം.

അടിയന്തിരമായി അതിവേഗത്തിൽ വിവരങ്ങൾ അറിയിക്കുന്നതിന്നു പല പ്രദേശങ്ങളിലും കമ്പി അടിക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടു്. ഇവയുടെ ആവശ്യം അധികവും പട്ടണങ്ങളിലാകകൊണ്ടു അവിടങ്ങളിലാണു കമ്പി ആഫീസുകൾ അധികവും ഉള്ളതു്. എല്ലാ തപാലാപ്പീസുകളിലും കമ്പി അടിക്കുന്നതിനുള്ള ഏർപ്പാടില്ല. കേരളത്തിൽനിന്നു ആസ്സാമിലേക്കു കത്തയച്ചാൽ അഞ്ചാറു ദിവസംകൊണ്ടേ അതവിടെ എത്തുകയുള്ളു. എന്നാൽ കമ്പിയടിച്ചാൽ അല്പം മണിക്കൂറുകൾക്കിടയിൽ വിവരം അവിടെ കിട്ടും. ഇന്ത്യയിലാകെ 10723 കമ്പിയാഫീസുകൾ ഉണ്ടു്. അവയിൽനിന്നു ആണ്ടുതോറും 8 കോടിയോളം രൂപ വരവുമുണ്ടു്.

കമ്പിതപാലിനേക്കാൾ കൂടുതൽ സൗകര്യമാണു ടെലഫോൺ. ദൂരദേശത്തുള്ള ആളുകളോടു ഇതിൽക്കൂടി നമുക്കു നമ്മുടെ വീട്ടിൽതന്നെ ഇരുന്നു സംസാരിക്കാം. എന്നാൽ പ്രധാന കേന്ദ്രങ്ങളിൽ മാത്രമെ ടെലഫോൺ സർവ്വീസുള്ളു. കേന്ദ്രഗവർമ്മെണ്ടു ഇക്കാര്യത്തിലും വികസനപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടു് 1957-58-ൽ

ഇന്ത്യയിലാകെ 335000 ടെലഫോണുകൾ പ്രവർത്തിച്ചിരുന്നു. ഈ ഇനത്തിൽനിന്നു $18\frac{1}{2}$ കോടിയോളം രൂപ വരവുണ്ട്. ടെലഫോൺ യന്ത്രങ്ങൾ ബാംഗളൂരിൽ ഉണ്ടാക്കപ്പെടുന്നുണ്ട്. ഇതിനുവേണ്ട ഉപകരണങ്ങളിൽ ഭൂരിഭാഗവും ഇന്ത്യയിൽതന്നെ ഉണ്ടാക്കപ്പെടുന്നുണ്ട്. എന്നാൽ രണ്ടുമൂന്നെണ്ണംമാത്രം വിദേശങ്ങളിൽനിന്നു വാങ്ങുകയാണ്.

കമ്പി അടിക്കുന്നതിനു കമ്പി ആപ്പീസുകളും അവ തമ്മിൽ ബന്ധിപ്പിക്കുന്ന ലോഹക്കമ്പികളും അവയ്ക്കുള്ള തൂണുകളും മററും ആവശ്യമാണല്ലോ. ഇവയൊന്നും കൂടാതെ വാർത്താവിതരണം നടത്തുന്ന ഒരു ഏർപ്പാടുണ്ട്. അതാണു കമ്പിയില്ലാകമ്പി (Wireless Telegraph) അഥവാ റേഡിയോ ടെലഗ്രാഫ്. 1947 നുമുമ്പ് ഇന്ത്യയിൽ മൂന്നു വയർലസ് സ്റ്റേഷനുകൾമാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ അതു 57 ആയി വർദ്ധിച്ചിട്ടുണ്ട്. സമുദ്രസഞ്ചാരം ചെയ്യുന്ന കപ്പലുകൾക്കു വാർത്തകൾ നൽകുന്നതിന്നായിരുന്നു ആദ്യം അവ ഉപയോഗിച്ചിരുന്നതു്. ഇപ്പോൾ ഇന്ത്യയുടെ നാനാഭാഗത്തും അവ സ്ഥാപിച്ചു അനേകം വിദേശരാജ്യങ്ങളുമായി ഇന്ത്യാക്കാർ ബന്ധം പുലർത്തി വരുന്നു. ഇതുപോലെ റേഡിയോ ഫോൺ സർവ്വീസ്, റേഡിയോ ഫോട്ടോ സർവ്വീസ്, റേഡിയോ ടെലിപ്രിൻറർ സർവ്വീസ് എന്നിവയും നടപ്പുണ്ട്. ഇവയെല്ലാം ജനങ്ങളെ കൂടുതൽ അടുപ്പിക്കുന്നതിന്നു സഹായകമായിട്ടുണ്ട്. അടുത്തകാലത്തു ടെലിവിഷൻ ഏർപ്പാട് ഡെൽഹിയിൽ ആരംഭിച്ചിട്ടുണ്ട്. അതിൻെറ സഹായംകൊണ്ടു നമുക്കു റേഡിയോവിൽ പ്രസംഗങ്ങൾ കേൾക്കുന്നതോ

ടൊപ്പം പ്രാസംഗികനെ കാണുവാനും സാധിക്കും. ഇങ്ങിനെ ശാസ്ത്രീയമായ ഗവേഷണങ്ങളെക്കൊണ്ടു ഇക്കാലത്തു ദൂരവും കാലവും മനുഷ്യരുടെ അന്യോന്യ സമ്പർക്കത്തിന്നു തടസ്സമില്ലാതായിട്ടുണ്ടു്.

വാർത്താ വിനിമയ കാര്യത്തിൽ റേഡിയോവിനു ഇന്നു വലിയ പങ്കുണ്ടു് 1927 ലാണു് ആദ്യമായി ഇന്ത്യയിൽ പ്രക്ഷേപണ കേന്ദ്രങ്ങൾ ആരംഭിച്ചതു്. അന്നു ഒരു സ്വകാര്യ കമ്പനിയാണു ബ്രോഡ്കാസ്റ്റിംങ്ങ് സർവ്വീസ് നടത്തിയിരുന്നതു്. 1930–ൽ ഈ കമ്പനിക്കു ധനസംബന്ധമായ കുഴപ്പങ്ങളുണ്ടായി അപ്പോൾ ഇന്ത്യാ ഗവർമെൻറു ഇതിൻെറ ചുമതല ഏറെറടുത്തു. 1936–ൽ ഇതിൻെറ പേർ 'ആൾ ഇന്ത്യാ റേഡിയോ' എന്നാക്കി. ഇന്നു ഈ സ്ഥാപനത്തിനു എല്ലാ സംസ്ഥാനങ്ങളിലും അതാതിടങ്ങളിലെ ഭാഷകളിൽ പ്രക്ഷേപണം നടത്തുന്ന ഇരുപത്തെട്ടു സ്റ്റേഷനുകൾ ഉണ്ടു്. കർണ്ണാടക സംഗീതം, നാടോടിപ്പാട്ടുകൾ, സിനിമാപ്പാട്ടുകൾ, പാശ്ചാത്യസംഗീതം, പ്രസംഗങ്ങൾ, നാടകങ്ങൾ, വർത്തമാനങ്ങൾ, പ്രഖ്യാപനങ്ങൾ, കുട്ടികൾക്കും വിദ്യാർത്ഥികൾക്കും, ഗ്രാമീണർക്കും, സ്ത്രീകൾക്കും, വ്യവസായികൾക്കും യോജിച്ചതായ പരിപാടികൾ, സംഗീതപാഠങ്ങൾ, ഹിന്ദിപാഠങ്ങൾ മുതലായവയാണു സാധാരണ പരിപാടികൾ. ഇതിൻെറ ഫലമായി റേഡിയോ സെററുകൾ വാങ്ങുന്നവരുടെ എണ്ണവും വർദ്ധിച്ചുവരുന്നു. വിനോദത്തിനും വിജ്ഞാനത്തിനും വാർത്താ പ്രചരണത്തിന്നും ഇവ അത്യന്തമുപകരിക്കുന്നു. ഇങ്ങിനെ ജനങ്ങളുടെ ഐക്യബോധത്തെ വളർത്തുന്നതിന്നു എ. ഐ. ആറും പ്രയോജനപ്പെടുന്നു.

റേഡിയോവിനെപോലെ വാർത്താ വിനിമയ കാര്യ ത്തിൽ അതിപ്രധാനമായ പങ്കു വഹിക്കുന്നതാണു വൃത്താന്തപത്രങ്ങൾ. കേരളത്തിൽ ധാരാളം ദിനപത്രങ്ങൾ ഉള്ളതു നിങ്ങൾക്കറിയാം. ഇതുപോലെ ഇന്ത്യയിലെല്ലായിടത്തും അതാതു ദേശത്തെ പ്രാദേശിക ഭാഷയിലും, ഹിന്ദിയിലും, ഇംഗ്ലീഷിലും ദിനപത്രങ്ങളുണ്ട്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ ചിന്താഗതിയും ആശയാഭിലാഷങ്ങളും അന്യോന്യം കൈമാറുന്നതിനുപത്രങ്ങൾ ഉപകരിക്കുന്നു. പ്രതിദിനം, വാരിക, മാസിക, ത്രൈമാസിക ഇങ്ങിനെ പല വിധത്തിലുള്ള പത്രങ്ങൾ എല്ലാംകൂടി 1958-ൽ ഇന്ത്യയിൽ 5932 എണ്ണമുണ്ടായിരുന്നു. അതിൽ ഇംഗ്ലീഷിലും, ഹിന്ദിയിലും ആയിരത്തിൽപരം വീതമുണ്ട്. പത്രങ്ങൾ വാർത്തകൾ വിതരണം ചെയ്യുക മാത്രമല്ല, ദൈനംദിന ഭരണത്തേയും പ്രാധാന്യമർഹിക്കുന്ന പൊതുക്കാര്യങ്ങളേയും പററി നിരൂപണംചെയ്തു പൊതുജനാഭിപ്രായത്തെ രൂപീകരിക്കുകയും ചെയ്യുന്നു. പത്രങ്ങളിൽനിന്നും അന്നന്നത്തെ വില നിരക്കുകൾ നമുക്കു മനസ്സിലാക്കുവാൻ സാധിക്കുന്നു. വ്യാപാരികൾക്കു, സ്ഥാപനങ്ങൾക്കു ഗവർമ്മേണ്ടിനുതന്നെയുംപരസ്യംചെയ്യേണ്ട ആവശ്യങ്ങൾക്കും പത്രങ്ങൾ ഉപകരിക്കുന്നു. ഗവർമ്മേണ്ടിൻെറ നയങ്ങൾ, നേട്ടങ്ങൾ, പദ്ധതികൾ മുതലായ കാര്യങ്ങളെപ്പററി യഥാർത്ഥമായ വിവരങ്ങൾ നൽകുന്നതിനുവേണ്ടി "പ്രസ്സ് ഇൻഫർമേഷൻബ്യൂറോ" എന്നൊരു സ്ഥാപനമുണ്ട്. അതിൻെറ കേന്ദ്രം ദൽഹിയിലാണ്. അതു ഇംഗ്ലീഷിലും പന്ത്രണ്ടു ഇന്ത്യൻ ഭാഷകളിലും വൃത്താന്തങ്ങൾ പത്രങ്ങൾക്കു കൊടുക്കുന്നുണ്ട്. നമ്മുടെ ഭരണഘടനയനുസരിച്ചു പത്ര

ങ്ങൾക്ക അഭിപ്രായങ്ങൾ തുറന്നു പറയുവാനുള്ള സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടു്. പത്രങ്ങൾക്ക വർത്തമാനങ്ങൾ അതിവേഗത്തിൽ കിട്ടുന്നതിനുവേണ്ടി ടെലിപ്രിൻറർ സർവ്വീസടക്കമുള്ള പല ആനുകൂല്യങ്ങളും കേന്ദ്ര ഗവർമ്മെണ്ടു ചെയ്തു കൊടുക്കുന്നുണ്ടു്.

ഫിലിമുകൾ. പത്രങ്ങളിലൂടെ നമുക്ക ദൂരദേശങ്ങളിലെ വർത്തമാനങ്ങളും സംഭവങ്ങളും വായിച്ചറിയുവാനേ സാധിക്കുകയുള്ളു. എന്നാൽ ഫിലിമുകൾ വഴിക്ക നമുക്ക അവ പ്രത്യക്ഷത്തിൽ കാണുവാൻ തന്നെ സാധിക്കും. സിനിമ കാണുന്നതു നിങ്ങൾക്കെല്ലാവർക്കും ഇഷ്ടമാണല്ലോ. ഇതു ഒരേ സമയത്തു തന്നെ വിനോദത്തെയും വിജ്ഞാനത്തേയും പ്രദാനം ചെയ്യുന്നു. വാർത്താ വിനിമയത്തിൽ ഇതിനും അതുല്യമായ ഒരു സ്ഥാനമുണ്ടു്.

സാധാരണയായി സിനിമാശാലകളിൽ നിങ്ങൾ സിനിമ കാണുമ്പോൾ കഥ തുടങ്ങുന്നതിനു മുമ്പായി ചില 'ഡോക്യുമെൻററി' ഫിലിമുകളും ന്യൂസ്റീലും പ്രദർശിപ്പിക്കുന്നതായി കണ്ടിട്ടുണ്ടാവും. ഇവ ഇന്ത്യാ ഗവർമെൻറിൻെറ വാർത്താ വിതരണമന്ത്രിയുടെ മേൽനോട്ടത്തിലാണു് ഉണ്ടാക്കപ്പെടുന്നതു്. ഇതിൽ ഇന്ത്യയിലും പുറമെയും അന്നന്നു നടക്കുന്നതായ പ്രധാന സംഭവങ്ങളെ ചിത്രീകരിച്ചിട്ടുണ്ടാകും. കഥയായാലും വാർത്താ പ്രക്ഷേപണത്തിനുള്ളതായാലും എല്ലാ ഫിലിമുകളും കേന്ദ്ര ഗവർമെൻറു നിശ്ചയിച്ചിട്ടുള്ള ഏഴംഗങ്ങളുള്ള ഒരു കമ്മിററി പരിശോധിച്ചു പ്രദർശന യോഗ്യമാണെന്നു സമ്മതിച്ചല്ലാതെ അവയെ പ്രദർശിപ്പിക്കുവാൻ പാടില്ല. ജനങ്ങളുടെ സദാചാരബോധത്തെ സാരമായി

ബാധിക്കുന്ന ഒന്നാണു ഫിലിം പ്രശ്നമെന്നതുകൊണ്ടാണു ഇങ്ങിനെ നിശ്ചയിച്ചിട്ടുള്ളതു്.

വാണിജ്യം. ഒരു ഭാഗത്തു വസിക്കുന്ന ജനങ്ങൾ, അവർക്കു ആവശ്യത്തിലധികമുള്ള സാധനങ്ങൾ കൈമാററംചെയ്തു പകരം അവർക്കില്ലാത്തതോ അല്ലെങ്കിൽ ആവശ്യത്തിനു തികയാത്തതോ ആയ വസ്തുക്കൾ വാങ്ങുന്നതാണല്ലോ വാണിജ്യം. ജനങ്ങൾ തമ്മിൽ സമ്പർക്കം പുലർത്തുന്നതിനു ഈ കച്ചവടം ഒരു നല്ല ഉപാധിയാണു്. കച്ചവടക്കാരോ അവരുടെ ഏജൻറുമാരോ നാട്ടുതോറും സഞ്ചരിച്ചു അവർക്കാവശ്യമുള്ള വസ്തുക്കൾ വാങ്ങുന്നതായി കാണാം. ജനങ്ങളുടെ ഐക്യബോധം വളർത്തുവാനും പരസ്പരാധീനത്വം മനസ്സിലാക്കുവാനും വാണിജ്യം ഉപകരിക്കുന്നു.

ഇന്ത്യയിൽ ഉണ്ടാകുന്ന എല്ലാ സാധനങ്ങളും നമുക്കു ഉപയോഗിച്ചുതീർക്കാൻ സാദ്ധ്യമല്ല. നമുക്കു ആവശ്യമുള്ള എല്ലാ സാധനങ്ങളും ഇവിടെ ഉല്പാദിപ്പിക്കുന്നുമില്ല. നമ്മുടെ ഉപയോഗം കഴിച്ചു് അധികമുള്ള സാധനങ്ങൾ അവകൊണ്ടാവശ്യമുള്ള അന്യ ദേശക്കാർക്കു നാം കൊടുക്കുന്നു. ഇതിനു കയററുമതി കച്ചവടം എന്നു പറയും. നമുക്കില്ലാത്തതും അവശ്യം വേണ്ടതുമായ സാധനങ്ങൾ നാം അവയുള്ള അന്യ ദേശക്കാരുടെ പക്കൽ നിന്നും വാങ്ങുന്നു. ഇതിനു ഇറക്കുമതി കച്ചവടമെന്നു പറയുന്നു. ഈ വാണിജ്യം തുറമുഖങ്ങൾവഴിയാണു നടക്കുന്നതു്. കൽക്കത്തയിൽനിന്നു തേയിലയും ചണവും കയററുമതി ചെയ്യുന്നു. വിശാഖ പട്ടണത്തിൽനിന്നു മാംഗനീസ് കയററി അയയ്ക്കുന്നു. മദ്രാസിൽക്കൂടി അയ

യ്ക്കുന്നതു തുകൽ, എണ്ണവിത്തുകൾ, പരുത്തി വസ്ത്രങ്ങൾ എന്നിവയാണ്. കയർ, റബ്ബർ, തേയില, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയാണ് കേരളത്തിലുള്ള കൊച്ചിയിലെ കയററുമതികൾ. ബോംബേ പരുത്തിയും, വസ്ത്രങ്ങളും, എണ്ണ വിത്തുകളും കയററുമതി ചെയ്യുന്നു. കാണ്ട്ലായിൽനിന്നു പരുത്തിയും എണ്ണവിത്തുകളും തന്നെയാണ് അയക്കുന്നതു്. ഭക്ഷ്യധാന്യങ്ങൾ, യന്ത്രങ്ങൾ, പരുത്തി, പെട്രോൾ, രാസവസ്തുക്കൾ, ഔഷധങ്ങൾ, ലോഹവസ്തുക്കൾ, മോട്ടോർ വാഹനങ്ങൾ എന്നീ സാധനങ്ങൾ നാം വിദേശങ്ങളിൽനിന്നു വാങ്ങുന്നു.

വിദേശങ്ങളുമായിട്ടുള്ള വ്യാപാരത്തിനു പുറമെ ഇൻഡ്യയിൽത്തന്നെ കടൽത്തീരം വഴിയായി ഒരു തുറമുഖത്തുനിന്നു മറെറാരു തുറമുഖത്തിലേക്കു കയററിറക്കുമതികൾ നടക്കുന്നു. അതുപോലെ രാജ്യത്തിൻെറ ഉൾഭാഗത്തും തീവണ്ടിവഴിയായും, ലോറികൾ വഴിയായും, ജലമാർഗ്ഗമായും വ്യാപാരങ്ങൾ നടക്കുന്നുണ്ട്. വിദേശങ്ങളുമായി 500 കോടി രൂപക്കു കച്ചവടം നടക്കുമ്പോൾ ആഭ്യന്തര വ്യാപാരം 7000 കോടി രൂപക്കുണ്ട്.

ഇന്ത്യയിലെ അളവുകൾക്കും തൂക്കങ്ങൾക്കും ഐകരൂപ്യം വരുത്തുന്നതു കച്ചവടത്തിൻെറ അഭിവൃദ്ധിക്കും ജനങ്ങളുടെ വിശ്വാസത്തിനും ആവശ്യമാണ്. അതുകൊണ്ടു കേന്ദ്രഗവൺമെൻറ് ദശാംശാടിസ്ഥാനത്തിലുള്ള തൂക്കങ്ങളും അളവുകളും 1958 ഒക്ടോബർ മുതൽ നടപ്പിലാക്കി. പഴയ രീതി അനുസരിച്ചു ഒരു ഉത്തരേന്ത്യക്കാരൻ ദക്ഷിണേന്ത്യയിൽ വന്നു സാമാനങ്ങൾ വാങ്ങുമ്പോൾ തൂക്കങ്ങളും അളവുകളും അവർക്കു തീരെ പരി

ചയമില്ലാതെ കച്ചവടക്കാരനെപ്പററി സംശയിക്കുവാൻ ഇടയാകുന്നു. ഇതുപോലെതന്നെയാണു ഒരു ദക്ഷിണേന്ത്യൻ ഉത്തരേന്ത്യയിൽ ചെന്നാലത്തേയും സ്ഥിതി ഇതിന്നുംപുറമെ ഓരോ സംസ്ഥാനത്തിലും പ്രത്യേകതരം തൂക്കങ്ങളും അളവുകളും ഉള്ളതായി കണ്ടിരുന്നു. ഈ സംഗതി വ്യാപാരികൾക്കും ഉപഭോക്താക്കൾക്കും ഒരുപോലെ അസൗകര്യമുണ്ടാക്കുന്നതു തന്നെയാണ്. ഈ ദുഃസ്ഥിതി പരിഹരിക്കാൻ വേണ്ടിയാണു തൂക്കങ്ങളുടെയും അളവുകളുടെയും വിഷയത്തിൽ നാണയങ്ങളുടേതുപോലെ ദശാംശാടിസ്ഥാനത്തിൽ ഒരു ഏകീകരണം പാർലമെൻറു നിയമപ്രകാരം നടപ്പാക്കിട്ടുള്ളതു്. ഇതു ഓരോ സ്റ്റേററുകളിലായി നടപ്പിൽ വരുത്തുന്നുണ്ടു്. 1960 ഒക്ടോബർ ആകുമ്പോഴെക്കും ഇന്ത്യയിൽ എല്ലായിടത്തും തൂക്കങ്ങളും അളവുകളും ഒരുപോലെയാകും.

പരസ്പരാശ്രയം. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണു. അവന്നു ഒററതിരിഞ്ഞുജീവിക്കുക സാദ്ധ്യമല്ല. അവൻെറ ജീവിതാവശ്യങ്ങൾ നിർവ്വഹിക്കുവാൻ സാമൂഹ്യജീവിതം അത്യാവശ്യമാണു്. ഒരുത്തനു അവനു ആവശ്യമുള്ള എല്ലാ കാര്യങ്ങളും അവനെക്കൊണ്ടുതന്നെ ചെയ്തുതീർക്കുവാൻ സാദ്ധ്യമല്ല. ഭക്ഷണത്തിനു ചോറു വേണം. അരിക്കുവേണ്ടി കൃഷിക്കാരനെ ആശ്രയിക്കണം. കൃഷിക്കാരന്നു അവൻെറ ആവശ്യങ്ങൾക്കു പണം വേണം. അതുകൊണ്ടു ആവശ്യമുള്ളവക്കു് അരിവിററു പണമാക്കുന്നു. ഉടുക്കാൻ വസ്ത്രം വേണം. അതിന്നു നാം നെയ്ത്തുകാരെ ആശ്രയിക്കുന്നു ഇങ്ങിനെ ആവശ്യങ്ങ

ളുടെ സ്ഥിതിയനുസരിച്ചു ഒരോ മനുഷ്യനും അന്യരെ ആശ്രയിക്കാതെ ജീവിക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ടു് പണംകൊണ്ടും, സാധനങ്ങളെക്കൊണ്ടും, പ്രവൃത്തികളെക്കൊണ്ടും അന്യോന്യം സഹായിക്കേണ്ടതും സഹകരിക്കേണ്ടതും എല്ലാവരുടെയും കടമയാണു്.

വ്യക്തികൾക്കെന്നപോലെ രാജ്യങ്ങൾക്കും പരസ്പരാശ്രയംകൂടാതെ നിലനിൽക്കുവാൻ സാദ്ധ്യമല്ല. കേരളീയരായ നമുക്കു തേങ്ങയും കുരുമുളകും ധാരാളം കൈവശം ഉണ്ടു്. പക്ഷേ നമ്മുടെ പക്കൽ ഗോതമ്പില്ല. പഞ്ചാബിലുള്ളവർക്കു തേങ്ങയും കുരുമുളകും ആവശ്യമുണ്ടു്. നാം അതു രണ്ടും അവർക്കു കൊടുക്കുന്നു. ഗോതമ്പു് അവരുടെ കയ്യിൽനിന്നു വാങ്ങുന്നു. ഇങ്ങിനെ ഇരു കൂട്ടരും അവരവരുടെ ആവശ്യങ്ങൾ നിറവേററുന്നു. ഇരു രാജ്യക്കാരും തമ്മിൽ സമ്പർക്കത്തിനും സൗഹൃദത്തിനും ഇടയാകുന്നു. അങ്ങിനെ ഐക്യത്തിനുള്ള വഴി തെളിയുന്നു.

ഒരു രാജ്യത്തിലെ ഭിന്നദേശങ്ങൾ തമ്മിലുള്ളപോലെ രാഷ്ട്രങ്ങൾ തമ്മിലും പരസ്പരാശ്രിതത്വമുണ്ടു്. ഉഷ്ണമേഖലയിലുള്ള രാജ്യങ്ങളിലുണ്ടാകുന്ന സാധനങ്ങൾ എല്ലാം ശീതപ്രദേശങ്ങളിൽ ഉണ്ടാകുന്നതല്ല. അതുപോലെ മറിച്ചും ശീതപ്രദേശങ്ങളിലെ ഉല്പന്നങ്ങൾ ഉഷ്ണമേഖലാ പ്രദേശങ്ങളിൽ ഉണ്ടാകയില്ല. ചില രാജ്യങ്ങളിൽ വ്യവസായങ്ങൾക്കു ഇരുമ്പുണ്ടാകും; പക്ഷെ കൽക്കരിയില്ല. അതുപോലെ ചിലേടത്തു കൽക്കരിയുണ്ടാകും. ഇരുമ്പുണ്ടാകില്ല. ഈ രാജ്യങ്ങൾ അന്യോന്യം സഹകരിച്ചെങ്കിലേ

യന്ത്രങ്ങൾ ഉണ്ടാകയുള്ളു. ചില രാജ്യങ്ങളിൽ യന്ത്രങ്ങൾ ധാരാളമുണ്ട്. പക്ഷെ അസംസ്കൃതവിഭവങ്ങളില്ല. ചിലേടത്തു് വിഭവങ്ങൾ ധാരാളമുണ്ട്. പക്ഷെ യന്ത്രങ്ങളില്ല. ഈ വിഭവങ്ങളെ മനുഷ്യോപയോഗത്തിന്നുതകത്തക്കതാക്കിത്തീക്കുവാൻ ആ രാജ്യങ്ങൾതമ്മിൽ സഹകരിക്കണം. അവ അന്യോന്യം ആശ്രയിക്കണം.

ഇങ്ങനെ വ്യക്തികൾതമ്മിലും ദേശങ്ങൾതമ്മിലും രാഷ്ട്രങ്ങൾ തമ്മിലും പരസ്പരാശ്രയം കൊണ്ടല്ലാതെ ഏകയോഗക്ഷേമം ലോകത്തിൽ സാധ്യമല്ല. അതാണ് 'ഐക്യരാഷ്ട്രസംഘടന'യുടെ അടിസ്ഥാനതത്വം.

---

# പ്രായോഗിക പ്രവർത്തനങ്ങൾ

## അദ്ധ്യായം 2.

1. കളിസ്ഥലത്തു് ഇന്ത്യയുടെ മാതൃക മണൽ കൊണ്ടു് നിർമ്മിച്ച്, താഴെ പറയുന്ന പട്ടണങ്ങൾ കരിപ്പൊടികൊണ്ടു് അടയാളപ്പെടുത്തുക. പിന്നീട് അവയെ യോജിപ്പിച്ചുകൊണ്ടുള്ള വ്യോമമാർഗ്ഗങ്ങൾ ചാരമോ, ചുണ്ണാമ്പോ ഉപയോഗിച്ചു് വരച്ചു പഠിക്കുക. നിങ്ങൾ അടയാളപ്പെടുത്തിയ വിമാന മാർഗ്ഗങ്ങളുടെ പേർ, ഓരോ സ്ഥലത്തും കടലാസ്സിൽ എഴുതി തറയ്ക്കുക. അന്തർദ്ദേശീയ വിമാനത്താവളങ്ങളുടെ

കൊടികളിൽ വിലങ്ങനെ നീലക്കടലാസ്സ് ഒട്ടിക്കുക. നിങ്ങൾ മാതൃകയിൽ കുറിക്കേണ്ട പ്രധാന സ്ഥലങ്ങൾ: തിരുവനന്തപുരം, കൊച്ചി, ബാംഗ്ലൂർ, മദിരാശി, ഹൈദരാബാദ്, ബോംബെ, അഹമ്മദാബാദ്, നാഗപ്പൂർ, കോൺപൂർ, ഡെൽഹി, ലക്നോ, ബനാറസ്സ്, പാററ്ന, കൽക്കത്ത, ഗൗഹതി, അഗർത്തല, ശ്രീനഗർ.

2. ഇന്ത്യയിലെ പ്രധാന റോഡുകളും, തുറമുഖങ്ങളും കാണിക്കുന്ന ഒരു പടം വരയ്ക്കുക.

3. ചുവടെ ചേർത്ത സ്ഥലങ്ങൾ അടയാളപ്പെടുത്തി അവിടെ നിന്നുള്ള പ്രധാന തീവണ്ടി മാർഗ്ഗങ്ങൾ ഇന്ത്യയുടെ പടത്തിൽ വരച്ചുകാണിക്കുക:—തിരുവനന്തപുരം, കൊച്ചി, മദിരാശി, ആരക്കോണം, തൃശ്ശിനാപ്പള്ളി, മംഗലാപുരം, ബാംഗ്ലൂർ, ഗുണ്ടക്കൽ, വാറങ്കൽ, പൂന, ബോംബെ, നാഗപ്പൂർ, ഇററാർസി, അല്ലഹബാദ്, ഡെൽഹി, ബറോഡ, ചാന്ദിഗർ, അമൃത്സാർ, ലക്നോ, കൽക്കത്ത, വിജയവാഡ, വിശാഖപട്ടണം.

4. ഇന്ത്യയിലെ പ്രധാന വ്യോമമാർഗ്ഗങ്ങൾ, റോഡുകൾ, തീവണ്ടിമാർഗ്ഗങ്ങൾ എന്നിവയുടെ ഒരു പട്ടിക തയ്യാറാക്കുക.

5. റെയിൽവേ മാപ്പിൻെറ സഹായത്തോടുകൂടി തിരുവനന്തപുരത്തുനിന്നു് ചുവടെ ചേർത്ത സ്ഥലങ്ങളിലേക്ക് പോകാവുന്ന ഏററവും എളുപ്പമായ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുക.

(1) ഡെൽഹി, (2) ബോംബെ (3) കൽക്കത്ത

6 ഒരു കത്തു് പോസ്റ്റ് ചെയ്തതു മുതൽ, അതു മേൽവിലാസക്കാരനു കിട്ടുന്നതുവരെയുള്ള അതിൻെറ

വിവിധ മാർഗ്ഗങ്ങളെ കാണിക്കുന്ന തരത്തിലുള്ള ഒരു പ്രോജക്ട് നടത്തുക.

7. സമീപത്തുള്ള കമ്പിയാപ്പീസിലേക്കും, പ്രക്ഷേപണ കേന്ദ്രത്തിലേക്കും അദ്ധ്യയന യാത്രകൾ പോവുക

8. താഴെ പറയുന്ന സംഗതികൾ എങ്ങിനെയാണ് ഇന്ത്യയുടെ ഐക്യത്തെ സഹായിക്കുന്നത് എന്നുള്ളതിനെക്കുറിച്ച്, കുട്ടികൾ സംഘങ്ങളായി ചർച്ച നടത്തുക:-

(1) തീവണ്ടി (2) റോഡുകൾ (3) വർത്തമാനപ്പത്രങ്ങൾ (4) തപാൽ സൗകര്യങ്ങൾ (5) പ്രക്ഷേപണം.

9. ചുവടെ കൊടുത്തിരിക്കുന്ന പട്ടിക പൂർത്തിയാക്കുക:-

| തുറമുഖം | പ്രധാന കയററുമതി | പ്രധാന ഇറക്കുമതി |
|---|---|---|
| കൽക്കത്ത | | |
| വിശാഖപട്ടണം | | |
| മദിരാശി | | |
| ബോംബെ | | |
| കാൻഡ്ല | | |
| കൊച്ചി | | |

## അദ്ധ്യായം 3.

# ലോകപ്രശസ്തരായ ചില മഹാന്മാർ

കഥകളും നോവലുകളും നിങ്ങൾ വളരെ ഔത്സുക്യത്തോടുകൂടി വായിക്കാറുണ്ടല്ലോ. ധീരന്മാരായ പുരാണപുരുഷന്മാരുടെ കഥകൾ കേൾക്കുന്നതിലും നിങ്ങൾക്ക് കൌതുകമില്ലേ? ലോകത്തിൽ പല പ്രകാരത്തിൽ പ്രശസ്തിയാർജ്ജിച്ചിട്ടുള്ള അനേകം മഹാന്മാരുണ്ട്. അവരിൽ ചിലരുടെ ജീവചരിത്രം ചുരുക്കമായി മനസ്സിലാക്കാൻ നമുക്കു ശ്രമിക്കാം.

1. സോക്രട്ടീസ്:-ബി. സി. 470-ൽ ഒരു സാധാരണ കുടുംബത്തിൽ ഒരു കൊത്തുപണിക്കാരന്റെ പുത്രനായി ഗ്രീസിലെ ആതെൻസ് നഗരത്തിൽ സോക്രട്ടീസ് ഭൂജാതനായി. സാമാന്യ വിദ്യാഭ്യാസത്തിനു ശേഷം അന്നത്തെ പതിവനുസരിച്ച് അദ്ദേഹം കുറേക്കാലം സൈനികസേവനം ചെയ്തു. അദ്ദേഹത്തിന്റെ തന്റേടവും സ്വഭാവശുദ്ധിയും അന്നു തെളിഞ്ഞു കണ്ടു. സൈനികസേവനത്തിനുശേഷം രാഷ്ട്രീയകാര്യങ്ങളിൽ പങ്കെടുക്കണമെന്ന് അദ്ദേഹത്തെ പലരും ഉപദേശിച്ചെങ്കിലും സോക്രട്ടീസ് അതു കൂട്ടാക്കിയില്ല. മഹാചിന്തകന്മാരുടെയിടയിൽ അദ്വിതീയമായ ഒരു സ്ഥാനം അദ്ദേഹത്തിനുണ്ടായിരുന്നു. ജനങ്ങളുടെയിടയിൽ നിലവിലിരുന്ന അജ്ഞാനം ദൂരീകരിച്ച് അവരെ സത്യം മനസ്സിലാക്കിക്കൊടുക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ വി



സോക്രട്ടീസ്

ചാരം. ആതെൻസിലെ തെരുവുകളിലും, ചന്തസ്ഥലങ്ങളിലും ദേവാലയങ്ങളിലും അദ്ദേഹം ചെന്ന് ബുദ്ധിമാന്മാരെന്ന് ഭാവിക്കുന്ന ആളുകളോട് സംഭാഷണത്തിലേർപ്പെടും. ഒന്നും അറിഞ്ഞുകൂടാത്ത ഭാവത്തിൽ അവരോട് ചോദ്യങ്ങൾ ചോദിച്ച് ഒടുവിൽ അവരുടെ അറിവില്ലായ്മ വെളിപ്പെടുത്തും. പിന്നീട് അവരെക്കൊണ്ട് ശരിയായ രീതിയിൽ ചിന്തിപ്പിച്ച് സത്യം കണ്ടുപിടിക്കുന്നതിന്ന് ശ്രമിക്കും.

വലിയ ചിന്തകനും മഹാനുമായിരുന്ന സോക്രട്ടീസ് കാഴ്ചയിൽ തീരെ വിരൂപനായിരുന്നു. ജന

ങ്ങളുടെയിടയിൽ അദ്ദേഹത്തിനു് വലിയൊരു സ്ഥാനമുണ്ടായിരുന്നു. ഗ്രീസിലെ ഏററവും ബുദ്ധിമാനായ മനുഷ്യനെന്നു് എല്ലാവരും അദ്ദേഹത്തെ പുകഴ്ത്തിവന്നു. അദ്ദേഹത്തിന്നു് അനേകം ശിഷ്യന്മാരുണ്ടായി. അദ്ദേഹത്തിൻെറ ശിഷ്യന്മാരിൽ ഒരാളായിരുന്നു പ്ലേറേറാ എന്ന ചിന്തകൻ. അദ്ദേഹത്തിൻെറ കൃതികളിൽ കൂടിയാണു് സോക്രട്ടീസിൻെറ ചരിത്രം നമുക്കു് അറിവായിരിക്കുന്നതു്. സോക്രട്ടീസിൻെറ സത്യാന്വേഷണത്തിൻെറ ഫലമായി ജനങ്ങൾ അന്നത്തെ വ്യവസ്ഥയിലെ തെററുകൾ മനസ്സിലാക്കി.

സ്ഥാപിതാചാരങ്ങളേയും ദൈവത്തേയും അവഹേളിക്കുന്നതിന്നു് ചെറുപ്പക്കാരെ പ്രേരിപ്പിക്കുന്നു എന്ന കുററം ചുമത്തി അവിടത്തെ ജനകീയ കോടതി അദ്ദേഹത്തിനു് മരണശിക്ഷ വിധിച്ചു. ഒരുമാസക്കാലത്തേക്കു മരണശിക്ഷ നടപ്പിൽ വരുത്തിയില്ല. മനുഷ്യരുടെ മനസ്സ് മാററുന്നതിനുവേണ്ടിയുള്ള സംഭാഷണങ്ങളിലും പ്രവർത്തനങ്ങളിലും മേലാൽ ഏർപ്പെടുകയില്ലെന്നു ഉറപ്പു കൊടുക്കാമെങ്കിൽ അദ്ദേഹത്തെ വിട്ടയക്കാമെന്നു് ജനകീയകോടതി അദ്ദേഹത്തോടു പറഞ്ഞു. എന്നാൽ അവരെ അനുസരിക്കുന്നതിനേക്കാൾ ഈശ്വരനെ അനുസരിക്കുന്നതാണു് തനിക്കിഷ്ടമെന്നും സ്വന്തം ജീവനുവേണ്ടി താൻ സത്യത്തെ ബലികഴിക്കുകയില്ലെന്നും മരണത്തെ ഭയന്നു താൻ തെററു ചെയ്യുകയില്ലെന്നും അദ്ദേഹം ഉറപ്പായി പറഞ്ഞു. ഒരു കോപ്പ വിഷം ആ മഹാൻെറ ജീവിതം അവസാനിപ്പിച്ചു.

ദുഃഖിതരായ തൻെറ അനുയായികളെ പറഞ്ഞു സമാശ്വസിപ്പിച്ചശേഷം അദ്ദേഹത്തിന്നു കൊടുത്ത

വിഷം സന്തോഷത്തോടും സമചിത്തതയോടുംകൂടി വാങ്ങി കുടിക്കുകയാണ് അദ്ദേഹം ചെയ്തതു്. സത്യാന്വേഷണത്തിനു വേണ്ടി ആത്മബലി അർപ്പിച്ച മഹാത്മാക്കളിൽ ഒരാളായി ലോകം അദ്ദേഹത്തെ എന്നും ഓർമ്മിക്കും.

2. <u>അബ്രഹാംലിങ്കൺ:</u>— മരക്കുടിലിൽ ജനിച്ചു് സ്വപ്രയത്നവും സ്വഭാവശുദ്ധിയും സജ്ജനസമ്മതിയും മൂലം മണിമന്ദിരത്തിലേക്കുയന്ന ഒരു മഹാശയനാണു്



അബ്രഹാംലിങ്കൺ

അബ്രഹാംലിങ്കൺ. 1809 ഫെബ്രുവരി 12-ാം തീയതി അമേരിക്കയിലെ കെൻറക്കി സംസ്ഥാനത്തിൽ ഒരു പാഴ്ക്കുടിലിൽ സാധുവായ ഒരു കൃഷിക്കാരൻെറ പുത്രനായി ലിങ്കൺ ജനിച്ചു. പിതാവിന്ന് അക്ഷരജ്ഞാനം ഉണ്ടായിരുന്നില്ല. ലിങ്കനെ ആദ്യം കുടിപ്പള്ളിക്കൂടങ്ങളിൽ അയച്ചു വിദ്യ അഭ്യസിപ്പിച്ചു. അവിടെ നിന്നും കിട്ടിയ അറിവ് വായനമൂലം സ്വയം വികസിപ്പിക്കുവാൻ അദ്ദേഹം യത്നിച്ചു. ചെറുപ്പത്തിൽ തന്നെ കാലക്ഷേപത്തിനുവേണ്ടി കൂലിപ്പണിയും കൃഷിപ്പണിയും അദ്ദേഹത്തിനു ചെയ്യേണ്ടതായിവന്നു.

അബ്രഹാംലിങ്കൺ തൻെറ പത്തൊമ്പതാമത്തെ വയസ്സിൽ ഒരു കൂട്ടുകാരനോടുകൂടി ന്യൂ ഓർലിയൻസിലേയ്ക്കു പോയി. അന്നു അവിടത്തെ അടിമവ്യാപാരം ദർശിക്കുവാൻ അദ്ദേഹത്തിനിടയായി. ആടുമാടുകളെപ്പോലെ അടിമകളെ ചങ്ങലയിൽ ബന്ധിച്ചുകൊണ്ടു ചന്തസ്ഥലങ്ങളിൽ കൊണ്ടുപോയി പരസ്യമായി വിൽക്കുകയായിരുന്നു അവിടത്തെ പതിവ്. അമേരിക്കയിലെ തോട്ടമുടമസ്ഥന്മാർക്കുവേണ്ടി തോട്ടങ്ങളിൽ പണി എടുക്കുവാൻ ആഫ്രിക്കയിൽനിന്നു കൊണ്ടുവന്നിട്ടുള്ളവരായിരുന്നു ആ അടിമകൾ. നീഗ്രോവർഗ്ഗക്കാരായിരുന്ന അവരെ കാള, കഴുത, പോത്ത് മുതലായ ജന്തുക്കളെ തല്ലി പണിയെടുപ്പിക്കുന്ന മാതിരി കഠിനമായി ദേഹോപദ്രവം ചെയ്തു പണിചെയ്യിപ്പിച്ചിരുന്നു. സാധുക്കളായ അടിമകളോടുള്ള നിഷ്ഠുരമായ പെരുമാററം കണ്ടു ലിങ്കൻെറ മനസ്സലിഞ്ഞു. ഏതെങ്കിലും അവസരം ലഭിക്കയാണെങ്കിൽ അടിമക്കച്ചവടത്തെ ശക്തിയായി എതിർക്കണമെന്നു അദ്ദേഹം അന്നു നിശ്ചയിച്ചു.

1834-ൽ ഒരു പൊതുതിരഞ്ഞെടുപ്പിൽ അദ്ദേഹം ഒരു സ്ഥാനാർത്ഥിയായി നിൽക്കുകയും അദ്ദേഹം വിജയിക്കുകയും ചെയ്തു. രാജ്യസേവനത്തിന്നു ആദ്യമായി കിട്ടിയ ആ അവസരം അദ്ദേഹം നന്നായി തന്നെ വിനിയോഗിച്ചു. പിന്നീട് സ്പ്രിംഗ്ഫീൽഡ് പട്ടണത്തിലേക്ക് അദ്ദേഹം താമസം മാററുകയും അവിടെ അഭിഭാഷകവൃത്തി സ്വീകരിച്ച് കുറെക്കാലം താമസിക്കുകയും ചെയ്തു. അക്കാലമത്രയും നാട്ടുകാരുടെ ഒരു ഉററബന്ധുവും ഉപദേഷ്ടാവുമായിട്ടാണ് അബ്രഹാംലിങ്കൺ കഴിച്ചുകൂട്ടിയതു്. പത്തുകൊല്ലത്തെ അവിടത്തെ വാസവും അശ്രാന്തപരിശ്രമവും ലിങ്കന് നല്ല പേരും, പൊതുജനസമ്മതവും ആദായവും ഉണ്ടാക്കിക്കൊടുത്തു.

അതിനുശേഷം ഐക്യനാട്ടിലെ ജനസഭയിലേക്കു അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. അടിമവ്യാപാരത്തിനെതിരായി അദ്ദേഹം ആ സന്ദർഭത്തിൽ പ്രവർത്തിക്കാൻ തുടങ്ങി. അതോടുകൂടി അദ്ദേഹം പ്രശസ്തനായി തീർന്നു. 1860-ൽ അമേരിക്കൻ ഐക്യനാട്ടിലെ പ്രസിഡൻറായി അബ്രഹാംലിങ്കൺ തിരഞ്ഞെടുക്കപ്പെട്ടു. ഐക്യനാട്ടിലെ തെക്കുഭാഗത്തുള്ള സംസ്ഥാനങ്ങളിലായിരുന്നു തോട്ടങ്ങൾ അധികമുണ്ടായിരുന്നതു്. അവിടെ ആയിരുന്നു അടിമവ്യാപാരത്തിൻെറ കേന്ദ്രങ്ങൾ. ലിങ്കൺ പ്രസിഡൻറായതോടുകൂടി തെക്കുഭാഗത്തുള്ള സംസ്ഥാനങ്ങൾ ഐക്യനാട്ടിൽനിന്നു പിരിഞ്ഞുപോകാമെന്നു നിശ്ചയിച്ചു. അവർ വടക്കുഭാഗത്തുള്ള സംസ്ഥാനങ്ങളുമായി യുദ്ധം പ്രഖ്യാപിച്ചു. 1861-ൽ തുടങ്ങിയ യുദ്ധം 4 കൊല്ലം നീണ്ടുനിന്നു. അഞ്ചുലക്ഷത്തോളം ജനങ്ങൾ യുദ്ധത്തിൽ മരിച്ചു. യുദ്ധത്തിൽ വടക്കർ വിജയം കൈവരിച്ചു.

1862-ൽ അബ്രഹാംലിങ്കൺ എല്ലാ അടിമകൾക്കും മോചനം നൽകിക്കൊണ്ടുള്ള ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. 40 ലക്ഷത്തോളം അടിമകൾ അതോടു കൂടി സ്വതന്ത്രരായി തീർന്നു. അതിനുമുമ്പുതന്നെ നിയമംമൂലം അടിമക്കച്ചവടം നിരോധിച്ചുകഴിഞ്ഞിരുന്നു.

യുദ്ധം അവസാനിച്ച് അധികംനാൾ കഴിയുന്നതിനുമുമ്പ് ഒരു നാടകം കണ്ടുകൊണ്ടിരുന്ന അവസരത്തിൽ ഒരു ഘാതകൻ ലിങ്കനെ വെടിവെച്ചുകൊന്നു ക്രിസ്തുദേവൻ, മഹാത്മജി എന്നിവരെപ്പോലെ ആദർശങ്ങൾക്കവേണ്ടി ആത്മബലി അർപ്പിച്ച ആ മഹാത്മാവിനെ ലോകത്തിന്നു മറക്കാൻ കഴിയുകയില്ല.

3. <u>ഫ്ളോറൻസ് നൈററിംഗേൽ.</u> 1820-ൽ ഇററലിയിലെ ഫ്ളോറൻസ് നഗരത്തിൽ ഫ്ളോറൻസ് നൈററിംഗ് ഗേൽ ജനിച്ചു. ധനവാനും മാന്യനും ഉന്നതകുലജാതനും ആയിരുന്നു ഫ്ളോറൻസിൻെറ പിതാവ്. അദ്ദേഹം പുത്രിക്ക് നല്ല വിദ്യാഭ്യാസം നൽകുകയും യൂറോപ്പിലെ പല സ്ഥലങ്ങളും കൊണ്ടുപോയി കാണിക്കുകയും ചെയ്തു. കുട്ടിക്കാലം മുതൽക്കുതന്നെ സുഖക്കേടുകാൎക്കും നിസ്സഹായൎക്കും തന്നാൽ ആവുന്ന സഹായം നൽകുവാൻ ഫ്ളോറൻസ് ഔൽസുക്യം പ്രദർശിപ്പിച്ചു.

അക്കാലത്തും ഇംഗ്ലണ്ടിൽ ആശുപത്രികൾ ഉണ്ടായിരുന്നെങ്കിലും അവിടെ വേണ്ടത്ര നഴ്സുകളോ ഡോക്ടർമ്മാരോ ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്ന നഴ്സു



ഫ്ളോറൻസ് നൈററിംഗേൽ

കൾതന്നെ വിദ്യാവിഹീനരും, ദുർവൃത്തരും. വൃത്തിഹീനരുമായ സ്ത്രീകളായിരുന്നു.

ഫ്ളോറൻസിന്നു് യൗവ്വനമായപ്പോൾ സമ്പത്തും സൗന്ദര്യ്യവും ആഗ്രഹിച്ചിരുന്ന പലരും ഫ്ളോറൻസിനെ വിവാഹം കഴിക്കുവാൻ ആശ പ്രകടിപ്പിച്ചു എങ്കിലും ആ യുവതി വിവാഹം ഇഷ്ടപ്പെട്ടിരുന്നില്ല. തനിക്കു വിവാഹം വേണ്ട എന്നും ഒരു നഴ്സ് ആകുവാൻ താൻ ഇഷ്ടപ്പെടുന്നു എന്നും ആ യുവതി തന്റെ മാതാപിതാക്കളെ അറിയിച്ചു. ഉന്നതകുലജാതയും വിദ്യാസമ്പന്നയും ആയ ഒരു സ്ത്രീ നഴ്സ് ആകുക അന്നു ആദ്യമായിട്ടായിരുന്നു. ലണ്ടനിലെ പല ആശുപത്രികളും സന്ദർശിച്ചു ശുശ്രൂഷാവിഷയത്തിൽ പലതും ആ യുവതി പഠിച്ചു. യൂറോപ്പിലുള്ള പല ആശുപത്രികളും സന്ദർശിച്ചു് ആതുരശുശ്രൂഷ അഭ്യസിച്ചു. അതിനുശേഷം ഉന്നത വംശത്തിൽപ്പെട്ട രോഗാതുരകളായ സ്ത്രീകളെ മാത്രം ശുശ്രൂഷിക്കുവാൻ പ്രത്യേകമായി സ്ഥാപിച്ചിരുന്ന ഒരു മന്ദിരത്തിന്റെ സൂപ്രണ്ടായി ഫ്ളോറൻസ്നൈററിംഗേൽ കുറെക്കാലം ജോലിനോക്കി.

അങ്ങിനെ ഇരിക്കേ റഷ്യയും തുർക്കിയും തമ്മിൽ ഒരു യുദ്ധമുണ്ടായി. 1854-ൽ തുക്കി, ഇംഗ്ലണ്ടു., ഫ്രാൻസ് എന്നീ രാഷ്ട്രീയശക്തികൾ റഷ്യയുടെ വക ക്രിമിയ എന്ന ദ്വീപു വളഞ്ഞു. ക്രിമിയായിലുള്ള സബാസ്റ്റപ്പോൾ എന്ന സ്ഥലത്താണ് റഷ്യയുടെ സൈന്യവും യുദ്ധസാമഗ്രികളും കേന്ദ്രീകരിക്കപ്പെട്ടിരുന്നതു്. യുദ്ധത്തിൽ ജയിച്ചെങ്കിലും ഇംഗ്ലണ്ടിനും ഫ്രാൻസിനും എണ്ണമററ ആൾനാശമുണ്ടായി. ആയിരക്കണക്കിനു് ആളുകൾ രോഗികളായിത്തീന്നു. അതിലും അധികംപേർ യുദ്ധത്തിൽ മുറിവേററു അശരണരായിത്തീർന്നു. വേണ്ടത്ര ഭക്ഷണ

സാധനങ്ങളും വസ്ത്രങ്ങളും, രോഗികൾക്ക് കിടക്കാൻ സൗകര്യമുള്ള സ്ഥലങ്ങളും ക്രിമിയായിൽ ഉണ്ടായിരുന്നില്ല. മഞ്ഞും, കാററും, മഴയും, തണുപ്പും അസഹനീയമായിരുന്നു. രോഗികൾക്ക വേണ്ടത്ര മരുന്നുകളോ, ശുശ്രൂഷിക്കാൻ നർസുകളോ ഡാക്ടർമാരോ അവിടെ ഉണ്ടായിരുന്നില്ല. ഇംഗ്ലീഷുപട്ടാളക്കാർക്ക് ഫ്രഞ്ചുപട്ടാളക്കാരെക്കാൾ കൂടുതൽ അവഗണനയും അവശതയും അനുഭവപ്പെട്ടു. ഈ വർത്തമാനം ഇംഗ്ലണ്ടിലറിഞ്ഞു. ഫ്ളോറൻസ് നൈററിംഗൽ പട്ടാളക്കാരുടെ അവശതാപരിഹാരത്തിന്നു വേണ്ടുന്ന സാധനസാമഗ്രികൾ ശേഖരിച്ച് ക്രിമിയായിലേക്കു പോകുവാൻ സന്നദ്ധയായി. 38 നഴ്സുമാരെ അവർ തിരഞ്ഞെടുത്തു. അനവധി ആളുകൾ വൻതുകകൾ സംഭാവനചെയ്തു. വേണ്ടത്ര മരുന്നുകളും വസ്ത്രങ്ങളും ആഹാരസാധനങ്ങളും ശേഖരിച്ച് ഫ്ളോറൻസ് ക്രിമിയായിലേക്കു പുറപ്പെട്ടു.

ക്രിമിയായിലെ സ്ക്കുട്ടാരി എന്ന സ്ഥലത്തായിരുന്നു പട്ടാളക്കാർക്കുള്ള ആശുപത്രി. 1854 നവമ്പർ മാസത്തിൽ ഫ്ളോറൻസ് നൈററിംഗൽ സ്ക്കുട്ടാരി ആശുത്രിയിലെത്തി. രോഗികൾക്ക വേണ്ടത്ര ആഹാരസാധനങ്ങളും തുണികളും അവർ നൽകി. ആശുപത്രിയും പരിസരങ്ങളും വൃത്തിയാക്കി. രാപകലില്ലാതെ അവർ രോഗികളെ ശുശ്രൂഷിക്കുവാൻ തുടങ്ങി. ദിവസത്തിൽ എട്ടുപത്തു മണിക്കൂർവീതം നിന്ന നില്പിൽനിന്നു അവർ രോഗികളെ ശുശ്രൂഷിക്കാറുണ്ടായിരുന്നു. മെഡിക്കൽ ആഫീസറന്മാർ നിദ്രയിലായിരിക്കുമ്പോൾ ഫ്ളോറൻസ് തൻെറ ചെറുദീപവും പൊക്കിപ്പിടിച്ചു

കൊണ്ട് നിശ്ശബ്ദമായി ഏകാകിനിയായി രോഗികളായ പട്ടാളക്കാരുടെ കിടക്കളുടെ അരികിൽകൂടി അവരുടെ ക്ഷേമങ്ങൾ അന്വേഷിച്ചുകൊണ്ട് നടക്കുന്നുണ്ടാവും. ആറു മാസക്കാലം സ്കൂട്ടാരി ആശുപത്രിയിൽ ഫ്ളോറൻസ് വിശ്രമരഹിതമായി ജോലിചെയ്തതിൻെറ ഫലമായി അവിടത്തെ സ്ഥിതിഗതികൾ തൃപ്തികരമായിത്തീരുകയും അവർ പട്ടാളക്കാരുടെ കൺകണ്ടദൈവമായി മാറുകയും ചെയ്തു. 1855-ൽ യുദ്ധം അവസാനിച്ച് പട്ടാളക്കാർ ക്രമിയായിൽനിന്നും ലണ്ടനിലേക്കു കപ്പൽകയറി. അപ്പോൾ മാത്രമേ ഫ്ളോറൻസ് നൈററിംഗ്ഗേലും ലണ്ടനിലേക്കു മടങ്ങിയുള്ളൂ.

ഇംഗ്ലണ്ടിൽ മടങ്ങി എത്തിയ ഫ്ളോറൻസിനെ വിക്ടോറിയാ മഹാരാജ്ഞി അനുമോദിക്കുകയും അവൾക്ക് ചില പാരിതോഷികങ്ങൾ നൽകുകയും ചെയ്തു. രാജ്ഞിയുടെ സഹായത്തോടുകൂടി ഇംഗ്ലണ്ടിൽ പലദിക്കിലും ആശുപത്രികൾ, ആതുരാലയങ്ങൾ, സൈനികാലയങ്ങൾ മുതലായവ സ്ഥാപിക്കുവാൻ അവൾക്കു കഴിഞ്ഞു. ലണ്ടൻ നഗരത്തിൽ നൈററിംഗേൽ പരിശീലനസ്കൂൾ എന്നൊരു മാതൃക വിദ്യാലയം സ്ഥാപിക്കുവാൻ കഴിഞ്ഞതും അവരുടെ ഒരു നേട്ടമാണ്.

1907-ൽ ആർഡർ ഓഫ് മെറിററ് എന്ന ബഹുമതി നൽകി എഡ്വേർഡ് ചക്രവർത്തി ഫ്ളോറൻസ് നൈററിംഗേയ്‌ലിനെ ബഹുമാനിച്ചു. സ്നേഹത്തിനും സേവനത്തിനും വേണ്ടി മാത്രം ജീവിതം നയിച്ച ആ ദിവ്യാംഗന 1910 ആഗസ്റ്റ് 10-ാം തീയതി ദിവംഗതയായി.

4. <u>കാറംമാർക്സ്</u>: ജർമ്മനിയിലെ ഒരു ജൂതകുടുംബ ത്തിൽ 1818–ൽ കാറംമാർക്സ് ജാതനായി. മാർക്സിന്റെ കുടുംബാംഗങ്ങൾ എല്ലാം ക്രസ്തുമതം സ്വീകരിച്ചിരുന്നു എങ്കിലും അദ്ദേഹം മതവൈരിയായി തന്നെ വളർന്നുവന്നു.



കാറം മാർക്സ്

വിദ്യാഭ്യാസത്തിനു ശേഷം അദ്ദേഹം പത്രപ്രവർത്തനം തന്റെ തൊഴിലായി സ്വീകരിച്ചു. അദ്ദേഹത്തിന്റെ ലേഖനങ്ങൾ മതവിശ്വാസികൾക്ക വേദന ഉണ്ടാക്കിയിരുന്ന തരത്തിലുള്ളവയായിരുന്നു. തൻമൂലം അദ്ദേഹത്തിന് പല ശത്രുക്കളുണ്ടാവുകയും അവരിൽ നിന്നു രക്ഷപ്പെടുന്നതിന്നായി ജർമ്മനിയിൽ നിന്ന്

ഫ്രാൻസ്, ബൽജിയം, ഇംഗ്ലണ്ട് എന്നീ സ്ഥലങ്ങളിലേക്ക അദ്ദേഹത്തിന് മാറി മാറി താമസിക്കേണ്ടതായി വരികയും ചെയ്തു. പല പ്രതിബന്ധങ്ങളും ഉണ്ടായിരുന്നെങ്കിലും സ്വന്തം ആശയങ്ങൾക്കുവേണ്ടി അവസാനംവരെ അദ്ദേഹം സമരംചെയ്തു. ദാരിദ്ര്യം, ദേഹാസ്വാസ്ഥ്യം, കഠിനാദ്ധ്വാനം എന്നിവ അദ്ദേഹത്തിന്ന് സഹിക്കേണ്ടതായി വന്നിട്ടുണ്ട്. എല്ലാവിധ കഷ്ടതകളിലും പങ്കു വഹിച്ച് അദ്ദേഹത്തെ സമാധാനിപ്പിക്കാനും ആനന്ദിപ്പിക്കാനും അദ്ദേഹത്തിന് സ്നേഹമൂർത്തിയായ ഒരു സഹധർമ്മിണി ഉണ്ടായിരുന്നു. ജന്നി എന്നായിരുന്നു ആ സ്ത്രീയുടെ പേര്.

കമ്യൂണസം എന്നറിയപ്പെടുന്ന ചിന്താഗതിയുടെ ജനയിതാവ് കാൾമാർക്സ് ആണ്. മാർക്സിൻെറ ഒരു ഉത്തമ സ്നേഹിതനും സഹപ്രവർത്തകനുമായി എൻഗൽസ് എന്നൊരു ജർമ്മൻകാരനുണ്ടായിരുന്നു, മാർക്സ് "ജർമ്മൻ തൊഴിലാളി സമുദായം" എന്നൊരു സംഘടന രൂപീകരിച്ച് കമ്മ്യൂണിസം പ്രചരിപ്പിക്കാൻ തുടങ്ങി. 1847-ൽ ലണ്ടനിൽ കമ്മ്യൂണിസ്ററുകാരുടെ ഒരു സമ്മേളനം കൂട്ടുകയും ഒരു അന്തർദ്ദേശീയ കമ്മ്യൂണിസ്ററു സംഘടന രൂപീകരിക്കുകയും ചെയ്തു. ഇതിലേക്ക് മാർക്സും എൻഗൽസുംകൂടി എഴുതി ഉണ്ടാക്കിയ ഒരു ഗ്രന്ഥമാണ് "കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ". അദ്ദേഹത്തിൻെറ ഏററവും മഹത്തായ സംഭാവനയാണ് കമ്മ്യൂണിസത്തിൻെറ പ്രമാണഗ്രന്ഥമായ "ദാസ് കാപ്പിററൽ". 1867-ൽ മാർക്സ് അതിൻെറ ഒന്നാം വാല്യം പ്രസിദ്ധപ്പെടുത്തി. രണ്ടും മൂന്നും വാല്യങ്ങൾ അദ്ദേഹത്തിൻെറ മരണശേഷം എൻഗൽസാണ് പ്രസിദ്ധപ്പെടുത്തിയത്.

1883-ൽ കാറൽമാർക്സ് അന്തരിച്ചു. അദ്ദേഹത്തിൻെറ പേരും ആദർശങ്ങളും കൃതികളും ലോകാവസാനംവരെ നിലനിൽക്കുകതന്നെ ചെയ്യും" എന്നു് എൻഗൽസ് അദ്ദേഹത്തിൻെറ ശവകുടീരത്തിനു മുമ്പിൽനിന്നുകൊണ്ടു് പ്രസ്താവിച്ചിട്ടുണ്ടു്. മാർക്സിൻെറ സമത്വവാദസിദ്ധാന്തത്തിൻെറ ആദ്യവിജയമാണു് റഷ്യൻ വിപ്ലവം.

5. <u>എഡിസൺ:</u> തോമസ്സ് ആൾവാ എഡിസൺ 1847-ൽ അമേരിക്കയിലെ മീലാൻ എന്ന ഗ്രാമത്തിൽ ഭൂജാതനായി. ദരിദ്ര്യരായ മാതാപിതാക്കൾക്കു്, എഡി



തോമസ് ആൽവാ എഡിസൻ

സന്നു് വേണ്ടത്ര വിദ്യാഭ്യാസം നൽകുവാൻ കഴിഞ്ഞില്ല. ഉപജീവനത്തിന്നുപോലും വകയില്ലാതിരുന്ന അദ്ദേഹത്തിന്നു് പന്ത്രണ്ടുവയസ്സു മുതൽ ജോലിയിലേപ്പെടേണ്ടിവന്നു. ചന്തകളിലും തീവണ്ടി ആഫീസിലും നടന്നു് പത്രവില്പന തുടങ്ങി. കുറച്ചുകാലത്തിനു ശേഷം ഒരു തീവണ്ടിയിൽ പത്രവില്പന തുടങ്ങി. പിന്നീടു് തീവണ്ടിയുടെ ഒരു മുറിയിൽ ഒരു അച്ചടിയന്ത്രം ഘടിപ്പിച്ചു് സ്വന്തമായ പത്രം അച്ചടിച്ചു് പ്രസിദ്ധപ്പെടുത്താൻ തുടങ്ങി.

ഇങ്ങിനെ ജീവിതം നയിച്ചുവരവേ ഒരു ദിവസി ഒരു കുട്ടി തീവണ്ടിക്കടിയിൽപ്പെടുവാൻ ഭാവിച്ചു. പലരും ഈ അത്യാഹിതം കണ്ടു് അന്ധാളിച്ചുനില്ക്കവേ എഡിസൺ വണ്ടിയുടെ മുമ്പിൽ കടന്നു് കുട്ടിയെ രക്ഷിച്ചു. ഈ സാഹസികകൃത്യം കണ്ടു് കൃതജ്ഞതാപൂർണ്ണനായ കുട്ടിയുടെ പിതാവു് എഡിസനെ തൻെറ കൂടെ താമസിപ്പിക്കുകയും കമ്പി അടിക്കുന്ന വിദ്യ പഠിപ്പിക്കുകയുംചെയ്തു. എഡിസൻെറ ഭാവി ശോഭനമാക്കിത്തീർത്തതു് ഈ യാദൃശ്ചികസംഭവമാണു്.

കമ്പിത്തപാൽ ജോലികൾ വളരെ വേഗത്തിൽ പഠിച്ച എഡിസൺ അധികം താമസിയാതെ ഒരു കമ്പി മാസ്റ്റർ ആയി. കമ്പിവാർത്താവിതരണയന്ത്രങ്ങളിൽ പല പരിഷ്ക്കാരങ്ങളും അദ്ദേഹം വരുത്തി. അതിലൊന്നിൻെറ ഫലമായി ഒരു വലിയ കമ്പനിക്കു് അമിതമായ ലാഭം ഉണ്ടാകുവാൻ ഇടയായി. ആ കമ്പനിക്കാർ എഡിസനെ അനുമോദിക്കുകയും അദ്ദേഹത്തിന്നു് വലിയൊരു തുക പാരിതോഷികമായി നൽകുകയും ചെയ്തു. കമ്പി

വഴി വരുന്ന വർത്തമാനം സ്വയം കടലാസിൽ പകർത്തുന്നതിന്ന് കഴിവുള്ള ഒരു യന്ത്രം എഡിസൺ കണ്ടുപിടിച്ചു. അതോടുകൂട അദ്ദേഹത്തിൻെറ പ്രശസ്തി രാജ്യമൊട്ടുക്ക് പരക്കുകയും അനേകം കമ്പനിക്കാർ അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നതിന്നു ഇടയാവുകയും ചെയ്തു. അങ്ങിനെ എഡിസൻെറ ദാരിദ്ര്യം തീർന്നു.

ആവശ്യത്തിന്നുവേണ്ട പണം ലഭിച്ചപ്പോൾ അദ്ദേഹം ഒരു പുതിയ ഗവേഷണശാല സ്ഥാപിച്ച് പല പുതിയ കണ്ടുപിടിത്തങ്ങൾക്കുമായി പ്രയത്നിക്കാൻ തുടങ്ങി. ഡ്യൂപ്ലിക്കേററർ, ടൈപ്പ്റൈററർ, ടെലഫോൺ മുതലായവ അദ്ദേഹം പരിഷ്ക്കരിച്ചു. ഗ്രാമഫോൺ ഉണ്ടാക്കിയതും അദ്ദേഹമാണ്. ഇലക്ട്രിക് ബൾബുകൾ എഡിസൻെറ ഒരു വിലയേറിയ കണ്ടുപിടിത്തമാണ. എഡിസൻ ബൾബ് കണ്ടുപിടിച്ച സമയത്തുതന്നെ ഇംഗ്ലണ്ടിൽ സ്വാൻ എന്നു പേരായ ഒരാൾ പരിഷ്കൃതരീതിയിലുള്ള വൈദ്യുതദീപങ്ങൾ നിർമ്മിച്ച് വില്പനനടത്തിയിരുന്നു. ഇവരുടെ രണ്ടുപേരുടേയും വ്യാപാരം വാണിജ്യമത്സരത്തിൽ കലാശിക്കുകയും ഇരുവർക്കും വലിയ നഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്തു. അപ്പോൾ എഡിസനും സ്വാനുംകൂടി യോജിച്ച് "എഡിസ്വാൻ" എന്നു പേരിൽ ഒരു വൈദ്യുതദീപവ്യവസായം ആരംഭിച്ചു.

എഡിസൻെറ മറെറാരു കണ്ടുപിടിത്തമാണ് സിനിമാ. 1300-ൽപരം കണ്ടുപിടിത്തങ്ങൾ എഡിസൻെറ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്ര വളരെ കണ്ടുപിടിത്തങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു വ്യക്തി

ഇതുവരെ ഉണ്ടായിട്ടില്ല. 1927-ൽ അമേരിക്കൻ ശാസ്ത്രീയസംഘത്തിലെ ഒരു അംഗമായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. മനുഷ്യജീവിതത്തെ പരിഷ്കൃതമാക്കിത്തീർക്കുന്നതിനു ഉപകരിക്കുന്ന നിരവധി കണ്ടുപിടിത്തങ്ങൾ നടത്തിയ അദ്ദേഹത്തെ അഭിനന്ദിക്കുന്നതിനായി അമേരിക്കൻ ഗവർമ്മെൻറ് അദ്ദേഹത്തിനു് ഒരു കീർത്തിമുദ്ര സമ്മാനിച്ചു. 1931-ൽ എഡിസൺ അന്തരിച്ചു എങ്കിലും അദ്ദേഹത്തിൻെറ കീർത്തി എന്നും നിലനിൽക്കും.

6. <u>ടോൾസ്റ്റോയി</u> കൗണ്ട് ലിയോടോൾസ്റ്റോയി

റഷ്യയുടെ തലസ്ഥാനമായ മോസ്കോ നഗരിയിൽ 1828-ൽ ജാതനായി. കുട്ടിക്കാലത്തുതന്നെ മാതാവും കുറച്ചു കാലത്തിനുശേഷം പിതാവും ഇഹലോകവാസം വെടിയുകയാൽ മാതൃശുശ്രൂഷയും പിതൃലാളനവും ലഭിക്കുവാൻ കുട്ടിക്കു ഭാഗ്യമുണ്ടായില്ല. ഇരുപതു വയസ്സുവരെ ടോൾസ്റ്റോയി ഒരു പ്രാഥമിക പാഠശാലയിലും കിസാൻ പാഠശാലയിലും വിദ്യ അഭ്യസിച്ചു.

ടോൾസ്റ്റോയിക്കു് 25 വയസ്സു പ്രായമായപ്പോൾ അദ്ദേഹത്തെ ഒരു സബ് ലെഫ്ട്ടനൻറായി ക്രിമിയായിൽ യുദ്ധസേവനത്തിനായി അയച്ചു. ഒരു പ്രഭുകുടുംബത്തിൽ ജനിച്ചു വളർന്ന അദ്ദേഹത്തിനു് ആ യുദ്ധരംഗത്തുവെച്ചാണു് സാധുക്കളുടെ ജീവിതരീതിയും കഷ്ടപ്പാടുകളും കണ്ടു മനസ്സിലാക്കുവാൻ അവസരം ലഭിച്ചതു്. യുദ്ധസേവനാനന്തരം സ്വദേശത്തു വന്നു് ടോൾസ്റ്റോയി കുറെക്കാലം ഒരു വിദ്യാമന്ദിരം നടത്തി. മഹാനായ റൂസ്സോവിൻെറ ആദർശമനുസരിച്ചു് കുട്ടി



ലിയോ ടോൾസ്റ്റോയി

കൾക്ക് പരിപൂർണ്ണ സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടുള്ള ഒരു പാഠശാലയായിരുന്നു അതു്. കർഷകരും നിർദ്ധനരും ആയ സാധാരണ ജനങ്ങളുടെ ബാലികാബാലന്മാർക്കുവേണ്ടിയുള്ള ഒരു വിദ്യാലയമായിരുന്നു അതു്.

മുപ്പത്തിനാലാമത്തെ വയസ്സിൽ അദ്ദേഹം സോഫയാ ബീറാ എന്നൊരു സ്ത്രീയെ വിവാഹം കഴിച്ചു അദ്ദേഹത്തിന്റെ ദാമ്പത്യ ജീവിതം സുഖകരമായിരുന്നില്ല. ടോൾസ്റ്റോയിക്ക് പണവും സ്വാകര്യസ്വത്തും

പാപമാണെന്നായിരുന്നു വിശ്വാസം എന്നാൽ അദ്ദേഹത്തിൻെറ ഭാര്യക്ക് പണത്തിലും യശസ്സിലും വലിയ ആഗ്രഹമായിരുന്നു.

ടോൾസ്റ്റായി അനവധി പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. അവയിൽ ഏററവും പ്രസിദ്ധമായവ "യുദ്ധവും സമാധാനവും" "അന്നാകരണീനാ" എന്നീ രണ്ടെണ്ണമാണ്. ലോകത്തിലെ ഏററവും പ്രശസ്തമായ നോവലുകളിൽപെട്ടവയാണ് ഇവ രണ്ടും.

ടോൾസ്റ്റായി വലിയ ഒരു ചിന്തകനായിരുന്നു. എളിയ ജീവിതവും ഉയർന്ന ആദർശവും പുലർത്തിപ്പോന്ന ഒരു വലിയ മഹാനായിരുന്നു അദ്ദേഹം. ക്രിസ്തുദേവൻെറ ഉപദേശങ്ങളെ അദ്ദേഹം ലളിതമായ രീതിയിൽ വ്യാഖ്യാനിച്ചു. സ്നേഹം, അഥവാ അഹിംസ എന്ന തത്വം അദ്ദേഹം വിശ്വസിച്ച് അതനുസരിച്ചു പ്രവർത്തിച്ചു. ലൗകികസുഖാനുഭൂതികളിൽ ഭ്രമിക്കുന്നതു് നല്ലതല്ല എന്നു വിശ്വസിച്ചിരുന്ന അദ്ദേഹം ആഹാരരീതിയിലും വസ്ത്രധാരണത്തിലും വലിയ ലാഘവംവരുത്തി ഒരു സാധാരണ കൃഷീവലനെപ്പോലെ ജീവിതം നയിക്കുവാൻ തുടങ്ങി. തൻെറ അറുപതാമത്തെ വയസ്സിൽ അദ്ദേഹം തൻെറ ഭാര്യക്കും സന്താനങ്ങൾക്കും ആവശ്യമുള്ള ധനം മാററിവെച്ച് ബാക്കി ഉണ്ടായിരുന്ന സ്വത്തെല്ലാം സാധുക്കൾക്കു ദാനംചെയ്തു. എൺപതാമത്തെ വയസ്സിൽ അദ്ദേഹം ലോകസുഖങ്ങളെല്ലാം ഉപേക്ഷിച്ച് ഒരു യോഗിയുടെ നിലയിൽ ജീവിതശേഷം കഴിച്ചുകൂട്ടി. ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും ആ ദിവ്യനെ കാണുവാനും അദ്ദേഹത്തിൻെറ ഉപ

ദേശങ്ങൾ കേൾക്കുവാനംവേണ്ടി ആളുകൾ അദ്ദേഹത്തിൻെറ സന്നിധിയിൽ എത്തിയിരുന്നു. പരുപരുത്ത വസ്ത്രങ്ങളും സ്വന്തം കൈകൾകൊണ്ടു തുന്നി ഉണ്ടാക്കിയ ചെരുപ്പും ധരിച്ച് ഒരു പാവപ്പെട്ട കൃഷിക്കാരനെപ്പോലെ ജീവിതം നയിച്ചിരുന്ന ഒരു സാധുവൃദ്ധനെയാണ് അവർ കണ്ടതു്. മുറിവൃത്തിയാക്കുക കിടക്ക വിരിക്കുക മുതലായ എല്ലാ ജോലികളും അദ്ദേഹം തന്നെ താൻ ചെയ്തിരുന്നു. ഒരു മരപ്പാത്രത്തിൽനിന്നു് ഒരു മരക്കരണ്ടികൊണ്ടു് ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന അദ്ദേഹത്തെ കണ്ടവരെല്ലാം ക്രിസ്തുദേവനെയാണു് സ്മരിച്ചതു്. ടോൾസ്റ്റായിയുടെ എളിയ ജീവിതരീതിയും കൃതികളും ഗാന്ധിജിയെ ആകർഷിക്കുകയും അദ്ദേഹം ടോൾസ്റ്റായിയെ തൻെറ ആത്മീയ ഗുരുവായി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടു്. എൺപത്തിരണ്ടാമത്തെ വയസ്സിൽ അദ്ദേഹം വീടുവിട്ടുപോയി. 1910-ൽ ആ ദിവ്യ ജീവിതം അവസാനിച്ചു.

7. <u>മുസ്തഫാ കെമാൽ പാഷാ.</u> മുസ്തഫാ കെമാൽ പാഷാ 1880-ൽ ഭൂജാതനായി. പള്ളിക്കൂടത്തിൽ പഠിക്കുന്ന കാലത്തു് എല്ലാവരോടും മല്ലടിക്കുക കെമാലിൻെറ ഒരു സ്വഭാവമായിരുന്നു. സതീർത്ഥ്യരോടു മാത്രമല്ല അദ്ധ്യാപകന്മാരോടുപോലും മല്ലിനു ചെല്ലുകയും പലതരത്തിലുള്ള അക്രമങ്ങൾ ചെയ്യുകയുംപതിവായിരുന്നതുകൊണ്ടു് പതിനൊന്നാമത്തെ വയസ്സിൽ കെമാലിനെ പള്ളിക്കൂടത്തിൽനിന്നും മാററി ഒരു സൈനിക വിദ്യാലയത്തി

ലാക്കി. തൻെറ സ്വഭാവത്തിന്ന് ഏറ്റവും യോജിച്ച രീതിയിൽ വിദ്യ അഭ്യസിക്കാനുള്ള പരിതസ്ഥിതികൾ കെമാലിന്നു അവിടെ ലഭ്യമായി. പതിനേഴാമത്തെ വയസ്സിൽ ഒരു സബ് ലഫ്ട്ടനൻറായി പുറത്തുവന്ന കെ



മുസ്തഫാ കെമാൽ പാഷാ

മാൽ തുർക്കിയുടെ തലസ്ഥാനമായ കാൺസ്റ്റാൻറിനോപ്പിളിലെ സൈനിക വിദ്യാലയത്തിലെ ഒരു അദ്ധ്യാപകനായി നിയമിക്കപ്പെട്ടു.

അക്കാലത്തു തുർക്കിയിലെ സുൽത്താൻെറ ദുർഭരണം പൊതുജനങ്ങൾക്കു അസഹ്യമായിത്തീർന്നിരുന്നു. സുൽത്താനോടുണ്ടായ നിരസംനിമിത്തം കെമാൽ ചെറുപ്പക്കാരായ അനേകം സൈനിക ഉദ്യോഗസ്ഥന്മാരോടുകൂടി ചേർന്നു രഹസ്യമായി സുൽത്താനെ എതിർക്കുന്നതിന്നു ഒരു സംഘം രൂപീകരിച്ചു. ഈ സംഘടനയുടെ പ്രവർത്തനം ചാരന്മാർമുഖേന കണ്ടുപിടിച്ച സുൽത്താൻ

കെമാലിനേയും മററു നേതാക്കന്മാരേയും അറസ്ററുചെയ്തു തടവിലാക്കി എങ്കിലും സുൽത്താനു ദയവുതോന്നി അവർക്ക് മാപ്പുകൊടുത്തു. അതിദൂരെയുള്ള സിറിയായിലേക്കു കെമാലിനെ സ്ഥലംമാററി. അവിടെയും കെമാൽ സുൽത്താൻെറ ദുർഭരണം അവസാനിപ്പിക്കുവാനുള്ള രഹസ്യ പ്രവർത്തനം സംഘടിപ്പിച്ചു കൊണ്ടിരുന്നു.

അക്കാലത്ത് മാസിഡോണിയാ ദേശത്ത് ഒരു ദേശീയ വിപ്ലവം പൊട്ടിപ്പുറപ്പെടുവാനുള്ള സാഹചര്യങ്ങൾ കണ്ടുതുടങ്ങുകയും കെമാൽ ഉടനെ അവിടേക്കു സ്ഥലംമാററം വാങ്ങിക്കുകയും ചെയ്തു. എൻവർ എന്നൊരു നേതാവിൻെറ കീഴിൽ സൈനികർ സംഘടിച്ചു കാൺസ്റ്റാൻറിനോപ്പിളിലേക്കു നീങ്ങിത്തുടങ്ങി. പരിഭ്രാന്തനായിത്തീർന്ന സുൽത്താൻ ജനഹിതപ്രകാരം ഭരണം നടത്തിക്കൊള്ളാമെന്ന് ഒരു പ്രഖ്യാപനംമൂലം വാഗ്ദാനം ചെയ്തു തല്ക്കാലം ഒരു യുദ്ധംകൂടാതെ കഴിച്ചു. എൻവറിൻെറ വലംകയ്യായി പ്രവർത്തിച്ചിരുന്നതു കെമാലായിരുന്നു. എൻവറിനേയും കെമാലിനേയും വിദൂരസ്ഥലങ്ങളിൽ ജോലിക്കായി പറഞ്ഞയച്ചിട്ട് സുൽത്താൻ വീണ്ടും സ്വേച്ഛാധികാരം സ്ഥാപിക്കുവാൻ ഒരുമ്പെട്ടു. രണ്ടുപേരും ഉടനെ തിരിച്ചെത്തി സുൽത്താനെ സ്ഥാനഭ്രഷ്ടനാക്കുകയും അദ്ദേഹത്തിൻെറ പുത്രന് കിരീടം നൽകി ജനസമ്മതിയുള്ള ഒരു ഭരണം നടപ്പിലാക്കുകയും ചെയ്തു. എൻവർ രാജ്യത്തിലെ അനിഷേധ്യ നേതാവും കെമാൽ അദ്ദേഹത്തിൻെറ അനുചരനുമായി കഴിഞ്ഞു.

ഇങ്ങിനെ ഇരിക്കെ ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചു. ഇംഗ്ലീഷുകാർ തുർക്കിയെ ആക്രമിച്ചു. കാൺ

സ്റ്റാൻറിനോപ്പിരം പിടിച്ചടക്കുവാൻ ശ്രമിച്ച ഇംഗ്ളീഷുകാരോട്ട് എതൃക്കുവാൻ കെമാൽ സന്നദ്ധനായി. തുർക്കിസൈന്യങ്ങളെ പരിശീലിപ്പിക്കുവാൻ നിയമിച്ചിരുന്ന ഒരു ജർമ്മൻ സേനാനയോടുകൂടി സഹകരിച്ച് അദ്ദേഹത്തിൻെറ കീഴിൽ കെമാൽ സേവനമനുഷ്ഠിച്ച് ഇംഗ്ലീഷുകാരെ പരിപൂർണ്ണമായി പിൻതിരിപ്പിച്ചു അതോടുകൂടി കെമാലിൻെറ പേരും പെരുമയും വർദ്ധിച്ചു.

ഇംഗ്ലീഷുകാരും അവരുടെ സഹായികളുംകൂടി ജർമ്മനിയേയും തുർക്കിയേയും വീണ്ടും വീണ്ടും ആക്രമിച്ചു തോല്പിച്ചു. എൻവർ അതിനുമുമ്പുതന്നെ രാജ്യത്തുനിന്നും പലായനം ചെയ്തു. കാൺസ്റ്റാൻറിനോപ്പിരം ഇംഗ്ലീഷുകാരുടെ അധീനതയിലായി. അവരുടെ ഇഷ്ടപ്രകാരം വീണ്ടും സുൽത്താൻ ഭരണം തുടങ്ങി.

ഈ സമയത്തു തുർക്കിയുടെ സ്വാതന്ത്ര്യം സംരക്ഷിക്കുവാൻ കെമാൽ ശ്രമം തുടങ്ങി. അങ്കാറ എന്ന സ്ഥലത്തു ഒരു സൈന്യത്തെ ശേഖരിച്ചു അദ്ദേഹം തെയ്യാറെടുത്തു. താമസംവിനാ അദ്ദേഹം കാൺസ്റ്റാൻറിനോപ്പിളിലേക്ക് സൈന്യത്തെ നയിച്ചു എന്നാൽ ആ സമയത്ത് ഗ്രീക്കുകാർ തുക്കിയിൽനിന്നും കുറെ സ്ഥലം പിടിച്ചെടുത്തു. അങ്കാറയിലേക്ക് സൈന്യത്തെ നയിച്ചുകൊണ്ടു വരികയായിരുന്നു. കെമാൽ അവരെ തടഞ്ഞു തോല്പിച്ച് ഓടിച്ചശേഷം കാൺസ്റ്റാൻറിനോപ്പിളിലെത്തി. ഇംഗ്ലീഷുകാരെ തോല്പിച്ച് തുക്കിയുടെ സ്വാതന്ത്ര്യം സംരക്ഷിച്ചു. തുക്കിയിലെ സുൽത്താൻ ഇംഗ്ലീഷുകാരുടെ കൂടെ രക്ഷപ്രാപിച്ചു.

കെമാൽ തുക്കിയെ ഒരു റിപ്പബ്ളിക്കായി പ്രഖ്യാപിച്ചുകൊണ്ടു് അതിൻെറ ഒന്നാമത്തെ പ്രസിഡണ്ടുസ്ഥാനം സ്വീകരിച്ചു. അദ്ദേഹത്തെ ജനങ്ങഠം കെമാൽപാഷാ എന്നു വിളിക്കാൻ തുടങ്ങി. തുക്കിയെ അതിശക്തമായ ഒരു രാഷ്ട്രമാക്കി രൂപാന്തരപ്പെടുത്തുവാൻ കെമാൽപാഷാ ശ്രമംതുടങ്ങി. രാജ്യക്ഷേമത്തിനെതിരായി പ്രവത്തിച്ചിരുന്ന സുൽത്താൻെറ ശക്തി ക്ഷയിപ്പിക്കുന്നതിനായി തുക്കിയെ ഒരു മതേതര രാഷ്ട്രമായി പ്രഖ്യാപിച്ചുകൊണ്ടു് 1924-ൽ "ഖിലാഫത്" എന്ന സ്ഥാനം അദ്ദേഹം അവസാനിപ്പിച്ചു. വേഷം, ആചാരം, ചിന്ത എന്നിവയെല്ലാം പരിഷ്കരിച്ചു് ഒരു പുതിയ ജനവർഗ്ഗത്തെ തുക്കിയിൽ ഉണ്ടാക്കുന്നതിനായിരുന്നു അദ്ദേഹത്തിൻെറ പിന്നത്തെ ശ്രമം. പുരുഷന്മാർ സൂട്ടും ഹാററും ധരിക്കുവാൻ കല്പനയായി. സ്ത്രീകഠം മൂടുപടം ഉപേക്ഷിച്ചു് യൂറോപ്യൻ സ്ത്രീകളെപ്പോലെ വസ്ത്രധാരണംചെയ്തു ജോലികളിലേപ്പെടുവാനും പ്രേരണ നൽകി. ഒന്നിലധികം ഭായ്യമാരെ സ്വീകരിക്കുന്ന സമ്പ്രദായം നിത്തൽചെയ്തു അഴിമതിയും കൈക്കൂലിയും ഇല്ലാതാക്കി. സുശക്തമായ ഒരു കരസേനയും നാവികസേനയും വ്യോമസേനയും രൂപീകരിച്ചു് അവക്കു് വേണ്ട പരിശീലനം നൽകി.

1938-ൽ കെമാൽപാഷ അന്തരിച്ചു. ഗാന്ധിജിയെ രാഷ്ട്രപിതാവു് എന്നു നാം പുകഴ്ത്തുന്നതുപോലെ "അത്താത്തുക്കു്" (തുക്കിയുടെ പിതാവു്) എന്നു ജനങ്ങഠം അദ്ദേഹത്തെ വാഴ്ത്തി.

8. <u>രവീന്ദ്രനാഥ ടാഗോർ</u> രവീന്ദ്രനാഥടാഗോർ 1861-മെയ് മാസം 6-ാംതീയതി കല്ക്കട്ടയിൽ ജനിച്ചു പഴക്കംകൊണ്ടും പ്രാമാണ്യംകൊണ്ടും സമ്പത്തുകൊണ്ടും ബംഗാളിലെ അതിപ്രാധാന്യം അർഹിക്കുന്ന കുഡുംബങ്ങളിൽ ഒന്നായിരുന്നു ടാഗോർ കുഡുംബം. അതിലെ ഒരു ഓമന സന്താനമായി രവീന്ദ്രനാഥടാഗോർ വളർന്നു വന്നു. അദ്ദേഹത്തിന്റെ ചെറു പ്രായത്തിൽ തന്നെ അമ്മ ഇഹലോകവാസം വെടിഞ്ഞു. പിതാവായിരുന്ന ദേവന്ദ്രനാഥടാഗോർ, അധികസമയവും പുറംദിക്കുകളിൽ സഞ്ചരിച്ചിരുന്നതുകൊണ്ട് പുത്രന്റെ വിദ്യാഭ്യാസത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നതിന് സമയമുണ്ടായിരുന്നില്ല. മാതാപിതാക്കളുടെ സാന്നിദ്ധ്യത്തിൽ വളർന്നു വരുവാൻ ബാലനായ രവീന്ദ്രന് ഭാഗ്യം ഉണ്ടായിരുന്നില്ല. ഭൃത്യജനങ്ങളായിരുന്നു വീട്ടിൽ രവീന്ദ്രനാഥനോടുകൂടി എപ്പോഴും ഉണ്ടായിരുന്നത്.

പള്ളിക്കൂടത്തിൽ പോയി പഠിക്കുന്നതും അവിടത്തെ അന്തരീക്ഷവും അദ്ധ്യാപകന്മാരുടെ രീതികളും രവീന്ദ്രനാഥന് വെറുപ്പായിരുന്നു. അതുകൊണ്ട് പള്ളിക്കൂടത്തിൽ പോകാതെ വീട്ടിലിരുന്നു ടാഗോർ വിദ്യാഭ്യാസം തുടങ്ങി. കുട്ടിക്കാലം മുതൽക്കുതന്നെ ഏകാന്തമായി വളരെ നേരം ആകാശവും മേഘവും മററു പ്രകൃതിദൃശ്യങ്ങളും നോക്കി ആസ്വദിക്കുക അദ്ദേഹത്തിന്റെ ഒരു പതിവായിരുന്നു. ചെറുപ്പം മുതൽക്കുതന്നെ കവിതകൾ നാടകങ്ങൾ, പാട്ടുകൾ മുതലായവ എഴുതുന്നതിലും ചിത്രങ്ങൾ വരയ്ക്കുന്നതിലുമായിരുന്നു അദ്ദേഹത്തിനു കൂടുതൽ താല്പര്യം.

പ്രകൃതിസൗന്ദര്യം വർണ്ണിച്ചു് പല കവിതകളും അദ്ദേഹം ബാല്യത്തിൽ എഴുതിയിട്ടുണ്ട്. ഹിമാലയത്തിലേയ്ക്കു് പിതാവിന്റെ കൂടെ ഒരു യാത്ര പോയി തിരിച്ചു വന്നതിനുശേഷമാണു് പ്രകൃതിസൗന്ദര്യത്തെപ്പററിയുള്ള കവിതകൾ അധികവും എഴുതിയിട്ടുള്ളതു്.

പതിനേഴാമത്തെ വയസ്സിൽ ഉന്നത വിദ്യാഭ്യാസാർത്ഥം അദ്ദേഹം ഇംഗ്ലണ്ടിലേക്കു പോയി. ലണ്ടൻ സർവ്വകലാശാലയിൽ ചേർന്നു എങ്കിലും പഠിത്തം തുടരാതെ കൽക്കട്ടെക്കുതന്നെ അദ്ദേഹം മടങ്ങിപ്പോന്നു. അതിനുശേഷം പിതാവിന്റെ സ്വത്തുക്കൾ നോക്കി സംരക്ഷിക്കുന്നതിനായി രവീന്ദ്രനാഥടാഗോർ നിയോഗിക്കപ്പെട്ടു. വളരെ ഭൂസ്വത്തുക്കൾ ടാഗോറിന്നു് ഉണ്ടായിരുന്നതുകൊണ്ടും അവ അധികവും ഗ്രാമപ്രദേശങ്ങളിലായിരുന്നതുകൊണ്ടും ബംഗാളിലെ ഗ്രാമീണരുമായി കൂടുതൽ പരിചയപ്പെടുന്നതിന്നു് അതു ഉപകരിച്ചു.

അനവധി ചെറുകഥകൾ നോവലുകൾ കവിതകൾ എന്നിവ ടാഗോർ എഴുതിയിട്ടുണ്ട്. അദ്ദേഹം ബംഗാളി ഭാഷയിൽ എഴുതിയിട്ടുള്ള "ഗീതാഞ്ജലി" എന്ന കവിതാകുസുമങ്ങൾ 1912-ൽ ഇംഗ്ലീഷിലേക്കു് തർജ്ജിമ ചെയ്തു പ്രസിദ്ധീകരിക്കപ്പെട്ടു. അതോടുകൂടി അദ്ദേഹം വിശ്വവിഖ്യാതനായിത്തീർന്നു. ഗീതാഞ്ജലി എന്ന കവിത രചിച്ചതിന്നു് അദ്ദേഹത്തിന്നു് നോബെൽ സമ്മാനം ലഭിച്ചു. പിന്നീടു് അതു ലോകത്തിലെ പല ഭാഷകളിലേക്കും തർജ്ജിമ ചെയ്യപ്പെട്ടിട്ടുണ്ട്. 1911-ഡിസംബർ 27-ാം തീയതി ആഘോഷിക്കപ്പെട്ട ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ 28-ാമത്തെ വാർഷിക

സമ്മേളനത്തിൽ പാടുവാനായി ടാഗോർ പ്രത്യേകം രചിച്ചതാണ് നമ്മുടെ "ജനഗണമന" എന്ന ദേശീയഗാനം. ജാതിമതാചാര ഭേദങ്ങൾ മറന്ന് എല്ലാവരും മാതൃഭൂമിയുടെ ഉൽക്കർഷത്തിനുവേണ്ടി പ്രയത്നിക്കണമെന്നു ഈ ഗാനം നമ്മളെ ഉൽബോധിപ്പിക്കുന്നു. ഭാരതത്തിൻെറ സാംസ്കാരികമായ മഹത്വത്തിൻെറ ചിഹ്നമാണ് നമ്മുടെ ദേശീയഗാനം. ദേശിയഗാനാലാപന നടക്കുമ്പോൾ എല്ലാവരും നിശ്ശബ്ദമായി ആദരവോടുകൂടി എഴുന്നേററ് നിശ്ചലരായി ഗാനം അവസാനിക്കുന്നതുവരെ നിൽക്കണം.

"ലോകമേ തറവാട്" എന്നു വിശ്വസിച്ചിരുന്ന രവീന്ദ്രനാഥടാഗോർ ഭാരതത്തിൻെറ ഉത്തമസന്താനങ്ങളിൽ ഒരാളായിരുന്നു. കുട്ടികളിൽ ഉത്സാഹവും ആനന്ദവും ഉളവാക്കുന്നതും അവരെ പ്രകൃതിയുമായി ഇണക്കി യോജിപ്പിക്കുന്നതും ആയ ഒരു പുതിയ വിദ്യാഭ്യാസരീതി നടപ്പിലാക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. അതിൻെറ ഫലമായി രവീന്ദ്രനാഥടാഗോർ സ്ഥാപിച്ചതാണ് ശാന്തിനികേതനത്തിലെ വിദ്യാലയം ശാന്തിനികേതനത്തിനോടനുബന്ധിച്ച് 1921-ൽ അദ്ദേഹം കൽക്കട്ടക്കടുത്ത് സ്ഥാപിച്ച സർവ്വകലാശാല "വിശ്വഭാരതി" എന്ന പേരിൽ അറിയപ്പെടുന്നു. ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ അവിടെ വന്നു ചേരാറുണ്ട്. ടാഗോറിനു് നോബൽ സമ്മാനം ലഭിച്ച 8000 പവനും അദ്ദേഹം ഈ വിദ്യാലയങ്ങൾക്കുവേണ്ടി ചിലവഴിച്ചു.

1915-ൽ ബ്രിട്ടീഷ് ഗവർമ്മെൻറ് അദ്ദേഹത്തിനു് "Sir" എന്ന സ്ഥാനം നൽകി ബഹുമാനിച്ചു.

അമൃത്സാർ എന്ന സ്ഥലത്തുവെച്ച് ബ്രിട്ടീഷുകാർ നടത്തിയ മൃഗീയമായ കൂട്ടക്കൊലയിൽ പ്രതിഷേധിച്ചു കൊണ്ടു് അദ്ദേഹം ആ ബഹുമതി ഉപേക്ഷിച്ചു.

മഹാകവി എന്നും ലോകഗുരുവെന്നും, മഹർഷി എന്നും മററും ജനങ്ങൾ പുകഴ്ത്തിവന്ന ആ ദിവ്യപുരുഷൻ 1941 ആഗസ്റ്റ് 7-ാംതീയതി ദിവംഗതനായി.

9. **മഹാത്മാഗാന്ധി** ഭാരതത്തിലെന്നല്ല ലോകത്തിലൊട്ടാകെതന്നെ അടുത്തകാലത്തുണ്ടായിട്ടുള്ള മഹാപുരുഷന്മാരിൽ അഗ്രഗണ്യനായ ഒരു മഹാത്മാവാണ് ഗാന്ധിജി. മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ആജീവനാന്തം അശ്രാന്ത പരിശ്രമം ചെയ്തു് ഒടുവിൽ മാതൃഭൂമിക്കുവേണ്ടി ആത്മാർപ്പണം ചെയ്ത ഒരു ദിവ്യപുരുഷനാണ് മഹാത്മജി.

മോഹൻദാസ് കരംചന്ദ് ഗാന്ധി 1869 ഒക്ടോബർ 2-ാംതീയതി പോർബന്തർ എന്ന സ്ഥലത്ത് ജനിച്ചു. ഇന്ത്യയിൽ സാമാന്യ വിദ്യാഭ്യാസം നേടിയ ശേഷം ഉന്നത വിദ്യാഭ്യാസത്തിനായി ഇംഗ്ലണ്ടിലേയ്ക്കു പോയി. ലണ്ടനിൽനിന്നും ബാരിസ്റ്റർ പരീക്ഷ പാസ്സായി മടങ്ങിയെത്തിയശേഷം ഒരു അഭിഭാഷകനായി ബോംബെയിൽ കുറെക്കാലം കഴിച്ചു. അക്കാലത്തു് ദക്ഷിണാഫ്രിക്കയിൽ ഒരു കേസ്സു നടത്തുന്നതിനു് അദ്ദേഹത്തിനു് പോകേണ്ടിവന്നു. അവിടെ താമസിച്ചിരുന്ന ഇന്ത്യാക്കാർക്കു് ബ്രിട്ടീഷുകാരിൽനിന്നും സഹിക്കേണ്ടി വന്നിരുന്ന അസമത്വങ്ങളും കഷ്ടതകളും കണ്ടു് അദ്ദേ



മഹാത്മാ ഗാന്ധി

ഹം വളരെ വ്യസനിച്ചു. അദ്ദേഹം അവിടത്തെ ഇന്ത്യാക്കാരെ നയിച്ചു് അക്രമരഹിതമായ മാർഗ്ഗത്തിൽക്കൂടിയുള്ള സത്യാഗ്രഹസമരം വഴി ബ്രിട്ടീഷുകാരോടെതൃത്തു് ഇന്ത്യാക്കാരുടെ അവകാശങ്ങൾ നേടി വിജയശ്രീലാളിതനായി ഇന്ത്യയിൽ മടങ്ങിയെത്തി.

ഇൻഡ്യയിൽ എത്തിയശേഷം ബ്രിട്ടീഷുകാരിൽ നിന്നും ഇന്ത്യയെ സ്വതന്ത്രമാക്കുന്നതിനുവേണ്ടി ഗാന്ധിജി കോൺഗ്രസ്സിൽ ചേർന്നു പ്രവർത്തനമാരംഭിച്ചു. വിദേശസാധനവർജ്ജനം, നികുതിനിഷേധം ബ്രിട്ടീഷുഗവമ്മെൻറിനോട്ട് നിസ്സഹകരണം തുടങ്ങിയ പരിപാടികളനുസരിച്ച് ഗാന്ധിജി സമരമാരംഭിച്ചു. 1922-ൽ ഗവർമ്മെൻറു് ഗാന്ധിജിയെ ആറു കൊല്ലത്തെ കഠിനതടവിനു് ശിക്ഷിച്ചു. പക്ഷെ രണ്ടുകൊല്ലത്തിനുശേഷം ഗാന്ധിജിയെ മോചിപ്പിച്ചു 1924-ൽ ഗാന്ധിജി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൻെറ പ്രസിഡണ്ടുസ്ഥാനം സ്വീകരിച്ചു. 1929-ൽ പരിപൂർണ്ണ സ്വാതന്ത്ര്യലബ്ധിയാണു് ഇന്ത്യയുടെ ലക്ഷ്യമെന്നു് കോൺഗ്രസ്സ് പ്രഖ്യാപിച്ചു. 1930-ൽ അദ്ദേഹം ഉപ്പുസത്യാഗ്രഹം നടത്തി. അദ്ദേഹത്തെ ഉടനെ അറസ്റ്റുചെയ്തു. 1931-ൽ വീണ്ടും മോചിപ്പിച്ചു. 1931-ൽ മഹാത്മജി ഇർവിൻ പ്രഭുവുമായി ഒരു സന്ധിയിൽ ഏർപ്പെട്ടു. "ഗാന്ധി-ഇർവിൻ സന്ധി" എന്നാണു് പേർ. അതനുസരിച്ച് തല്ക്കാലം സത്യാഗ്രഹം നിർത്തിവെയ്ക്കുവാനും കോൺഗ്രസ്സ് വട്ടമേശസമ്മേളനത്തിൽ പങ്കുകൊള്ളുവാനും തീരുമാനിച്ചു. ഈ സമ്മേളനത്തിൽ ഗാന്ധിജിയാണു് കോൺഗ്രസ്സിനെ പ്രതിനിധീകരിച്ചതു്. എന്നാൽ സമ്മേളനത്തിൽ യാതൊരു കാര്യവും തീർച്ച ചെയ്യുവാൻ സാധിച്ചില്ല. വീണ്ടും കോൺഗ്രസ്സിൻെറ നിസ്സഹകരണപ്രസ്ഥാനം തുടരുകയും ബ്രിട്ടീഷുകാർ അതിനെ ക്രൂരമായി അടിച്ചമർത്തുവാൻ ശ്രമിക്കുകയും ഗാന്ധിജിയെ ജയിലിൽ അടയ്ക്കുകയും ചെയ്തു.

1942-ൽ ഗാന്ധിജിയുടെ "ക്വിററ് ഇന്ത്യാ" പ്രക്ഷോഭണമാരംഭിച്ചു. ഗാന്ധിജി വീണ്ടും ബന്ധനസ്ഥനായി. ബന്ധനത്തിലായിരിക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രിയപത്നി കസ്തൂർബാ ചരമഗതി പ്രാപിച്ചു.

ഗാന്ധിജിയുടേയും കോൺഗ്രസ്സിന്റേയും അശ്രാന്തപരിശ്രമത്തിന്റെ ഫലമായി 1947 ആഗസ്റ്റ് 15-ാംതീയതി ഇന്ത്യ സ്വാതന്ത്ര്യയായി എങ്കിലും ഇന്ത്യ രണ്ടായി വിഭജിക്കപ്പെട്ടു. ഹിന്ദുക്കളുടേയും മുസ്ലീംകളുടേയും ഇടയിൽ ഉണ്ടാക്കപ്പെട്ട വർഗ്ഗീയ വൈരമാണ് ഇന്ത്യയെ പാക്കിസ്ഥാൻ എന്നും ഇന്ത്യൻ യൂണിയൻ എന്നും ഉള്ള പേരുകളിൽ വിഭജിക്കാൻ ഇടയാക്കിയതു്. ഹിന്ദു മുസ്ലീം വർഗ്ഗീയ ലഹളകൾ ഗാന്ധിജിയെ അസ്വസ്ഥചിത്തനാക്കി. അദ്ദേഹം വർഗ്ഗീയലഹള ശമിപ്പിക്കുവാൻ വളരെ ശ്രമിച്ചെങ്കിലും അതു സാധിക്കുന്നതിന്നുമുമ്പ് 1948 ജനുവരി 30-ാം തീയതി പ്രാർത്ഥനാ യോഗത്തിൽ സംബന്ധിക്കുന്നതിനായി ബർലാ മന്ദിരത്തിലേക്കു പോയ ആ മഹാത്മാവിനെ ഒരു മതഭ്രാന്തൻ വെടിവച്ചു കൊലപ്പെടുത്തി.

സമാധാനപരമായ മാർഗ്ഗത്തിലൂടെ ഉള്ള അദ്ദേഹത്തിന്റെ നേതൃത്വംകൊണ്ടാണ് കോൺഗ്രസ്സ് സ്വാതന്ത്ര്യസമരത്തിൽ വിജയിച്ചതു്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയുടെ ആദർശശുദ്ധിയും, വ്യക്തിപ്രഭാവവും ഭാരതീയ ജനതയ്ക്കു ഒരിക്കലും വിസ്മരിക്കാൻ കഴിയുന്നതല്ല.

# പ്രായോഗിക പ്രവർത്തനങ്ങൾ

## അദ്ധ്യായം 3.

1. നിങ്ങൾ ഈ അദ്ധ്യായത്തിൽ പഠിച്ചതായ മഹാന്മാരുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബത്തിൽ പതിക്കുക.

2. ഒരു പട്ടിക വരച്ച് നിങ്ങൾ പഠിച്ച മഹാന്മാരുടെ പേരും അവരുടെ ജന്മഭൂമിയും എഴുതി, ക്ലാസ്സിൽ തൂക്കുക. മഹത്വം ഒരു പ്രത്യേക രാജ്യത്തിന്റെയോ, ഭൂവിഭാഗത്തിന്റെയോ, കാലഘട്ടത്തിന്റെയോ കുത്തകയല്ല എന്നു മനസ്സിലാക്കുക.

3. നിങ്ങളുടെ ഗ്രന്ഥാലയത്തിൽനിന്നു് മഹാന്മാരുടെ ജീവചരിത്രപുസ്തകങ്ങൾ എടുത്തു് വായിക്കുക. പിന്നീടു് ഓരോരുത്തരും ഓരോ മഹാന്മാരെക്കുറിച്ചു് ചെറുപ്രസംഗങ്ങൾ നടത്തുക.

4. ടാഗോർ കഥകൾ, ടോൾസ്റ്റായിയുടെ നീതി കഥകൾ എന്നിവ വായിക്കുക.

5. "ജനഗണമന" സംഘമായി ചൊല്ലുവാൻ ശീലിക്കുക.

6. ഗാന്ധിജിയുടെ ജീവിതത്തിലെ വിവിധ ദശകളെ കാണിക്കുന്ന ചിത്രങ്ങൾ ശേഖരിച്ചു് ഒരു ക്ലാസ്സ്

ആൽബം തയ്യാറാക്കുക. ചിത്രങ്ങൾ ക്രമപ്രകാരം പതിക്കണം. ആ ചിത്രങ്ങളിലൂടെ അദ്ദേഹത്തിന്റെ ജീവചരിത്രം പഠിക്കുക.

7. ടാഗോർ, ഗാന്ധിജി എന്നിവരുടെ ജന്മദിനങ്ങൾ ആഘോഷിക്കുക. തദവസരത്തിൽ വിദ്യാർത്ഥികൾ മുൻകൂട്ടി എഴുതി പഠിച്ചുവന്നിട്ടുള്ളതായ ചെറുപ്രസംഗങ്ങൾ ചെയ്യുക.

---

# നാണയ വ്യവസ്ഥിതി

## അദ്ധ്യായം 4.

1. നാണയത്തിന്റെകഥ. നമുക്ക് നിത്യോപയോഗത്തിന് പല സാധനങ്ങളും ആവശ്യമുണ്ട്. അവയെല്ലാം നാം ഇപ്പോൾ പണം കൊടുത്താണ് വാങ്ങുന്നത്. പണവും കൊണ്ടുചെന്നാൽ നമുക്ക് ഏതുസാധനവും ചന്തയിൽ നിന്നോ പീടികകളിൽനിന്നോ വാങ്ങുവാൻ കഴിയും. നമ്മുടെ പക്കൽ അധികമുള്ള സാധനങ്ങൾ വിററാൽ നമുക്ക് പണം കിട്ടുകയും ചെയ്യും. പണം എന്നൊന്ന് ഇല്ലായിരുന്നു എങ്കിൽ സാധനങ്ങൾ കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നത് എത്ര ക്ലേശകരമായിരിക്കും!

നാണയങ്ങൾ നടപ്പിൽ വരുത്തുന്നതിനു മുമ്പ് ഓരോരുത്തന്റേയും സ്വത്ത് അവനവന്റെ അധീന ത്തിലുണ്ടായിരുന്ന സാധനങ്ങൾ മാത്രമായിരുന്നു. ജന ങ്ങളുടെ ആവശ്യങ്ങൾ വളരെ ചുരുക്കമായിരുന്ന ആ കാലത്ത് അപരിഷ്കൃതജനങ്ങൾ അവരവരുടെ ആവശ്യ ത്തിന് വേണ്ടുന്ന സാധനങ്ങൾ അവരവർതന്നെ ഉല്പാ ദിപ്പിച്ചുവന്നു. പിന്നീട് അവരവരുടെ അധീനത്തി ലുള്ള സാധനങ്ങൾ മറെറാരുവന്റെ അധീനത്തിലുള്ള സാധനങ്ങൾക്കുവേണ്ടി കൈമാററം ചെയ്തുതുടങ്ങി. ജന ങ്ങൾ വദ്ധിക്കുകയും അവരുടെ ആവശ്യങ്ങൾ അധികരിക്കുകയും ചെയ്തുതുടങ്ങിയപ്പോൾ സാധ നങ്ങൾ കൈമാററം ചെയ്യുക ഒരു സാധാരണകൃത്യമാ യിത്തീൎന്നു. ഇതിന് "ബാർട്ടർ" സമ്പ്രദായംഎന്നാണ് ഇതിന് പേർ. മനുഷ്യസമുദായത്തിന്റെ ആരംഭം മുതൽക്കുതന്നെ സാധനകൈമാററം ചെയ്യുന്ന ബാർട്ടർ സമ്പ്രദായം നടന്നുതുടങ്ങിയിട്ടുണ്ടായിരിക്കണം. ആദ്യ മാദ്യം വ്യക്തികൾ തമ്മിലും കാലാന്തരത്തിൽ രാജ്യങ്ങൾ തമ്മിലും ഈ കൈമാററ സമ്പ്രദായം നടന്നിട്ടുണ്ടാവാം.

ബാർട്ടർ സമ്പ്രദായം പലതുകൊണ്ടും അസൗകര്യ മായിരുന്നു. ആദ്യകാലത്തു ആളുകളുടെ ആവശ്യങ്ങൾ പരിമിതമായിരുന്നതുകൊണ്ട് ബാർട്ടർ ഏർപ്പാടുമൂലം കാര്യങ്ങൾ നിർവഹിക്കുവാൻ കുറെ ഒക്കെ സാധിച്ചിരു ന്നു. എന്നാൽ സമുദായം പുരോഗമിച്ചതോടുകൂടി മനു ഷ്യന്റെ ആവശ്യം അടിക്കടി വർദ്ധിക്കുകയും ബാർട്ടർ സമ്പ്രദായം കൊണ്ടുള്ള വിഷമതകൾ അനുഭവപ്പെട്ടു തുട ങ്ങുകയും ചെയ്തു. രാമനു കുറെ നെല്ല് വില്പാനുണ്ടെന്ന്

വിചാരിക്കുക. അയാൾക്കു കുറെ തുണി ആവശ്യമുണ്ട്. കൃഷ്ണൻ എന്ന നെയ്ത്തുകാരൻെറ അടുക്കൽ തുണിഉണ്ട്. അയാൾക്കു നെല്ല് ആവശ്യവുമാണ്. ഇങ്ങിനെ വരു മ്പോൾ രാമനും കൃഷ്ണനും സാധനങ്ങൾ കൈമാററം ചെ യ്യുവാൻ വിഷമം ഉണ്ടാകുന്നതല്ല. എന്നാൽ നിത്യ ജീ വിതത്തിൽ സംഗതികൾ ഇത്ര യോജിച്ചു വരുവാൻ പ്ര യാസമാണു്. രാമനു കൃഷ്ണൻെറ തുണി ആവശ്യമാണു്; എന്നാൽ കൃഷ്ണനു നെല്ല് ആവശ്യവും ഇല്ല. അങ്ങിനെ വരുമ്പോൾ നെല്ലു കൊടുത്തു വസ്ത്രം വാങ്ങുവാൻ സാധി ക്കുകയില്ല. അപ്പോൾ, നെല്ലു വില്ക്കുന്നതിന്നു മറെറാ രാളെ കണ്ടുപിടിക്കേണ്ടി വരുന്നു. കൃഷ്ണനു് ആവശ്യം കോഴിയെ ആണു് എങ്കിൽ നെല്ലു കൊടുത്തു പകരം കോഴിയെ വാങ്ങി കൃഷ്ണനു കൊടുത്തു് വസ്ത്രം വാങ്ങേണ്ടി വരുന്നു. ഇതിൽനിന്നു സാധനങ്ങളും പണംകൊണ്ട് എവിടെ എല്ലാം പോയി എന്തെല്ലാം ബുദ്ധിമുട്ടുകൾ സഹിച്ചാലാണു് മനുഷ്യരുടെ ആവശ്യങ്ങൾ നിർവ ഹിക്കുവാൻ സാധിക്കുന്നതെന്നു് ഏറെക്കുറെ ഊഹി ക്കാമല്ലൊ.

ഒരാൾക്കു കുറെ കോഴിയെവേണം. അതിനുപകരം അയാളുടെ പക്കൽ കൊടുക്കാനുള്ളതു ആടുകളാണു്. ആടിനെ വാങ്ങി കോഴിയെ കൊടുക്കുവാൻ ഒരു മുള്ള ഒരാൾ ഉണ്ടെന്നിരിക്കട്ടെ. ഒരാടിനുപകരം പത്തു കോഴിയെ കൊടുക്കലാണു നിലവിലുള്ള നിരക്കു്. അയാൾക്കു നാലു കോഴിയേ ആവശ്യമുള്ളു എങ്കിൽ ആടിനെ മുറിച്ചു കൊടുക്കുക സാദ്ധ്യമല്ല. അപ്പോൾ ആവശ്യം നടക്കാതെ വരും.

ഒരു ജന്മിക്കു കുറെ നെല്ല് ആവശ്യം കഴിഞ്ഞു ബാക്കി ഉണ്ട്. അതു അറയിൽ ഇട്ടു സൂക്ഷിക്കുകയാണെങ്കിൽ ഒന്നോ രണ്ടോ കൊല്ലം കഴിയുമ്പോഴേയ്ക്കും അതു ദ്രവിച്ചു നഷ്ടപ്പെട്ടുപ്പോകും. അതുകൊണ്ടു സ്വത്തു സമ്പാദിച്ചു സംഭരിക്കുക വിഷമമായിരുന്നു.

ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനു ചില അടിസ്ഥാന സാധനങ്ങളെ ആസ്പദമാക്കി മററു സാധനങ്ങൾക്കു വില കൽപിക്കുക എന്ന ഏർപ്പാടു നടപ്പിലായി. അടിസ്ഥാന സാധനങ്ങൾ നെല്ലോ തേങ്ങയോ മററോ ആയിരുന്നാൽ അതും ചുമന്നുകൊണ്ടു സാധനങ്ങൾ വാങ്ങേണ്ടുന്ന ദിക്കിലെല്ലാം പോകേണ്ട പ്രയാസങ്ങൾ നേരിട്ടു. അപ്പോൾ അടിസ്ഥാന സാധനങ്ങൾക്കു ചില പ്രത്യേക ഗുണങ്ങൾ ഉണ്ടായിരിക്കണമെന്നു ജനങ്ങൾ മനസ്സിലാക്കി. അടിസ്ഥാന സാധനങ്ങൾക്കു ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ (1) വേഗം നശിക്കാതിരിക്കണം. (2) പ്രയാസം കൂടാതെ കൊണ്ടുനടക്കാവുന്നതായിരിക്കണം. (3) കൈമാററം ചെയ്യാൻ സൗകര്യമുള്ളവയായിരിക്കണം. (4) ചെറിയ അംശങ്ങളായി വിഭജിക്കാൻ കഴിയുന്നതായിരിക്കണം. (5) ഉപയോഗമുള്ളവയായിരിക്കണം. (6) എങ്ങനെനിന്നും നിഷ്പ്രയാസം സംഭരിക്കാൻ കഴിയാത്തവയായിരിക്കണം.

സ്വർണ്ണം, വെള്ളി, ചെമ്പു് ആദിയായ ലോഹങ്ങൾക്കു ഈ ഗുണങ്ങൾ എല്ലാം ഉണ്ടായിരുന്നതുകൊണ്ടു അവയെ അടിസ്ഥാന സാധനങ്ങളായി സ്വീകരിച്ചു. ലോഹങ്ങൾ തൂക്കികൊടുക്കുകയാണു ആദ്യം ചെയ്തിരു

ന്നതു്. എങ്കിലും പിന്നീടു് നിശ്ചിത തൂക്കത്തിലുള്ള നാണയങ്ങൾ ലോഹങ്ങൾകൊണ്ടുണ്ടാക്കി പ്രചരിപ്പിച്ചു. അതോടുകൂടി സാധനങ്ങളുടെ ക്രയവിക്രയം എളുപ്പമായിത്തീർന്നു. പണത്തിൻെറ ആവിർഭാവത്തോടുകൂടി മനുഷ്യൻെറ വിഷമതകൾ ഏറെക്കുറെ പരിഹരിക്കപ്പെട്ടു. കൈമാററ വിലയ്ക്കു പ്രത്യേക നിരക്കുകൾ ഉണ്ടാക്കാനും അതുവഴി ക്രയവിക്രയം എളുപ്പമാക്കാനും നാണയങ്ങൾക്കു കഴിഞ്ഞു. നെല്ലു് തേങ്ങ മുതലായ സാധനങ്ങൾ കൊണ്ടുനടന്നു് ഓരോരുത്തൻെറ പക്കൽനിന്നു് ഓരോന്നു് വാങ്ങുന്നതിനു പകരം അവ നാണയമാക്കി മാററി അവനവൻെറ സമയവും, സൗകര്യവും, ആവശ്യവും അനുസരിച്ചു് മറേറാരോസാധനങ്ങൾ വാങ്ങുവാൻ ജനങ്ങൾക്കു കഴിഞ്ഞു. ഉല്പാദന വസ്തുക്കൾ വിററു നാണയമാക്കി സംഭരിക്കുവാനും എളുപ്പമായിത്തീർന്നു.

ആദ്യകാലങ്ങളിൽ നാണയങ്ങളുടെ വിലയും അവ നിർമ്മിക്കുന്ന ലോഹവിലയും തുല്യമായിരുന്നു. എന്നാൽ ഇപ്പോൾ നാണയങ്ങൾക്കു നിശ്ചയിച്ചിരിക്കുന്ന മുഖവില അതു നിർമ്മിക്കുന്ന ലോഹ വിലയെക്കാൾ തുലോം കൂടുതലാണു്. ഇപ്പോഴത്തെ ഒരു രൂപാ നാണയത്തിൽ ഒരു രൂപ വിലയ്ക്കുള്ള ലോഹം കാണപ്പെടുകയില്ല. അതുകൊണ്ടു് സാധനങ്ങൾക്കു പകരം ആ നാണയങ്ങൾ സ്വീകരിക്കാൻ ചിലപ്പോൾ ചിലർ മടിച്ചേക്കും. അങ്ങിനെ വരാതിരിക്കണമെങ്കിൽ നാണയത്തിൻെറ കൈമാററ നിരക്കു് നിയമംമൂലം എല്ലാവരും സ്വീകരിക്കത്തക്ക നില വരുത്തണം.

ഇങ്ങനെ രാഷ്ട്രം നിയമപരമായ സാധുത്വം നൽകുന്ന നാണയങ്ങളെ നിയമാനുസൃത നാണയങ്ങൾ എന്നു പറഞ്ഞുവരുന്നു.

കുറെ കാലങ്ങൾ കഴിഞ്ഞതോടുകൂടി നാണയങ്ങളും ചില അസൗകര്യങ്ങൾ ഉണ്ടാക്കിത്തുടങ്ങി. ഉല്പാദനവും വ്യവസായവും കച്ചവടവും രാജ്യത്തു വർദ്ധിച്ചപ്പോൾ നാണയങ്ങൾ കൈമാററം ചെയ്യുന്നതിന്നു് വിഷമതകൾ നേരിട്ടു. ഒരാൾക്കു ഒരു മോട്ടർകാർ വാങ്ങണമെന്നും അതിനു് പതിനായിരംരൂപ വിലയാണെന്നും വിചാരിക്കുക. ഒററരൂപ നാണയങ്ങളായി അതു മുഴവൻ കൊണ്ടുപോയി കൊടുക്കുക ഒരു ഭാരിച്ച ചുമടായിതീരും. എണ്ണി തിട്ടപ്പെടുത്തികൊടുക്കാൻ വളരെ സമയം വേണ്ടി വരും. ഈ കുറവു പരിഹരിക്കുവാൻ ഗവമ്മെൻറിൽനിന്നു കറൻസിനോട്ടുകൾ അടിച്ചു് വിതരണം ചെയ്യുവാൻ തുടങ്ങി നോട്ടു് വെറും കടലാസാകയാൽ നോട്ടിൻെറ വിലക്കു് തുല്യമായ കരുതൽധനം സ്വർണ്ണമായോ വെള്ളിയായോ ഗവർമ്മെൻറിൻെറ കൈവശം ഉണ്ടായിരിക്കണം. ഒററ രൂപ, രണ്ടു രൂപ, അഞ്ചു രൂപ, പത്തു രൂപ, നൂറുരൂപ വീതം വിലവരുന്ന കറൻസിനോട്ടുകളാണു് ഇപ്പോൾ ധാരാളമായി ഉപയോഗിച്ചുവരുന്നതു്. ഈ കടലാസുനാണയങ്ങൾ സക്കാരിൻെറ ഉറപ്പിന്മേൽ ജനങ്ങൾ പണത്തിനു പകരം സ്വീകരിക്കുന്നു. കൈമാററത്തിനും കൊണ്ടുനടക്കുന്നതിനും കൂടുതൽ സൗകര്യം നോട്ടുകൾതന്നെയാണു്. നാണയങ്ങളുടേയും നോട്ടുകളുടേയും ആവിർഭാവത്തോടുകൂടി ഉല്പാദനവും വാണിജ്യവും തുലോം വർദ്ധിച്ചു.

ഒരു രാജ്യത്തു നടപ്പിലുള്ള നാണയങ്ങളും നോട്ടുകളും മറെറാരു രാജ്യത്ത് സ്വീകരിക്കയില്ല. അതുകൊണ്ടു് മിക്ക രാജ്യങ്ങളിലെയും നാണയങ്ങൾ തമ്മിലുള്ള ബന്ധം ക്ലിപ്തപ്പെടുത്തിയിട്ടുണ്ടു്. രാജ്യങ്ങൾ തമ്മിൽ കൈമാററം ചെയ്യുന്ന സാധനങ്ങളുടെ വിലയിൽ കൂടുതലായി വരുന്ന വില സ്വർണ്ണമായി കൊടുക്കണമെന്നാണു വ്യവസ്ഥ.

2. ബാങ്കുകളും അവയുടെ ഉപയോഗങ്ങളും. നാണയങ്ങളുടെ ആവിർഭാവത്തോടുകൂടി പണം സമ്പാദിക്കുന്നതിനും സംഭരിക്കുന്നതിനും ആളുകൾ പ്രേരിതരായിതുടങ്ങി. ഇങ്ങനെ സംഭരിച്ചുവെക്കുന്ന പണം അവരവരുടെ ഗൃഹങ്ങളിൽ സൂക്ഷിക്കുകയാണെങ്കിൽ അതു ഉപയോഗശൂന്യമായിരിക്കും. ചിലപ്പോൾ മോഷ്ടിക്കപ്പെട്ടു നഷ്ടപ്പെട്ടു എന്നും വരാം. അതുകൊണ്ടു് പണം ഭദ്രമായി സൂക്ഷിക്കുന്നതിനും, ധനികൻെറ കൈവശം അധികമുള്ള പണം ദരിദ്രൻെറ ആവശ്യങ്ങൾക്കു വേണ്ടി ഉപയോഗപ്പെടുത്തുന്നതിനും അതു തിരികെ വാങ്ങി മുതലിൽചേർത്ത് നഷ്ടപ്പെടാതെ സൂക്ഷിക്കുന്നതിനുംഉള്ള ഒരു വഴി കണ്ടുപിടിക്കാൻ ജനങ്ങൾ നിർബ്ബന്ധിതരായി. ഈ ആവശ്യങ്ങൾ സാധിക്കുന്നതിന്നുവേണ്ടി പരിഷ്കൃത ജനങ്ങൾ കണ്ടെത്തിയ ഒരു പോംവഴിയാണു് ബാങ്കിങ്ങ് സമ്പ്രദായം.

ധനികർ ശേഖരിച്ചുവെയ്ക്കുന്ന പണം സാധുക്കളുടെ ആവശ്യത്തിനു് കടം കൊടുക്കുകയും തിരികെ വാങ്ങുകയും ചെയ്യുക സാധാരണമായി. ഇങ്ങിനെ പണമിടപാട് തുടങ്ങിയപ്പോൾ മൂലധനം ഇല്ലാത്തവർ പോലും

പണം കടംവാങ്ങി കച്ചവടവും തൊഴിലും ചെയ്തു ധനം വദ്ധിപ്പിക്കുവാൻ ഉത്സുകരായി. പണം കട കൊടുക്കുന്ന ധനികർക്ക് പ്രേരണ നൽകുന്നതിനു് കടം വാങ്ങുന്ന തുകയ്ക്കു് പലിശ എന്ന പേരിൽ ഒരു ചെറിയ ആദായവുംകൂടി കൊടുക്കുന്നരീതി ആവിർഭവിച്ചു. ഇതു കൂടുതൽ ധനം ശേഖരിച്ചു വയ്ക്കുന്നതിനു് ആളുകളെ പ്രേരിപ്പിച്ചു. പിന്നീടു് ശേഖരിച്ചു വെയ്ക്കുന്ന പണത്തിന്റെ ഉറപ്പും സുരക്ഷിതത്വവും ലാക്കാക്കി അവയെ വിശ്വസ്തരും പ്രബലന്മാരുമായ ആളുകളുടെ പക്കൽ സൂക്ഷിക്കുവാൻ കൊടുക്കുന്ന ഏർപ്പാടു് നടപ്പിലായി. അങ്ങിനെ പലരിൽനിന്നും സൂക്ഷിക്കാൻ കിട്ടിയ മുതൽ പ്രബലന്മാരോടു് മററുള്ളവർ കടമായി വാങ്ങിത്തുടങ്ങി. അതിൽനിന്നും കിട്ടുന്ന പലിശയിൽ ഒരു ഭാഗം പ്രബലവ്യക്തികൾ എടുത്തും ശേഷമുള്ളതു ധനമുടമസ്ഥന്മാൎക്കു നൽകുകയും ചെയ്തുവന്നു. അപ്പോൾ പലിശയിലും മുതൽ ശേഖരിക്കുന്നതിലും കടം കൊടുക്കുന്നതിലും അതു തിരികെ വാങ്ങി ഉടമസ്ഥന്മാർക്കു കൊടുക്കുന്നതിലും ഐകരൂപ്യമുണ്ടായി. അതോടുകൂടി ബാങ്കു് പ്രവൎത്തനത്തിന്റെ പ്രാഥമിക വശങ്ങൾ രൂപമെടുത്തു. ഈ സമ്പ്രദായം വളർന്നു പരിഷ്ക്കരിച്ചതാണു് ഇന്നത്തെ ബാങ്കുകൾ.

**3. ബാങ്കുകൾ കൊണ്ടുള്ള ഉപയോഗങ്ങൾ.** ബാങ്കുകൾ നമുക്കു് പലവിധത്തിൽ പ്രയോജനപ്പെടുന്നു. ആവശ്യത്തിലധികമുള്ള പണം മോഷ്ടിക്കപ്പെട്ടോ മററോ നഷ്ടപ്പെടാതെ സൂക്ഷിക്കുന്നതിനു് ബാങ്കു് ഉപകരിക്കുന്നു. നമ്മുടെ കൈവശമുള്ള പണം ചെറിയ തുകകൾ

ളായി ബാങ്കുകളിൽ നിക്ഷേപിക്കുന്നതിനും ആവശ്യാനുസരണം അതു ബാങ്കിൽനിന്നും തിരികെ വാങ്ങുന്നതിനും കഴിയും.

നാം ബാങ്കിൽ അടക്കുന്ന പണം കച്ചവടക്കാർക്കും വ്യവസായികൾക്കും ബാങ്കിൽനിന്നും കടം കൊടുക്കുന്നു. അതിൽ നിന്നും കിട്ടുന്ന ആദായത്തിൽ ഒരു ചെറിയ അംശം അവർ ബാങ്കിലേയ്ക്കു പലിശയായി കൊടുക്കുന്നു. അങ്ങിനെ പലിശയായി കിട്ടുന്ന ആദായം കൊണ്ടു് ബാങ്കുകളുടെ പ്രവർത്തനത്തിനുവേണ്ട തുക ഉണ്ടാകുന്നതിനു പുറമെ ബാങ്കിലേയ്ക്കു ആദായവും ഉണ്ടാകുന്നു.

നാം ബാങ്കിൽ അടക്കുന്ന തുകയ്ക്കു് ബാങ്കിൽനിന്നും നമുക്കു് ഒരു ചെറിയ പലിശ അനുവദിച്ചു തരുന്നതു കൊണ്ടു് നമ്മുടെ മുതൽ സുരക്ഷിതമായി സൂക്ഷിക്കുന്നതിനോടൊപ്പം അതു കുറേശ്ശെയായി വർദ്ധിക്കുന്നതിനും ഇടയാകുന്നു. നാം അപ്പഴപ്പോൾ അടയ്ക്കുന്ന സംഖ്യയും ബാങ്കിൽ നിന്നും നമുക്കു കിട്ടുന്ന പലിശയും നാം നിക്ഷേപത്തുകയിൽനിന്നും പിൻവലിക്കുന്ന തുകയും അപ്പഴപ്പോൾ തിട്ടപ്പെടുത്തി ഒരു പുസ്തകത്തിൽ ചേർത്തു് നമുക്കു തരുന്നു. അതിനു പാസ്സു് ബുക്കു് എന്നു പേർ. അതിൽ നോക്കിയാൽ വളരെ എളുപ്പത്തിൽ നിക്ഷേപത്തുകയെപ്പററിയുള്ള വിവരങ്ങൾ നിക്ഷേപകനു് അറിയുവാൻ കഴിയും. ബാങ്കിൽനിന്നും നിക്ഷേപകന്നു് ഒരു ചെക്കു് പുസ്തകം കൊടുക്കും. അതിൽനിന്നും ഓരോ കടലാസ്സു കീറി നമുക്കു് പിൻവലിക്കേണ്ട തുക എത്ര എന്നു് എഴുതി ഒപ്പിട്ടു് ബാങ്കിൽ കൊടുത്താൽ നമുക്കു് ആവ

ശ്യമുള്ള തുക ബാങ്കിൽനിന്നു വാങ്ങാം. നാം മററൊരു
വന്നു കൊടുക്കേണ്ടുന്ന തുകയ്ക്കു അയാളുടെ പേർക്കു
ഒരു ചെക്കു എഴുതി കൊടുക്കുകയാണെങ്കിൽ ആ തുക
അയാൾക്കു നേരിട്ടു ബാങ്കിൽനിന്നു വാങ്ങാവുന്ന
താണു്. വലിയ തുകകൾ കൈമാററം ചെയ്യുന്നതിനു
ഈ ഏർപ്പാടു വളരെ എളുപ്പമായ മാർഗ്ഗമാണു്.

ദൂരസ്ഥലങ്ങളിലേക്കു വലിയ തുകകൾ അയയ്ക്കുന്ന
തിനു ബാങ്കുകൾ പ്രയോജനപ്പെടുന്നു. ഡൽഹിയിൽ
ജോലിനോക്കിക്കൊണ്ടിരിക്കുന്ന ഒരാൾക്കു കേരളത്തി
ലുള്ള അയാളുടെ വീട്ടിലേക്കു ആയിരം രൂപ അയയ്ക്കണ
മെന്നിരിക്കട്ടെ. അതു മണിആർഡർ ചെയ്യുകയാണെ
ങ്കിൽ വലിയ ഒരു തുക മണിയാർഡർ കമ്മീഷനായി
പോസ്റ്റാഫീസിൽ കൊടുക്കേണ്ടിവരും. എന്നാൽ ആ
തുക അയാൾ ഡൽഹിയിലെ ഒരു ബാങ്കിൽ കൊണ്ടു
പോയി അടച്ചു ആരുടെ പേർക്കാണോ പണം അയ
ക്കേണ്ടതു് അയാളുടെ പേർ പറഞ്ഞാൽ അയാളുടെ
പേർക്കു ബാങ്കിൽനിന്നു ഒരു ഡ്രാഫ്ററു് എഴുതി
കൊടുക്കും. ആ ഡ്രാഫ്ററു് രജിസ്റ്റർ ചെയ്തു അയാൾ
വീട്ടിലേക്കു അയയ്ക്കുകയാണെങ്കിൽ അതിൽ പറഞ്ഞി
രിക്കുന്ന ആൾക്കു കേരളത്തിലുള്ള ഏതെങ്കിലും ഒരു
ബാങ്കുവഴി ആ ഡ്രാഫ്ററു് മാറി സംഖ്യ വാങ്ങാം.
അതിനു പ്രതിഫലമായി തുച്ഛമായ ഒരു തുക മാത്രം
ബാങ്കിലേക്കു കൊടുത്താൽ മതിയാവുന്നതാണു്. അതു
കൊണ്ടു പോസ്റ്റാഫീസുവഴി പണം അയക്കുന്നതിനെ
ക്കാൾ ആദായകരമായി ബാങ്കുവഴി പണം ദൂരദിക്കുകളി
ലേക്കു അയക്കാവുന്നതാണു്.

ബാങ്കുകൾ ആളുകൾക്ക് കുറഞ്ഞ പലിശക്ക് പണം കടംകൊടുത്തു സഹായിക്കുന്നുണ്ട്. അങ്ങിനെ വാങ്ങുന്നതിന് ഉറപ്പായി ജാമ്യമോ, പണയമോ ബാങ്കിലേക്കു കൊടുക്കണം. സ്വർണ്ണപ്പണ്ടം പണയമായി കൊടുത്തു് ആളുകൾ പണംവാങ്ങി അത്യാവശ്യകാര്യങ്ങൾ നടത്തുന്നു.

വാണിജ്യത്തിനും ബാങ്കുകളുടെ പ്രവർത്തനം വളരെ പ്രയോജനപ്പെടുന്നുണ്ട്. കച്ചവടസാധനങ്ങളുടെ വില ബാങ്കുകൾവഴി കൊടുക്കുന്നതു് ആദായകരവും സുരക്ഷിതവും ആണ്. ഒരു കച്ചവടക്കാരൻ പതിനായിരം രൂപക്കു കച്ചവടസാധനങ്ങൾ വരുത്തുന്നു. എന്നാൽ അയാളുടെ കയ്യിൽ രൊക്കമായി കൊടുക്കുവാൻ അയ്യായിരം രൂപ മാത്രമേ ഉള്ളു എന്നു വിചാരിക്കുക. അപ്പോൾ അയാൾ സാധനങ്ങൾ ഒരു ബാങ്കിൽ പണയമായിവെച്ചു് പോരാത്ത അയ്യായിരം രൂപാകൂടി ബാങ്കിൽനിന്നു വാങ്ങി അതിന്റെ കടം വീട്ടുന്നു. പിന്നീട് ബാങ്കിൽനിന്ന് സാധനങ്ങൾ കുറേശ്ശെ കുറേശ്ശയായി എടുത്തു കച്ചവടം ചെയ്തു് അപ്പഴപ്പോൾ കിട്ടുന്ന തുക ബാങ്കിൽ അടച്ചു് കടംവീട്ടുവാൻവേണ്ടുന്ന ഏർപ്പാടുകൾ ചെയ്തുകൊടുക്കുന്നു.

അന്യ രാജ്യങ്ങളിലെ നാണയങ്ങൾ മാററിക്കൊടുക്കുന്ന ജോലിയും ചില ബാങ്കുകൾ നിർവഹിക്കുന്നുണ്ട്. വിദേശങ്ങളുമായി കച്ചവടബന്ധത്തിൽ ഏർപ്പെടുന്നതിന് ഈ രീതിഅത്യാവശ്യമാണ്. ഒരാൾക്കു ഇന്ത്യയിൽനിന്നും ഈജിപ്തിലേയ്ക്കു പോകണമെന്നിരിക്കട്ടെ. അയാളുടെ പക്കൽ ഇന്ത്യൻ നാണയങ്ങളും കറൻസിനോട്ടുകളും മാത്രമേ ഉണ്ടായിരിക്കയുള്ളു. അവ ഈജിപ്തിൽ എടു

ക്കുകയില്ല. യാത്ര തുടങ്ങുന്നതിനുമുമ്പ് ഇന്ത്യൻ നാണയങ്ങളും നോട്ടുകളും ബാങ്കിൽ കൊടുത്താൽ അതിനു പകരമായി ഈജിപ്തിലെ നാണയങ്ങളും നോട്ടുകളും ബാങ്കിൽനിന്നും അയാൾക്കു വാങ്ങുവാൻ കഴിയും.

ഇങ്ങിനെ പല വിധത്തിൽ മനുഷ്യ സമുദായത്തിന്റെ പുരോഗതിക്കും ഉൽക്കർഷത്തിനും ബാങ്കുകൾ സഹായമായിരിക്കുന്നു. ധനത്തെ പ്രവർത്തനക്ഷമമാക്കുകയും സുരക്ഷിതമായി സൂക്ഷിക്കുകയും ചെയ്യുക എന്ന സംഗതിയിലാണ് ബാങ്കുകളുടെ പ്രാധാന്യം നിലനിൽക്കുന്നത്. ധനികന്റെ പണം സാധാരണക്കാരന്റെ ആവശ്യത്തിന് ഉപയുക്തമാക്കിതീർക്കുന്നതും ബാങ്കുകളാണ്. ചെറിയ ചെറിയ തുകകൾ നിക്ഷേപിച്ച് മുതൽക്കൂട്ടി സമ്പാദിക്കുവാൻ സാധാരണക്കാരനെ സഹായിക്കുന്നതും പ്രേരിപ്പിക്കുന്നതും ബാങ്കുകളാണ്. വലിയ മൂലധനം മുടക്കാതെ വാണിജ്യത്തിൽ അഭിരുചിയുള്ളവർക്ക് വ്യാപാരത്തിൽ ഏർപ്പെട്ട് അഭിവൃദ്ധി പ്രാപിക്കുവാൻ അവസരം നൽകുന്നതും ബാങ്കുകളാണ്. ചുരുക്കിപ്പറഞ്ഞാൽ ബാങ്കുകളുടെ വിശ്വാസത്തിലും സഹകരണത്തിലും കാര്യക്ഷമമായ പ്രവർത്തനത്തിലുമാണ് വാണിജ്യ വ്യവസായങ്ങൾ പുരോഗമിച്ച് അഭിവൃദ്ധിപ്രാപിക്കുന്നത്.

3. <u>സഹകരണ സംഘങ്ങളും അവയുടെ ഉപയോഗങ്ങളും.</u> ബാങ്കുകൾ കൊണ്ടുള്ള പ്രയോജനം അധികവും വൻകിട വ്യവസായികൾക്കും വലിയ കച്ചവടക്കാർക്കും ആണ് സിദ്ധിക്കുന്നത്. കൃഷിക്കാർക്കും ചെറുതരം

തൊഴിലിൽ ഏർപ്പെട്ട് ഉപജീവനം കഴിക്കുന്നവർക്കും ബാങ്കുകൾവഴി സഹായമൊന്നും ലഭിക്കുന്നില്ല. പട്ടണങ്ങളിലും നഗരങ്ങളിലുമാണ് ബാങ്കുകൾ അധികവും പ്രവർത്തനം നടത്തുന്നത്. ഗ്രാമപ്രദേശങ്ങളിൽ ബാങ്കുകൾ കുറവാണ്. സാധാരണ ജനങ്ങൾക്കു ധനസഹായം ലഭിക്കുന്നതിൻവേണ്ടി നടപ്പിൽ വരുത്തിയിരിക്കുന്ന ഏർപ്പാടാണ് സഹകരണ സംഘങ്ങൾ. സഹകരണ ബാങ്കുകളും, സഹകരണ സ്റ്റോറുകളും, സഹകരണാടിസ്ഥാനത്തിലുള്ള കർഷക സംഘങ്ങളും സാധാരണക്കാരൻ വളരെ പ്രയോജനപ്പെടുന്നു.

ഒരു പ്രദേശത്തുള്ള കൃഷിക്കാരോ തൊഴിൽക്കാരോ ചേർന്നു ചെറിയ ചെറിയ ഓഹരികൾ പിരിച്ചെടുത്തു ഒരു വലിയ സംഖ്യ ഉണ്ടാക്കുന്നു. ഇങ്ങിനെ ഉണ്ടാക്കുന്ന തുകയാണ് സഹകരണ സംഘത്തിൻെറ മൂലധനം. ഓഹരിക്കാരുടെ ഇടയിൽനിന്നു് വിശ്വാസവും സാമർത്ഥ്യവും പ്രാപ്തിയും ഉള്ള ഒന്നോ രണ്ടോ ഭാരവാഹികളെയും കമ്മററി അംഗങ്ങളേയും തിരഞ്ഞെടുത്തു് സംഘത്തിൻെറ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനുള്ള ഭാരവാഹിത്വം അവരിൽ സമർപ്പിക്കുന്നു. അവർ ആഴ്ചയിലൊരിക്കലോ മറേറാ ഒരുമിച്ചു ചേർന്നു് സംഘത്തിൻെറ പ്രവർത്തനത്തെപ്പററി പര്യാലോചിച്ചു് വേണ്ടുന്ന നിർദ്ദേശങ്ങൾ പ്രസിഡണ്ട്, സെക്രട്ടറി, ഖജാൻജി മുതലായ ഭാരവാഹികൾക്കു നൽകുകയും ഭാരവാഹികൾ സംഖ്യകൾ ആവശ്യക്കാർക്കു് കടം കൊടുക്കുക, അതു കുറേശ്ശയായി തിരിച്ചുവാങ്ങുക, മുതലായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

എല്ലാവരും ഓരോരുത്തനുവേണ്ടിയും, ഓരോരുത്തനും എല്ലാവർക്കുവേണ്ടിയും പ്രവർത്തിക്കുക എന്ന തത്വത്തെ അടിസ്ഥാനമാക്കിയാണു് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതു്. വ്യക്തികൾ വേറിട്ടു നിൽക്കാതെ അന്യോന്യം സഹകരിച്ചു് വ്യവസായം കച്ചവടം കൃഷി മുതലായ തൊഴിലുകൾ തനിച്ചും കൂട്ടു ചേർന്നും നിർവ്വഹിക്കാൻ സഹകരണ പ്രസ്ഥാനം കൊണ്ടു് സാധിക്കും. സാധനങ്ങൾ ഉല്പാദിപ്പിക്കാനും, വാങ്ങാനും, വിൽക്കാനും സഹകരണസംഘങ്ങൾവഴി സാധിക്കും. അതിൽനിന്നും ഉണ്ടാകുന്ന ലാഭം എല്ലാ അംഗങ്ങൾക്കും അവകാശപ്പെട്ടതായതുകൊണ്ടു് സംഘങ്ങളുടെ അഭിവൃദ്ധിയിൽ പൊതുജനങ്ങൾക്കു അഭിലാഷമുണ്ടായിരിക്കും.

പണം ആവശ്യമുള്ള ഒരു ഓഹരിക്കാരനു് സഹകരണസംഘത്തിൽനിന്നു് മറെറാന്നോ രണ്ടോ ഓഹരിക്കാരുടെ ആൾജാമ്യത്തിന്മേൽ കുറഞ്ഞ പലിശയ്ക്കു പണം കടം എടുക്കുവാൻ കഴിയും. കടമായി എടുക്കുന്ന തുക മാസംതോറും കുറേശ്ശെയായി രണ്ടോ, മൂന്നോ കൊല്ലംകൊണ്ടു് അടച്ചു തീർത്താൽമതി. കടം എടുക്കുന്ന തുകയ്ക്കു് സംഘത്തിലേയ്ക്കു് കൊടുക്കുന്ന പലിശയുടെ ഒരു വീതം, സംഘത്തിലെ ആദായം ഓഹരിക്കാർക്കു വീതിക്കുമ്പോൾ കടക്കാരനും ലഭിക്കുന്നതാണു്. ഇങ്ങിനെ ഉള്ള സഹകരണ പ്രസ്ഥാനംമൂലം ചെറുകിട കൃഷികൾക്കും തൊഴിൽക്കാർക്കും വലിയ ബുദ്ധിമുട്ടുകൂടാതേയും ഋണബാദ്ധ്യതകൊണ്ടുള്ള കഷ്ടനഷ്ടങ്ങൾ അനുഭവപ്പെടാതെയും കഴിഞ്ഞുകൂടുവാൻ സാധിക്കുന്നു.

സഹകരണസ്റ്റോറുകൾ ഇക്കാലത്തു് പല സ്ഥലങ്ങളിലും തുടങ്ങി പ്രവൎത്തനം നടത്തിവരുന്നുണ്ടു്. സ്റ്റോറുകൾ അതാതു പ്രദേശങ്ങളിലെ ആളുകളുടെ ആവശ്യത്തിനുവേണ്ട സാധനങ്ങൾ ശേഖരിച്ചു് കച്ചവടം നടത്തുന്നു. സഹകരണസംഘാംഗങ്ങൾക്കു് ആവശ്യാനുസരണം സാധനങ്ങൾ കടമായും കൊടുക്കാറുണ്ടു്. തുച്ഛമായ ലാഭം മാത്രമേ സംഘത്തിലേക്കു് എടുക്കുകയുള്ളു. അങ്ങിനെ കിട്ടുന്നലാഭം സഹകരണസംഘത്തിന്റെ പ്രവൎത്തനത്തിനു വേണ്ടിവരുന്ന ചിലവുകഴിച്ചു് ബാക്കിവരുന്ന തുക സഹകരണ സംഘാംഗങ്ങൾക്കു് വീതിച്ചുകൊടുക്കുകയും ചെയ്യുന്നു. സഹകരണസ്റ്റോറുകൾ വഴി ന്യായമായ വിലയ്ക്കു സാധനങ്ങൾ സാധാരണക്കാൎക്കു് വാങ്ങാമെന്നുള്ളതുകൊണ്ടു് അതു ഒരു അനുഗ്രഹമാണു്. സഹകരണസ്റ്റോറുകൾ എല്ലാ വില്ലേജുകളിലും നടപ്പാക്കുന്നതു വളരെ നന്നായിരിക്കും.

പല വിദ്യാലയങ്ങളിലും സഹകരണസംഘങ്ങളും സ്റ്റോറുകളും പ്രവൎത്തനം നടത്തുന്നു· വിദ്യാൎത്ഥികൾക്കു വേണ്ടിവരുന്ന പുസ്തകം മുതലായ ഉപകരണങ്ങൾ ന്യായമായ വിലക്കു് അവിടെനിന്നും വാങ്ങുവാൻകഴിയും മററു പീടികകളിൽനിന്നും വാങ്ങുന്നതിനെക്കാൾ ആദായത്തിൽ കുട്ടികൾക്കു് ആവശ്യമുള്ള സാധനങ്ങൾ സ്റ്റോറിൽനിന്നും വാങ്ങുവാൻകഴിയുന്നതിനു പുറമെ അതുകൊണ്ടു് ഉണ്ടാകുന്ന ലാഭവീതം ഓഹരിക്കാരായ വിദ്യാൎത്ഥികൾക്കു തന്നെ ലഭിക്കയുംചെയ്യുന്നു.

സഹകരണാടിസ്ഥാനത്തിലുള്ള കർഷക സംഘങ്ങളും പല സ്ഥലത്തും രൂപീകരിച്ചിട്ടുണ്ടു്. കൃഷി

ആയുധങ്ങൾ നല്ലയിനം വിത്തുകൾ വളങ്ങൾ മുതലായവ സഹായ വിലയ്ക്കു വാങ്ങി സംഘാംഗങ്ങൾക്ക് നൽകുന്നു. കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിലയ്ക്കു വാങ്ങി വില്പന നടത്തുന്ന ജോലിയും ചില സഹകരണ സംഘങ്ങൾ ചെയ്യുന്നുണ്ട്.

കൈത്തറി നെയ്ത്ത് തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ, ക്ഷീരവ്യവസായ സംഘങ്ങൾ മുതലായ സംഘടനകളും പലേടത്തും പ്രവർത്തനം നടത്തിവരുന്നുണ്ട്. സംഘാംഗങ്ങൾക്ക് ആവശ്യമുള്ള സാധനങ്ങൾ ആദായ വിലയ്ക്കു വാങ്ങി വിതരണം ചെയ്യുകയും അവർ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ ന്യായ വിലയ്ക്കു വാങ്ങി ആദായകരമായി വിററഴിക്കുകയും ചെയ്യുന്നു. അതുകൊണ്ട് സംഘാംഗങ്ങൾക്ക് ന്യായമായ വിലയ്ക്കു സാധനങ്ങൾ കിട്ടുക മാത്രമല്ല ലാഭവീതവും ലഭിക്കുന്നതിന് ഇടയാകുന്നു.

സംഘാംഗങ്ങളുടെ സാമ്പത്തികമായ പുരോഗതിക്കു സഹായകമായിരിക്കുന്നതിനു പുറമേ അവരുടെ നാനാ പ്രകാരേണ ഉള്ള അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുന്നതിനും സഹകരണ സംഘങ്ങൾക്കു കഴിയും. ഇതിനുപുറമേ സഹകരണ മനോഭാവം സാമാന്യ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനും ഈ പ്രസ്ഥാനം പ്രയോജനപ്പെടുന്നു.

സഹകരണ സംഘങ്ങളുടെ വിജയപ്രദമായ പ്രവർത്തനത്തിന് ചില പ്രധാനസംഗതികൾ പരിഗണിക്കേണ്ടതായിട്ടുണ്ട്. അവയിൽ ചിലവ (1) സംഘത്തിൻെറ

ആഫീസ് സംഘാംഗങ്ങൾക്ക് എല്ലാവക്കും സൗകര്യമായിവന്നുചേരുവാൻ എളുപ്പമുള്ള സ്ഥലത്തായിരിക്കണം സ്ഥാപിക്കേണ്ടതു്. (2) അവശ്യം ആവശ്യമായ സംഗതികൾക്കുമാത്രമേ സംഘവും സംഘാംഗങ്ങളുംസംഘംവക പണം ചിലവഴിക്കുവാൻ പാടുള്ളു. (3) കടംകൊടുക്കുന്ന സംഖ്യകൾക്ക് മതിയായ ജാമ്യം ഉണ്ടായിരിക്കണം. (4) ആദായകരമായ പ്രവൃത്തികൾക്ക് വിനിയോഗിക്കുവാൻവേണ്ടി സംഖ്യകൾ കടംകൊടുക്കുക. (5) ആഘോഷങ്ങൾ, അടിയന്തിരങ്ങൾ മുതലായവയ്ക്കു് കടംകൊടുക്കാതിരിക്കുക. (6) മററു ബാംകുകളിൽ നിന്നോ മററൊ സംഘത്തിലേക്കു് പണം കടംവാങ്ങേണ്ടതായി വന്നാൽ അതു സംഘാംഗങ്ങളുടെ എല്ലാവരുടേയും കൂട്ടുത്തരവാദിത്വത്തിന്മേലും അറിവോടുംകൂടി മാത്രമായിരിക്കുക.

സഹകരണ സംഘങ്ങൾ പല ഗുണങ്ങളും ചെയ്യാൻ മതിയായവയാണെങ്കിലും നമ്മുടെ സംസ്ഥാനത്തിൽ അതിനു വേണ്ടത്ര വിജയം ഇനിയും സിദ്ധിച്ചിട്ടുണ്ടെന്നു് പറയാൻ തരമില്ല. പല സഹകരണ സംഘങ്ങളും കുറച്ചു നാൾ പ്രവർത്തനം നടത്തിയശേഷം പരാജയപ്പെട്ടു് നിലച്ചുപോകുന്നതായി കണ്ടുവരുന്നുണ്ടു്. ഇതിനുള്ള പ്രധാനകാരണങ്ങൾ എന്താണു്? ചില സംഘങ്ങൾ കടം വാങ്ങിയ തുക ശരിയായി മടക്കി അടക്കയില്ല. ഭാരവാഹികൾ തങ്ങളുടെ ചുമതല വഹിക്കുന്നതിൽ ഉദാസീനരായി വർത്തിക്കും. അപ്പോൾ സംഘത്തിൻെറ വ്യാപാരത്തിൽ ലാഭത്തിനു പകരം നഷ്ടം നേരിട്ടും. സംഘങ്ങളുടെ നടത്തിപ്പിനു വേണ്ട പരിചയം ചില ഭാരവാഹികൾക്കു ഉണ്ടായില്ലെന്നുംവരാം. ഇങ്ങിനെയുള്ള പല കാരണങ്ങളാ

ല്ലം സഹകരണ സംഘങ്ങൾ വേഗം അധഃപതിച്ചുപോകുക പതിവായിരിക്കുന്നു.

സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും, വളർച്ചയ്ക്കും, വ്യാപ്തിക്കുംവേണ്ടി പൊതുജനങ്ങൾ പലതും ചെയ്യേണ്ടതായിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ മഹത്തായ തത്വങ്ങളും സാദ്ധ്യതകളും ഭൂരിപക്ഷം ജനങ്ങളും മനസ്സിലാക്കേണ്ടിയിരിക്കുന്നു. കാർഷിക രാജ്യമായ ഇൻഡ്യയുടെ സാമ്പത്തികവും, സാമൂഹ്യവുമായ ഉന്നമനത്തിന് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു പ്രസ്ഥാനമാണ് സഹകരണസംഘം. ഗവർമ്മെണ്ട് അതിന്റെ വളർച്ചയ്ക്കും കാര്യമായ നടത്തിപ്പിനുംവേണ്ടി പലതും ചെയ്തു വരുന്നുണ്ട്.

---

## പ്രായോഗിക പ്രവർത്തനങ്ങൾ

### അദ്ധ്യായം 4

1. പഴയ നാണ്യങ്ങൾ ശേഖരിക്കുക.

2. കാർഡ്ബോർഡിൽ നാണ്യങ്ങളുടെ രൂപം വെട്ടിയെടുത്ത് വസ്തുശേഖരത്തിൽ പ്രദർശിപ്പിക്കുക.

3. ബാംകുകളുടെ പരസ്യങ്ങൾ നോക്കി, സാധാരണയായി ബാംകുകൾ അനുവദിക്കുന്ന പലിശ നിരക്ക് എത്രയാണെന്ന് മനസ്സിലാക്കുക.

4. ഒരു ബാങ്കിന്റെ പ്രവർത്തനം പ്രോജക്ടായി നടത്തുക. കുറെ കുട്ടികൾ നിക്ഷേപകന്മാരും, മററു ചിലർ ബാങ്കിൽനിന്നു് പണം വാങ്ങിക്കൊണ്ടു പോകുന്നവരായും അഭിനയിക്കുക. ഇവരിൽ സമുദായത്തിലെ എല്ലാ തുറകളിൽപ്പെട്ട ആളുകളുമുണ്ടായിരിക്കണം. (കൃഷിക്കാർ, വൻ കച്ചവടക്കാർ, വ്യവസായ ഉടമകൾ, സാധാരണക്കാർ) കടലാസ്സു കഷണങ്ങൾ നോട്ടുകളായി ഉപയോഗിക്കുക. ഡെപ്പോസിററ് രസീതികൾ, പാസ്സ്ബുക്കുകൾ, ചെക്കുകൾ, പ്രോനോട്ടുകൾ, പണയം, പലിശനിരക്ക് എന്നിവയുമായി പരിചയിക്കുകയും വേണം.

5. നിങ്ങളുടെ ക്ലാസ്സിലെ കുട്ടികൾക്കായുള്ള ഒരു ലഘുസമ്പാദ്യ പദ്ധതി ഉൽഘാടനം ചെയ്യുക.

6. പത്രങ്ങളിൽ നിന്നു് അങ്ങാടി നിലവാരം നോക്കി മനസ്സിലാക്കുക. നിങ്ങളുടെ പ്രദേശത്തെ സാധനങ്ങളുടെ നിലവാരവുമായി താരതമ്യപ്പെടുത്തുക.

---

അദ്ധ്യായം 5

## വിഭാഗം 1

## A. രാഷ്ട്രം—രാജ്യ സംരക്ഷകനും നീതി പാലകനും എന്ന നിലയിൽ

<u>രാഷ്ട്രവും രാജ്യ സംരക്ഷണവും:</u> ഒരു രാജ്യത്തെയും അതിലെ ജനങ്ങളേയും ചേർത്തു രാഷ്ട്രം (സ്റ്റേയ്ററു്)

എന്നു പറയുന്നു. ഒരു രാഷ്ട്രം ചുമതലയേറിയ പല കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പുരാതന കാലത്തു സ്വേച്ഛാധികാരമുള്ള രാജാക്കന്മാരാണു് രാജ്യം ഭരിച്ചിരുന്നതു്. ഇന്നു ആ രീതി പാടേ മാറിപ്പോയി. ജനത പരിഷ്കൃതരായി തീരുന്നതോടൊപ്പം രാഷ്ട്രത്തിൻെറ ചുമതലയും വർദ്ധിച്ചു വരികയാണു്. രാഷ്ട്രത്തിൻെറ ചുമതലകളിൽ ഏററവും പ്രാധാന്യമേറിയതു് രാജ്യസംരക്ഷണമാകുന്നു. രാജ്യ സംരക്ഷണത്തെ ബാഹ്യസംരക്ഷണമെന്നും ആഭ്യന്തര സംരക്ഷണമെന്നും രണ്ടു വിഭാഗങ്ങളായി തിരിക്കാം.

1. ബാഹ്യ സംരക്ഷണം:- വിദേശീയാക്രമണങ്ങളിൽനിന്നും രാജ്യത്തെ സംരക്ഷിക്കുക എന്നതു് രാഷ്ട്രത്തിൻെറ പ്രഥമവും അതിപ്രധാനവും ആയ ചുമതലയാണു്. പുറത്തുനിന്നും ഉള്ള ശത്രുക്കളെ തടയുന്നതിനു് ഒരു രാഷ്ട്രത്തിനു് സാധിക്കുകയില്ലെങ്കിൽ ജനങ്ങൾക്കു സ്വൈരസമാധാനത്തോടുകൂടി ജീവിക്കുവാൻ കഴികയില്ല. ജനങ്ങളുടെ സ്വൈരജീവിതത്തിനു് ഹാനി സംഭവിക്കുമ്പോൾ പൗരന്മാർ എപ്പോഴും ഭയവിഹ്വലരായി ജീവിക്കേണ്ടിവരും. അപ്പോൾ രാജ്യത്തു ഐശ്വര്യവും അഭിവൃദ്ധിയും ഇല്ലാതാകും.

പുറത്തുനിന്നും ഉള്ള ശത്രുക്കളെ തടയുന്നതിനു് രാഷ്ട്രം സൈന്യത്തെ ഏർപ്പെടുത്തുന്നു. വളരെ പുരാതന കാലം മുതൽക്കേ എല്ലാ രാജ്യത്തും സൈന്യത്തെ ഏർപ്പെടുത്തി വന്നിരുന്നു. സൈനിക സംരക്ഷണത്തിനു് രാജ്യത്തുണ്ടാകുന്ന വരവിൽ ഭീമമായ ഒരംശം ചിലവിടേണ്ടതായിട്ടുണ്ടു്. പുരാതതനകാല

ത്ത് ഭാരതത്തിലുണ്ടായിരുന്ന ഓരോ ചെറിയ രാജ്യത്തും ആന, കുതിര, തേർ, കാലാൾ എന്ന് നാലുവിഭാഗം സൈന്യങ്ങളെ ശേഖരിച്ചു വന്നിരുന്നു. അന്ന് വാൾ, കുന്തം, അമ്പു വില്ല് മുതലായ ആയുധങ്ങളാണ് യുദ്ധത്തിന് ഉപയോഗിച്ചുവന്നിരുന്നത്. പരിഷ്കൃത രീതിയിലുള്ള യുദ്ധമുറകളും, ആയുധങ്ങളും, വെടിമരുന്നും ആവിർഭവിച്ചതോടുകൂടി പഴയ യുദ്ധമുറകൾ പാടെ മാറിപ്പോയി. യുദ്ധസമ്പ്രദായത്തിൽ പല പരിഷ്ക്കാരങ്ങളും വന്നു. കുതിരക്കും, രഥത്തിനും ആനക്കും പകരം മോട്ടാർ സൈക്കിൾ, ലോറി, തീവണ്ടി, വിമാന , ടാങ്കുകൾ, മുതലായവ ഉപയോഗിച്ചു തുടങ്ങി പണ്ടത്തെ വാൾ, കുന്തം, അമ്പ്‌വില്ല് മുതലായവയുടെ സ്ഥാനം യന്ത്രത്തോക്കുകൾക്കായി. സൈന്യങ്ങളുടെ സംഖ്യാബലം കൊണ്ടാണ് പണ്ടത്തെ യുദ്ധങ്ങൾ ജയിച്ചിരുന്നത്. ഇപ്പോഴാകട്ടെ സംഖ്യാബലംകൊണ്ടു് യുദ്ധം ജയിക്കുക സാധ്യമല്ല. ശക്തിയേറിയ നശീകരണയന്ത്രങ്ങൾ വേഗതകൂടിയ വാഹനങ്ങൾ മുതലായവ യുദ്ധം ചെയ്യുന്നതിന് ഇപ്പോൾ ആവശ്യമാണ്. പലതരം ബോംബുകൾ, ബോംബറുകൾ, വിമാനങ്ങൾ, അന്തർവാഹിനി കപ്പലുകൾ, ടോർപ്പിഡോകൾ മുതലായവ ആധുനിക കാലത്തെ യുദ്ധങ്ങളിൽ ഉപയോഗിച്ചുവരുന്നു.

ഇന്ത്യ സ്വതന്ത്രമായതോടുകൂടി വിദേശാക്രമണങ്ങൾ തടയുവാനായി ആധുനീകരീതിയിലുള്ള യുദ്ധസാമഗ്രികളും സൈന്യവിഭാഗങ്ങളും ഇന്ത്യയും ഏർപ്പെടുത്തിയിട്ടുണ്ടു്. കര, സമുദ്രം, ആകാശം എന്നീ മൂന്നുമാർഗ്ഗങ്ങളിൽകൂടി ആക്രമണങ്ങൾ ഉണ്ടായേക്കാം. അവയെ ത

ടയുന്നതിന് സർവ്വ സൈന്യാധിപന്മാരുടെ കീഴിൽ മൂന്നു സേനാ വിഭാഗങ്ങൾ ഇന്ത്യയിലും ഉണ്ട്. ഡിഫൻസ് വകുപ്പ് (രാജ്യരക്ഷാ വകുപ്പ്) മന്ത്രിയാണ് സൈനിക വിഭാഗങ്ങളുടെ ചുമതല വഹിക്കുന്നതു്. കര വിഭാഗത്തിലുള്ള സൈന്യത്തിന് "ആർമി" എന്നും കടൽ വിഭാഗത്തിന് 'നേവി" എന്നും, ആകാശ മാർഗ്ഗമായുള്ളതിന് "എയർ ഫോഴ്സ്" എന്നും ആണു പേരുകൾ. ഈ മൂന്ന് വിഭാഗങ്ങൾക്കും പ്രത്യേക രീതിയിലുള്ള വേഷസമ്പ്രദായങ്ങളുണ്ട്. ഓരോ ഇനത്തിലും പ്രത്യേകം പ്രത്യേകം സൈനിക പരിശീലനം നൽകുന്നതിന്ന് വിദ്യാലയങ്ങളും പരിശീലന കേന്ദ്രങ്ങളും ഇന്ത്യാഗവർമ്മെണ്ട് നടത്തിവരുന്നു. കേരളത്തിൽ കൊച്ചിയിൽ ഒരു നാവിക പരിശീലന വിദ്യാലയം ഉണ്ട്. ഡറാഡൂൺ, പൂനക്കടുത്തുള്ള ഖഡക്ക് വാസ്‌ലാ, അംബാല, ജബൽപൂർ, സെക്കന്തരബാദ് മുതലായവ സൈനികപരിശീലന കേന്ദ്രങ്ങളാണ്.

പല പരിഷ്കൃത രാജ്യങ്ങളും പൗരന്മാർക്ക് സൈനിക പരിശീലനം നൽകി വരുന്നുണ്ട്. അടിയന്തിരഘട്ടങ്ങളിൽ സൈനിക സേവനത്തിന് പൗരന്മാരെ നിർബ്ബന്ധമായി ഗവർമ്മെണ്ടിൽനിന്നും ഏതെങ്കിലും സൈനിക വിഭാഗത്തിലേക്ക് എടുക്കാറുമുണ്ട്. ഇന്ത്യയിൽ പൗരന്മാക്ക് സൈനിക പരിശീലനം നൽകുന്ന രണ്ട് വിഭാഗങ്ങളുണ്ട്. ഒന്ന് ദേശീയ സേന (ടെറിട്ടോറിയൽ ആർമി) രണ്ട് സഹായ സേന (ആക്സിലറികോർ) എന്ന പേരിലാണ് അവ അറിയപ്പെടുന്നതു്. വിദ്യാർത്ഥികൾക്ക് അച്ചടക്കവും പ്രാഥമിക സൈനിക പരിശീ

ലനവും നൽകുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള വിഭാഗങ്ങളാണ് എൻ സി. സി. യും ഏ. ഡി. സി. യും. പല വിദ്യാലയങ്ങളിലും ഇവ നടപ്പാക്കിയിട്ടുണ്ട്. അവക്ക് പ്രത്യേകതരം ഉടുപ്പ് നൽകി. പ്രത്യേകം അദ്ധ്യാപകന്മാർ മുഖേന സൈനിക പരിശീലനം നൽകിവരുന്നുണ്ട്.

രാജ്യരക്ഷാവകുപ്പ് കേന്ദ്ര ഗവർമ്മെൻറിൻെറ കീഴിലാണ്. അതിൻെറ ഏററവും ഉയർന്ന അധികാരി രാഷ്ട്രപതിയാണ്.

2. ആഭ്യന്തര സംരക്ഷണം: രാജ്യത്തിനുള്ളിൽ ക്രമസമാധാനങ്ങൾ പാലിക്കുക എന്നുള്ളതാണ് രാഷ്ട്രത്തിൻെറ രണ്ടാമത്തെ പ്രധാന കർത്തവ്യം. പുറത്തുനിന്നും ഉള്ള ശത്രുക്കളിൽനിന്നും രാജ്യത്തെ സംരക്ഷിക്കുന്നതുകൊണ്ടുമാത്രം ജനങ്ങളുടെ ജീവനും സ്വത്തും സുരക്ഷിതമാകുന്നില്ല. രാജ്യത്തിനുള്ളിൽ ക്രമസമാധാനം പാലിച്ചെങ്കിൽ മാത്രമേ ജനങ്ങൾക്ക സമാധാനപരമായി കഴിഞ്ഞുകൂടുവാൻ കഴിയുകയുള്ളൂ. ആഭ്യന്തര സംരക്ഷണത്തിനുവേണ്ടി പോലീസ് നീതിന്യായം എന്നീ വകുപ്പുകൾ ഓരോ സ്റ്റേയ്ററിലും ഉണ്ട്. നിയമങ്ങൾ നടപ്പിൽ വരുത്തുന്നതിനും അവ അനുസരിപ്പിക്കുന്നതിനും ഈ വകുപ്പുകൾ ആവശ്യമാണ്.

രാജ്യത്ത് നിലവിലുള്ള നിയമങ്ങൾ അനുസരിക്കേണ്ടതു് പൗരന്മാരുടെ കടമയാണ്. എന്നാൽ എല്ലാ പൗരന്മാരും നിയമങ്ങൾ ശരിയായി അനുസരിച്ചു എന്ന് വരികയില്ല. കവർച്ചയും കൊള്ളയും നടത്തരു

തെന്നുള്ള നിയമം എല്ലാ രാജ്യത്തും ഉണ്ട്. എന്നാൽ എല്ലാ രാജ്യത്തും കള്ളന്മാരുണ്ട്, അവർ കളവു ചെയ്യുന്നുമുണ്ട്. അത്തരം തസ്ക്കരന്മാരെ അമർച്ച ചെയ്തിട്ടില്ലെങ്കിൽ സാധാരണക്കാർക്ക് അവരുടെ സ്വത്തിനും ജീവനുതന്നെയും രക്ഷ ഉണ്ടാകുന്നതല്ല. ഇങ്ങിനെ നിയമലംഘനം നടത്തുന്നവരെ അമർച്ച ചെയ്യുന്നതിനാണ് പോലീസ്സ് വകുപ്പ് ഏർപ്പെടുത്തിയിരിക്കുന്നത്. കവർച്ച, കൊലപാതകം, കലാപങ്ങൾ, അക്രമപ്രവൃത്തി മുതലായവ ചെയ്യുന്ന ആളുകളെ തേടിപ്പിടിച്ച് അവരെ അമർച്ചചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടത് പോലീസ് വകുപ്പിന്റെ ചുമതലയാണ്.

പട്ടാളക്കാരെപ്പോലെ തന്നെ പോലീസുകാർക്കും പ്രത്യേക രീതിയിലുള്ള ഉടുപ്പുകൾ ഓരോ സ്റ്റേയ്ററിൽ നിന്നും നൽകുന്നുണ്ട്. സാധാരണ പോലീസുകാർക്ക് ലാത്തി എന്ന വടിയല്ലാത്ത മററായുധങ്ങൾ ഒന്നും ഇല്ല. പോലീസുകാർ ജനങ്ങളുടെ മിത്രങ്ങളാണ്. സേവനസന്നദ്ധത, മര്യാദയോടുകൂടിയുള്ള പെരുമാററം, പ്രവർത്തനശക്തി, പ്രതിഫലേച്ഛ കൂടാതെയുള്ള കൃത്യനിർവ്വഹണം മുതലായ വിശിഷ്ട ഗുണങ്ങൾ പോലീസുകാർക്ക് ഉണ്ടായിരിക്കണം. ഏററവും കുറഞ്ഞ ബലം പ്രയോഗിച്ചു അവർ സമാധാനം പാലിക്കുന്നു. വിശേഷ സന്ദർഭങ്ങളിൽ ജനക്കൂട്ടം ഉണ്ടാകുമ്പോൾ അവരെ നിയന്ത്രിക്കുന്നതും പോലീസുകാരാണ്. സാധാരണ പോലീസുകാർക്ക് ജനങ്ങളെ നിയന്ത്രിക്കാൻ കഴിയാത്ത സന്ദർഭങ്ങൾ ഉണ്ടാകുന്ന പക്ഷം വേണ്ട പ്രവർത്തനം നടത്തുന്നതിന് സാ

യുധ പോലീസുകാർ ഉണ്ട്. അവർക്ക് തോക്ക് ഉപയോഗിക്കാം. എന്നാൽ തീരെ നിവൃത്തിയില്ലാത്ത സന്ദർഭങ്ങളിൽ മാത്രമേ അവർ തോക്ക് ഉപയോഗിക്കാറുള്ളു.

ലോകത്തിൽ മാതൃകാപരമായ പോലീസ്സ് സംഘടന ഉള്ളത് ഇംഗ്ലണ്ടിലാണ്. "ലണ്ടൻ പോലീസ്സ്" ജനങ്ങളുടെ ഭൃത്യന്മാരാണ്. അവർ സേവന സന്നദ്ധതയിൽ മുന്നിട്ടു നിൽക്കുന്നു.

ഓരോ സ്റ്റേയ്ററിലും ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്സ് എന്നൊരു ഉദ്യോഗസ്ഥൻ ഉണ്ട്. അദ്ദേഹമാണ് പോലീസ്സ് വകുപ്പിൻെറ മേലധികാരി. അദ്ദേഹത്തിൻെറ കീഴിൽ ഡി എസ്സ്. പി., എ. എസ്സ്. പി. എന്നീ ഉദ്യോഗസ്ഥന്മാർ എല്ലാ ഡിസ്ട്രിക്ടിലും ഉണ്ട്. അവരുടെ കീഴിൽ ഇൻസ്പെക്ടറന്മാരും, ഹെഡ്കാൺസ്റ്റബിൾമാരും, കാൺസ്റ്റബിൾമാരും ഉണ്ട്. രാജ്യത്ത് ക്രമസമാധാനം പാലിക്കുന്നതിന് ഇവർ പരിശ്രമിക്കുകയും നിയമലംഘനം ഉണ്ടാകാതെ നോക്കുകയുംചെയ്യുന്നു കുററങ്ങളെപ്പററി രഹസ്യമായി അന്വേഷണം നടത്തി കുററം ചെയ്തവരെ കണ്ടുപിടിച്ച് നീതിന്യായ പരിപാലകന്മാരുടെ സന്നിധിയിൽ ഹാജരാക്കേണ്ടതിന്ന് പോലീസുകാരെ സഹായിക്കാൻ ഉള്ള ഒരു വിഭാഗമാണ് സി. ഐ. ഡി. വകുപ്പ് ജനങ്ങളുടെ യാത്രാസൌകര്യത്തെ ആസ്പദമാക്കി ബസ്സ് മുതലായ വാഹനങ്ങളിൽ കൂടുതൽ ആൾ കയററുന്നതു, അസാധാരണമായവേഗതയിൽ വാഹനങ്ങൾ ഓടിക്കുന്നതും തടയുക, വാഹനങ്ങളുടെ കേടുപാടുകൾ പരിശോധിച്ച് ലൈസൻസ് കൊടുക്കുക വലരെ അധികം ഗതാഗതമുള്ള റോഡുകളിൽ അപകടങ്ങൾ

ഉണ്ടാകാതെ വാഹനങ്ങളെ നിയന്ത്രിക്കുക മുതലായ ഗതാഗതനിയന്ത്രണജോലികൾ നടത്തുന്നതിന് ട്രാഫിക്ക് പോലീസ് വകുപ്പുണ്ട്. പരിഷ്കൃത രാഷ്ട്രങ്ങളിൽ കള്ളന്മാരേയും കുററക്കാരേയും കണ്ടുപിടിക്കുന്നതിന് പ്രത്യേകം പരിശീലനം നൽകിയിട്ടുള്ള പോലീസ് നായ്ക്കളേയും ഉപയോഗപ്പെടുത്തിവരുന്നുണ്ട്.

3. <u>നീതിന്യായ പരിപാലനം.</u> രാജ്യത്ത് നിലവിലുള്ള നിയമങ്ങൾ അനുസരിക്കാതെ നിയമലംഘനം ചെയ്യുന്നത് ശിക്ഷാർഹമാണ്. നിയമലംഘനത്തിന് പൗരന്മാരെ ശിക്ഷിക്കുന്നതിനും പൗരന്മാരുടെ മൗലികാവകാശങ്ങളെ സംരക്ഷിക്കുന്നതിനുംവേണ്ടി കോടതികൾ എല്ലാ രാജ്യങ്ങളിലും ഉണ്ട്.

ഇന്ത്യൻ യൂണിയനിൽപെട്ട ഓരോ സ്റ്റേയ്ററിലും ഓരോ ഹൈക്കോടതി ഉണ്ട്. ഹൈക്കോടതികളെല്ലാം കേന്ദ്ര ഗവർമ്മെണ്ടിലെ സുപ്രീംകോടതിയുടെ കീഴിലാണ്. ഓരോ സംസ്ഥാനത്തിലും ഉള്ള ഹൈക്കോടതിയുടെ കീഴിൽ പല കീഴ്ക്കോടതികളും ഉണ്ട്. ഹൈക്കോടതിയിലെ ജഡ്ജിമാരെ നിയമിക്കുന്നത് ഇൻഡ്യൻ പ്രസിഡണ്ടാണ്. സുപ്രീം കോടതിയിലെ ജഡ്ജിമാരോടുകൂടി ആലോചിച്ചതിനു ശേഷമാണ് പ്രസിഡൻറ് ജഡ്ജിമാരുടെ നിയമനം നടത്തുന്നത്.

ഹൈക്കോടതിയുടെ കീഴിലുള്ള കീഴ്ക്കോടതികളെ രണ്ട് പ്രധാന വകുപ്പുകളായി തിരിക്കാം. സെഷൻ കോടതികളും മജിസ്ട്രേട്ടു കോടതികളും ക്രിമിനൽ വിഭാഗത്തിൽപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നു. ഡിസ്ട്രിക്ട്

കോടതികൾ മുൻസിഫ് കോടതികൾ എന്നിവ സിവിൽ കേസുകൾ വിചാരണചെയ്ത് തീർപ്പു കല്പിക്കുന്നു. നിയമലംഘനം, മോഷണം, കൊലപാതകം മുതലായവ ക്രിമിനൽ വകുപ്പിലും പണസംബന്ധമായതും വസ്തുസംബന്ധമായതും ആയ വഴക്കുകൾ സിവിൽ വിഭാഗത്തിലും പെടുന്നു. കീഴ്ക്കോടതികളിലെ തീർപ്പ് കക്ഷികൾക്ക് തൃപ്തികരമല്ലെങ്കിൽ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാം. കേരള സംസ്ഥാനത്തിലെ ഹൈക്കോടതി എറണാകുളത്താണ് സ്ഥാപിച്ചിരിക്കുന്നതു്.

എല്ലാ ഡിസ്ട്രിക്ടിലും ജനങ്ങളുടെ സൗകര്യത്തിനു വേണ്ടി ഹൈക്കോടതിയുടെ കീഴിൽ ഡിസ്ട്രിക്റ്റ് കോടതി, മജിസ്ട്രേററ് കോടതി, മുൻസിഫ് കോടതി മുതലായ കീഴ്ക്കോടതികൾ ഉണ്ട്. ഇവയ്ക്കു പുറമെ കേരളത്തിൽ പല സ്ഥലത്തും പഞ്ചായത്തു കോടതികൾ (വില്ലേജു കോടതികൾ) ഉണ്ട്. വില്ലേജു കോടതികൾ അതാതു വില്ലേജുകളിൽ ഉണ്ടാകുന്ന നൂറുരൂപയിൽ താഴെയുള്ള പണസംബന്ധമായ കേസുകൾ വിചാരണചെയ്തു് തീർപ്പു കല്പിക്കുന്നു.

ജനകീയ ഭരണഘടന നടപ്പിലുള്ള എല്ലാ രാജ്യങ്ങളിലും കോടതിയുടെ അധികാരത്തിൽ ഗവർമ്മെണ്ടു് ഇടപെടാറില്ല. ഇന്ത്യൻ റിപ്പബ്ലിക്ക് ഭരണഘടന അനുസരിച്ചു് നീതിന്യായവകുപ്പിനു് വലിയ അധികാരങ്ങളും പരിപൂർണ്ണസ്വാതന്ത്ര്യവും ഉണ്ടു്. സുപ്രീംകോടതിയിലെ ജഡ്ജിമാരെ നിയമിക്കുന്നതു് രാഷ്ട്രപതിയാണ്. മന്ത്രിമാർക്ക് സുപ്രീംകോടതിയുടേയോ, ഹൈക്കോടതിയുടേയോ പേരിൽ യാതൊരു അധികാരവും ഇല്ല. നിർഭയമായും,

കാര്യക്ഷമമായും, സ്വാതന്ത്ര്യമായും പ്രവർത്തിക്കുന്ന കോടതികൾ രാജ്യത്തിന്റെ നിലനില്പിന്നും അഭ്യുദയത്തിന്നും അത്യാവശ്യമാണു്. ഗവർമ്മെണ്ടിനേയൊ മന്ത്രിമാരേയൊ ഭയപ്പെടാതെ കേസ്സ് വിചാരണ കേട്ടു് നിഷ്പക്ഷമായ വിധി പ്രസ്താവിക്കുവാൻ ജഡ്ജിമാൎക്കു് സ്വാതന്ത്ര്യമുണ്ടായിരിക്കണം അതിനുവേണ്ടിയാണു ജഡ്ജിമാരുടെ നിയമനാധികാരം രാഷ്ട്രപതിക്കായിരിക്കുന്നതു്.

കോടതികളിൽ കേസുകൾ വാദിക്കുന്നതു് വക്കീൽമാരാണു്. നിയമം പഠിച്ചിട്ടുള്ളവരാണു അഭിഭാഷകർ. കേരളത്തിലെ നിയമം പഠിപ്പിക്കുവാനുള്ള "ല കോളേജ്" എറണാകുളത്താണു്. വാദികളുടേയും, പ്രതികളുടേയും ഭാഗത്തുള്ള അഭിഭാഷകർ അവരവരുടെ കക്ഷികൾക്കു വേണ്ടി കേസുകൾ വാദിക്കുന്നു. അഭിഭാഷകരുടെ വാദങ്ങൾ കേട്ടു ജഡ്ജിമാർ കുററവാളികൾക്കു് നിയമപരമായ ശിക്ഷകൾ നൽകുന്നു. സ്റ്റേററുകൾ തമ്മിലുള്ള കേസുകൾ വിചാരണ ചെയ്യുന്നതും ഹൈക്കോടതികളിലെ കേസുകൾ വിചാരണചെയ്തശേഷം ഉണ്ടാകുന്ന അപ്പീൽ കേസുകൾ വിചാരണചെയ്തു് തീർപ്പുകല്പിക്കുന്നതും സുപ്രീം കോടതിയാണു്.

---

## വിഭാഗം 2.

### ക്ഷേമരാഷ്ട്ര സിദ്ധാന്തം

രാജ്യത്തെ ബാഹ്യശത്രുക്കളിൽ നിന്നും രക്ഷിക്കുകയും രാജ്യത്തിനകത്തു് ക്രമസമാധാനങ്ങൾ പാലിക്കുകയും

ആണു് ഒരു രാഷ്ട്രത്തിന്റെ പ്രധാന ചുമതലകൾ എന്നു നാം പഠിച്ചു എന്നാൽ ജനകീയഭരണത്തിന്റെ ആവിർഭാവത്തോടുകൂടി രാഷ്ട്രത്തിന്റെ ചുമതലയും വർദ്ധിച്ചു. പൗരന്മാരുടെ ജീവനും സ്വത്തും സുരക്ഷിതമായി സൂക്ഷിക്കുന്നതിനോടൊപ്പം രാജ്യത്തുള്ള അജ്ഞത ദാരിദ്ര്യം, അസമത്വങ്ങൾ, അനാരോഗ്യം ഇവയെ ഇല്ലായ്മ ചെയ്തു ജനങ്ങളെ ഉദ്ധരിക്കുന്നതിനും രാഷ്ട്രം പരിശ്രമിക്കണം എന്ന സിദ്ധാന്തമാണു് പരിഷ്കൃത രാജ്യങ്ങളിൽ ഇന്നു പ്രാബല്യത്തിലിരിക്കുന്നതു്. സുഖ സമൃദ്ധിയോടുകൂടിയ ഒരു രാഷ്ട്രം കെട്ടിപ്പടുക്കണമെന്നതാണു് ഇന്നത്തെ ആദർശം. പൗരന്മാരുടെ സർവ്വതോന്മുഖമായ പുരോഗതിയാണു് ക്ഷേമരാഷ്ട്രത്തിന്റെ ആശയം. രാജ്യത്തിലെ എല്ലാ ജനങ്ങളുടെയും ക്ഷേമത്തിന്നാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചു് പ്രായോഗികമാക്കുക എന്നതാണു് ക്ഷേമരാഷ്ട്രത്തിന്റെ ലക്ഷ്യം.

പുരാതനകാലത്തു് രാജാക്കന്മാർ രാജ്യം ഭരിച്ചുകൊണ്ടിരുന്നപ്പോൾ ഇന്ത്യയിലെ പൗരന്മാർക്കു് പലവിധ അസൗകര്യങ്ങളും ഉണ്ടായിരുന്നതിനു പുറമേ ജനങ്ങളുടെ ഇടയിൽ അസമത്വങ്ങളും നിലവിലിരുന്നിരുന്നു. 1950 ജനുവരി 26-ാം തീയതി ഭാരതം ഒരു പരമാധികാര റിപ്പബ്ളിക്കായി. അതോടുകൂടി രാജ്യഭരണാധികാരവും ജനങ്ങളിൽ നിക്ഷിപ്തമായി. ഭരണാധികാരികളെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം പൗരന്മാർക്കു് ലഭിച്ചു. സാധാരണ ജനങ്ങളുടെ ക്ഷേമം മുൻനിർത്തിക്കൊണ്ടു് സോഷ്യലിസ്റ്റ് മാതൃകയിലുള്ള

ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുത്തുക എന്നുള്ളതാണ് ഇപ്പോൾ ഇൻഡ്യാ ഗവമ്മേൻറിൻെറ ലക്ഷ്യം.

സാധാരണ ജനങ്ങളുടെ ജീവിതത്തോതു് ഉയർത്തുക സാമ്പത്തികവും സാമൂഹ്യവുമായ അസമത്വങ്ങൾ ഇല്ലായ്മചെയ്യുക, എല്ലാവർക്കും തുല്യസ്വാതന്ത്ര്യവും സേവനസമത്വവും കൈവരുത്തുക; തൊഴിലില്ലായ്മ പരിഹരിക്കുക, രോഗങ്ങളിൽനിന്നും ജനങ്ങളെ രക്ഷിക്കുക, നിർബന്ധിതവും സൗജന്യവുമായ പ്രാഥമിക വിദ്യാഭ്യാസം പതിന്നാലു് വയസ്സുവരെ എല്ലാ കുട്ടികൾക്കും നൽകുക, തൊഴിൽശാലകളിലെ ജോലിക്കാരുടെ ആരോഗ്യത്തിനു് ഹാനികരമായ സാഹചര്യങ്ങൾ ഇല്ലാതാക്കുക മുതലായവയാണു് ക്ഷേമരാഷ്ട്ര ഗവമ്മെൻറുകളുടെ അഭിലാഷവും ലക്ഷ്യവും. ഇൻഡ്യയിൽ പഞ്ചവത്സരപദ്ധതികൾവഴി സാമൂഹ്യവികസന പദ്ധതികൾ ദേശീയ വികസനപദ്ധതികൾ എന്നിവയെല്ലാം ആവിഷ്ക്കരിച്ചിരിക്കുന്നതു് മേൽപറഞ്ഞ ലക്ഷ്യപ്രാപ്തിക്കു് വേണ്ടിയാണു്.

ക്ഷേമരാഷ്ട്രത്തിൽ പൗരന്മാരും പ്രാധാന്യമേറിയ പങ്കുവഹിക്കേണ്ടതായിട്ടുണ്ടു്. സത്യസന്ധതയും ആത്മാർത്ഥതയും, കാര്യക്ഷമതയും ഉള്ള ഒരു ഗവർമ്മെൻറ് ക്ഷേമരാഷ്ട്രത്തിനാവശ്യമാകയാൽ സത്യസന്ധന്മാരും സമർത്ഥന്മാരും ആയ സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കാൻ പൗരന്മാർ മനസ്സിരുത്തണം. കൈക്കൂലിക്കോ സ്വന്തതാല്പര്യങ്ങൾക്കോ ഭീഷണികൾക്കോ വശംവദരാകുന്നവരെ ജനകീയ സ്ഥാപനങ്ങളിലേയ്ക്കു തിരഞ്ഞെടുക്കരുതു്. സർക്കാരിനു് ശരിയായി നികുതികൊടുത്തുംനിയ

മങ്ങൾ അനുസരിച്ചും പൗരന്മാർ ഗവമ്മെൻറിനോട് സഹകരിക്കേണ്ടതാണ്. രാഷ്ട്രം തങ്ങൾക്കു പൊതുവേ ഉള്ള ഒരു സ്ഥാപനമാണെന്നും രാഷ്ട്രത്തിൻെറ അഭിവൃദ്ധി സ്വന്തം അഭിവൃദ്ധിക്ക് അത്യന്താപേക്ഷിതമാണെന്നും മനസ്സിലാക്കി പ്രവത്തിക്കേണ്ടതു് പൌരന്മാരുടെ കത്തവ്യമാണു്.

## 1. രാഷ്ട്രം നിർമ്മാതാവെന്ന നിലയൽ

പൊതുമരാമത്ത്:– ക്ഷേമരാഷ്ട്രനിർമ്മാണത്തിൽ പൊതുമരാമത്തു വകുപ്പിനു് അത്യുന്നതമായ ഒരു സ്ഥാനമുണ്ടു്. എല്ലാ സ്റ്റേയ്ററിലും പൊതുമരാമത്തു വകുപ്പു ഉണ്ടു്. ചീഫ് എൻജിനീയർ ആണു് ഈ വകുപ്പിൻെറ മേലധികാരി. അദ്ദേഹത്തിൻെറ കീഴിൽ അനേകം അസിസ്റ്റൻറു് എൻജിനീയർമാരും മററു ഉദ്യോഗസ്ഥന്മാരും ഉണ്ടു്.

രാജ്യത്തിൻെറ സവ്തോൻമുഖമായ അഭ്യുദയത്തിന്നു് നല്ല ഗതാഗതമാർഗ്ഗങ്ങൾ കൂടിയേ തീരു. പുതിയ ഗതാഗതമാർഗ്ഗങ്ങളുടെ നിർമ്മാണവും പഴയവയുടെ കേടുപാടുകൾ പരിഹരിക്കലും പൊതുമരാമത്ത് വകുപ്പിൻെറ ചുമതലയിൽപെടുന്നു. വ്യാവസായിക വികസനത്തിന്നു് പൊതുമരാമത്ത് വകുപ്പിൻെറ പ്രവത്തനങ്ങൾ അത്യാവശ്യമാണു്. വിവിധതരത്തിലുള്ള പുതിയ ഫാക്ടറികൾ സ്ഥാപിക്കുന്നതിനു് വിദഗ്ദ്ധന്മാരായ എൻജിനീയർമാരെ നിയമിച്ചു് പ്രവത്തനം നടത്തിവരുന്നു.

പുതിയ റോഡുകൾ വെട്ടിക്കുക, പഴയവയുടെ കേടുപാടുകൾ പോക്കി സംരക്ഷിക്കുക. കൃഷിക്കും ഗതാഗതത്തിനും വേണ്ടി തോടുകൾ വെട്ടുകുക, അണക്കെട്ടുകൾ ഉണ്ടാക്കിക്കുക, ഗവർമ്മെണ്ടുവക കെട്ടിടങ്ങൾ, വിദ്യാലയങ്ങൾ, ആസ്പത്രികൾ, ഉദ്യോഗസ്ഥന്മാർക്കു സാധുക്കൾക്കും വേണ്ടിയുള്ള ഭവനനിർമ്മാണം, അവയുടെ എല്ലാം അററകുററപ്പണികൾ, എന്നിങ്ങനെ പലതും പൊതുമരാമത്തു വകുപ്പിൻെറ ചുമതലയിൽ പെടുന്നു. സംസ്ഥാനങ്ങൾ തോറും ഉള്ള പൊതുമരാമത്തു വകുപ്പുകൾക്കു പുറമെ ഭാരതത്തിന്നു് പൊതുവായി ഒരു കേന്ദ്ര പൊതുമരാമത്തു വകപ്പുണ്ടു്. കൃഷി വികസനത്തിന്നു് വേണ്ട വലിയ തോടുകൾ വെട്ടിക്കുക, വലിയ അണക്കെട്ടുകൾ നിർമ്മിക്കുക, നാഷണൽ ഹൈവേകൾ ഉണ്ടാക്കിക്കുക, വിദ്യുച്ഛക്തി ഉല്പാദനപദ്ധതികൾ നിർമ്മിക്കുക മുതലായവയെല്ലാം കേന്ദ്രപൊതുമരാമത്തുവകുപ്പിൻെറ ചുമതലയിൽ പെട്ട ജോലികളാണു്.

## 2, കൃഷിവ്യവസായങ്ങളുടെ അഭിവൃദ്ധി

കൃഷി: ഇന്ത്യ ഒരു കർഷകരാജ്യമാണു്. ഇന്ത്യയിലെ ജനങ്ങളിൽ അധികഭാഗവും ഗ്രാമങ്ങളിൽ വസിക്കുന്നവരും കൃഷിചെയ്തു് ഉപജീവനം, കഴിക്കുന്നവരും ആണു്. ഇന്ത്യയിൽ അനേകം ചെറിയ ഗ്രാമങ്ങളുണ്ടു്. ഗ്രാമീണർ അധികപങ്കും സാധുക്കളായ കൃഷിക്കാരാണു്. അവർ അത്യദ്ധ്വാനംചെയ്തു് ജീവിതം നയിച്ചുവരുന്നു.

ഇന്ത്യയിലെ ജനങ്ങൾക്കു് ആവശ്യമുള്ള ആഹാരസാധനങ്ങൾ മുഴുവൻ ഇന്ത്യയിൽ ഉണ്ടാകുന്നില്ല. ഭാരതീ

യരുടെ പ്രധാന ആഹാരസാധനങ്ങൾ നെല്ലരിയും ഗോതമ്പുമാണ്. ഇവ വേണ്ടിടത്തോളം ഇന്ത്യയിൽ ഉണ്ടാക്കാൻ കഴിയാത്തതുകൊണ്ട് നാം അന്യരാജ്യങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. അടുത്തകാലംവരെ പ്രകൃതിയിൽനിന്നു കിട്ടുന്ന മഴയെ ആശ്രയിച്ചാണ് കൃഷിക്കാർ തങ്ങളുടെ കൃഷിനടത്തിവന്നിരുന്നത്. അതുകൊണ്ട് ചിലപ്പോൾ വലിയദോഷം നേരിടാറുണ്ട്. കാലാകാലങ്ങളിൽ മഴയില്ലാതെ വരിക, വർഷം അധികമായി വെള്ളപ്പൊക്കം ഉണ്ടായികൃഷിനശിക്കുക, വെയിലിൻെറ ആധിക്യംകൊണ്ട് കൃഷിഭൂമി വരണ്ടുപോകുക മുതലായ പല വിഷമതകളും കൃഷിക്കാർക്ക് നേരിട്ടിരുന്നു.

ഇവയെ പരിഹരിച്ച് വിളവ് വർദ്ധിപ്പിക്കുവാൻ ഗവമ്മെൻറ് ജനങ്ങളെ പലവിധത്തിൽ പ്രോൽസാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തുവരുന്നു. കൂട്ടംകൃഷി സമ്പ്രദായം, ജപ്പാൻ രീതിയിലുള്ള നെൽകൃഷി, ജലസേചന പദ്ധതികൾ മുതലായവയുടെ ഫലമായി ഒന്നാം പഞ്ചവൽസരപദ്ധതിയുടെ അവസാനത്തിൽ ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനം തുലോം വർദ്ധിച്ചിട്ടുണ്ട്. പഞ്ചവൽസരപദ്ധതിയുടെ ഫലമായി ഭക്ഷ്യധാന്യങ്ങൾക്കുപുറമെ പഞ്ഞി, ചണം, കരിമ്പ് മുതലായ അസംസ്കൃത സാധനങ്ങളുടെ ഉല്പാദനവും തുലോം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ജനസംഖ്യയുടെ വർദ്ധനവുമൂലം ഭക്ഷ്യപ്രശ്നം ഇന്നും ഭാരതീയരെ അലട്ടിക്കൊണ്ടിരിക്കുന്നു.

## വ്യവസായം

കൃഷിയെ അഭിവൃദ്ധിപ്പെടുത്തിയതുകൊണ്ടുമാത്രം ഇൻഡ്യ സമ്പന്നമാവുകയില്ല. വ്യവസായീകരണവും

രാജ്യത്തെ സമ്പന്നമാക്കാൻ അത്യാവശ്യമാണ്. ജനസംഖ്യയുടെ വർദ്ധനവുമൂലം തൊഴിലില്ലായ്മ വർദ്ധിച്ചുവരികയാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ജനങ്ങളുടെ, ജീവിതതോതു് ഉയർത്തുന്നതിനും പലവിധ വ്യവസായങ്ങൾ തുടങ്ങേണ്ടതും ആവശ്യമാണ്. ഇന്ത്യ സ്വതന്ത്രമായശേഷം കൃഷിയിലെന്നപോലെ വ്യവസായത്തിലും ഇന്ത്യക്ക പുരോഗതി ഉണ്ടായിട്ടുണ്ട്. ജാംഷഡ്പൂർ, ബംഗാൾ, മൈസൂർ എന്നിവടങ്ങളിലുള്ള ഉരുക്കു വ്യവസായശാലകളിൽ ഉല്പാദനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു് ഗവമ്മെണ്ട് പല പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനും, സ്വകാര്യവ്യവസായങ്ങളെ കാര്യമായി സഹായിക്കുന്നതിനും വേണ്ടി കോടിക്കണക്കിനു് രൂപ ചിലവഴിച്ചു വരുന്നു. ഇരുമ്പുരുക്കു് വ്യവസായം, രാസവളങ്ങളുടെ ഉല്പാദനം, യന്ത്രനിർമ്മാണം, ചണംപഞ്ഞി ഇവയുടെ നെയ്ത്തു് വ്യവസായം തുടങ്ങിയവയുടെ വികസനത്തിനു വേണ്ടി ഗവർമ്മെണ്ടു് വളരെ അധികം പണം ചിലവഴിച്ചു കഴിഞ്ഞിട്ടുണ്ട്. രണ്ടാംപഞ്ചവൽസരപദ്ധതിയുടെ അവസാനത്തോടുകൂടി വമ്പിച്ച പലനവ്യവസായ സ്ഥാപനങ്ങൾ ഇന്ത്യയിൽ ഉണ്ടാകും. ഗവർമ്മെണ്ടിൻെറ കീഴിലും സ്വകാര്യ ഉടമകളുടെ കീഴിലും പലതരം ചെറുകിട വ്യവസായങ്ങളും ദൈനംദിനം അഭിവൃദ്ധിപ്രാപിച്ചുവരുന്നുണ്ട്.

### 3. തൊഴിൽശാലാനിയമങ്ങൾ:-

പലവിധ യന്ത്രോപകരണങ്ങളുടെ കണ്ടുപിടിത്തത്തോടുകൂടി രാജ്യത്തു വ്യവസായശാലകൾ വർദ്ധിച്ചു.

ധനികരായ മുതലാളിമാരായിരുന്നു അവയുടെ ഉടമക്കാർ. അമിതലാഭം ലഭിക്കണമെന്ന ആഗ്രഹമാണു് മുതലാളിമാക്കു് മുന്നിട്ടുനിന്നിരുന്നതു്. വ്യവസായശാലകൾക്കു് കൂടുതൽ ലാഭം ഉണ്ടാക്കിക്കൊടുക്കുന്നതു് തൊഴിലാളികളുടെ പ്രയത്നമാണു്. എന്നാൽ തൊഴിലാളികളുടെ പരിതസ്ഥിതികൾ വളരെ കഷ്ടമായിരുന്നു. മുതലാളിമാർ തൊഴിലാളികളുടെഗുണത്തിനുവേണ്ടി പറയത്തക്കതായിയാതൊന്നും തന്നെ ചെയ്തിരുന്നില്ല. തുച്ഛമായകൂലി, ജോലി സമയത്തിന്റെ ക്ലിപ്തമില്ലായ്മ മുതലായി പല വിഷമതകളും ജോലിക്കാർക്കുണ്ടായിരുന്നു.

കാലക്രമത്തിൽ തൊഴിലാളികൾ സംഘടിച്ചു്. പല തൊഴിൽ സംഘടനകൾ രാജ്യത്തു പല ദിക്കിലും രൂപീകരിച്ചു. റെയിൽവേ തൊഴിലാളി സംഘം, ഹാർബർതൊഴിലാളിസംഘം, നെയ്ത്തു കമ്പിനിതൊഴിലാളി സംഘം, തുടങ്ങി എത്രയെത്ര തൊഴിലാളി സംഘടനകളാണു് നാം ഇപ്പോൾ കാണുന്നതു്? പരിഷ്കാരത്തിന്റെ പുരോഗതിയോടൊപ്പം തൊഴിൽ സംഘടനകളും തൊഴിലാളികളുടെ വിഷമതകൾ പരിഹരിക്കാനുള്ള മാർഗ്ഗം ആരാഞ്ഞു തുടങ്ങി ജോലി സമയം കുറയ്ക്കുക, കൂടുതൽ പ്രതിഫലം നേടുക, വാർദ്ധക്യകാലത്തേക്കു വിശ്രമവേതനം കരസ്ഥമാക്കുക, തൊഴിൽശാലകളിലെ പരിതഃസ്ഥിതികൾ നന്നാക്കുക, തൊഴിലാളികളുടെ ആരോഗ്യസംരക്ഷണത്തിനും അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും ആവശ്യമുള്ള ആനുകൂല്യങ്ങൾ സമ്പാദിക്കുക എന്നുതുടങ്ങി പല കാര്യങ്ങളും സംഘടനകളുടെ പരിപാടികളിൽ പെട്ടിരുന്നു.

തൊഴിലാളികൾ രാഷ്ട്രത്തിൻെറ അതിപ്രധാന മായ ഒരു ഘടകമാണ്. രാജ്യത്തിൻെറ സാമ്പത്തി കമായ ഉയർച്ച മിക്കവാറും തൊഴിൽ ശാലകളെയും തൊഴിലാളികളെയും അവലംബിച്ചിരിക്കുന്നു. തൊഴി ലാളികളുടെ ക്ഷേമം രാജ്യത്തിൻെറ ഉയർച്ചക്കും വികാ സത്തിനും ആവശ്യമാണ്. അതുകൊണ്ട് തൊഴി ലാളികളുടെ രക്ഷക്കാവശ്യമുള്ള നിയമങ്ങൾ രൂപീ കരിച്ച് രാജ്യത്തു നടപ്പാക്കുന്നതിന്നു് ഗവർമ്മെ ണ്ട് പ്രേരിതമായി ഇന്ത്യൻ റിപ്പബ്ലിക്ക് ഗവർമ്മെണ്ട് തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഒരു തൊഴിൽ വകുപ്പും അസം ഖ്യം ഫാക്ടറി നിയമങ്ങളും നടപ്പിലാക്കീട്ടുണ്ട്. പന്ത്ര ണ്ട് വയസ്സിനു് താഴെയുള്ള കുട്ടികളെ തൊഴിൽ ശാലകളിൽ ജോലിക്കു നിയമിക്കാതിരിക്കുക. സ്ത്രീകളു ടേയും പുരുഷന്മാരുടേയും ജോലിസമയം ക്ലിപ്തപ്പെടു ത്തുക, പുരുഷന്മാർക്ക് എട്ടുമണിക്കൂർ കൂടുതൽ ജോലി കൊടുക്കാതിരിക്കുക, വ്യവസായശാലകളിൽ കൂലി നിരക്ക് നിശ്ചയിക്കുക, തൊഴിലാളികൾക്ക് ആദായ വീതം നല്കുക, നീതിരഹിതമായി തൊഴിലാളികളെ പിരിച്ചുവിടാതിരിക്കുക, ജോലിചെയ്യുമ്പോൾ അപാ യം വന്നാൽ നഷ്ടപരിഹാരം തൊഴിൽ ശാലകൾ നല്കുക, മുതലായവ സംബന്ധിച്ച നിയമങ്ങൾ ഫാക്ട റി നിയമങ്ങളിൽ അടങ്ങിയിരിക്കുന്നു. സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലുള്ള ഒരു രാഷ്ട്രം കെട്ടി ഉയർത്തുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യ, തൊഴിലാളികളെ

ഫാക്ടറികളിലെ പങ്കാളികളാക്കാനും പദ്ധതികൾ രൂപീകരിച്ചു വരുന്നുണ്ട്. പ്രധാന വ്യവസായങ്ങൾ പലതും ഗവർമ്മെണ്ടു് നേരിട്ട് തുടങ്ങി നടത്തിവരുന്നു. സ്വകാര്യ ഉടമകൾ നടത്തിവരുന്ന വ്യവസായശാലകളുടെ നിയന്ത്രണാധികാരവും ഗവർമ്മെണ്ടിൽ നിക്ഷിപ്തമായിരിക്കുന്നു.

## 4. രാഷ്ട്രം സന്ദേശവാഹകനെന്ന നിലയിൽ

ജനങ്ങളെ തമ്മിൽ തമ്മിൽ അടുപ്പിക്കുന്നതിനും ഒരു രാജ്യത്തിൻെറ അഭ്യുദയത്തിനും ഗതാഗതമാർഗ്ഗങ്ങളെപ്പോലെ അത്ര പ്രധാന്യം അർഹിക്കുന്ന ഒരു വകുപ്പാണ് പോസ്ററൽ ഡിപ്പാർട്ടുമെൻറ്. പണ്ടു് ഒരു സന്ദേശം ഒരാളെ അറിയിക്കണമെങ്കിൽ അതിനായി ഒരു ദൂതനെ അയക്കുകയായിരുന്നു പതിവ്. ഇന്നു ലോകത്തിലെവിടേയും തപാൽ വഴിയായി നമുക്കു സന്ദേശങ്ങളെത്തിക്കാം. അതിനു് വേണ്ടിവരുന്ന ചിലവ് വളരെ തുച്ഛവുമാണ്. തപാലിൻെറ കാര്യത്തിൽ ലോകരാഷ്ട്രങ്ങൾ അന്യോന്യം സഹകരിച്ചു് പ്രവർത്തനം നടത്തുന്നതുകൊണ്ടു് ഇന്ത്യക്കു പുറത്തു പോകുന്ന തപാലുകൾ അതാതു രാജ്യത്തെ തപാൽ വകുപ്പുകാർ യഥാസ്ഥാനങ്ങളിൽ എത്തിച്ചുകൊള്ളും. അതിനുപകരമായി അന്യരാജ്യങ്ങളിൽ നിന്നു വരുന്ന തപാലുകൾ ഇന്ത്യയിലെ തപാൽ വകുപ്പുകാർ ഇന്ത്യയിൽ വിതരണം നടത്തണം. ഇങ്ങിനെ അന്യോന്യാശ്രയബന്ധത്തിൽ വർത്തിക്കുന്നതുകൊണ്ടു് സന്ദേശങ്ങൾ ലോകത്തെവിടേയും വിതരണം ചെയ്യുവാൻ പ്രയാസമില്ല.

ഇൻഡ്യയിൽ മിക്കസ്ഥലങ്ങളിലും ഇന്ന് തപാലാഫീസുകളുണ്ട്. തപാൽ വകുപ്പുവഴി എഴുത്തുകളും പണവും അയയ്ക്കാം, ഇവകൂടാതെ കമ്പിത്തപാൽ, ടെലിഫോൺ എന്നിവയും തപാൽ വകുപ്പിലുണ്ട്. വിദേശങ്ങളുമായി ആശയ കൈമാററം ചെയ്യുന്നതിന് കേബിൾ ഉണ്ട് മിക്ക തപാലാഫീസുകളിലും പണം നിക്ഷേപിക്കാനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. 2000 ആളുകളിൽ കൂടുതൽ ജനവാസമുള്ള ഓരോ സ്ഥലത്തും ഓരോ പോസ്റ്റാഫീസ് സ്ഥാപിക്കുവാനാണ് ഗവർമ്മെണ്ട് ഉദ്ദേശിക്കുന്നത്. തപാൽ വകുപ്പ് കേന്ദ്രഗവർമ്മെണ്ടിൻെറ കീഴിലാണ്. കച്ചവട നിലവാരം, ബാങ്കു സംബന്ധമായ കാര്യങ്ങൾ, കാലാവസ്ഥ മുതലായവ എത്രയും വേഗം അറിയുന്നതിന് കമ്പിത്തപാലും ടെലഫോണും ഉപകരിക്കുന്നു. വിദേശസമ്പർക്കം പുലത്തുന്നതിനും വാർത്താവിനിമയ ഉപകരണങ്ങൾ പ്രയോജനപ്പെടുന്നു. വൃത്താന്ത പത്രങ്ങളുടെ നടത്തിപ്പിന്നും വാർത്താവിതരണ ഉപാധികൾ വലിയ സഹായമാണ്. സമയത്തെ ജയിച്ച് രാജ്യങ്ങളെ പരസ്പരം അടുപ്പിച്ചത് തപാലും കമ്പിത്തപാലും ആണ്.

## 5. വിദ്യാഭ്യാസവും പൊതുജനാരോഗ്യവും

ഒരു പൗരന് അയാളുടെ ചുമതല ശരിയായി നിറവേററാൻ വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണ്. ജനകീയ ഭരണത്തിൻെറ വിജയം അഭ്യസ്തവിദ്യരായ പൗര

ന്മാരിലാണ് സ്ഥിതി ചെയ്യുന്നത്. ഗവർമ്മേണ്ടിന്റെ വികസനപദ്ധതികൾ പരിപൂർണ്ണഫലത്തിൽ എത്തിക്കുന്നതിനും അഭ്യസ്തവിദ്യരായ പൗരന്മാർ വേണം. ജനങ്ങളുടെ സാമൂഹ്യവികസനത്തിനും വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണ്. ഇൻഡ്യയിലെ ജനങ്ങളിൽ ബഹുഭൂരിപക്ഷവും സാക്ഷരത്വം ഇല്ലാത്തവരാണ്. അഭ്യസ്തവിദ്യരുടെ ശതമാനം 15 ആയിരുന്നു. ഈ മോശമായ സ്ഥിതി പരിഹരിക്കാൻ കേന്ദ്രഗവമ്മെണ്ട് വേണ്ട നടപടികൾ എടുത്തുവരുന്നു: പഞ്ചവൽസരപദ്ധതികളിൽ വിദ്യാഭ്യാസവികസനത്തിന് വലിയൊരു തുക വകയിരുത്തിയിട്ടുണ്ട്. പഞ്ചവൽസരപദ്ധതിയുടെ പരിപാടികളനുസരിച്ച് 53000 പ്രാഥമിക വിദ്യാലയങ്ങളും 3500 മിഡിൽസ്കൂളുകളും പുതിയതായി തുറക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. തൊഴിലിന്ന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ബേസിക്ക് പദ്ധതിയാണ് വിദ്യാഭ്യാസത്തിന്റെ പ്രൈമറി, സെക്കൻററി എന്നീ ഘട്ടങ്ങളിൽ ഏർപ്പെടുത്തുന്നത്. മഹാത്മാഗാന്ധിയാണ് ബേസിക്ക് വിദ്യാഭ്യാസപദ്ധതിയുടെ ഉപജ്ഞാതാവ്. ഇപ്പോഴുള്ള പ്രാഥമിക വിദ്യാലയങ്ങൾ അടിസ്ഥാന വിദ്യാലയങ്ങളായി രൂപാന്തരപ്പെടുത്തുവാൻ വേണ്ടി എല്ലാ വിദ്യാലയങ്ങളിലും കൂടുതൽ കൂടുതൽ കരകൗശലവേലകൾ പഠിപ്പിച്ചു വരുന്നു. സാമൂഹ്യവികസനത്തിൽ അടിസ്ഥാന വിദ്യാലയങ്ങൾക്ക് സുപ്രധാനമായ ഒരു പങ്കുണ്ട്. വിദ്യാർത്ഥികളുടെ അഭിരുചി അനുസരിച്ച് പരിശീലനം നൽകുന്നതിനു വേണ്ടി വിവിധോദ്ദേശ വിദ്യാലയങ്ങളും ഗവർമ്മേണ്ട്

സ്ഥാപിച്ചുവരുന്നു. ഗ്രാമപ്രദേശങ്ങളിലെ സ്കൂളുകളിൽ കാർഷിക പരിശീലനം ഉൾപ്പെടുത്തുവാൻ ഉദ്ദേശമുണ്ട്. പ്രായമായവർക്ക് വിദ്യാഭ്യാസം നൽകുന്നതിനു് സാമൂഹ്യവിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്നു. സർവ്വകലാശാലാ വിദ്യാഭ്യാസത്തിൻെറ നിലവാരം ഉയർത്താൻ വേണ്ട പരിപാടികളും പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. സാങ്കേതിക തൊഴിൽ പരിശീലനം നൽകുന്നതിനുവേണ്ടി അനേകം സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന കാര്യവും ഗവർമ്മേണ്ടിൻെറ ആലോചനയിൽ ഇരിക്കുകയാണു്. ഇവയ്ക്കു പുറമെ ഗ്രാമങ്ങൾ തോറും വായനശാലകൾ സ്ഥാപിക്കുന്നതിനും ഗവർമ്മെണ്ട് ധനസഹായം നൽകിവരുന്നു.

ക്ഷേമരാഷ്ട്രത്തിലെ പൗരന്മാർ അരോഗദൃഢഗാത്രന്മാരായിരിക്കേണ്ടതു് രാജ്യത്തിൻെറ അഭിവൃദ്ധിക്കു് ആവശ്യമാണു്. ജനങ്ങളുടെ ആരോഗ്യസ്ഥിതി മോശമാണെങ്കിൽ അതു് ജനസമൂഹത്തിൻെറ അധഃപതനത്തിൽ കലാശിക്കാൻ ഇടയുണ്ട്. ഇതര രാജ്യങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ ഇൻഡ്യയിലെ ജനങ്ങളുടെ ജീവിതദൈർഘ്യം വളരെ കുറവാണു്. പാശ്ചാത്യ രാജ്യങ്ങളിൽ മനുഷ്യൻെറ ശരാശരി വയസ്സ് 60–ഉം ഇൻഡ്യയിൽ 32–ം ആണു് പോഷകാഹാരങ്ങളുടെ കുറവ്, ദാരിദ്ര്യം, ആരോഗ്യനിയമങ്ങളെ പററിയുള്ള അറിവില്ലായ്മ, ആസ്പത്രികളുടേയും ഡാക്ടർമാരുടേയും കുറവ്, മുതലായവയും, മലമ്പനി, ക്ഷയം

മുതലായ സാംക്രമികരോഗങ്ങളും ആണ് ഈ ദുരവസ്ഥക്കു കാരണം. ഈ ദുഃസ്ഥിതി പരിഹരിക്കുന്നതിന്നു വേണ്ടി ഗവമ്മെണ്ടു് കിണറുകൾ കുഴിപ്പിക്കുക, മലിനജലം കളയുന്നതിനുള്ള ഡ്രെയ്നേജ്, ഓടകൾ മുതലായവ ഉണ്ടാക്കിക്കുക കക്കൂസുകൾ ഉണ്ടാക്കിക്കുക, കുത്തിവെയ്പു നടത്തുക, കൂടുതൽ ആസ്പത്രികൾ സ്ഥാപിക്കുക, രോഗികൾക്കു് സൗജന്യമായി വേണ്ടിടത്തോളം മരുന്നുകൾ വിതരണം ചെയ്യുക മുതലായി പലതും ചെയ്തു വരുന്നു. അലോപ്പതി ആയുർവേദം, ഹോമിയോപ്പതി മുതലായ ചികത്സാസമ്പ്രദായങ്ങളെ ഗവർമ്മെണ്ടു് പ്രോത്സാഹിപ്പിച്ചുവരുന്നു.

പൊതുജനാരോഗ്യത്തിനു് ഒരു ഡിപ്പാർട്ടുമെൻറും ആരോഗ്യവകുപ്പിനു് ഒരു മന്ത്രിയും ഉണ്ടു്. ഗ്രാമീണജനതക്കു് ആരോഗ്യരക്ഷാസൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനു് അനേകം ആരോഗ്യരക്ഷാകേന്ദ്രങ്ങൾ (Health Centres) സ്ഥാപിച്ചുവരുന്നു. പുതിയ മെഡിക്കൽ കോളേജ് സ്ഥാപിച്ചു് കൂടുതൽ ഡാക്ടർമാരെ പരിശീലിപ്പിക്കുന്നതിനും വേണ്ട നടപടികൾ എടുത്തുവരുന്നു. മലമ്പനി, മന്തു്, കുഷ്ഠം, ക്ഷയം മുതലായ പകർച്ചവ്യാധികൾ നിയന്ത്രിക്കാൻ വേണ്ടിയുള്ള പ്രവത്തനങ്ങളും ഗവർമ്മെണ്ടു് നടത്തിവരുന്നുണ്ടു്. ഈ മാർഗ്ഗങ്ങളിൽക്കൂടി അരോഗദൃഢഗാത്രന്മാരായ പൗരന്മാരെ സൃഷ്ടിക്കുവാൻ നമ്മുടെ ഗവർമ്മെണ്ടു് ഉത്സാഹിച്ചുവരുന്നു.

## 6. പഞ്ചവത്സരപദ്ധതികൾ

നാം പഞ്ചവത്സരപദ്ധതിയെപററി ധാരാളം കേൾക്കാറുണ്ടു്. എന്താണു് ഈ പഞ്ചവത്സരപദ്ധതി?

രാഷ്ട്രനിർമ്മാണത്തിനുവേണ്ടി അഞ്ചു വർഷത്തിനുള്ളിൽ നടപ്പിലാക്കേണ്ട പരിപാടികൾ ആസൂത്രണം ചെയ്തു ശരിയായ നിലയിൽ പ്രവർത്തന പദ്ധതികൾ തയ്യാറാക്കുന്നതിനാണ് പഞ്ചവത്സരപദ്ധതി എന്നു പറയുന്നതു്.

1947-ൽ ഇന്ത്യ സ്വാതന്ത്ര്യയായതോടുകൂടി ഇന്ത്യാ ഗവർമ്മെണ്ടു് പണ്ഡിററു് ജവഹർലാൽനെഹ്റുവിൻെറ നേതൃത്വത്തിൽ നമ്മുടെ രാഷ്ട്രത്തിന്നു് ഒരു പ്രവർത്തന പദ്ധതി രൂപീകരിക്കണമെന്നു് തീരുമാനിച്ചു. 1950-ൽ പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു ആസൂത്രണക്കമ്മീഷൻ രൂപമെടുത്തു. ഇന്ത്യൻ ജനതയുടെ കർമ്മശക്തിയും രാജ്യത്തിൻെറ വിഭവസമ്പത്തും ഏററവും പ്രയോജനപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി ഈ വിദഗ്ദ്ധസമിതി ഒരു പദ്ധതി തെയ്യാറാക്കി. ഇന്ത്യൻ സംസ്കാരത്തിന്നും അന്തരീക്ഷത്തിനും അനുയോജ്യമായ വിധത്തിൽ ദാരിദ്ര്യം തൊഴിലില്ലായ്മ ഇവ പരിഹരിക്കുക, സോഷ്യലിസ്റ്റ് മാതൃകയിലുള്ള ഒരു സമുദായം സൃഷ്ടിക്കുക എന്നിവയാണു് ഇന്ത്യയിലെ പഞ്ചവൽസര പദ്ധതിയുടെ ലക്ഷ്യങ്ങൾ. അങ്ങിനെ 1951 ഏപ്രിൽ മുതൽ 5 കൊല്ലക്കാലത്തിനിടക്കു് ഉദ്ദേശം 2000 കോടി രൂപ ചിലവു ചെയ്തു നടപ്പിലാക്കിയതാണു് ഒന്നാം പഞ്ചവൽസരപദ്ധതി. അതു 1956 മാർച്ചു് മാസത്തിൽ അവസാനിച്ചു.

ഇന്ത്യയിലെ ഭക്ഷ്യ പ്രശ്നത്തിന്ന് പരിഹാരം ഉണ്ടാക്കുക എന്നതായിരുന്നു ഒന്നാംപഞ്ചവത്സരപദ്ധതയുടെ ലക്ഷ്യം. അതിനുവേണ്ടി അനേകം ജലസേചനപദ്ധതികളും വൈദ്യുതപദ്ധതികളും നടപ്പാക്കി. സാമൂഹ്യവികസനത്തിന് കമ്മ്യൂണിററി പ്രാജക്ററുകൾ പല ദിക്കിലും ആരംഭിച്ചു. ഒന്നാംപഞ്ചവത്സരപദ്ധതിയുടെ ഫലമായി ഇന്ത്യയിൽ വലിയ നേട്ടങ്ങളുണ്ടായി. ദേശീയ വരുമാനം 18 ശതമാനം വൎദ്ധിച്ചു ഭക്ഷ്യോല്പാദനം 20 ശതമാനം വൎദ്ധിപ്പിക്കാൻ കഴിഞ്ഞു. പഞ്ഞി, ചണം, എണ്ണക്കുരുക്കൾ എന്നിവയുടെ ഉല്പാദനത്തിലും ഗണ്യമായ വൎദ്ധനവ് ഉണ്ടായി. ചെറുകിടജലസേചന പദ്ധതികളും വൻകിട പദ്ധതികളും വഴിയായി 60 ലക്ഷത്തിൽപരം ഏക്കർ സ്ഥലം പുതിയതായി കൃഷിക്ക ഉപയുക്തമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊതുവെ നോക്കുന്ന പക്ഷം ഒന്നാം പഞ്ചവത്സരപദ്ധതികൊണ്ട് തികച്ചും തൃപ്തികരമായ ഫലങ്ങളാണ് ഉണ്ടായിട്ടുള്ളത്.

ഒന്നാംപഞ്ചവത്സരപദ്ധതിയുടെ നേട്ടങ്ങൾ രണ്ടാം പഞ്ചവത്സരപദ്ധതി തുടങ്ങുന്നതിന് പ്രചോദനം നല്കി. വ്യവസായവികസനത്തിന്നാണ് രണ്ടാംപഞ്ചവൽസര പദ്ധതിയിൽ പ്രാധാന്യം നൽകിയിട്ടുള്ളത്. സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥിതിയിലുള്ള ഒരു രാഷ്ട്രം കെട്ടി ഉയൎത്തുക എന്നുള്ളതാണ് അതിൻെറ ലക്ഷ്യം ഇന്ത്യയിലെ തൊഴിലില്ലായ്മ പരിഹരിക്കുക, ജനങ്ങളുടെ ജീവിതനിലവാരം ഉയൎത്തുക, ഘനവ്യവസായ

ങ്ങളുടെ വികസനം, ജനങ്ങളുടെ ഇടയിലുള്ള സാമ്പത്തികാസമത്വങ്ങൾ ഇല്ലാതാക്കുക മുതലായ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പ്രവർത്തന പരിപാടികളാണു് രണ്ടാം പഞ്ചവൽസരപദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്. രണ്ടാം പഞ്ചവൽസരപദ്ധതിയിൽ വ്യവസായ വികസനത്തിനു് കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നതുകൊണ്ടു് ഒന്നാം പദ്ധതിയേക്കാൾ കൂടുതൽ മൂലധനം രണ്ടാം പദ്ധതിക്കു ആവശ്യമാണു്. രണ്ടാം പഞ്ചവൽസരപദ്ധതി 1956-ൽ ആരംഭിച്ചു് പ്രവർത്തനം നടത്തിവരുന്നു. കേന്ദ്രഗവമ്മെൻറും സംസ്ഥാനഗവമ്മെൻറുകളും ചേർന്നു് വികസനപരിപാടികൾക്കായി 4800 കോടി രൂപ ചിലവു ചെയ്യുവാനാണു് ഉദ്ദേശിച്ചിട്ടുള്ളതു്.

ഗവമ്മെൻറു് നേരിട്ടു് ഘനവ്യവസായങ്ങൾ നടത്തിത്തുടങ്ങിയതും രക്ഷാഭോഗം, റെയിൽവേ മുതലായവ ദേശസാൽക്കരിച്ചതും സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലേയ്ക്കുള്ള കാൽവെയ്പുകളാണു്. ഉരുക്കുവ്യവസായശാലകൾ, ഘനയന്ത്രനിർമ്മാണം, വളംനിർമ്മാണം, സിമൻറ്നിർമ്മാണം, തീവണ്ടിനിർമ്മാണം, കപ്പൽനിർമ്മാണം മുതലായ പല വ്യവസായങ്ങളും കൂടുതൽ വികസിപ്പിക്കുകയും, പുതിയവ തുടങ്ങുകയും ചെയ്യുന്നതിനു പുറമെ ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനത്തോതു് കൂടുതൽ ഉയർത്തുന്നതിനും വിദ്യുച്ഛക്തി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും, സാമൂഹ്യസേവന പരിപാടികൾ ഉയർന്ന നിലവാരത്തിൽ എത്തിക്കുന്നതിനും രണ്ടാം പഞ്ചവൽസരപദ്ധതിയിൽ വകകൊള്ളിച്ചു പ്രവർത്തനം നട

ത്തിവരുന്നു. രണ്ടാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തോടുകൂടി ദേശീയ വരുമാനത്തിൽ 25 ശതമാനം വദ്ധനവുണ്ടാകുമെന്നും തൊഴിലില്ലാത്തവരുടെ സംഖ്യ തുലോം കുറയുമെന്നും പ്രതീക്ഷിക്കാം.

അദ്ധ്യായം 5

# പ്രായോഗിക പ്രവർത്തനങ്ങൾ

1. പുരാതനവും, ആധുനികവുമായ ചില ആയുധങ്ങളുടെ മാതൃകകൾ നിർമ്മിക്കുക.

2. പോലീസ് ഗതാഗതം നിയന്ത്രിക്കുന്നതിനെ (Cerb Drill) ഒരു പ്രോജക്ടായി നടത്തുക.

3. നിങ്ങളുടെ സമീപപ്രദേശത്തുള്ള കോടതിയിലേക്ക് അദ്ധ്യയനയാത്ര നടത്തി, കോടതിയുടെ നടപടികൾ മനസ്സിലാക്കുക.

4. ഒരു ക്രിമിനൽകേസ് വിചാരണ നടക്കുന്നതും വിധി പ്രസ്താവിക്കുന്നതുമായ ഒരു രംഗം അഭിനയിക്കുക. കുററവാളികൾ, പോലീസുകാർ, ജഡ്ജി, വക്കീൽമാർ, ശിപായി തുടങ്ങിയവർ ഉണ്ടായിരിക്കണം.

5. ഇന്ത്യയുടെ പടം വരച്ച് പ്രധാനപ്പെട്ട സൈനികകേന്ദ്രങ്ങൾ അടയാളപ്പെടുത്തുക.

6. "ഇന്ത്യ ഒരു ക്ഷേമരാഷ്ട്രമാണ്." ആരുടെ ക്ഷേമം? ഏതെല്ലാം പ്രകാരത്തിൽ ക്ഷേമം കൈവന്നു

എന്നീ കാര്യങ്ങളെക്കുറിച്ചു് വിദ്യാർത്ഥികൾ സംഘങ്ങളായി ചർച്ചചെയ്യുക.

7 ബ്രിട്ടീഷുകാർ ഭരിച്ചിരുന്ന കാലത്തേയും ഇന്നത്തേയും, ഇന്ത്യയുടെ ഭരണലക്ഷ്യങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളെക്കുറിച്ചു് ചർച്ച ചെയ്യുക.

8. നമ്മുടെ പഞ്ചവൽസരപദ്ധതികൾ മൂലം നിങ്ങളുടെ ഗ്രാമത്തിന്നോ, പട്ടണത്തിന്നോ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ ഏവ? (വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം, കൃഷി, തൊഴിലാളിക്ഷേമം, വിനോദം, കലകൾ മുതലായ തുറകളിലുള്ള നേട്ടങ്ങൾ)

9. പഞ്ചവൽസരപദ്ധതികളുടെ ലക്ഷ്യങ്ങളേയും, നേട്ടങ്ങളേയും സൂചിപ്പിക്കുന്ന ചാർട്ടുകൾ, ലഘുലേഖകൾ എന്നിവ ശേഖരിച്ചു് ക്ലാസ്സിൽ പ്രദർശിപ്പിക്കുക.

10. നമ്മുടെ പഞ്ചവൽസരപദ്ധതികളെ വിജയിപ്പിക്കാൻ നിങ്ങൾ ലഘുസമ്പാദ്യപദ്ധതിയിൽ എന്തു നിക്ഷേപങ്ങൾ ചെയ്തിട്ടുണ്ടു്? അടുത്തു് എന്തു് ചെയ്യാൻ ഉദ്ദേശിക്കുന്നു? നിങ്ങളുടെ ശ്രമദാനം കൊണ്ടു് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടു്? ഇനി എന്തെല്ലാം ചെയ്യാൻ കഴിയും? നിങ്ങളുടെ ക്ലാസ്സിലെ കുട്ടികൾക്കു മാത്രമായി ചെയ്യാൻ കഴിയുന്ന ഒരു പദ്ധതി തയ്യാറാക്കുക.

HIGH SCHOOL

3368

PRINTED AT THE GOVERNMENT PRESS,
TRIVANDRUM, [illegible]

3368

# സാമൂഹ്യപാഠങ്ങൾ

1583

പുസ്തകം 2

---

ഗവണ്മെൻറിൽനിന്നു് നിയമിച്ച
കമ്മിററി തയാറാക്കിയതു്.